IV. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായനികുതിയും വിൽപ്പനനികുതിയും (38,15,79,000 രൂപ)

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (28,07,24,000 രൂപ)

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

(1999 ജൂൺ 28-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	25-3-1999-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
V	കാർഷികാദായനികുതിയും വില്പന നികുതിയും	19,07,90,000	...	38,15,79,000	...	38,15,79,000
VIII	എക്സൈസ്	14,03,62,000	...	28,07,24,000	...	28,07,24,000

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാർഷികാദായനികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1999-2000 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ V-കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

സഭയുടെ വോട്ടിനു സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 38,15,79,000

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഇ.എം. അഗസ്തി : സർ, താഴെക്കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(To advocate that the alternate policy of devising new measures for collecting the arrears of Sales Tax be adopted)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(To disapprove the alleged policy of confrontation with traders in the matter of Sales Tax):

ശ്രീ. ബി. വിജയകുമാർ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് കാറിനാവശ്യമുള്ളവർ പോണ്ടിച്ചേരിയിൽ പോയി അതു വാങ്ങി കൊണ്ടുവരുമ്പോൾ പ്രവേശനനികുതിയിൽ നിന്ന് ഒഴിവാകാ നുള്ള തന്ത്രങ്ങൾ സ്വീകരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടം ഒഴിവാക്കുന്നതിന് വേണ്ട നയം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ജോണി നെല്ലൂർ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. മാമ്മൻ മത്തായി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. ടി.എം. ജേക്കബ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. കെ.കെ. നായർ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.പി. തങ്കച്ചൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. മുരളി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. വേണുഗോപാൽ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. ജോസഫ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധാനഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധാനഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധാനഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധാനഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധാനഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,15,79,000 ക. യിൽ നിന്ന് ഒരുനൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ VIII-എക്സൈസ്

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 28,07,24,000

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. മുരളി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(To disapprove the alleged policy of the Government in allowing toddy shops to supply Killer Brew).

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(To disapprove the alleged policy of not raiding the toddy shops to unearth illegal liquor stored by toddy shop operators for sale).

ശ്രീ. ഇ.എ൯ അഗസ്തി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഒരാളിന് ഒരേ സമയം കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് കുറയ്ക്കുന്ന നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. കെ. ബാബു : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(വ്യാജമദ്യവും വിഷചാരായവും വിൽപ്പന നടത്താൻ അനുവദിക്കുന്നതിന്റെ പേരിൽ എക്സൈസ് വകുപ്പിൽ നടമാടുന്നതായി പറയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലിയും അഴിമതിയും അവസാനിപ്പിച്ച് വ്യാജവിഷമദ്യവിൽപ്പന പൂർണ്ണമായും നിരോധിക്കുന്നനയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. കെ.എ. ചന്ദ്രൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(മദ്യ നിരോധന പ്രവർത്തകരെ അബ്കാരി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഗുണ്ടകൾ മർദ്ദിക്കുന്നതായി പറയപ്പെടുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന നയം നടപ്പാക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. കെ.സി. വേണുഗോപാൽ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(ഉപഷാപ്പുകൾ അനുവദിച്ച് മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന നടപടി അവസാനിപ്പിക്കണമെന്നാവശ്യപ്പെടുന്നതിന്).

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(To disapprove the alleged policy of not appointing Enquiry Commissions when many persons fall victim to death after consuming killer brew).

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ജോണി നെല്ലൂർ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. കെ.കെ. നായർ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വാഥൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.സി. ജോസഫ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

( )

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ജോയി : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : സർ, താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാത്തൻ മത്തായി : സർ താഴെ കാണുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 28,07,24,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. മുരളി : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വികസനത്തിനുള്ള ഉപാധിയാണ് നികുതി സമ്പ്രദായമെങ്കിൽ, കഴിഞ്ഞ 3 വർഷക്കാലത്തെ ഭരണത്തിലൂടെ ഈ ഗവൺമെന്റ് നികുതി സമ്പ്രദായത്തെ തകർത്തുകൊണ്ട് കേരളത്തെ ഏറ്റവും വലിയ സാമ്പത്തികപ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. വിൽപ്പന നികുതിയുടെയും കാർഷികാദായ നികുതിയുടേയും എക്സൈസ് നികുതിയുടേയും കാര്യത്തിൽ ഈ പിന്നിട്ട 3 വർഷക്കാലംകൊണ്ട് അനുദിനം കേരളം പിറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. നികുതി പിരിവിൽ ഇത്രയും വീഴ്ച വരുത്തിയ ഒരു കാലഘട്ടം, സെയിൽസ് ടാക്സിന്റെതന്നെ രംഗമെടുത്താൽ സെയിൽസ് ടാക്സ് ഇൻട്രൊഡ്യൂസ് ചെയ്തതിനുശേഷം നികുതി പിരിവിൽ ഇത്രയും പിന്നോട്ടുപോയ, തകർച്ചയുണ്ടായ ഒരു കാലഘട്ടം ഈ 3 വർഷക്കാലംപോലെ നമ്മുടെ സാമ്പത്തിക ചരിത്രത്തിൽ വേറൊരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. ഞാൻ താരതമ്യപഠനം നടത്തുകയാണ്, അങ്ങനെ ഒരു അൽപ്പത്തരം കാണിക്കുകയാണ് എന്ന് അങ്ങ് കുറ്റപ്പെടുത്തുകയില്ല എങ്കിൽ ഞാൻ പറയാം. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. സി.വി. പത്മരാജനും ധനകാര്യവകുപ്പുമന്ത്രിമാരായിരുന്ന ഐക്യ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ 30 ശതമാനം വരെ ഓരോ വർഷവും സെയിൽസ് ടാക്സിൽ കളക്ഷൻ വർധനവ് ഉണ്ടായി. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിലും വർധനവുണ്ടായി. 30 ശതമാനം വരെ

LIBRARY ARCHIVES Kerala Legislative Assembly

കളക്ഷൻ വർധനവ് സെയിൽസ് ടാക്സിൽ ഞങ്ങളുടെ കാലഘട്ടത്തിൽ ഉണ്ടായിയെങ്കിൽ അങ്ങ് ഈ വകുപ്പിന്റെ നേതൃത്വം ഏറ്റെടുത്ത, സെയിൽസ് ടാക്സിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത 1996-97-ൽ, പ്രഥമവർഷം കളക്ഷൻ വർദ്ധനവ് 23 ശതമാനമായിട്ട് കുറഞ്ഞു. 1997-98-ൽ അങ്ങയുടെ ഭരണത്തിന്റെ 2-ാമത് വർഷം അത് കേവലം 13 ശതമാനമായി കുറഞ്ഞു. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിലും അതുതന്നെയാണ് സ്ഥിതി. ഏറ്റവും ഒടുവിലത്തെ വർഷം, 1998-99-ൽ കേവലം 9 ശതമാനം മാത്രമാണ് സെയിൽസ് ടാക്സ് കളക്ഷന്റെ വർദ്ധനവ്. ഇത്രയും ഒരു വർദ്ധനവ് ഉണ്ടായതുതന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനും അങ്ങയുടെതന്നെ ചുമതലയുള്ള ബിവറേജസ് കോർപ്പറേഷനും വലിയൊരു സംഖ്യ നികുതി അടച്ചു എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ടാണ് ഈ 9 ശതമാനം വർദ്ധനവെങ്കിലും ഉണ്ടായത്. ഇല്ലെങ്കിൽ ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തെ സെയിൽടാക്സ് രംഗത്തെ കളക്ഷൻ മൈനസ് ആയി മാറുമായിരുന്നു. ഐ.ഒ.സി. പൂട്ടിയിരുന്നു എങ്കിൽ, ബിവറേജസ് കോർപ്പറേഷൻ ഇല്ലായിരുന്നുവെങ്കിൽ, അങ്ങേയ്ക്ക് എങ്ങനെ ഈ 4-ാം വർഷം ഡിമാന്റ് അഭ്യർത്ഥിച്ചുകൊണ്ട് ഈ സഭയിൽ വരാൻ കഴിയുമായിരുന്നു എന്നകാര്യം ഞാൻ സംശയിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നികുതി കിട്ടിയില്ലായിരുന്നുവെങ്കിൽ, സെയിൽടാക്സ് കിട്ടിയില്ലായിരുന്നുവെങ്കിൽ 1997-98-ൽ 9 ശതമാനം വർദ്ധനവില്ലാതെ, അത് മൈനസ് ആകുമായിരുന്നു. ഈ ഗവൺമെന്റിന്റെകാലത്ത് തുടർച്ചയായി നികുതി വരുമാനത്തിൽ ഉണ്ടായിരിക്കുന്ന ഈ തകർച്ചയുടെ കാരണങ്ങൾ അങ്ങ് കണ്ണുതുറന്ന് കാണണം. അവശേഷിക്കുന്ന കാലഘട്ടത്തിൽ എങ്കിലും ഈ വീഴ്ചകൾ പരിഹരിക്കാൻ സാധിക്കത്തക്കവണ്ണമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വേൾഡ് ബാങ്കിനേയും, അങ്ങ് വെറുക്കുന്ന, ഏറ്റവും ഒടുവിലത്തെ ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ തള്ളിപ്പറഞ്ഞ ഐ.എം.എഫ്. നേയും മുറുകെപ്പുണരുന്നതുകൊണ്ടുമാത്രം കളക്ഷൻ തകർച്ചയിലൂടെ ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാം എന്ന് വ്യാമോഹിക്കുന്നുവെങ്കിൽ അങ്ങേയ്ക്ക് തെറ്റുപറ്റി. 1998-99, ഈ ഗവൺമെന്റിന്റെ 3-ാം സാമ്പത്തികവർഷം അങ്ങ് ടാർജറ്റ് കൊടുത്തു. അങ്ങ് ഡെപ്യൂട്ടി കമ്മീഷണർമാരുടേയും ബന്ധപ്പെട്ടവരുടേയുമെല്ലാം യോഗം വിളിച്ചുകൂട്ടി ടാർജറ്റ് ഫിക്സ് ചെയ്തുകൊടുത്തു. സെയിൽസ് ടാക്സിനെക്കുറിച്ച് ഞാൻ ഒരു കാര്യം പറയാം- അഗ്രിക്കൾച്ചറൽ ഇൻകംടാക്സിന്റേയുമെല്ലാം കണക്ക് സമാനം തന്നെ. 1998-99-ൽ അങ്ങ് ഓരോ മേഖലയ്ക്കും കൊടുത്ത കളക്ഷൻ ടാർജറ്റും അച്ചീവ്മെന്റും ഞാൻ ഒന്ന് അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരട്ടെ. കഴിഞ്ഞ സാമ്പത്തിക വർഷം തിരുവനന്തപുരത്തെ ടാർജറ്റ് 780 കോടി രൂപയായിരുന്നു. പക്ഷേ കളക്ട് ചെയ്തത് 710 കോടി 39 ലക്ഷം രൂപ. കൊല്ലം 128 കോടി രൂപയായിരുന്നു. 115 കോടി 3 ലക്ഷം രൂപ കളക്ട് ചെയ്തു. പത്തനംതിട്ട 19 കോടി രൂപ കുറവായിരുന്നു. 16 കോടി 84 ലക്ഷം രൂപ കളക്ട് ചെയ്തു. ആലപ്പുഴ 50 കോടി രൂപ ടാർജറ്റ് കൊടുത്തു; 46 കോടി 71 ലക്ഷം രൂപ കളക്ട് ചെയ്തു. കോട്ടയം 131 കോടി രൂപ ടാർജറ്റ് കൊടുത്തു; 105 കോടി 42 ലക്ഷം രൂപ സെയിൽസ് ടാക്സ് കളക്ഷൻ നടത്തി. ഏറ്റവും കൂടുതൽ കളക്ഷൻ ഉണ്ടാകേണ്ട എറണാകുളം 1845 കോടി രൂപയായിരുന്നു ടാർജറ്റ്. 1603 കോടി 58 ലക്ഷം രൂപ കളക്ട് ചെയ്തു. മട്ടാഞ്ചേരി 278 കോടി രൂപയാണ് അങ്ങ് ടാർജറ്റ് കൊടുത്തത്; 252 കോടി 6 ലക്ഷം രൂപ കളക്ട് ചെയ്തു. തൃശ്ശൂർ 123 കോടി രൂപ ടാർജറ്റ് ഇട്ടപ്പോൾ 111 കോടി 87 ലക്ഷം രൂപയാണ് കളക്ട് ചെയ്തത്. പാലക്കാട് 125 കോടി രൂപയാണ് ടാർജറ്റ്, 124

LIBRARY ARCHIVES Kerala Legislative Assembly

കോടി 7 ലക്ഷം രൂപ കളക്ഷൻ. മലപ്പുറം 40 കോടി രൂപ ടാർജറ്റ് 34 കോടി 12 ലക്ഷം രൂപ കളക്ട് ചെയ്തു. കോഴിക്കോട് 160 കോടി രൂപയായിരുന്നു ടാർജറ്റ്, 138 കോടി 18 ലക്ഷം രൂപ മാത്രം പിരിച്ചു. വയനാട് 100 കോടി രൂപ യായിരുന്നു ടാർജറ്റ്. 81 കോടി 65 ലക്ഷം രൂപ പിരിച്ചെടുത്തു. കണ്ണൂരിൽ 100 കോടി രൂപയായിരുന്നു ടാർജറ്റ്. 81 കോടി 65 ലക്ഷം രൂപ പിരിച്ചെടുത്തു. കാസർഗോഡ് 20 കോടി രൂപയായിരുന്നു ടാർജറ്റ്. 17 കോടി 17 ലക്ഷം രൂപ പിരിച്ചെടുത്തു. ഒരേയൊരു മേഖലയിൽ മാത്രം, അതായത് ഇടുക്കിയിൽ മാത്രം അങ്ങ് 19 കോടി രൂപ ടാർജറ്റ് ഫിക്സ് ചെയ്തു. അവിടെ 20 കോടി 32 ലക്ഷം രൂപയായി. ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ കൂടതൽ കളക്ട് ചെയ്തു. എല്ലാ മേഖലകളിലും ടാർജറ്റ് അച്ചീവ് ചെയ്യുന്നതിൽ അങ്ങയുടെ നികുതി വകുപ്പ് കഴിഞ്ഞവർഷം പരാജയപ്പെട്ടപ്പോൾ ഇടുക്കിയിൽമാത്രം ടാർജറ്റ് അച്ചീവ് ചെയ്തു. അങ്ങയോട് വളരെ വിനയത്തോടുകൂടി ഞാൻ ചോദിക്കട്ടെ, ഞങ്ങൾ ടാർജറ്റിന്റെ പരമാവധി അച്ചീവ് ചെയ്തു എന്ന് ഒരു പക്ഷേ മറുപടി പറഞ്ഞേയ്ക്കാം. ഈ ടാർജറ്റ് അച്ചീവ് ചെയ്യുന്നതിൽ കഴിഞ്ഞ വർഷം അങ്ങയുടെ സംവിധാനത്തിലുണ്ടായ പരാജയമാണ് കേവലം 9 ശത മാനത്തിന്റെ മാത്രം വർദ്ധനവ് നികുതിപിരിവിൽ ഉണ്ടാക്കിയതിന്റെ പ്രധാന കാരണം. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ ടാക്സ് കളക്ഷനാ ണിത്. ഐ.ഒ.സി.യുടെ പണം കിട്ടിയിട്ടും, ബിവറേജസ് കോർപ്പറേഷന്റെ നികുതി കിട്ടിയിട്ടും വർധന 9 ശതമാനത്തിൽ ഒതുങ്ങിപ്പോയി.

[11.00 am] ഒരുകാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിട്ട് നാലു മാസം പിന്നിടുകയാണ്. അടുത്ത എട്ടു മാസത്തേയ്ക്കുള്ള ധനാഭ്യർത്ഥന യാണ് പാസ്സാക്കാൻ പോകുന്നത്. ഈ വർഷം ഏപ്രിൽ 1 മുതൽ ഇന്ന് ഈ ചർച്ച നടക്കുന്നതിന് പതിമൂന്നു ദിവസം മുൻപുവരെ, അതായത് ജൂൺ 15 വരെയുള്ള ടാർജറ്റ് 915 കോടി രൂപയായിരുന്നു. പതിമൂന്നു ദിവസങ്ങൾക്കു മുൻപ് രണ്ടര മാസം തികയുന്ന ജൂൺ പതിനഞ്ചുവരെ 915 കോടി രൂപയിൽ 564 കോടിരൂപ മാത്രമാണ് പിരിച്ചത്. അങ്ങയുടെ കൈയിൽ കണക്ക് കാണു മെന്ന് എനിക്കറിയാം. 915 കോടിരൂപ ടാർജറ്റ് ഇട്ടതിൽ 564 കോടി രൂപ പിരിച്ചു. 351 കോടിരൂപ കളക്ഷനിൽ കുറവുണ്ട്. സെയിൽസ് ടാക്സിൽ 351 കോടി രൂപ കമ്മിയാണ്. കഴിഞ്ഞ വർഷത്തെ വീഴ്ചയാണ്; പരാജയം അതാണ്. അങ്ങയുടെ ഡിപ്പാർട്ടുമെന്റ് രണ്ടരമാസക്കാലം ഈ സാമ്പത്തിക വർഷത്തെ കളക്ഷനിലും വരുത്തിയിരിക്കുന്ന കുറവ് കണ്ടില്ലെന്ന് നടിക്കരുത്. അഗ്രികൾച്ചറൽ ഇൻകംടാക്സിൽ ടാർജറ്റ് അച്ചീവുചെയ്യാൻ ഈ മൂന്നു വർഷവും കഴിഞ്ഞിട്ടില്ല. സെയിൽസ് ടാക്സിലും ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. വിൽപ്പന നികുതിയിലും, അഗ്രികൾച്ചറൽ ഇൻകം ടാക്സിന്റെ കളക്ഷനിലുമുള്ള തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി കേരളത്തിന്റെ ചരി ത്രത്തിൽ ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ലാത്ത ഈ നികുതി ചോർച്ച പരി ഹരിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കമ്മി സംസ്ഥാനമെന്ന നിലയിൽ നമ്മുടെ സംസ്ഥാനം ഇതിന് പരി ഹാരം ഉണ്ടാക്കിയിട്ടില്ലെങ്കിൽ എങ്ങനെ സാമ്പത്തിക കേരളത്തെ മുന്നോട്ടു ന യിക്കാൻ കഴിയും? ഒന്നുരണ്ടു വസ്തുതകൾ ഞാൻ ചൂണ്ടിക്കാണിക്കട്ടെ. നികുതി പിരിവിലെ വീഴ്ചയുടെ കാര്യം പറയാം. അതായത് സെയിൽടാക്സി ന്റേയും അഗ്രികൾച്ചറൽ ഇൻകംടാക്സിന്റേയും കുടിശ്ശിക കളക്ട് ചെയ്യുന്ന തിൽ അങ്ങയുടെ ഡിപ്പാർട്ടുമെന്റിന് വന്നിരിക്കുന്ന വീഴ്ച, അങ്ങുതന്ന കണ ക്കനുസരിച്ച് സെയിൽസ്ടാക്സ് കുടിശ്ശിക 1106 കോടി 83 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും ഒടുവിൽ കിട്ടിയ കണക്കനുസരിച്ച് അഗ്രികൾച്ചറൽ ഇൻകം ടാക്സിൽ പിരിഞ്ഞുകിട്ടാനുള്ളത് 71 കോടി 20 ലക്ഷം രൂപയാണ്. അങ്ങ് ഡെപ്യൂട്ടി കമ്മീഷണർമാരെ വിളിച്ച് നിർദ്ദേശവും കൊടുക്കാറുണ്ട്. അങ്ങേയ്ക്ക് പ്രത്യേക താൽപ്പര്യമുള്ള ആളുകളാണ് ഡെപ്യൂട്ടി കമ്മിഷണർമാർ. അങ്ങയ്ക്ക് പ്രത്യക്ഷമായോ പരോക്ഷമായോ അവരോട് താൽപ്പര്യമുണ്ട്. അങ്ങ് ധനകാര്യവകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം പോസ്റ്റിംഗ് കിട്ടിയ ഡെപ്യൂട്ടി കമ്മിഷണർമാർ ഈ മൂന്നുവർഷക്കാലം കൊണ്ട് റിവിഷൻ കേസ്സുകളിൽ എത്ര എണ്ണത്തിന് ഓർഡർ കൊടുത്തിട്ടുണ്ട് എന്ന കണക്ക് എടുത്ത് ഈ സഭയിൽ അവതരിപ്പിക്കാൻ അങ്ങേയ്ക്ക് കഴിയുമോ? ഗവൺമെന്റിനു കിട്ടേണ്ട പണം പിരിച്ചെടുക്കാൻ, ഈ റിവിഷൻ കേസുകളിൽ തീരുമാനമെടുക്കാൻ കഴിഞ്ഞ മൂന്നുവർഷക്കാലം അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് നിയമിച്ച ഡെപ്യൂട്ടി കമ്മിഷണർമാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എത്ര ഓർഡറുകൾ കൊടുത്തുവെന്ന് പരിശോധിച്ചാൽ അങ്ങേയ്ക്ക് അതു മനസ്സിലാകും. സെയിൽസ് ടാക്സ് ഇന്റലിജൻസ് വിംഗ് ഏറ്റവും ഇഫക്ടീവായി പ്രവർത്തിച്ചിരുന്ന സംസ്ഥാനമാണ് കേരളം. പക്ഷേ മൂന്നു വർഷക്കാലമായി ഇന്റലിജൻസ് വിംഗിന്റെ ചിറകുകൾ അരിഞ്ഞിരിക്കുന്നു. അതിന്റെ പ്രവർത്തനം നാമമാത്രമാണ്. അങ്ങ് വളരെ താൽപ്പര്യമെടുത്ത് അങ്ങേയ്ക്ക് വിശ്വാസമുള്ളവരെയാണ് വാളയാർ, മഞ്ചേശ്വരം, കുമിളി, ആര്യങ്കാവ്, അമരവിള, ഗോപാലപുരം എന്നിവിടങ്ങളിലെ ബോർഡർ ചെക്ക്പോസ്റ്റുകളിൽ നിയമിച്ചിരിക്കുന്നത്. ആ ചെക്ക്പോസ്റ്റുകളിലൂടെ കോടിക്കണക്കിന് രൂപയുടെ നികുതിച്ചോർച്ച നടന്നുകൊണ്ടിരിക്കുന്നു. ഇത് ഗുണപരമായ വിമർശനമാണ്. നികുതിവെട്ടിപ്പു കണ്ടെത്തി തടയാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ട്. അങ്ങ് പുറപ്പെടുവിച്ച നിരവധി സർക്കാർ ഉത്തരവുകളിലൂടെ നികുതിവെട്ടിപ്പു തടയാനുള്ള മാർഗ്ഗങ്ങൾ കേരളത്തിൽ മരവിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഭരണകാലഘട്ടത്തിലൂടെ അതാണ് നടന്നിരിക്കുന്നത്. ഇവിടെ ഡെപ്യൂട്ടി കമ്മിഷണർമാരും അസിസ്റ്റന്റ് കമ്മിഷണർമാരും ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മിഷണർമാരും നോക്കുകുത്തികളായിരിക്കുന്നു. അവരിൽ പലരും ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത നിലയിൽ അഴിമതിക്കാരായി മാറിയതുകൊണ്ടാണ് അവർക്ക് ഓർഡേഴ്സ് കൊടുക്കാൻ കഴിയാത്തത്. അവർക്ക് കേസ്സുകൾ കണ്ടെത്താൻ കഴിയാത്തതും നികുതി ചോർച്ച കണ്ടെത്താൻ കഴിയാത്തതും അതുകൊണ്ടാണ്. അതാണ് കേരളത്തിൽ സെയിൽസ് ടാക്സ് കളക്ഷനിൽ വലിയ തകർച്ചയുണ്ടാകാനുള്ള കാരണം; അഗ്രികൾച്ചറൽ ഇൻകംടാക്സിൽ തകർച്ചയുണ്ടാകാനുള്ള കാരണവും അതാണ്. കേരളത്തിലുണ്ടായിരുന്ന പെൻഡിംഗ് അസസ്മെന്റ് നിങ്ങൾ റ്റൈം-ബൗണ്ടായി തീർക്കുമെന്ന് പറഞ്ഞു. ഈ സാമ്പത്തികവർഷം ആരംഭിച്ചശേഷം, അങ്ങ് ഒരു ഡ്രൈവ് പ്രഖ്യാപിച്ചശേഷം എത്ര പെന്റിംഗ് അസസ്മെന്റ് ഫയലുകൾ ക്ലിയർ ചെയ്തിട്ടുണ്ട്? എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഞാൻ വിനയത്തോടുകൂടി ചോദിക്കുകയാണ്. അങ്ങേയ്ക്ക് മറുപടി പറയാൻ കഴിയുമോ? കേരളത്തെ സംബന്ധിച്ചിടത്തോളം, ഇൻഡ്യയിൽ ഏറ്റവും വലിയ കൺസ്യൂമറിസം നിലനിൽക്കുന്ന ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സെയിൽസ്ടാക്സ് നിയമത്തിൽ മാറ്റം വരുത്തണം, അങ്ങേയ്ക്ക് താൽപ്പര്യമുള്ളവർതന്നെ നേതൃത്വം കൊടുക്കുന്ന ഈ ഡിപ്പാർട്ടുമെന്റിന്റെ താക്കോൽ സ്ഥാനങ്ങളിൽ ഇരിക്കുന്നവർ അഴിമതിയും നികുതി ചോർച്ചയും വരുത്തിവയ്ക്കുന്നവരാണ്. അവരെ മാറ്റി പ്രതിഷ്ഠിച്ചുകൊണ്ട് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള നികുതിപിരിവിലുള്ള തകർച്ച പരിഹരിക്കാൻ, അവശേഷിക്കുന്ന നാളുകളി

LIBRARY ARCHIVES Kerala Legislative Assembly

ലെങ്കിലും നടപടി സ്വീകരിച്ചില്ലെങ്കിൽ കേരളത്തിന്റെ സാംപത്തികചരിത്രത്തിൽ ഏറ്റവും വലിയ ഒരു ദുരന്തം സൃഷ്ടിച്ച ധനകാര്യവകുപ്പുമന്ത്രിയെന്ന് എന്നു മെന്നും അങ്ങയെ ചരിത്രം കുറ്റപ്പെടുത്തും എന്നു മാത്രം വിനയത്തോടുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് തകർച്ചയുടെ നടുവിൽ 4-ാം സാമ്പത്തികവർഷത്തിന്റെ അടുത്ത എട്ടു മാസത്തേയ്ക്ക് അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

(അധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

ശ്രീ. വി.കെ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എനിക്കുമുൻപ് ഇവിടെ സംസാരിച്ച ശ്രീ. എം. മുരളി സാമ്പത്തിക വികസനം നികുതിയിലൂടെയാണ് നേടിയെടുക്കുന്നതെന്ന് പറയുകയുണ്ടായി. അദ്ദേഹം ചില വാദഗതികളും കൊണ്ടുവന്നു. കാർഷികാദായ നികുതി പിരിവിൽ കേരള സംസ്ഥാനം പുറകോട്ടുപോയി എന്ന് അദ്ദേഹം പറയുകയുണ്ടായി. ഇന്ന് കേരള സംസ്ഥാനത്തിലെ സ്ഥിതിയെന്താണ്? നികുതി റേറ്റിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. നികുതി പിരിവിൽ നികുതിവകുപ്പും എക്സൈസ് വകുപ്പും കാര്യക്ഷമത കാണിക്കുന്നു. ശ്രീ. എം. മുരളി മാന്ദ്യത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചു. ഈ മാന്ദ്യത്തിന്റെ ഉത്തരവാദികളാര് എന്ന് ചൂണ്ടിക്കാണിക്കുമ്പോഴാണ് അപ്പുറത്തിരിക്കുന്ന പലരുടേയും നെറ്റി ചുളിയുന്നത്. കാർഷികാദായനികുതി കുറഞ്ഞുവെന്ന് പറഞ്ഞു. കാർഷികാദായ നികുതി കുറയുന്നതിന് ആരാണ് ഉത്തരവാദികൾ? നമുക്കറിയാം പുത്തൻ സാമ്പത്തിക നയവും അതിന്റെ ഭാഗമായുള്ള പുതിയ ഇറക്കുമതി നയവും കൊണ്ടുവന്നതിന്റെ ഭാഗമായി കാർഷിക-നാണ്യവിളകൾക്ക് കേരളത്തിൽ വിലയിടിവ് അനുഭവപ്പെടുന്നു. നമ്മുടെ സംസ്ഥാനത്തിലെ കാർഷികോല്പന്നങ്ങളായിട്ടുള്ള റബ്ബർ, കുരുമുളക്, ഏലം, നാളികേരം ഇവയ്ക്കെല്ലാം വിലയിടിവ് അനുഭവപ്പെടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് 814 ഉല്പന്നങ്ങളാണ് കേരള സംസ്ഥാനത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുവാൻ തീരുമാനിച്ചത്. ഈ തീരുമാനത്തിന് എല്ലാവിധ പിൻതുണയും നല്കിയവരാണ് അപ്പുറത്തിരിക്കുന്നത്. എന്നിട്ട് ഇപ്പോൾ പറയുന്നു, കാർഷികോല്പന്നങ്ങൾക്ക് ആദായനികുതി കുറഞ്ഞുപോയി എന്ന്. കേരളത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യം എല്ലാ നിർമ്മാണമേഖലകളിലും ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്ന സ്ഥിതി ഉണ്ടാക്കി. ഇൻഡ്യയിൽ ആകെ ആ സ്ഥിതിയുണ്ട്. ആ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിപണനം ചെയ്യുവാൻ കഴിയാത്ത ഒരു സാഹചര്യം ഇൻഡ്യാ രാജ്യത്ത് വന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള സ്ഥിതി ഉണ്ടായത്. ഇവിടെ കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുൻപ് ഐക്യജനാധിപത്യ മുന്നണി രാഷ്ട്രീയ പ്രചരണം എന്ന നിലയിലാണ് ചാരായ നിരോധനം കൊണ്ടുവന്നത്. ചാരായ നിരോധനം കൊണ്ടുവന്നിട്ട് അതിൽ കർശനമായ നടപടി സ്വീകരിക്കുന്നതിനോ, അതിന്റെ ഉല്പാദനവും വിതരണവും തടയുന്നതിനോ യാതൊരുവിധ നടപടിയും ആ ഗവൺമെന്റ് സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ചാരായ നിരോധനം വ്യാപകമായി, ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നടപടി ആവിഷ്കരിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം വിപുലമായ രൂപത്തിൽ റെയ്ഡുകൾ സംഘടിപ്പിച്ചു. അതേ രൂപത്തിൽ സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു. ആ ജനകീയ കമ്മിറ്റികളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് പരമാവധി റെയ്ഡുകൾ സംഘടിപ്പിക്കുവാനും സജീവമാക്കുന്നതിനുമുള്ള പരിശ്രമം നടത്തി. ഇൻഡ്യയിൽ ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനം മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ശക്തി പ്രാപിച്ച കാലഘട്ടത്തിലാണ് മദ്യനിരോധനത്തിന്റെ പ്രശ്നം ഉയർന്നുവന്നത്. മഹാത്മാഗാന്ധി ആവിഷ്കരിച്ച ബഹുമുഖ പദ്ധതികളിൽ ഒന്നാണ് മദ്യനിരോധനം. സ്വാതന്ത്ര്യ ലബ്ധിയെത്തുടർന്ന് ഇൻഡ്യയിൽ ഉടനീളംതന്നെ ആദ്യകാലഘട്ടങ്ങളിൽ അധികാരത്തിൽവന്ന കോൺഗ്രസ്സാണ് മദ്യനിരോധനം പിൻവലിച്ചത്. അന്ന് അവർ പറഞ്ഞത് മദ്യനിരോധനം ഘട്ടംഘട്ടമായി പിൻവലിക്കുന്നത് മദ്യനിരോധനം അപ്രായോഗികമായ ഒരു നടപടിയായതുകൊണ്ടാണ് എന്നാണ്. മദ്യനിരോധനം അപ്രായോഗികമായ ഒരു നടപടിയാണെന്ന് രാജഗോപാലാചാരി ഒരിക്കൽ പറയുകയുണ്ടായി. മദ്യനിരോധനത്തിന്റെ ഭാഗമായി രാജ്യത്ത് എല്ലായിടത്തും വ്യാജവാറ്റും മദ്യദുരന്തങ്ങളും ഒരു നിത്യസംഭവം എന്ന രൂപത്തിൽ വളർന്ന് വന്നപ്പോഴാണ് രാജഗോപാലാചാരി ഈ കാര്യത്തെ സംബന്ധിച്ച് പറഞ്ഞത്. ഈ സാഹചര്യത്തിൽ മദ്യത്തിന് എതിരായ കടുത്ത നിരോധനം ഏർപ്പെടുത്തിയില്ല, മദ്യവിമുക്തസമൂഹത്തെ കെട്ടിപ്പടുക്കുക, സംഘടിതവും ആസൂത്രിതവുമായ മദ്യവർജ്ജനപ്രസ്ഥാനത്തെ കെട്ടഴിച്ചുവിടുക എന്നത് ആവശ്യമാണ് എന്നാണ് രാജഗോപാലാചാരിയെപ്പോലുള്ള ആളുകൾ പറയുന്നത്. മദ്യ വ്യവസായം നിയമവിധേയമായി നടത്തുവാൻ എല്ലാവിധ സഹായവും നൽകുക എന്നതാണ് എൽ.ഡി.എഫ്, ആവിഷ്കരിച്ച നയം. അബ്കാരി നിയമം കർശനമാക്കുകയും വ്യാജചാരായ നിർമ്മാണത്തിനും വില്പനയ്ക്കും എതിരായി എടുക്കുന്ന എല്ലാ കേസ്സുകളും ജാമ്യം ഇല്ലാത്തതും. പത്തുവർഷം വരെ കഠിനതടവും, ഒരുലക്ഷംരൂപ പിഴയും ഈടാക്കുന്നതുമാണ് എന്ന നിയമം കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. തെരഞ്ഞെടുപ്പിന് മുൻപ് ചാരായ നിരോധനം എന്നുപറഞ്ഞുകൊണ്ട് വോട്ടിനുവേണ്ടി ഇറങ്ങിയ ആളുകൾ ഈ നിയമം ഈ സംസ്ഥാനത്ത് അത് എങ്ങനെ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും എന്നതിനെ സംബന്ധിച്ച് കൂടി ആലോചിക്കണം. അക്കാര്യം ആലോചിച്ചത് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ്. ഈ ഗവൺമെന്റ് അബ്കാരി വ്യവസായം നിയമവിധേയമായി നടപ്പിലാക്കി. വ്യാജ അബ്കാരി മുതലാളിമാർ നമ്മുടെ സംസ്ഥാനത്ത് തഴച്ചുവളർന്നതു കൊണ്ടാണ് നിർബന്ധമായും ഈ നിയമനിർമ്മാണം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചത്. ഇവിടെ കഴിഞ്ഞ ഏതാനും മാസങ്ങൾക്ക് മുൻപ് ശ്രീ. എ.കെ ആന്റണി ഒരു പ്രഖ്യാപനം നടത്തി. ശ്രീ. എ.കെ ആന്റണി പറഞ്ഞത് ഞങ്ങൾ ഈ ഗവൺമെന്റിന് എതിരെ അതിശക്തമായി ആഞ്ഞടിക്കുവാൻ വേണ്ടി തീരുമാനിച്ചിരിക്കുകയാണ് എന്നാണ്. അദ്ദേഹം അത് പറഞ്ഞപ്പോൾ നമുക്ക് സംശയമുണ്ടാകും, അദ്ദേഹത്തിന്റെ ഔദാര്യത്തിൽക്കൂടെയാണോ ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന്. അദ്ദേഹം പറഞ്ഞത് കേരളത്തിൽ ഡിസ്റ്റിലറികൾക്ക് എക്സൈസ് വകുപ്പുമന്ത്രി അനുവാദം നൽകിയിരിക്കുന്നു എന്നാണ്. ആടിനെ പട്ടിയാക്കുകയും, അതിനെ പേപ്പട്ടിയാക്കുകയും പിന്നീട് അതിനെ തല്ലിക്കൊല്ലുകയും ചെയ്യുക എന്നതുപോലെയാണ് ശ്രീ. എ.കെ ആന്റണിയുടെ പ്രഖ്യാപനം. വിദേശമദ്യം മറ്റ് സംസ്ഥാനങ്ങളിൽവച്ച് കുപ്പിയിലാക്കി സീൽചെയ്ത് ഇവിടെ കൊണ്ടുവന്ന് വില്ക്കുകയാണ്. ഇതിന്റെ ഫലമായി മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാനോ നിയന്ത്രിക്കുവാനോ ഗവൺമെന്റിനു കഴിയുന്നില്ല. സീൽ ചെയ്യുന്ന സമ്പ്രദായം കേരള സംസ്ഥാനത്തിനകത്തുവച്ച് നടത്തിയാൽ ഇതിന്റെ ഗുണനിലവാരം പരിശോധിക്കുവാനും കൂടുതലായി തൊഴിലാളികൾക്ക് പണി കൊടുക്കുവാനും സാധ്യതയുണ്ടാകും. 1997-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബ്ളെന്റിംഗ് ആന്റ് ബോട്ട്ലിംഗിന്റെ രണ്ട് യൂണിറ്റ് അനുവദിക്കാമെന്ന ഒരു നിഗമനത്തിൽ ഗവൺമെന്റ് എത്തി. അങ്ങനെ വന്നപ്പോഴാണ് പുതിയ ഡിസ്റ്റിലറികൾക്ക് ഈ ഗവൺമെന്റ് കേരള സംസ്ഥാനത്ത് അനുവാദം കൊടുത്തിരിക്കുന്നുവെന്ന് ശ്രീ. എ.കെ ആന്റണി പറഞ്ഞത്. കേരളത്തിൽ പുതിയതായി വിദേശമദ്യഡിസ്റ്റിലറികൾ അനുവദിച്ചതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ആന്റണി പറഞ്ഞത്. കുരുടനും പൊട്ടനും ഉൽസവം കാണാൻ പോയതുപോലെയാണ് ശ്രീ. എ.കെ ആന്റണി ഇതിനെക്കുറിച്ച് പറഞ്ഞത്. പുതിയ ഡിസ്റ്റിലറികൾ അനുവദിക്കാനുള്ള യാതൊരുനീക്കവും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടില്ല. നിലവിലുണ്ടായിരുന്ന എല്ലാ നിയമത്തേയും കാറ്റിൽ പറത്തിക്കൊണ്ടാണ് ഐക്യജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് പുതിയ ഡിസ്റ്റിലറികൾക്ക് അനുവാദം കൊടുത്തത്. 13 ബാർ ഹോട്ടലുകൾക്ക് യു.ഡി.എഫ്. ഭരിക്കുമ്പോഴാണ് ലൈസൻസ് പുതുക്കി കൊടുത്തത്. വർഷങ്ങളായി പ്രവർത്തിക്കാതിരുന്ന 42 ബാറുകൾക്ക് ലൈസൻസ് പുതുക്കിക്കൊടുത്തത് 1991 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ എക്സൈസ് വകുപ്പുമന്ത്രിയായ ശ്രീ. എം.ആർ. രഘുചന്ദ്രബാലാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് പുതിയ ബാർ ഹോട്ടലുകൾ അനുവദിച്ചത്. മദ്യനിരോധനം യു.ഡി.എഫ് ന്റെ നയമല്ല എന്നാണ് ഐക്യജനാധിപത്യ മുന്നണി പറയുന്നത്. ഞങ്ങളും ശിശുക്കളാണ്, ഞങ്ങളാണ് ഇതിനെ വളർത്തി വലുതാക്കേണ്ടത്, ഞങ്ങൾ അത് നടപ്പിലാക്കുമെന്നാണ് ഐക്യജനാധിപത്യമുന്നണി പറഞ്ഞത്. ഐക്യജനാധിപത്യ മുന്നണിയുടെ കൺവീനർ ശ്രീ. കെ. ശങ്കരനാരായണൻ പറഞ്ഞത്, മദ്യനിരോധനം യു.ഡി.എഫ് ന്റെ നയമല്ല എന്നാണ്. മദ്യനിരോധനം യു.ഡി.എഫ്. ന്റെ നയമല്ലെന്ന് പറഞ്ഞപ്പോൾ തന്നെ അദ്ദേഹം പറഞ്ഞത്, വിദേശമദ്യഷാപ്പുകളിലേയ്ക്കുള്ള പണത്തിന്റെ കുത്ത്ഒഴുക്ക്കൂടിയത് ശ്രീ. എ.കെ. ആന്റണി കാണുന്നില്ല. എന്നാണ്. മദ്യനിരോധനത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. തൊഴിൽ നഷ്ടപ്പെട്ട് പ്രയാസം അനുഭവിക്കുന്ന തൊഴിലാളികളുടെ കുടുബാംഗങ്ങളുടെ ദുരിതം ശ്രീ. എ.കെ. ആന്റണി കാണുന്നില്ല. ഐ.എൻ.ടി.യു.സി. യിലെ ഉൾപ്പെടെയുള്ള ആളുകൾ ഇതിലുണ്ട്. അവരുടെ പ്രയാസം ഞാൻ മനസ്സിലാക്കുന്നു എന്നാണ് യു.ഡി.എഫ്. കൺവീനർ ശ്രീ. കെ. ശങ്കരനാരായണൻ ഇതിനെക്കുറിച്ച് പറഞ്ഞത്. ഇവിടെ രണ്ട് ദിവസങ്ങൾക്ക് മുൻപ് കേരള അസംബ്ളിയിൽ ചില കാര്യങ്ങൾ കാണുകയുണ്ടായി. ന്യൂനപക്ഷ സമുദായത്തിന്റെ പേരുപറഞ്ഞു കൊണ്ട് ചില ആളുകൾ കേരള അസംബ്ളിയിലും അസംബ്ളിക്ക് പുറത്തും എന്തെല്ലാം കുപ്രചരണമാണ് ഈ ഗവൺമെന്റി നെതിരെ നടത്തിയത് അത്തരത്തിലുള്ള ആളുകൾ അവരുടെ ശവക്കുഴി തോണ്ടുകയാണ് ചെയ്യുന്നത്. ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കുന്നതിന് ഏത് പ്രസ്ഥാനങ്ങൾക്കും ഉപരി എന്നും മുൻപന്തിയിലുള്ള ഏക പാർട്ടിയാണ് സി.പി.ഐ. (എം). ശ്രീ. പി.ജെ. ജോയി പറഞ്ഞല്ലോ, അങ്കമാലിയിൽ ബൈബിളുകൾ കത്തിച്ചു എന്ന്.

<u>ശ്രീ. പി.ജെ. ജോയി</u> : ബൈബിളുകൾ കത്തിച്ചു എന്ന് പറഞ്ഞില്ല.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : നിലത്തിട്ട് ചവിട്ട് എന്ന് ശ്രീ. പി.ജെ. ജോയി പറഞ്ഞു. അങ്കമാലിയിലെ ആശുപത്രിയിൽ..... .

<u>ശ്രീ. പി.ജെ. ജോയി</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി കണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി കണ്ടു, അതിന് മറുപടിയും പറഞ്ഞിട്ടുണ്ട്. ബൈബിളിന്റെ കാര്യമാണ് പറയുന്നത്. അദ്ദേഹം മറുപടിയും പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് എന്നുമുതലാണ് ഈ സ്നേഹം തോന്നിയത്? 1998 മാർച്ച് മാസം മുതൽ 1999 ആദ്യ കാലഘട്ടം വരെ ഇന്ത്യാ രാജ്യത്ത് ന്യൂനപക്ഷ മതസമുദായങ്ങൾക്കെതിരെ നടത്തിയ കടന്നാക്രമണങ്ങൾക്കെതിരെ ഒരക്ഷരം മിണ്ടാൻ കോൺഗ്രസ്സ് (ഐ) തയ്യാറായിട്ടുണ്ടോ? ബഹുമാനപ്പെട്ട കെ.എം. മാണിയും, ശ്രീ. ടി.എം. ജേക്കബും ഒരക്ഷരം പോലും ആ കാലഘട്ടങ്ങളിൽ പറഞ്ഞിട്ടില്ല. മധ്യപ്രദേശിൽ, മഹാരാഷ്ട്രയിൽ, രാജസ്ഥാനിൽ, ഒറീസയിൽ, ഗുജറാത്തിൽ. എന്തിനേറെ പറയുന്നു, കുഷ്ഠരോഗികളെ ചികിത്സിക്കുന്നതിനുവേണ്ടിവന്ന ക്രിസ്ത്യൻ മിഷനറിയായ ഗ്രഹാം സ്റ്റെയിൻസിനേയും രണ്ടു കുട്ടികളേയും വാഹനത്തിലിട്ട് ചുട്ടു കൊന്നപ്പോൾ ന്യൂനപക്ഷ സമുദായത്തിന്റെ സ്നേഹം പറയുന്ന ആളുകൾ ഒരക്ഷരം മിണ്ടിയിട്ടില്ല. അവിടെ ഭരിക്കുന്നത് കോൺഗ്രസ്സ് (ഐ) അല്ലേ? കോൺഗ്രസ്സ് (ഐ)യുടെ മുഖ്യമന്ത്രി അതിനു നേതൃത്വം കൊടുക്കുന്നു. ഗ്രഹാം സ്റ്റെയിൻസിനേയും അദ്ദേഹത്തിന്റെ പിഞ്ചു കുട്ടികളേയും ചുട്ടുകൊന്നപ്പോൾ അതിനെതിരെ ഒരക്ഷരം മിണ്ടിയില്ല.

ശ്രീ. എൻ.ആർ. ബാലൻ : സർ, നാലു കന്യാസ്ത്രീകളെ മൃഗീയമായി ബലാൽസംഗം ചെയ്ത സംഭവത്തെത്തുടർന്ന് ദേശവിരുദ്ധ ശക്തികൾക്കെതിരായി ദേശാഭിമാനബോധമുള്ള ഹിന്ദു യുവാക്കളുടെ രോഷപ്രകടനമെന്നു പറഞ്ഞ്, അതിനെ വി.എച്ച്.പി.യുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശർമ്മ ന്യായീകരിച്ചപ്പോൾ ശ്രീമതി സോണിയാഗാന്ധിയുടെ നിർദ്ദേശപ്രകാരം സ്ഥലം സന്ദർശിക്കാൻ പോയ കേരളത്തിലെ എം.പി.മാരായ ശ്രീ. പി.സി. ചാക്കോയും, ശ്രീ. എ.സി. ജോസും ആ പരിപാടിയിൽ വി.എച്ച്.പി.ക്ക് പങ്കില്ല എന്നാണ് കേരളത്തിൽ നടത്തിയ സ്റ്റേറ്റ്മെന്റ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.കെ. ചന്ദ്രൻ : അതെല്ലാം ഈ രാജ്യത്തെ ജനങ്ങൾക്ക് മനസ്സിലാകും. മതന്യൂനപക്ഷങ്ങളുടെ അഭിപ്രായങ്ങളും അവരുടെ പിന്തുണയും ആർജ്ജിക്കുന്നതിനുവേണ്ടിയാണ് ഇവർ പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി, വിശിഷ്യാ സി.പി.ഐ.(എം.) ഈ ജനവിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കേരളത്തിൽ ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ്സ് (ഐ)യും മതന്യൂനപക്ഷജനവിഭാഗങ്ങളുടെ കാര്യം പറയാൻ ഇവിടെ വന്നത്. മറ്റുള്ള സംസ്ഥാനങ്ങളിൽ ഈ വർത്തമാനം പറയുന്നതിന് അവർ തയ്യാറായില്ല. ഈ നയത്തിന്റെ ഭാഗമായി കേരളത്തിൽ ഐക്യജനാധിപത്യ മുന്നണിയും കോൺഗ്രസ്സ് (ഐ)ഉം അവരുടെ ശവക്കുഴി തോണ്ടുന്ന നയസമീപനമാണ് സ്വീകരിച്ചുവരുന്നത്. കാര്യക്ഷമമായ നികുതി പിരിവിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താനും അത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള നടപടികളാണ് നികുതി വകുപ്പ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും വിജിലൻസ് വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാമ്പത്തിക തകർച്ചയും ഉൽപ്പാദന

LIBRARY ARCHIVES Kerala Legislative Assembly

ക്കുറവും കാരണം നമ്മുടെ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ കൂടിക്കൂടി വരുന്നു. സാമ്പത്തിക മാന്ദ്യം കാരണം നമ്മുടെ സംസ്ഥാനത്തെ സർവ്വപുരോഗതിയും മുരടിച്ചു നിൽക്കുകയാണ്. 1999 മാർച്ച് 31 വരെ വിൽപ്പന നികുതി ഇനത്തിൽ 1106.83 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 71.20 കോടി രൂപയും കുടിശ്ശികയുണ്ട്. ഇത്രയും ഭീമമായ തുക ഓരോ വർഷവും കുടിശ്ശികയായി വരുമ്പോൾ നമ്മുടെ സംസ്ഥാനത്ത് എങ്ങനെ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയും? അത് കർശനമായി പിരിക്കേണ്ടതുണ്ട്. അതേയവസരത്തിൽ ഈടാക്കിയ നികുതി യഥാർത്ഥത്തിൽ ഉപഭോക്താക്കളിൽനിന്ന് പിരിച്ചത് ഖജനാവിൽ എത്തുന്നുണ്ടോ എന്നകാര്യം പരിശോധിക്കണം. ബെസ്റ്റ് ജഡ്ജ്മെന്റ് എന്നുള്ള വകുപ്പുപയോഗിച്ചുകൊണ്ട് പലപ്പോഴും നീതിരഹിതമായി അസസ്സ് ചെയ്യുന്നുണ്ട്; ഈ സമ്പ്രദായം ഉപേക്ഷിക്കണം. അതോടൊപ്പം 30.3.1997 വരെ കുടിശ്ശിക മുതലും 40 ശതമാനം പലിശയും അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ വഴിയുള്ള നികുതിദായകരെ അനുവദിക്കുന്നുണ്ടെങ്കിലും ഈ കാലപരിധി തീരെ അപര്യാപ്തമാണ്. അതിന്റെ കാലാവധി 30.9.99 വരെയാണ് ഗവൺമെന്റ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഇത് ദീർഘിപ്പിക്കണം; ഈ കാര്യത്തിൽ ഗവൺമെന്റ് ഉദാരമായ സമീപനം കൈക്കൊണ്ടാൽ കുടിശ്ശിക വളരെയേറെ കുറയ്ക്കാൻ കഴിയും. ആകെ നാൽപ്പതു ശതമാനം പലിശ പൂർണ്ണമായി അടയ്ക്കേണ്ടതുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, പലപ്പോഴും അസസ്മെന്റിൽ ഒരുപാട് അപാകതകൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് മുതലിന്റെ 25 ശതമാനവും അതോടൊപ്പം പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് അതിനുവേണ്ടി ഒരു അദാലത്ത് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് അടുത്ത സാമ്പത്തിക വർഷം (31.3.2000 വരെ) രാജി സമ്പ്രദായം നീട്ടിക്കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിൽ മുതലിന്റെ ഇളവ് അനുവദിച്ചിട്ടില്ല. 1106.83 കോടി രൂപ സെയിൽസ് ടാക്സ് ഇനത്തിലും 71.20 കോടി രൂപ കാർഷികാദായ നികുതിയിനത്തിലും കുടിശ്ശികയുണ്ട്. അതു കർശനമായി പിരിക്കാൻ കഴിയണമെങ്കിൽ ഒരു അദാലത്ത് പരിപാടി ഏർപ്പെടുത്തണം. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത് നാൽപ്പതു ശതമാനം പലിശ അടയ്ക്കണമെന്നാണ്. പലിശ പൂർണ്ണമായും ഇളവ് ചെയ്യണം. ഇതിന്റെ കാലാവധി സെപ്റ്റംബർ 30-ന് കഴിയാൻ പോകുകയാണ്. അത് അടുത്ത സാമ്പത്തിക വർഷം 31-ാം തീയതിവരെ നീട്ടിക്കൊണ്ട് സമയബന്ധിതമായി രാജി പരിപാടി ഏർപ്പെടുത്താനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി സ്വീകരിച്ചാൽ കുടിശ്ശിക വളരെയധികം പിരിക്കാൻ കഴിയും. വിൽപ്പന നികുതി, കാർഷികാദായ നികുതി ഇനങ്ങളിൽ യഥാക്രമം 151.93 കോടി രൂപയുടേയും 22.79 കോടി രൂപയുടേയും കേസ്സുകൾ വിവിധ അധികാര സ്ഥാപനങ്ങളിലും കോടതികളിലും തീർപ്പാകാതെ കിടക്കുകയാണ്. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ മുൻപാകെ കിടക്കുന്ന കേസ്സുകൾ തീർപ്പു കൽപ്പിക്കാനാവശ്യമായ ഉദ്യോഗസ്ഥൻമാരില്ല. അതിന് അഡീഷണലായി അപ്പലേറ്റ് ട്രൈബ്യൂണൽ ഏർപ്പെടുത്തുകയും കോടതികളിൽ കിടക്കുന്ന കേസ്സുകൾ എത്രയുംവേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ അഡ്വക്കേറ്റുമാർക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വിൽപ്പന നികുതി, കാർഷികാദായ നികുതി ഉദ്യോഗസ്ഥൻമാർ ശരിക്കുള്ള നികുതി ഈടാക്കിയശേഷം മൂന്നു-നാലു വർഷം കഴിഞ്ഞിട്ടാണ് കണക്ക് പരിശോധന നടത്തുന്നത്. നിലവിലുള്ള വകുപ്പ് ഉപയോഗിച്ച് ഭീമമായ തുക, വിറ്റുവരവിന്റെ നല്ലൊരു ശതമാനം ഈയിനത്തിൽ ഉപഭോ

LIBRARY ARCHIVES Kerala Legislative Assembly

ക്തരാക്കളിൽനിന്ന് പിരിച്ചെടുക്കാതെ, സ്വന്തം കയ്യിൽ നിന്ന് വ്യാപാരികൾ കൊടുക്കേണ്ട സാഹചര്യമുണ്ട്. ആ വകുപ്പ് പൂർണ്ണമായും എടുത്തുമാറ്റി, ഉദ്യോഗസ്ഥൻമാർ വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് കേസ്സുകൾ തീർപ്പാക്കുന്ന സമ്പ്രദായം ഒഴിവാക്കിയാൽ വ്യാപാരികളുമായി വളരെ നല്ല സൗഹൃദ ബന്ധം സ്ഥാപിക്കാൻ കഴിയും. അതാണ് ഭീമമായ തുക അശാസ്ത്രീയമായി ഈടാക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഓരോ വർഷവും കൂടിക്കൂടി വരുകയാണ്. 1996-97-ൽ 643.3 കോടി രൂപയും 1997-98-ൽ 1122.91 കോടി രൂപയുമാണ് കമ്മി. 1998-99 സാമ്പത്തിക വർഷത്തിൽ ഇതുസംബന്ധിച്ച വ്യക്തമായ കണക്കുകൾ എ.ജി.യിൽ നിന്ന് ലഭിച്ചിട്ടില്ല; അതുകൊണ്ട് പ്രസിദ്ധീകരിച്ചിട്ടില്ല. ഇങ്ങനെ കമ്മി കൂടിക്കൂടി വരുന്ന സാഹചര്യത്തിൽ നികുതിചോർച്ച കർശനമായി തടയുകയും കുടിശ്ശിക പിരിക്കുകയും അനാവശ്യ ചെലവുകൾ കർശനമായി, പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് നികുതിനയം രൂപീകരിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ നികുതി പിരിവിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല സംസ്ഥാനമാക്കി മാറ്റിയെടുക്കാൻ കഴിയും. ചെറുകിട വ്യാപാരികൾക്ക് പലർക്കും കാർഷികാദായ നികുതി നിയമത്തെക്കുറിച്ച് വ്യക്തമായ അറിവില്ല. അതോടൊപ്പംതന്നെ വലിയ പിഴ ഈടാക്കിവരുന്നുണ്ട്. വിൽപ്പന നികുതി ദേശീയതലത്തിൽ ഏകീകരിക്കേണ്ടതാവശ്യമാണ്. ഓരോ സംസ്ഥാനത്തിനും ഓരോ നിരക്കിലുള്ള നികുതി സംവിധാനമാണ് ഇന്ന് നിലനിൽക്കുന്നത്. ദേശീയതലത്തിൽ നികുതി ഏകീകരിക്കുന്നതുസംബന്ധിച്ച് ഇന്നലെ കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. യശ്വന്ത് സിൻഹ പറഞ്ഞത്, ഇതു സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് കത്തയച്ചിട്ടുണ്ട് എന്നാണ്. എത്രയുംവേഗത്തിൽ ദേശീയതലത്തിൽ ഒരു ഏകീകരിച്ച നികുതിനിരക്ക് ഏർപ്പെടുത്താൻ നമ്മുടെ സംസ്ഥാനം മുൻകൈ എടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വിൽപ്പന നികുതി നിയമത്തിലെ അപാകതകൾ പരിഹരിക്കണം. നിയമം കാലോചിതമായി പരിഷ്കരിക്കണം. സർച്ചാർജ് നിർത്തലാക്കണം. സർച്ചാർജ് വ്യാപാരികളിൽനിന്നും ഈടാക്കുന്നതല്ല, അത് വ്യാപാരികൾ കൊടുക്കുന്നതാണ്. അതുകൊണ്ട് സർചാർജ് പൂർണ്ണമായും നിർത്തലാക്കണം. വളരെ വർഷങ്ങളായി വ്യാപാരികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളാണിവ. ഇവ ഗവൺമെന്റിന് എളുപ്പത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് ഏറ്റവുമധികം വരുമാനം വ്യാപാരസ്ഥാപനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന വിൽപ്പനനികുതിയാണ്. വ്യാപാരികളെ വിശ്വാസത്തിലെടുക്കുകയും വ്യാപാരികളുടെ പ്രശ്നം പരസ്പരം ചർച്ചചെയ്ത് ന്യായമായി പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. വ്യാപാരികളും സർക്കാരും തമ്മിലുള്ള പ്രധാന തർക്കം വിൽപ്പനനികുതി ഉദ്യോഗസ്ഥൻമാർ കട പരിശോധിച്ച് ചെറിയ എന്തെങ്കിലും കുറ്റങ്ങൾ കണ്ടെത്തിയാൽ ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്നതിനേക്കാൾ കൂടുതൽ നികുതി ചുമത്തുന്നതിലാണ് ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും ഉള്ള വിവിധ പ്രശ്നങ്ങൾ വ്യാപാരി പ്രതിനിധികളുമായി ചർച്ചചെയ്ത് പരിഹാരം കാണുകയും അതുപോലെതന്നെ അവരുമായി നല്ലൊരു സുഹൃത്ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം. വിൽപ്പന നികുതി അസസ്മെന്റ് യഥാസമയം നടത്തി വർഷങ്ങളായി കുടിശ്ശികയായി കിടക്കുന്ന കണക്കുകൾ പരിശോധിച്ച് എത്രയുംവേഗത്തിൽ തീർപ്പുകൽപ്പിക്കണം. പലതിനും നികുതി നിരക്ക് കുറയ്ക്കേണ്ടതുണ്ട്. നികുതി നിരക്ക് ഒട്ടേറെ വർദ്ധിപ്പിക്കുമ്പോഴാണ് കള്ളക്കണക്ക് എഴുതുന്നത്. അതുകൊണ്ട് നികുതി നിരക്ക് കുറയ്ക്കുകയും നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവസ്തുക്കളുടെ നികുതി പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യണം. അതുപോലെ ഭക്ഷ്യ വസ്തുക്കളിൽ ചെറിയൊരു ശതമാനം മാത്രമേ നികുതിയിനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഈടാക്കാൻ സാധിക്കുന്നുള്ളൂ; പലതിനും ഏകമുഖ നികുതിയാണ്. അതുകൊണ്ടുതന്നെ ഭക്ഷ്യ വസ്തുക്കളായ മൈദ, പയർവർഗ്ഗങ്ങൾ, മുളക് തുടങ്ങിയ സാധനങ്ങളുടെ നികുതി എത്രയുംവേഗത്തിൽ പിൻവലിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആധുനിക ഉപകരണങ്ങൾ, അതുപോലെതന്നെ വിൽപ്പന നികുതി വകുപ്പിലേയ്ക്കാവശ്യമായ വാഹനങ്ങൾ, ജീവനക്കാർ, കമ്പ്യൂട്ടറൈസേഷൻ എന്നിവ ഏർപ്പെടുത്താനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വിൽപ്പന നികുതി ഉദ്യോഗസ്ഥന്മാർക്ക് പൂർണ്ണമായ സംരക്ഷണം നൽകണം. കട പരിശോധിക്കുന്ന ഘട്ടത്തിൽ ഉദ്യോഗസ്ഥൻമാർ വ്യാപാരികളെ ആക്രമിക്കുകയോ അതല്ലെങ്കിൽ ഉദ്യോഗസ്ഥൻമാരെ വ്യാപാരികൾ ആക്രമിക്കുകയോ ചെയ്യുന്ന പ്രവണത ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥൻമാരും വ്യാപാരികളുമെല്ലാം തന്നെ പരസ്പരം സൗഹൃദത്തിൽ കഴിയണം. എന്റെ പാർട്ടിയുടെ നയം തന്നെ സമ്പൂർണ്ണ മദ്യനിരോധനമാണ്. വാസ്തവത്തിൽ എന്താണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്? ഓരോ ദിവസവും വ്യാജ ചാരായവും അതുപോലെ തന്നെ വിഷമദ്യവും കഴിച്ച് എത്രയെത്ര വിലപ്പെട്ട ജീവനുകളാണ് നഷ്ടപ്പെടുന്നത്? രണ്ട് ദിവസം മുമ്പ് കാസർഗോഡ് നടന്ന സംഭവങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ട് വ്യാജമദ്യവും ചാരായവും പൂർണ്ണമായും നമ്മുടെ സംസ്ഥാനത്ത് നിരോധിക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇന്നുള്ള അയഞ്ഞ നയം തീർച്ചയായും നമ്മുടെ സംസ്ഥാനത്ത് വലിയ ദോഷം ചെയ്യുന്നുണ്ട് എന്ന് സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ ടെലിവിഷനിലും മറ്റു മാധ്യമങ്ങളിലുമുള്ള മദ്യത്തെ സംബന്ധിച്ചുള്ള പരസ്യങ്ങൾ കർശനമായി ഒഴിവാക്കാനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ജോസ് ബേബി : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും, എക്സൈസ് എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ലോകരാജ്യങ്ങളിലൊട്ടാകെ സാമ്പത്തിക പരാധീനതയും സാമ്പത്തിക മാന്ദ്യവും നിലനിൽക്കുന്ന ഒരു കാലഘട്ടത്തിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച് അതിനെക്കുറിച്ചുള്ള ചർച്ച നടക്കുന്നത്. ലോകമൊട്ടാകെ എന്നുപറയുമ്പോൾ, അതിന്റെ ഭാഗമായി ഇന്ത്യയിലും വിശിഷ്യാ കേരളത്തിലും സാമ്പത്തിക മാന്ദ്യം അതിന്റെ നെല്ലിപ്പടി കണ്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് മുൻ ഗവൺമെന്റുകൾ ആരംഭിച്ചിട്ടുള്ള പരിഷ്കാരങ്ങൾ, ഉദാരവൽക്കരണത്തിന്റേയും പുത്തൻ സാമ്പത്തിക നയത്തിന്റെയുമൊക്കെ പരിണതഫലങ്ങൾ നമ്മുടെ രാജ്യത്തെ കൂടുതൽ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഈ സാമ്പത്തിക സ്ഥിതിയിൽ നമ്മുടെ രാജ്യത്തെ എത്തിച്ചതിന്റെ ഉത്തരവാദിത്വം അപ്പുറത്തിരിക്കുന്ന നമ്മുടെ പ്രതിപക്ഷ നേതാക്കൻമാരായ ആളുകളുടെ കക്ഷിക്കാണ്; ആ കക്ഷി ഇന്ത്യാരാജ്യം ഭരിച്ചിരുന്ന വേളയിൽ സ്വീകരിച്ച് നയംകൊണ്ടുണ്ടായതാണ് ഇത്. അതിന്റെ പാപഭാരം മുഴുവൻ ഏൽക്കേണ്ടവർ ഇവർ തന്നെയാണ്. ഇവരുടെ അതേനയം തന്നെ ഇപ്പോൾ ബി.ജി.പി.യും അനുവർത്തിക്കുന്നു എന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഈ രാജ്യത്ത് ഇന്നുണ്ടായിട്ടുള്ള പ്രയാസങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണം മുൻകാല സർക്കാരിന്റെ സാമ്പത്തിക നയമാണെന്ന് അങ്ങ് പറഞ്ഞു. അങ്ങയുടെ നേതാക്കൻമാരായ ശ്രീ. ഇന്ദ്രജിത് ഗുപ്തയും ശ്രീ. ചതുരാനൻ മിശ്രയും കോൺഗ്രസ്സ് ഗവൺമെന്റ് കൊണ്ടുവന്ന അതേ സാമ്പത്തിക നയമാണ് പിന്തുടർന്നത്. ധനകാര്യ വകുപ്പു മന്ത്രിയായിരുന്ന ശ്രീ. ചിദംബരം യാതൊരു നീക്കുപോക്കുമില്ലാതെ, ഈ സാമ്പത്തിക നയത്തിൽ മാറ്റം വരുത്തില്ല എന്നുപറഞ്ഞ് ഭരണത്തിലിരുന്നതിന്റെ ഫലമായിട്ടല്ലേ ഇന്നത്തെ ഈ പ്രശ്നമുണ്ടായത്?

ശ്രീ. സി.കെ. നാണു : സർ, ചതുരാനൻ മിശ്രയും കോൺഗ്രസ്സ് നേതാവായ ശ്രീ. മൻമോഹൻ സിംഗും കോൺഗ്രസ്സ് (ഐ) യുടെ ആളുകളും കോൺഗ്രസ്സ് (ഐ) പിന്തുടർന്ന സാമ്പത്തിക നയത്തിൽനിന്നും പിൻമാറിയാൽ ആ ഗവൺമെന്റിന്റെ പിന്തുണ പിൻവലിക്കുമെന്ന് അവർ മന്ത്രിമാരായിരുന്ന കാലത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതാക്കൻമാർ പറഞ്ഞിരുന്നത് താങ്കൾ ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. ജോസ് ബേബി : സർ, അതുതന്നെയാണ് പ്രശ്നം. ശ്രീ. മൻമോഹൻ സിംഗിന്റെ സാമ്പത്തിക നയങ്ങൾ തന്നെയാണ് ശ്രീ. ചിദംബരവും അനുവർത്തിച്ചിരുന്നത്. ശ്രീ. ചിദംബരത്തിന്റെ നയങ്ങളെ ഇന്ത്യയിലെ ഇടതുപക്ഷ പാർട്ടിയിൽ അന്നുണ്ടായിരുന്ന ശ്രീ. ചതുരാനൻ മിശ്രയും ശ്രീ. ഇന്ദ്രജിത് ഗുപ്തയുമുൾപ്പെടെയുള്ള ആളുകൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ പാർട്ടിയും തള്ളിപ്പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ അതിശക്തമായ രീതിയിൽ സമരം നടത്തിയിട്ടുണ്ട്, പാർലമെന്റിലും പുറത്തും സമരം നടത്തിയിട്ടുണ്ട്. ദേശീയ പണിമുടക്ക് ഞങ്ങൾ നടത്തിയിട്ടുണ്ട്. അത് എല്ലാവർക്കും അറിയാവുന്നതാണ്. ഇന്ത്യയിൽ ഒരു തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. യഥാർത്ഥത്തിൽ ഈ സമയത്ത് തെരഞ്ഞെടുപ്പ് വരേണ്ടതായിരുന്നോ? നമ്മൾ അക്കാര്യം പരിശോധിക്കേണ്ടതാണ്. കോൺഗ്രസ്സ്(ഐ)യുടെ തെറ്റായ നയങ്ങൾ കൊണ്ടും സമീപനങ്ങൾ കൊണ്ടും അതിനേക്കാളുപരി തങ്ങൾക്ക് ഒറ്റയ്ക്ക് ഇന്ത്യാ രാജ്യം ഭരിക്കാമെന്ന ഹുങ്കും ധിക്കാരം നിറഞ്ഞ സമീപനവും കൊണ്ടും ഉണ്ടായ ഒരു തെരഞ്ഞെടുപ്പാണിത്. യഥാർത്ഥത്തിൽ 8,000-ത്തോളം കോടി രൂപ, നമ്മുടെ പൊതു ഖജനാവിലെ പണം, നമ്മുടെ വികസനത്തിനായി ചെലവഴിക്കേണ്ട പണം ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഇപ്പോൾ ചെലവാക്കാൻ പോകുകയാണ്. ഇക്കാര്യത്തിൽ നിങ്ങൾക്കൊക്കെ ഉത്തരവാദിത്വമുണ്ട്, നിങ്ങളാരും ആ ഉത്തരവാദിത്വം മറക്കരുത്. നിങ്ങളുടെ ധാരണ പണ്ട് ആനപ്പുറത്തിരുന്ന ഒരാളുടെ അവസ്ഥയാണ്. നിങ്ങൾ ഇപ്പോഴും തഴമ്പുണ്ടോയെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും പഴയ സ്വാധീനം തങ്ങൾക്കുണ്ടെന്ന മിഥ്യാധാരണകൊണ്ടുണ്ടായ, സമീപനം കൊണ്ടുണ്ടായ ഒരു തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്. അതുകൊണ്ട് നിങ്ങൾ മനസ്സിലാക്കേണ്ടത്, കാലം മാറി, രാജ്യം മാറി, സംസ്ഥാനങ്ങളിൽ മാറ്റം വന്നു. യഥാർത്ഥത്തിൽ വാജ്പേയ് ഗവൺമെന്റ് തീരുമാനിക്കുന്ന മര്യാദയില്ലാത്ത സമീപനങ്ങളും തീരുമാനങ്ങളുമുണ്ടല്ലോ, ആ കെയർ-ടേക്കർ മന്ത്രി സഭയുടെ തെറ്റായ സമീപനങ്ങളിൽ സംസ്ഥാനത്തിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുണ്ടെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ശരിക്കും തീരുമാനമെടുത്തിരുന്നുവെങ്കിൽ ഈ കെയർ-ടേക്കർ മന്ത്രിസഭയുണ്ടാകുമായിരുന്നില്ല. നാഷണൽ റികൺസ്ട്രക്ഷൻ കോർ എന്നുപറഞ്ഞ് ഒരു കോർ രൂപീകരിച്ചിരിക്കുകയാണ്. അതിൽ ആർ.എസ്.എസ്.-ൽനിന്നും റിട്ടയർ ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആൾക്കാർ, മിലിട്ടറിയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള ആളുകളാണുള്ളത്. അവർക്ക് ആയിരം രൂപ ഓണറേറിയം കൊടുത്തുകൊണ്ട് ഈ വർഷം 8000 പേരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ 12 കോടി രൂപ ചെലവാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇങ്ങനെയുള്ള പല വൃത്തികെട്ട തീരുമാനങ്ങളുടേയും ഉത്തരവാദിത്വം നിങ്ങൾക്കാണ്. നിങ്ങൾ അന്ന് മറിച്ച് ഒരു തീരുമാനമെടുത്തിരുന്നുവെങ്കിൽ വാജ്പേയ് ഗവൺമെന്റ് അധികാരത്തിൽ വരുകയില്ലായിരുന്നു. കഴിഞ്ഞ ദിവസം പ്രതിപക്ഷം കേരള നിയമസഭയിൽ കാട്ടിക്കൂട്ടിയിപേക്കൂത്ത് നമ്മൾ കണ്ടതാണ്. പ്രതിപക്ഷത്തോ ഭരണപക്ഷത്തോ ഉള്ള ഒരു മെമ്പറുടെ പ്രസംഗത്തിന്റെ പേരിൽ പ്രതിപക്ഷം ഒരു വാക്കൗട്ട് നടത്തിയതായി കണ്ടിട്ടില്ല. ഞാൻ നിയമസഭാ രേഖകൾ പരിശോധിച്ചു. ഒരുപക്ഷേ മന്ത്രി മറുപടി പറയുമ്പോൾ തെറ്റുണ്ടെന്ന് പറഞ്ഞുകൊണ്ട് കറക്ട് ചെയ്യാൻവേണ്ടി വാദിക്കും. അല്ലെങ്കിൽ ചീഫ് വിപ്പ് ഉൾപ്പെടെയുള്ള ആളുകൾ പ്രസംഗിക്കുമ്പോൾ തെറ്റുണ്ടെന്ന് പറയും, പക്ഷേ ഒരു മെമ്പർ പ്രസംഗിക്കുമ്പോൾ വാക്കൗട്ട് നടത്തിയിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട ജി. സുധാകരൻ പ്രസംഗിച്ചപ്പോൾ ഒരു വാക്കിൽ പിടിച്ചുനിന്നുകൊണ്ട്, ആ വാക്ക് പിൻവലിക്കണമെന്ന് പറഞ്ഞുകൊണ്ട് അപ്പുറത്തെ ഭരണഘടനാ വിദഗ്ദ്ധൻമാർ എല്ലാവരും കൂടി ഒരു വാക്കൗട്ട് നടത്തി-ലജ്ജാകരമായ ഒരു സംഭവമുണ്ടായി. മന്ത്രിമാരുടെ വാക്ക് പിൻവലിക്കണമെന്ന് ആവശ്യപ്പെടാം. അതിനർഹതയുണ്ട്. പക്ഷെ ഒരു മെമ്പറുടെ പ്രസംഗത്തിൽ ഒരു വാക്കിന്റെ പേരിൽ ഭരണഘടനാ വിദഗ്ധരായ പ്രതിപക്ഷത്തെ ആളുകൾ, ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലുള്ള ആളുകൾ ഇറങ്ങിപ്പോയി എന്നുപറയുമ്പോൾ, 'ലജ്ജാകരം' എന്നല്ലാതെ എന്താണ് പറയേണ്ടത്!

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ഈ സഭയിൽ റൂൾ 307 അനുസരിച്ച് ബഹുമാനപ്പെട്ട ചെയർ എക്സ്പഞ്ച് ചെയ്ത ഒരു കാര്യമാണ്. അത് അൺപാർലമെന്ററി ആണ് എന്ന് മാത്രമല്ല ബഹുമാനപ്പെട്ട മെമ്പർ ആ കാര്യത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. തങ്ങൾ ചെയ്തത് ശരിയായിരുന്നു എന്നതിന്റെ ധ്വനിയാണ് എക്സ്പഞ്ച് ചെയ്ത കാര്യത്തിന്റെ പേരിൽ ന്യായീകരിക്കുന്നത്. അത് ഓർഡറിലാണോ?

മി. ചെയർമാൻ <u>(ശ്രീ. സി.പി. ബാലൻ വൈദ്യർ)</u> : ബഹുമാനപ്പെട്ട അംഗം, ശ്രീ. ജി. സുധാകരൻ പറഞ്ഞത് ന്യായീകരിക്കുകയോ, ആ വാക്ക് ആവർത്തിക്കുകയോ ചെയ്തില്ല. പ്രതിപക്ഷത്തിന്റെ വാക്കൗട്ടിനെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ല.

<u>ശ്രീ. ജോസ് ബേബി</u> : ആ വിഷയത്തെ twist ചെയ്ത് മാറ്റുകയാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. ഞാൻ പ്രതിപക്ഷത്തിന്റെ സമീപനമെന്നാണ് പറഞ്ഞത്. ശ്രീ. ജി. സുധാകരൻ പറഞ്ഞത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല; അപ്പോൾത്തന്നെ പിൻവലിക്കേണ്ടതായിരുന്നു. അതല്ല ഇവിടെ വിഷയം. ഞാൻ പ്രതിപക്ഷത്തിന്റെ സമീപനത്തെപ്പറ്റിയാണ് പറഞ്ഞത്. പ്രതിപക്ഷത്തിന്റെ വേറൊരു സമരത്തിന്റെ രൂപം ഞാൻ പറയാം. ശ്രീ. കെ.എം. മാണി സാറിന് കസേര മാനിയയാണ്. രാവിലെ എണീറ്റാൽ സ്വപ്നം കാണുന്നത് കസേരയാണ്. അദ്ദേഹം കാസർഗോഡ് നിന്ന് കേരളയാത്ര നടത്തി. കേരള പര്യടനം എന്നാണ് ഇതിന്റെ പേര്. ശ്രീ. കെ.എം. മാണി എ.സി. കാറിൽ കാസർഗോഡ്നിന്ന് യാത്ര തുടങ്ങി, ശ്രീ. മാണി പത്രസമ്മേളനം നടത്തുമ്പോൾ വേറൊരു കട്ടൗട്ട് വാഹനം ലോറിയിൽ കണ്ണൂരിൽ എത്തുന്നു. അങ്ങനെ പത്രസമ്മേളനം നടത്തി നടത്തി അവസാനം തിരുവനന്തപുരത്തെത്തി. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയെ മറിച്ചിടുമെന്ന് പറഞ്ഞുകൊണ്ട് ശ്രീ. കെ.എം. മാണി കാസർഗോഡ് നിന്നും തുടങ്ങി പര്യടനം തിരുവനന്തപുരത്ത് എത്തിയിട്ടും ഒന്നും നടക്കാത്തതുകൊണ്ടാണ് ഇന്നലെ അദ്ദേഹം അങ്കമാലി സംഭവത്തിന്റെ പേരിൽ ബഹളം വച്ചത്. ശ്രീ. കെ.എം. മാണിയും ശ്രീ. ടി.എം. ജേക്കബും തമ്മിൽ മത്സരമായിരുന്നില്ലേ? എന്തൊരു മത്സരമായിരുന്നു; ആരാണ് ബൈബിളിന്റെ വക്താവ് എന്ന് പറഞ്ഞുകൊണ്ട്, ബൈബിളിന്റെ പേരിലാണ് ഓരോരുത്തരും പ്രസംഗിക്കുന്നത്! എന്തൊക്കെ പ്രസംഗിച്ചാലും സർക്കാർ വീഴുന്നില്ല. അവർ പരിശ്രമിക്കുന്നത് വെറുതെയായിക്കൊണ്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്ത്യ കടുത്ത സാമ്പത്തിക മാന്ദ്യം നേരിടുന്ന അവസരത്തിലും മികച്ച ധനകാര്യ മാനേജുമെന്റിലൂടെയും കർശനമായ കടുത്ത സാമ്പത്തിക അച്ചടക്കത്തിലൂടെ കേരളത്തിലെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞത് അഭിമാനാർഹമായ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇന്നുവരെ ട്രഷറി പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടില്ല. ഇതിന് കാരണം തികഞ്ഞ അച്ചടക്കബോധവും മികച്ച ധനകാര്യ മാനേജുമെന്റുമാണ്. മുൻ ഗവൺമെന്റ് കൊടുക്കാനുള്ള ആയിരത്തിലധികം കോടി രൂപ കൊടുക്കേണ്ട ബാദ്ധ്യത വന്നത്. ശ്രീ. ടി. ശിവദാസമേനോന്റെ തലയിലായിരുന്നു. അതും ഇപ്പോൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. മുൻ ഗവൺമെന്റ് കൊടുക്കേണ്ടിയിരുന്ന പണം കൊടുത്തിട്ടും ഇപ്പോഴും ട്രഷറി പൂട്ടാതെ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്ഥിരമായ മോണിറ്ററിംഗ് സംവിധാനമുണ്ടാകണം; നികുതി കർശനമായി പിരിക്കാൻ നടപടിയുണ്ടാകണം. എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ പറയുവാനുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാഹനങ്ങൾക്ക്, ലോറിയുൾപ്പെടെയുള്ള വാഹനങ്ങൾക്ക്, സംസ്ഥാന ഗവൺമെന്റ് ചെറിയ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. റോഡ് മുഴുവൻ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഗുഡ്സ് വാഹനങ്ങളാണ്. അവയ്ക്ക് കൃത്യമായ നല്ല ടാക്സ് ചുമത്തണം. മര്യാദ ടാക്സ് വാങ്ങാൻ കഴിയണം. ജനകീയാസൂത്രണത്തിനുവേണ്ടി ഗവൺമെന്റ് പഞ്ചായത്തുകൾക്ക് പണം കൊടുക്കുന്നുണ്ട്. എന്നാൽ പല പഞ്ചായത്തുകളിലും ഇഷ്ടംപോലെ പണമുള്ളതുകൊണ്ട് പഞ്ചായത്ത് ടാക്സ് പിരിക്കാൻ തയ്യാറാകുന്നില്ല. വളരെ ബോധപൂർവ്വമായി ഗവൺമെന്റ് ശ്രമിച്ചാൽ, പഞ്ചായത്തുകളുടെ നികുതി പിരിവ് ശക്തമാക്കിയാൽ ആ ഇനത്തിൽ കുറച്ച് പണം കിട്ടും. അങ്ങനെ കാലോചിതമായി നടപടിക്രമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ഈ പണം സ്വരൂപിക്കാൻ കഴിയണം. എക്സൈസിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എന്റെ മണ്ഡലത്തിലെ ഒരു പ്രദേശത്ത് സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. കള്ളും ഇല്ല ചാരായവുമില്ല. പക്ഷെ ആ പ്രദേശത്ത് വ്യാപകമായ രീതിയിൽ വ്യാജച്ചാരായമുണ്ട്. മദ്യനിരോധനം നടപ്പിലാക്കുന്നതുവഴി കഞ്ചാവ് ഉൾപ്പെടെയുള്ള വിദേശ മദ്യ-മയക്കുമരുന്നിന്റെ ലോബിയുടെ കൈയിൽ കേരളത്തിലെ പല പ്രദേശങ്ങളും അകപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ അട്ടപ്പാടിയുൾപ്പെടെയുള്ള പ്രദേശങ്ങളുണ്ട്. അതുകൊണ്ട് വ്യാജമദ്യത്തിനെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇൻഡ്യാ ഗവൺമെന്റ് അനുവർത്തിച്ചുപോരുന്ന സാമ്പത്തിക നയങ്ങളാണ് ഈ പ്രതിസന്ധിക്ക് കാരണമെന്തെന്ന് ബഹുമാന്യനായ ജോസ്

LIBRARY ARCHIVES Kerala Legislative Assembly

ബേബി പറയുകയുണ്ടായി. ഇൻഡ്യാ ഗവൺമെന്റ് അനുവർത്തിക്കുന്ന സാമ്പത്തിക നയവും എക്സൈസ് വരുമാനത്തിലെ കുറവും തമ്മിൽ എന്ത് ബന്ധമാണുള്ളത്? സ്റ്റാമ്പ് ഡ്യൂട്ടിയിൽ കളക്ഷൻ കുറഞ്ഞുപോയെങ്കിൽ, ഇവിടെത്തെ സെയിൽസ് ടാകസ് വരുമാനം കുറഞ്ഞാൽ ഈ സാമ്പത്തികനയവുമായി ബന്ധമുണ്ടോ? കേരളത്തെ സംബന്ധിച്ചിടത്തോളം കേരള്ത്തിന്റെ സാമ്പത്തിക പ്രതിസന്ധി, വരുത്തിവയ്ക്കപ്പെട്ട ഒരു പ്രതിസന്ധിയാണ്. സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണം നികുതി വരുമാനങ്ങൾ പരിരക്ഷിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ, റവന്യൂ വരുമാനത്തിന്റെ കുറവിനെ സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രി വാസ്തവത്തിൽ പല കാര്യങ്ങളും മറച്ചുവയ്ക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് റവന്യൂ വരുമാനം 8677 കോടി രൂപയായിരിക്കും എന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ എന്റെ ഇപ്പോഴത്തെ വിലയിരുത്തൽ പ്രകാരം 8174.62 കോടി രൂപ മാത്രമേ സമാഹരിക്കാനാവൂ എന്നാണ്. പക്ഷേ ചിത്രം അതല്ല. റവന്യൂ വരുമാനം കണക്കാക്കിയപ്പോൾ 737 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ തന്നെ ഏതാണ്ട് 250 കോടി രൂപയോളം വരുമാനച്ചോർച്ച കൂട്ടിയാണ് അവതരിപ്പിച്ചത്. ഞാൻ രണ്ടു ഡോക്യുമെന്റുകൾ മാത്രമേ റെഫർ ചെയ്യുന്നുള്ളൂ. ' ഭദ്രം വികസനോൻമുഖം' ധനകാര്യം പബ്ലിക് റിലേഷൻസ്-കേരള സർക്കാർ പുറപ്പെടുവിച്ച ആ ധനകാര്യത്തിനകത്ത് പറഞ്ഞിരിക്കുന്നത് വിൽപന നികുതിയെ സംബന്ധിച്ചിടത്തോളം 97-98 ലെ ടാർജറ്റ് 3276 കോടി രൂപ. പിരിഞ്ഞു കിട്ടിയത് 3107 കോടി രൂപ. അപ്പോൾ 97-98-ൽ 169 കോടി രൂപ കുറഞ്ഞു. 1998-99-ൽ ടാർജറ്റ് 3828 കോടി രൂപ. അവിടെ 3385 കോടി മാത്രമേ പിരിഞ്ഞു കിട്ടിയിട്ടുള്ളൂ. 443 കോടി രൂപ സെയിൽസ് ടാക്സ് വരുമാനത്തിൽതന്നെ കുറയുകയാണുണ്ടായത്. അതുപോലെ തന്നെ കാർഷികാദായ നികുതി 26 കോടി രൂപ. ഞാൻ അതിനെപ്പറ്റിയൊന്നും പ്രതിപാദിക്കുന്നില്ല. സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ ഇനത്തിലും 450 കോടി രൂപ ടാർജറ്റ് ചെയ്തിരുന്നിടത്ത് 295 കോടി രൂപയാണ് പിരിഞ്ഞു കിട്ടിയത്. പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ഈ പ്രമാണത്തിൽ പറയുന്നത് 155 കോടി രൂപയുടെ കുറവുണ്ടായി എന്നാണ്. അതുപോലെ തന്നെ സ്റ്റേറ്റ് എക്സൈസിനെ സംബന്ധിച്ചിടത്തോളം ഡീറ്റെൽഡ് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 614 കോടി രൂപ വിഭാവന ചെയ്തു. പിരിഞ്ഞുകിട്ടിയത് 550 കോടി രൂപയാണ്. 64 കോടി രൂപയുടെ കുറവുണ്ടായി. അതുപോലെതന്നെ വാഹന നികുതികൾ. 425 കോടി രൂപ പ്രതീക്ഷിച്ചു. 350 കോടി രൂപ മാത്രമാണ് പിരിഞ്ഞു കിട്ടിയത് 75 കോടി രൂപ കുറഞ്ഞു. എല്ലാംകൂടി കണക്കാക്കുമ്പോൾ 737 കോടി രൂപയുടെ കുറവ് റവന്യൂ വരുമാനത്തിൽ ഉണ്ടായി എന്നുള്ളത് വാസ്തവത്തിൽ ഒരു കുറവാണ്, കഴിഞ്ഞ വർഷം 1380 കോടി രൂപയുടെ കമ്മിയോടുകൂടിയായിരിക്കും അവസാനിക്കുക എന്ന് പറഞ്ഞിട്ട് 142 കോടിയായി മന്ത്രി അതിനെ ചിത്രീകരിച്ചു. അതിവിടെ നിയമസഭയിൽ അവതരിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. ഇവിടത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പിന്നിൽ പ്രധാനമായും നികുതി വരുമാനത്തിന്റെ ചോർച്ചയാണ്. ഗ്രോത്ത് റേറ്റിനെ സംബന്ധിച്ചിടത്തോളം സെയിൽസ് ടാക്സ് കഴിഞ്ഞ വർഷത്തേക്കാളും വളരെ പുറകിലോട്ട് പോയിരിക്കുന്നു. 1997-98-ൽ 3341 കോടി രൂപയായിരുന്നു സെയിൽസ് ടാക്സ് വരുമാനം. 1998-99-ൽ അത് 3510 കോടി രൂപ എന്ന് പറയുമ്പോൾ മാർജിനലായിട്ടുള്ള ഒരു ചെറിയ ഇൻക്രീസ് മാത്രമേയുള്ളൂ. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രമാത്രം കുറഞ്ഞ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗ്രോത്ത് റേറ്റ് സെയിൽസ് ടാക്സിൽ ഉണ്ടായിട്ടില്ല എന്നുള്ളത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ഇതിന്റെ കാരണമെന്താണ്? നമ്മുടെ സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിനെ സംബന്ധിച്ചിടത്തോളം കാര്യമായി ഉണ്ടാക്കാൻ കഴിയുമായിരുന്ന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നതാണ്. അത് തടഞ്ഞുപോയി എന്നുള്ളതാണ്. റബ്ബറിന്റെ വിലയിടിവുകൊണ്ട് സെയിൽസ് ടാക്സ് വരുമാനം കുറയാം. നിങ്ങൾ ഈ സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാനച്ചോർച്ച മുൻകൂട്ടി കണ്ടിരുന്നുവെങ്കിൽ, ഇവിടുത്തെ റബ്ബറിന്റെ വിലക്കുറവ് തടയുന്നതിനുവേണ്ടി നിങ്ങൾ പ്രവർത്തിക്കേണ്ടിരുന്നു; market -ൽ intervene ചെയ്യേണ്ടിയിരുന്നു. നിങ്ങൾക്ക് ശക്തമായി, ഫലപ്രദമായി, market intervention - നടത്താൻ കഴിയാതെ പോയതിന്റെ ഫലമായി റബ്ബറിന്റെ വിലയിടിഞ്ഞു എന്നുണ്ടെങ്കിൽ അതിന് കാരണക്കാർ നിങ്ങൾ തന്നെയാണ്. വാസ്തവത്തിൽ നിങ്ങൾ ചെയ്യേണ്ട കാര്യം ചെയ്തില്ല. Sufficient Quantity നിങ്ങൾ procure ചെയ്തില്ല resonable price നിങ്ങൾ procure ചെയ്തില്ല. അതെല്ലാം നിങ്ങൾ തന്നെ ഉണ്ടാക്കി വച്ച വിനയാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. Comptroller and Auditor General - ന്റെ റിപ്പോർട്ടിൽ ഇവിടത്തെ അസസ്മെന്റിന്റെ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. 1997-98-ൽ 122742 അസസ്മെന്റുകൾ കുടിശ്ശികയാണ്. ഡിമാന്റ് ക്രിയേറ്റ് ചെയ്തുവെങ്കിൽ മാത്രമേ സെയിൽ ടാക്സിൽ വരുമാനമുണ്ടാകൂ. ഓരോ കേസിനെ സംബന്ധിച്ചിടത്തോളവും ഓരോ വർഷവും പുതിയ പുതിയ ഡിമാന്റുകൾ മീറ്റ് ചെയ്യണം. അതിന് നോട്ടീസ് അയയ്ക്കണം. അസസ്മെന്റ് പൂർത്തിയാക്കണം. എങ്കിൽ മാത്രമേ ഇവിടത്തെ സെയിൽസ് ടാക്സിൽ-വർദ്ധന ഉണ്ടാകുകയുള്ളൂ. വരുമാന കറണ്ട് ഇയറിലെ സംബന്ധിച്ചിടത്തോളം 80,108 കേസുകളാണ് എന്നു പറയുമ്പോൾ വാസ്തവത്തിൽ കറണ്ട് ഇയറിലെ കുടിശ്ശിക നികുതി വരുമാനത്തെ നന്നായി ബാധിക്കുമെന്ന് ഞാൻ പ്രത്യേകിച്ച് ഓർമ്മിപ്പിക്കുന്നു. അതുപോലെതന്നെ ഇത് മുൻ കൊല്ലത്തേക്കാൾ വളരെ കൂടുതലാണ്. കളക്ഷനെ സംബന്ധിച്ചിടത്തോളം അത് വളരെ poor ആയിപ്പോയി. കുടിശ്ശിക പിരിക്കുവാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. 1,014 കോടി രൂപ സെയിൽസ് ടാക്സ് കുടിശ്ശിക ഉണ്ട്. എല്ലാം ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുള്ളതല്ല. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ. 1998-99-ൽ തന്നെ കണ്ട് റവന്യൂവിൽ 25 കോടി രൂപ നിങ്ങൾ പിരിച്ചെടുക്കാൻ ശ്രമിച്ചില്ല. ഡി.സി.ബി. സ്റ്റേറ്റ്മെന്റിലേക്ക് കടക്കുയാണെങ്കിൽ 1998-99-ൽ മാത്രം കോടതി സ്റ്റേ ചെയ്തത് 68 കോടി രൂപയാണ്. ഗവൺമെന്റിന് 51 കോടി രൂപയുടെ സ്റ്റേ നികുതി ഉണ്ടെങ്കിൽ തീർച്ചയായിട്ടും വളരെ കൂടുതലായിപ്പോയി. ഗവൺമെന്റ് ഇതുപോലെ സ്റ്റേ കൊടുക്കുകയും പിരിഞ്ഞു കിട്ടേണ്ടത് പിരിക്കാതിരിക്കുകയും കുടിശ്ശിക മുഴുവനും പിരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു അലംഭാവ നയം ഇക്കാര്യത്തിൽ സ്വീകരിച്ചത് തെറ്റായ ഒരു കാര്യമാണ്. വളരെയധികം കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്. അത് പിരിച്ചെടുക്കാൻ നോക്കുന്നില്ല. കറണ്ട് ഇയറിലെ ഡിമാന്റ് create ചെയ്യുന്നില്ല. അതുകൊണ്ട് വരുമാനം നഷ്ടപ്പെടുന്നു. വാസ്തവത്തിൽ ഏറെ സ്റ്റേ ഈ ഗവൺമെന്റ് കൊടുക്കുന്നു. ഇതൊക്കെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. നികുതി പിരിവിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു പ്രത്യേക ബെഞ്ച് സ്ഥാപിക്കുമെന്ന് പറഞ്ഞു. ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് വളരെ നല്ല കാര്യമാണ്. ഈ നികുതിയെ സംബന്ധിച്ചിടത്തോളം ഇക്കണോമിക് പോളിസിയെന്നു പറഞ്ഞാൽ ശ്രീ. ജി. കാർത്തികേയൻ പറഞ്ഞതുപോലെ തെങ്ങിൽ കെട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

പശുവിനെപ്പറ്റി സംസാരിപ്പിപ്പോൾ തെങ്ങിനെപ്പറ്റി പ്രസംഗിച്ച് അവസാനിപ്പിക്കുകയെന്നുള്ളതല്ലാതെ.... എല്ലാം ഒറ്റക്കു കാര്യമേയുള്ളു. നികുതി പിരിവ്. റബ്ബറിന്റെ വിലക്കുറവ് എന്നുള്ളത് മാത്രമല്ല, ഗവൺമെന്റിന്റെ കെടുകാര്യസ്ഥതകൊണ്ട് നികുതി വരുമാനത്തിൽ കുറവ് വരുന്നു. എക്സൈസ് വരുമാനം കുറഞ്ഞുവെങ്കിൽ എക്സൈസ് ലോബിയുമായിട്ടുള്ള ഈ ഗവൺമെന്റിന്റെ അവിശുദ്ധമായ ബന്ധംകൊണ്ട് ഇവിടത്തെ ലിക്കർ ലോബി കൊടുക്കേണ്ടതായിട്ടുള്ള തുക നിങ്ങൾക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ആരാണ് ഇതിന് സമാധാനം പറയേണ്ടത്? ഇക്കോണമിക് പോളിസിയല്ല; നിങ്ങളും ലിക്കർ ലോബിയുമായുള്ള അവിശുദ്ധമായ ബന്ധം കാരണമാണ് ഇവിടത്തെ റവന്യൂ വരുമാനം കുറഞ്ഞതെങ്കിൽ അവർക്ക് സഹായകമായിട്ടുള്ള ഒരു നിലപാട് നിങ്ങൾ എടുത്തുവെന്നുള്ളതാണ് അതിൽനിന്ന് വെളിവാകുന്നത്. ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മീഷൻ നമ്മുടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ടുകൾ കൊടുത്തിട്ടുണ്ട്. അത് ഗവൺമെന്റ് നടപ്പിലാക്കാം എന്ന് പറയുകയുണ്ടായി. എത്രയുംവേഗം അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമെങ്കിൽ ഈ രംഗത്ത് കുറേയൊക്കെ മാറ്റങ്ങൾ വരുത്താൻ കഴിയും. ഗവൺമെന്റിന്റെ ഈ അലംഭാവ നയം മാറ്റി നികുതി വരുമാനം പിരിക്കാൻ തയ്യാറാകണം. നമ്മുടെ സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് ഉല്പാദനത്തിന്റെ വർദ്ധനവിൽ ഗവൺമെന്റ് ശ്രദ്ധ പതിക്കണം. എങ്കിൽ മാത്രമേ നമുക്ക് ഇവിടെ നികുതി വരുമാനം ഉണ്ടാകുകയുള്ളു. ഇൻഡ്യയിൽ വിവിധ ഇൻകം ഗ്രൂപ്പുകളിൽപ്പെട്ട സംസ്ഥാനങ്ങളെ വച്ച് നോക്കുമ്പോൾ ഏറ്റവും പിന്നിൽ നിൽക്കുന്നത് കേരളമാണ്. സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ കാര്യത്തിൽ കേരളമാണ് ഏറ്റവും പിന്നിൽ. ആന്ധ്രാ, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളേക്കാൾ ഏറ്റവും പിന്നോക്കം പോയത് കേരളമാണ് അതുകൊണ്ട് ഗവൺമെന്റ് ഇവിടത്തെ ഉല്പാദന വർദ്ധനവിനുവേണ്ടി ശ്രമിക്കണം. ഇവിടെ കൂടുതലായി കാർഷിക വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെൻറ് ശ്രദ്ധ പതിക്കുന്നുണ്ടെങ്കിൽ, നികുതി ചോർച്ച തടയുന്നുവെങ്കിൽ തീർച്ചയായും നമ്മുടെ വരുമാനങ്ങൾ പരിരക്ഷിക്കാൻ കഴിയും അതിന് ഗവൺമെൻറ് തയ്യാറാകണം എന്നു മാത്രം പറഞ്ഞുകൊണ്ട്. ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു.

[12 Noon] ശ്രീ. ടി.എസ്. ജോൺ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പ്രതിപക്ഷത്തുനിന്ന് പല അംഗങ്ങളും പ്രസംഗിച്ചു. മിസ്മാനേജ്മെന്റിന്റെ ഫലമായി എക്സൈസ് വരുമാനം കുറഞ്ഞു എന്ന് ബഹുമാനപ്പെട്ട ശ്രീ. കെ.എം. മാണി പറഞ്ഞു. പക്ഷേ ഇന്നത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശരിയായ ഒരു അവലോകനം നടത്തുന്നതിന് പ്രതിപക്ഷങ്ങൾക്ക് കഴിഞ്ഞില്ല എന്നുള്ളതാണ് എന്റെ വിശ്വാസം. എക്സൈസ് വരുമാനത്തിൽ കാര്യമായ വർദ്ധനവാണ് ഉണ്ടായത്, ശ്രീ. കെ.എം. മാണി പറഞ്ഞതുപോലെയല്ല. എക്സൈസ് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായി, സെയിൽസ് ടാക്സിൽ 9 ശതമാനം വർദ്ധനവുണ്ടായി. യഥാർത്ഥത്തിൽ ഇന്നത്തെ സാഹചര്യങ്ങൾ നമ്മൾ കണക്കിലെടുക്കുമ്പോൾ സാമ്പത്തിക രംഗത്ത് ഒരു മരവിപ്പ് ഭാരതം ഒട്ടാകെ ഉണ്ടായിട്ടുണ്ട്. ഈ മരവിപ്പുമൂലം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിൽപ്പന കുറഞ്ഞു. വിൽപ്പന കുറഞ്ഞാൽ എന്താണ് സ്ഥിതി? വിൽപ്പന നികുതിയിലും കുറവുണ്ടാകും. അതുകൊണ്ട് ടാർജറ്റ് കംപ്ലീറ്റ് ആയി അച്ചീവ് ചെയ്യാൻ കഴിഞ്ഞില്ല. ജനങ്ങളുടെ കൈയിൽ പൈസ കുറവായതിന്റെ പേരിൽ അവർ വാങ്ങുന്നില്ല. വിൽപ്പന കുറവിന്റെ ഫലമായി വിൽപ്പന നികുതിയും കുറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ടും ഒൻപത് ശതമാനത്തോളം വിൽപ്പന നികുതിയിൽ വർദ്ധനവുണ്ടായി. 1998-99-ൽ ടാർജറ്റ് 3828 കോടി രൂയാണ്. പക്ഷെ 3385 കോടി രൂപയേ നമുക്ക് സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളു. ടാർജറ്റ് കൂടതലാണ് നമ്മുടെ സാമ്പത്തിക മാന്ദ്യമാണ് അതിന് കാരണമെന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ വില ഇടിഞ്ഞു. അതിന്റെ കാരണം ഈ ഗവൺമെന്റിന്റെ കുഴപ്പം അല്ലല്ലോ. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നയംമൂലമുണ്ടായ കുഴപ്പം ഈ രാജ്യത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ വില ഇടിയുന്നതിന് ഇടയാക്കി എന്നിട്ടും കാർഷികാദായ നികുതിയിൽ ടാർജറ്റ് കൊടുത്തു. 1998-99-ൽ ഗവൺമെന്റ് കൊടുത്ത ടാർജറ്റ് 27 കോടി രൂപയാണെങ്കിൽ 25 1/2 കോടി രൂപ ശേഖരിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നല്ല സാമ്പത്തിക മാനേജ്മെന്റാണിത്. ഇപ്പോൾ നമുക്കറിയാം വസ്തുവിന് വില ഇടിഞ്ഞിരിക്കുന്നു, ട്രാൻസാക്ഷൻ നടക്കുന്നില്ല. ട്രാൻസാക്ഷൻ നടക്കാതെ വരുമ്പോൾ സ്റ്റാമ്പ് ഡൂട്ടി ഇനത്തിൽ നമുക്കു പിരിഞ്ഞുകിട്ടുന്ന തുകയിൽ കുറവുണ്ടാകും. അതുകൊണ്ട് 450 കോടി രൂപയുടെ ടാർജറ്റ് 295 കോടി രൂപയായി. അല്ലാതെ മറ്റൊന്നും അല്ല, ആധാരങ്ങൾ നടക്കാത്തത് ഗവൺമെന്റിന്റെ കുഴപ്പംകൊണ്ടാണോ? ഈ ഗവൺമെന്റിന് സാമ്പത്തികനില പിടിച്ചുനിർത്താൻ കഴിഞ്ഞു. 640 കോടി രൂപ നികുതി കുടിശ്ശികയുണ്ട് അതിൽ കോടതികൾ സ്റ്റേ ചെയ്തപ്പോൾപോലും ഗവൺമെന്റ് സ്റ്റേ കൊടുത്തിട്ടില്ല. കോടതി 52 കോടി രൂപയ്ക്ക് സ്റ്റേ കൊടുത്തു എങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ പറഞ്ഞത് അതിൽ കുറച്ചു മാത്രമേ ഗവൺമെന്റ് സ്റ്റേ കൊടുത്തിട്ടുള്ളു എന്നാണ്. അതുപോലെ തന്നെ അത് പിരിച്ചെടുക്കുവാൻ കോടതികളിലൂടെയും, സെപ്പറേറ്റ് ട്രിബ്യൂണൽ ഉണ്ടാക്കിയും ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റുമൂലം കേരളത്തിൽ ഉണ്ടായേക്കാവുന്ന സാമ്പത്തിക തകർച്ച ഒഴിവാക്കുവാനും ഖജനാവിൽ ഉണ്ടായിട്ടുള്ള ചോർച്ച അവസാനിപ്പിക്കുവാനും ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതാണ് സത്യം. ഈ സത്യം മറച്ചു വക്കാൻ ഗവണ്മന്റ് ശ്രമിക്കുന്നു. ഭാരതത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക തകർച്ചയുടെ ഭാഗമായി കേരളത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തികതകർച്ച ഒരു പരിധിവരെ പിടിച്ചു നിർത്താൻ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ ഗവൺമെന്റിനു കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യത്തോടെ ഞാൻ ഓർക്കുന്നു. അതുപോലെ നമ്മുടെ മദ്യനയത്തെ സംബന്ധിച്ചിടത്തോളം ഇന്ന് കേരളത്തിൽ ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ആശങ്ക, ധാരാളമായി illicit മദ്യം നമ്മുടെ രാജ്യത്ത് വിതരണം നടത്തപ്പെടുന്നു എന്നും ഉല്പാദിപ്പിക്കപ്പെടുന്നു എന്നുമാണ്. ഇതിനെതിരെ അതിവിദഗ്ദ്ധമായ നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം മദ്യ നിരോധനം സാർവ്വത്രികമായി നടപ്പിലാക്കണം; സമ്പൂർണ്ണ മദ്യ നിരോധനമായിരിക്കണം നമ്മുടെ ലക്ഷ്യം എന്നതാണ് നയം. സ്വാതന്ത്ര്യംകിട്ടി 50 വർഷത്തിനിടയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് 45, 46 വർഷം ഭരിച്ചു. മദ്യനിരോധനം നടപ്പിലാക്കേണ്ടതായിട്ടുണ്ട് എന്ന് ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൽസിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ കോൺഗ്രസ് ഭരിച്ചിരുന്ന കാലഘട്ടത്തിൽ മദ്യ നിരോധനം നടപ്പിലാക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ ശ്രമം നടത്തിയിരുന്നില്ല. 1977 മുതൽ ഭാരതം ഭരിച്ച ശ്രീ. മൊറാർജി ദേശായിയുടെ ഭരണകാലത്താണ് യഥാർത്ഥത്തിൽ മദ്യനിരോധനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ഭരണം ഭാരതത്തിൽ ഉണ്ടായത്. അതും, അദ്ദേഹത്തിന്റെ ഭരണം പൂർത്തിയാക്കാൻ കഴിയാതെ പോയതുകൊണ്ട് പ്രാവർത്തി

LIBRARY ARCHIVES Kerala Legislative Assembly

കമാക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട എ.കെ. ആന്റണി ഭരണത്തിന്റെ അവസാനത്തെ 3 മാസത്തിനുള്ളിൽ ചാരായ നിരോധനം നടത്തിയശേഷം ഇറങ്ങിപ്പോയി. ആത്മാർത്ഥതയോടെ ആയിരുന്നോ ശ്രീ. കാർത്തികേയാ? അല്ലല്ലോ? ആത്മാർത്ഥതയോടെ അല്ലായിരുന്നു അത്. മദ്യ നിരോധനത്തിനുള്ള അറ്റ്മോസ്ഫിയർ ഉണ്ടാക്കാതെ നിരോധനം നടത്തിയിട്ട് എന്താണ് കാര്യം? ഇന്ന് ഈ രാജ്യത്ത് ആവശ്യമായിട്ടുള്ളത് എന്താണ്? വിത്ത് വിതയ്ക്കുന്നതിനു മുമ്പായി നിലം ഉഴുത് ഒരുക്കേണ്ടതായിട്ടുണ്ട്. വിത്ത് വിതയ്ക്കുന്നതിനു മുമ്പേ നിലം ഒരുക്കണം. നമ്മുടെ രാജ്യത്ത് മദ്യ നിരോധനം നടപ്പിലാക്കണമെങ്കിൽ മദ്യ വർജ്ജന പ്രസ്ഥാനം വളർത്തിയെടുക്കണം. അതിനുള്ള ഒരു പരിതസ്ഥിതി ഈ രാജ്യത്ത് ഉണ്ടാകണം, കാർഗിലിൽ ഇന്ത്യൻ പട്ടാളം യുദ്ധം ചെയ്യുമ്പോൾ ഭാരതത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി അവരുടെ പിന്നിൽ നിൽക്കുന്നതു പോലെ മദ്യപാനം എന്നുള്ള വലിയ വിപത്ത് ഒഴിവാക്കാൻ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി, പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച്നിന്ന് ഈ വിപത്തിനെതിരെ പോരാടാൻ ശ്രമിക്കണം. അങ്ങനെ ഒരു അറ്റ്മോസ്ഫിയർ ഈ രാജ്യത്ത് ഉണ്ടാകണം. ആ അറ്റ്മോസ്ഫിയർ ഉണ്ടാക്കിയതിനുശേഷം വേണം മദ്യനിരോധനം നടപ്പിലാക്കുവാൻ. അതിന് പ്രതിപക്ഷങ്ങൾ ശ്രമിച്ചില്ല, ശ്രമിക്കുന്നുമില്ല. മദ്യനിരോധനം നടപ്പിലാക്കണം, അതിനു മുമ്പായി അതിനുള്ള ഒരു സാഹചര്യം, ഒരു അറ്റ്മോസ്ഫിയർ ക്രീയേറ്റ് ചെയ്യണം. അതിന് നമ്മളെല്ലാം പ്രചരണം നടത്തണം. നമുക്ക് എല്ലാവർക്കുംകൂടി മദ്യ വർജ്ജനത്തിനുവേണ്ടി പ്രചരണം നടത്താം. മദ്യം വിഷമാണ് എന്ന് പ്രചരണം നടത്തണം. പ്രചരണ മാധ്യമത്തിലൂടെ പ്രചരണം നടത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട ടി.എസ്. ജോൺ ഇപ്പോഴും കേരള കോൺഗ്രസ്സിൽ തന്നെയാണല്ലോ. അങ്ങ് പറയുന്നു മദ്യ നിരോധനത്തിന്റെ ഒരന്തരീക്ഷം ഉണ്ടെന്ന്. ആ അന്തരീക്ഷം ഉണ്ടാക്കുന്നതിനു വേണ്ടിയിട്ടാണ് ശ്രീ. എ. കെ. ആന്റണി കേരളത്തിൽ മുഖ്യമന്ത്രിയായപ്പോൾ ചാരായനിരോധനം ഏർപ്പെടുത്തിയത്. നിങ്ങളുടെ ഗവൺമെന്റ് വന്നതിനു ശേഷം അതിന്റെ പശ്ചാത്തലം ഉണ്ടായല്ലോ. എന്തുകൊണ്ട് നിങ്ങളുടെ ഗവൺമെന്റ് അക്കാര്യത്തിൽ മുന്നോട്ട് നീങ്ങിയില്ല? അങ്ങ് ആർക്കുവേണ്ടിയാണ് ഈ ഗിരിപ്രഭാഷണം നടത്തുന്നത്?

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ടി. എസ്. ജോൺ</u> : സർ, പശ്ചാത്തലം ഉണ്ടാക്കാതെയാണ് അത് നടപ്പിലാക്കിയത്. ചാരായ നിരോധനം നടപ്പിലാക്കിയത് ആത്മാർത്ഥതയോടുകൂടിയായിരുന്നില്ല. അത് വോട്ടിനുവേണ്ടി മാത്രമായിരുന്നു. ഇതിനുവേണ്ടി ഒരു അറ്റ്മോസ്ഫിയർ ഉണ്ടാക്കണം. അതിന് നിങ്ങൾ എന്തു ചെയ്തു? നിങ്ങൾ ഇതിനെ തകർക്കാൻ ശ്രമിക്കുന്നു. നമ്മുടെ രാജ്യത്തിലെ ഈ വലിയ വിപത്തിനെതിരെ ജനങ്ങളെ ബോധ്യപ്പെടുത്താൻ, കാർഗിലിലെ ഇൻഡ്യൻ ജനതയ്ക്ക് കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി പിന്തുണ നൽകുന്നതുപോലെ മദ്യവർജ്ജനത്തിനുവേണ്ടി, മദ്യം വിഷമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ നാട്ടിൻപുറങ്ങളിൽ പ്രചരണം നടത്തിയതിനുശേഷം മദ്യനിരോധനത്തെക്കുറിച്ചൊക്കെ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി എല്ലാപേരും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ ടി.എം. ജേക്കബ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മദ്യത്തിന്റെ ഗന്ധം നിറഞ്ഞുനിൽക്കുന്ന ഭരണമാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പോലീസിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, കേരളത്തിൽ ഇതുവരെ ഈ ഗവൺമെന്റ് വന്നതിനുശേഷം ആരെയും വെടിവച്ചു കൊന്നിട്ടില്ല എന്ന്. വെടിവച്ചു കൊല്ലുന്നതിനേക്കാൾ ക്രൂരമായ സ്ഥിതിയാണ് ഇന്ന്. സർക്കാർ തന്നിരിക്കുന്ന കണക്കനുസരിച്ച് മദ്യത്തിൽ വിഷം കലർത്തിക്കൊന്നു, മുഖ്യമന്ത്രി അറിഞ്ഞിട്ടുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. നക്ഷത്രചിഹ്നമിടാത്ത 324-ാം നമ്പർ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് ഇരുപത് പേർ മദ്യം കഴിച്ച് മരിച്ചുവെന്നാണ്. ഇതിന്റെ സംഖ്യ ഇതല്ല, ഇതിൽ കൂടുതലുണ്ട്. കരുനാഗപ്പള്ളിയിൽ കവർ ചാരായം നിറയ്ക്കുന്ന അവസരത്തിൽ സ്പിരിറ്റിന് തീപിടിച്ച് രണ്ടുപേർ മരിച്ചു. റിപ്പോർട്ട് ചെയ്തിരിക്കുന്ന കേസാണ്. അല്ലാതെ മദ്യവുമായി ബന്ധപ്പെട്ട് മരണമടഞ്ഞവർ ഉണ്ട്. അപ്പോൾ ഇരുപത് എന്നുള്ള അംഗസംഖ്യയല്ല, എനിക്ക് കിട്ടിയ കണക്കനുസരിച്ച് ഇരുപത്തിയഞ്ചോളം ആളുകൾ മദ്യവുമായി ,ബന്ധപ്പെട്ട് മരിച്ചിരിക്കുന്നു. ഇതിനുപുറമേ കുട്ടനാട്ടിലും കോട്ടയത്തും അടുത്തകാലത്ത് മദ്യദുരന്തവുമായി ബന്ധപ്പെട്ട് ആളുകൾ മരിച്ചു. മദ്യം കഴിച്ച് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട്, ശാരീരികമായി തളർന്ന് ചലനശേഷി അറ്റുകിടക്കുന്ന എത്രയോ ചെറുപ്പക്കാർ, എത്രയോ പ്രായമുള്ളവർ ഇന്ന് കേരളത്തിലുണ്ട്. ഈ രാജ്യത്ത് മദ്യം ഒഴുകുന്നു. വ്യാജ മദ്യം വ്യാപകമാണെന്ന് ശ്രീ. ടി.എസ്. ജോൺ പറഞ്ഞു. ഈ നിലയിലുള്ള ഒരു സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാക്കിയെടുക്കാൻ നിങ്ങളെക്കൊണ്ടു സാധിക്കുമോ? ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കട്ടെ. കഴിഞ്ഞ 25-ാം തീയതി രാത്രി 11 മണിക്ക് ഏഷ്യാനെറ്റിലെ ന്യൂസ് അങ്ങ് കണ്ടോ എന്ന് എനിക്കറിയില്ല. ശനിയാഴ്ചത്തെ മാതൃഭൂമി പത്രത്തിൽ ആ വാർത്ത വന്നിട്ടുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത്, കാസർഗോഡ് നെല്ലിക്കുന്ന് കടപ്പുറത്ത് സ്ത്രീകൾ നടത്തിയ ഒരു റെയ്ഡിനെക്കുറിച്ചാണ്. വിഷ്വൽസാണ്, മാതൃഭൂമി പത്രത്തിൽ ചാരായ റെയിഡിനിറങ്ങിയ സ്ത്രീകളെ മർദ്ദിച്ചു. ആരാണ്? ഗുണ്ടകൾ. വലിയ ഹെഡ്ലിങ്ങോടുകൂടിയാണ് മാതൃഭൂമി ഈ കഴിഞ്ഞ ശനിയാഴ്ച ആ വാർത്ത റിപ്പോർട്ട് ചെയ്തത്. അവിടെ എന്തുകൊണ്ടാണ് സ്ത്രീകൾ റെയ്ഡിന് പോയത്? എക്സൈസ്കാരോടും പോലീസിനോടും പറഞ്ഞിട്ട് നടപടിയില്ല, അതുകൊണ്ടാണ് സ്ത്രീകൾ റെയ്ഡിന് പോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് കേൾക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. രണ്ടു ഡിപ്പാർട്ടുമെന്റിലും പറഞ്ഞിട്ട് യാതൊരു നടപടിയും എടുത്തില്ല. ആ സന്ദർഭത്തിലാണ് സ്ത്രീകൾ റെയ്ഡിന് പോയത്. ഞാൻ ഏഷ്യാനെറ്റിൽ കണ്ടതാണ്. റെയ്ഡിന് പോയിട്ട് കന്നാസും പിടിച്ചാണ് സ്ത്രീകൾ വരുന്നത്. റെയ്ഡ് കഴിഞ്ഞ് ആ സ്ത്രീകൾ ഏഷ്യാനെറ്റിനോട് മാറത്തടിച്ചുകൊണ്ട് സംസാരിക്കുകയാണ്. പതിനഞ്ച് വയസ്സായ എന്റെ കുഞ്ഞ് ഇന്ന് ഈ ലോബിയിൽപ്പെട്ടു കിടക്കുന്നു, ഞങ്ങളുടെ കുഞ്ഞുങ്ങളെ ഓർത്തിട്ടാണ് ഞങ്ങൾ വിലപിക്കുന്നത് എന്നാണ് അവർ പറയുന്നത്. ഏഷ്യാനെറ്റിൽക്കൂടി മന്ത്രി അത് കണ്ടില്ലായെങ്കിൽ ആ കാസറ്റ് എടുത്തു കാണണം. ഗ്യാലറിയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ഉണ്ട്. ഇത് കണ്ടില്ലായെങ്കിൽ അവർ ഇത് കാണണം. കേരളത്തിലെ അലമുറയിട്ടു കരയുന്ന അമ്മമാരുടെ പ്രതീകങ്ങളായാണ് ഏഷ്യാനെറ്റ് മലയാളികളായ , ആ സ്ത്രീകളെ ലോകത്തിന് മുഴുവൻ കാണിച്ചുകൊടുത്തത്. അല്ലെങ്കിൽ ഭാരതത്തിന് കാണി

ച്ചുകൊടുത്തത്. വിദേശത്തുനിന്നും ആളുകൾ ഇത് കാണുന്നുണ്ടല്ലോ. മാതൃഭൂമി റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ചാരായംമൂലം പൊറുതിമുട്ടിയപ്പോൾ അടുക്കള വിട്ട് കൂട്ടംകൂട്ടമായി ചാരായ റെയ്ഡിന് ഇറങ്ങിയ സ്ത്രീകളെ ചാരായ വിൽപ്പനക്കാർ മർദ്ദിച്ചു, വ്യാഴാഴ്ച കാസർഗോഡ് നെല്ലിക്കുന്ന് കടപ്പുറത്താണ് സംഭവം. പരിക്കേറ്റ ആറ് സ്ത്രീകൾ താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിൽ കൂടുതൽ ലജ്ജാകരമായ സ്ഥിതിവിശേഷം നമ്മുടെ രാജ്യത്ത് ഉണ്ടാകുമോ? ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഇതിനെക്കുറിച്ച് അന്വേഷിക്കുമോ? നടപടിയെടുക്കുമോ? ഉദ്യോഗസ്ഥൻമാർ എന്തു നടപടി സ്വീകരിച്ചു എന്നതിനെക്കുറിച്ച്, ഗവണ്മെന്റ് എന്ത് നടപടി എടുത്തു എന്നതിനെക്കുറിച്ച് അറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. കഴിഞ്ഞ മെയ് മാസത്തിലെ പത്രങ്ങളിൽ തൃശ്ശൂർ എഡിഷനിൽ വന്ന വാർത്ത ചുരുക്കമായിട്ട് പറയാം. എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ഒരു പത്രസമ്മേളനത്തെക്കുറിച്ചാണ് അവരുടെ മീറ്റിംങ്ങിൽ മേയ് മാസം 16-ാം തീയതിയിലെ പരിപാടിയിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ പങ്കെടുത്ത് ആ സമ്മേളനം ഉൽഘാടനം ചെയ്തിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ആരോപണമാണ്: "വ്യാജകള്ളും വ്യാജമദ്യവും പിടികൂടുവാൻ എക്സൈസ് ഉദ്യോഗസ്ഥൻമാർ തയ്യാറാകാത്തത് രാഷ്ട്രീയസമ്മർദ്ദംമൂലമാണ് എന്നാണ്. സംസ്ഥാനത്ത് വ്യാജമദ്യം ഒഴുകുകയാണ്" എന്ന് കേരളാ സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ഭാരവാഹികൾ പത്രസമ്മേളനത്തിൽ വ്യക്തമാക്കി. ഇന്നു ലഭിക്കുന്ന മദ്യം പതിവായി ഉപയോഗിക്കുന്നവർ മാറാരോഗികൾ ആകുകയും മരിക്കുകയും ചെയ്യുന്നസ്ഥിതിയാണ്. കള്ളിലും മറ്റ് മദ്യത്തിലും വിഷാംശം ചേർന്ന ലഹരി വസ്തുകൾ ചേർക്കുന്നു. ഇതിനെതിരെ നടപടിയെടുക്കാൻ മുകളിലുള്ളവർ തങ്ങളെ അനുവദിക്കുന്നില്ല. ഈ വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നതാണ്. എന്തു നടപടി സ്വീകരിച്ചു? ഒന്നുകിൽ ഈ പറഞ്ഞത് തെറ്റാണെങ്കിൽ, അത് പറഞ്ഞ സർക്കാർ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കണം. നിങ്ങൾക്ക് നടപടി സ്വീകരിക്കാൻ ഒക്കുകയില്ല. കാരണം ഇത് ശരിയാണ്. മന്ത്രി ഉൽഘാടനം ചെയ്ത ഉത്തരവാദപ്പെട്ട ഒരു സംഘടനയുടെ സമ്മേളനവുമായി ബന്ധപ്പെട്ട് നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞിരിക്കുന്ന വാർത്തയാണിത്. നിങ്ങൾക്ക് ഇത് നിഷേധിക്കാൻ സാധിക്കുമോ? ഇപ്പോൾ എന്താണ് കേരളത്തിലെ സ്ഥിതി? കേരളത്തിലെ മദ്യരാജാക്കൻമാർ ആണ് ഈ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. അവർ എക്സൈസ് ഡിപ്പാർട്ട്മെന്റിലും പോലീസ് ഡിപ്പാർട്ടുമെന്റിലുമുള്ള ഉദ്യോഗസ്ഥൻമാർക്ക് മാസപ്പടി കൊടുത്തുകൊണ്ട് പോകുന്നു. നിഷേധിക്കാൻ കഴിയുമോ? കേരളത്തിൽ ഇന്ന് ചാരായം ഒഴുകുകയാണ്. 1996 ഏപ്രിൽ ഒന്ന് മുതൽ ചാരായം നിരോധിച്ചില്ലേ? കേരളത്തിൽ ചാരായം ഒഴുകുന്നു. കേരളത്തിൽ ഒരു പറ്റം ചെറുപ്പക്കാർ ചാരായവിൽപ്പനക്കാരായി മാറിയിരിക്കുന്നു. നല്ല പാന്റ്സും ഷർട്ടും ധരിച്ച് മോട്ടാർ സൈക്കിളിലും ബൈക്കിലും സഞ്ചരിച്ച് ഓരോ പ്രദേശത്തും അവർ കവർ ചാരായം വിൽക്കുകയാണ്. തിരുവനന്തപുരം സിറ്റിയിൽ പത്തു രൂപ മുതൽ പതിനാലു രൂപ വരെ കൊടുത്താൽ 100 മില്ലി ലിറ്റർ കവർ ചാരായം കിട്ടും. മന്ത്രിക്ക് എന്നോടൊപ്പം വരാമോ? നമ്മൾ ഈ വേഷത്തിൽ പോയാൽ കിട്ടുകയില്ല. നമുക്ക് പോയി വാങ്ങാം, കുടിക്കാനല്ല, ഒന്നു പരീക്ഷിക്കാൻ, സാധനം കിട്ടുന്നുണ്ടോ എന്ന് അറിയാൻ, ശ്രീ. ബാലൻ പ്രസംഗിക്കുന്നുണ്ടെന്ന് പറഞ്ഞു, ഇതിന് അങ്ങ് മറുപടി പറയുമല്ലോ? നമ്മുടെ നാടകത്തിന്റെ വേഷമിരിപ്പുണ്ട്. ആ വേഷമെടുത്തു കെട്ടാം. ശ്രീ. ജോസ് ബേബി

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഇരിപ്പുണ്ട്, അതാണെങ്കിൽ ആരും അറിയുകയുമില്ല. ഇവിടെ കള്ളിന് വെളുത്ത നിറമാണല്ലോ, വെളുത്ത നിറത്തിൽ കൊടുക്കുന്ന കെമിക്കല്സല്ലേ ഇന്ന് കേരളത്തിലെ കള്ളുഷാപ്പുകളിൽ വിതരണം ചെയ്യുന്നത്? കൊല്ലത്ത് ഡൈസി പാം ക്ലോറൽ ഹൈഡ്രേറ്റ് കൊടുത്ത് കാഴ്ചപോയ ആൾക്കാരില്ലെ? ഉണ്ട്. റിപ്പോർട്ട് ചെയ്തു. കെമിക്കൽ എക്സാമിനേഷനിൽ തെളിഞ്ഞു. അതു പോലെ ഞാൻ ചോദിക്കട്ടെ, ഇവിടത്തെ കള്ളുഷാപ്പുകളിൽ ചാരായം വിൽക്കുന്നില്ലേ? എല്ലാ കള്ളുഷാപ്പുകളിലും ചാരായവിൽപ്പന നടക്കുകയാണ്. ഇവിടെ ചാരായനിരോധനത്തെക്കുറിച്ച് പറഞ്ഞു. ചാരായനിരോധനം ഫലപ്രദമായി യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കി. പക്ഷെ ഗവൺമെന്റ് മാറി. 1996 ഏപ്രിലിൽ ചാരായനിരോധനം തുടങ്ങി മേയ് 20-ാം തീയതി നിങ്ങൾ അധികാരത്തിൽ വന്നു. അതിൽപ്പിന്നെ കേരളത്തിൽ മദ്യം ഒഴുകുകയാണ്. ഓരോ ഭാഗത്തും മദ്യം ഒഴുകുന്നു. നിങ്ങളുടെ പ്രകടന പത്രികയിൽ എന്താണ് പറഞ്ഞിരുന്നത്? എന്റെ കൈയിൽ അതാണ് ഇരിക്കുന്നത്. സമയമില്ലാത്തതുകൊണ്ട് ഞാൻ വായിക്കുന്നില്ല. ചാരായം നിരോധിച്ചാൽ മാത്രം പോരാ. വിദേശമദ്യംകൂടെ നിരോധിക്കണമെന്നാണ് എൽ.ഡി. എഫ് ന്റെ പ്രകടനപത്രികയിൽ പറയുന്നത്. എന്താണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി? കള്ളുഷാപ്പുകളുടെ കാര്യം എടുത്തുനോക്കാം. 27.6.99-ൽ നക്ഷത്രചിഹ്നമിടാത്ത 497-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത് പ്രതിദിനം 6,01,970 ലിറ്റർ കള്ളാണ് ഒരു ദിവസം നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത് എന്നാണ്. 1996-97-ൽ കേരളത്തിലെ 23 റേഞ്ചുകളിലായി 5981 ഷാപ്പുകൾ ലേലത്തിൽപോയത് 51 കോടി രൂപയ്ക്കാണ്. 1997-98-ൽ അത് ലേലത്തിൽ പോയത് 124 കോടി രൂപയ്ക്കാണ്. ഈ വർഷം 124 കോടി രൂപയ്ക്ക് മൂകളിൽ പോയിട്ടുണ്ടെന്നാണ് 23.6.99-ൽ 321 -ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ചെത്തുന്ന തെങ്ങ് എത്രയാണ്? 2,81,630. പന 17,367. ചൂണ്ടപ്പന 16,107. കിട്ടുന്ന കള്ളിന്റെ തോത് പറഞ്ഞിട്ടുണ്ട്. കള്ളിന്റെ അളവിൽ വ്യത്യാസമില്ല. ചെത്തുന്ന പനയുടെയും തെങ്ങിന്റെയും എണ്ണത്തിൽ വലിയ വ്യത്യാസമില്ല. നേരിയ ഡിഫറൻസ് വരാം. ചിലപ്പോൾ കുറയാം. ചിലപ്പോൾ കൂടാം. നിശ്ചിതമായ തെങ്ങും നിശ്ചിതമായ കള്ളുമുള്ളപ്പോൾ ഇവിടെ ഇത്രയും തുകയ്ക്ക് കള്ളുഷാപ്പുകൾ പോയാൽ എവിടെനിന്ന് കള്ളുഷാപ്പു മുതലാളിമാർ പൈസയുണ്ടാക്കും? അവർ സേവനമാണോ നടത്തുന്നത്? അല്ലല്ലോ അവരുടേത് സേവനമല്ല. മനുഷ്യരെ കൊല്ലുന്ന സേവനമാണ് അവർ നടത്തുന്നത്. അതിന് ആരാണ് കൂട്ടുനിൽക്കുന്നത്? കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കള്ള് രണ്ട് റേഞ്ചിലേക്കുപോലും തികയുന്നില്ല. ഇന്നത്തെ മലയാള മനോരമ പത്രത്തിലെ മുഖ പ്രസംഗം നിങ്ങൾ ഒന്ന് വായിച്ചു നോക്കൂ. തൃശ്ശൂരിൽ നടക്കുന്ന സംഭവമാണ് അതിൽ പറയുന്നത്. ഇവിടെ സി.ഐ.ടി.യു.-ക്കാർ മുതലാളിക്കുവേണ്ടി സംസാരിക്കുകയാണ്. സി.ഐ.ടി.യു-ക്കാരായ തൊഴിലാളികൾ കൂലികുറക്കാൻ പറഞ്ഞിരിക്കുകയാണ്. എ.ഐ.ടി.യു.സി അതിനെ അനുകൂലിക്കുന്നില്ല. എ.ഐ.ടി.യു.സി അതിനെതിരാണ്. അവർ തൊഴിലാളിക്കുവേണ്ടി നിൽക്കുന്നു. നിങ്ങൾ മുതലാളിക്കുവേണ്ടി സംസാരിക്കുന്നു. ഇന്നത്തെ മലയാള മനോരമപത്രത്തിലെ മുഖപ്രസംഗത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അത് വായിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ എടുത്തിരിക്കുന്ന കേസുകളെ സംബന്ധിച്ച് മന്ത്രിതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. 8713 ഷാപ്പുടമകൾക്കെതിരെ കേസ് ഉണ്ട് എന്ന് 599 -ാം നമ്പർ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കവർ ചാരായം ഉൾപ്പെയുള്ള കാര്യങ്ങൾ ഉണ്ട്. അതുപോലെ തന്നെ ചാരായം ഒഴിച്ചുക്കൊടുക്കുന്ന കേന്ദ്രങ്ങളുണ്ട്. കേരളത്തിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഒരുപോലെ ഈ ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ കൈയിലിരിക്കുന്നതെല്ലാം പ്രസ്സ് കട്ടിംഗ്സ് ആണ്. മനോരമ, മാതൃഭൂമി, ദീപിക എന്നീ പത്രങ്ങളിലും ഇവിടത്തെ ഇംഗ്ലീഷ് മാധ്യമങ്ങളിലും അടക്കം വന്നിരിക്കുന്ന വാർത്തകളുണ്ട്. മദ്യലോബിയുടെ, മദ്യമാഫിയായുടെ അഴിഞ്ഞാട്ടത്തെക്കുറിച്ച് തുടർച്ചയായി ലേഖകൻമാർ എഴുതി. മറുപടി ഉണ്ടായോ? ബഹുമാനപ്പെട്ട മന്ത്രി, ഒരു കാര്യം ഞാൻ അങ്ങയോട് ചോദിക്കട്ടെ, പത്തനംതിട്ടയിലെ അബ്കാരി ഹവാല വളരെ കുപ്രസിദ്ധമായ ഒരു കേസ് അല്ലേ? ഇന്ന് മദ്യഹവാലയെ സംബന്ധിച്ചുള്ള കേസുകൾ എവിടെ എത്തി നിൽക്കുന്നു? എവിടെ നിൽക്കുന്നു യമഹാ സുരേന്ദ്രന്റെ കേസുകൾ? അതിനെകുറിച്ച് മന്ത്രിക്ക് പറയാമോ? 6.7.97 ലെ മലയാള മനോരമയിൽ ഒരു വാർത്തയുണ്ട്. " അബ്കാരി ഹവാല കേസ്-16 പേരെ സസ്പെന്റ് ചെയ്യാൻ ശുപാർശ. ഹവാല കേസുമായി ബന്ധപ്പെട്ട് പത്തനംതിട്ടയിലും കൊല്ലത്തുമായി നടന്ന റെയ്ഡിന്റെ വെളിച്ചത്തിൽ എക്സൈസ്-പോലീസ് വകുപ്പികളിലെ 16 ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യാൻ വിജിലൻസ് ഡയറക്ടർ സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നു". അതിൽതന്നെ ഇവരുടെ വീടുകൾ റെയിഡ് ചെയ്തതിനെക്കുറിച്ചും പറയുന്നുണ്ട്. "പത്തനംതിട്ടയിലെ റെയ്ഡിൽ കോടികൾ കണ്ടെത്തി. അബ്കാരി മാസപ്പടിയുൾപ്പടെയുള്ളതിന്റെ തെളിവുകൾ ലഭിച്ചു". ഇത് അബ്കാരി ഹവാല കേസുമായി ബന്ധപ്പെട്ട് മലയാള മനോരമയിൽ വന്ന വാർത്തയാണ്. യമഹ സുരേന്ദ്രനാണ് ഇതിന്റെ നേതൃത്വം. യമഹാ സുരേന്ദ്രന്റെ പന്തളത്തുള്ള കടയും രാമഞ്ചിറയിലുള്ള മദ്യ ഗോഡൗണും വീടും പരിശോധിച്ചു. അതിൽ നിന്നും കിട്ടിയ രേഖകളുടെ അടിസ്ഥാനത്തിൽ കേസ്സെടുത്തു. ക്രൈബ്രാഞ്ചിന് കേസ് കൈമാറി. മുഖ്യമന്ത്രി, ആ കേസ് എവിടെയെത്തി? എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കൈയിൽ നിന്ന് നിങ്ങൾ എവിടെയെത്തി? ഞാൻ പറയട്ടെ ആ കേസ് ചാർജ്ജ് ചെയ്യാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ആ കേസ് റഫർ ചെയ്തിരിക്കുന്നു. കേരളത്തിൽ കോളിളക്കമുണ്ടാക്കിയകേസാണ് പത്തനംതിട്ടയിലെ മദ്യഹവാല. അതിന് മറുപടി പറയണം. വീണ്ടും ഹവാല വരുന്നു. മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കുമോ? എക്സൈസ് വകുപ്പുമന്ത്രിയുടെ കൈയിലല്ല ആ കേസ് മുഖ്യമന്ത്രിയുടെ കൈയിലാണ്. അങ്ങയുടെ ഓഫീസിൽ ചില ആളുകൾ ഇരിപ്പുണ്ട്. അവർക്കറിയാം ഈ കേസ് എങ്ങനെ തേഞ്ഞുമാഞ്ഞുപോയി എന്ന്. ഒരു പക്ഷെ മുഖ്യമന്ത്രി അറിഞ്ഞു കാണുകയില്ല. അവിടെ അന്വേഷിച്ചാൽ മതി, അങ്ങേയ്ക്ക് അറിയാൻ കഴിയും. ഇപ്പോൾ ഒരു കുറിപ്പ് കൊടുത്തുവിട്ടു, അങ്ങേയ്ക്ക് മറുപടി കിട്ടും. യമഹ സുരേന്ദ്രൻ ഇപ്പോൾ തെക്കൻ ജില്ലകളിലെ ഏറ്റവും വലിയ പൊളിറ്റിക്കൽ ഫിനാൻസിയർ ആണ്; പാർട്ടിക്ക് സാമ്പത്തിക സഹായം കൊടുക്കുന്ന ആളാണ്. ഏത് പാർട്ടിക്കെന്ന് ചോദിച്ചാൽ നിങ്ങളുടെ പാർട്ടി തന്നെ. അല്ലാതെ വേറെ ഏത് പാർട്ടിയാണ്? ബഹുമാനപ്പെട്ട മന്ത്രി തന്ന ഒരു കണക്കുകൂടെ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേരളത്തിൽ ഇൻഡ്യൻ നിർമ്മിത ഫോറിൻ ലിക്കർ ഒരു ദിവവസം എത്ര കെയ്സ് വേണം? അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 325-ന് മറുപടി തന്നിട്ടുണ്ട്. 17500 കെയ്സ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നത് 13,500 കെയ്സുകൾ 4000 കെയ്സുകളുടെ ഷോട്ടേജ്. അതേ രൂപത്തിൽ തന്നെ ഒരു കോൺട്രാഡിക്ടറി മറുപടി ഞാൻ പറയാം. നക്ഷത്രചിഹ്നമിടാത്ത 268-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നതനുസരിച്ച് ഇവിടെ ഉല്പാദിപ്പിക്കുന്നത് 16,711 കെയ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ 789 കെയ്സിന്റെ ഷോർട്ടേജാണുള്ളത്. ഈ ഷോർട്ടേജ് പരിഹരിക്കാൻ കേരളത്തിൽ പുതിയ ഡിസ്റ്റിലറിയുടെ ആവശ്യമില്ല. നാല് ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റ് കൊടുത്തു, രണ്ട് ബ്രൂവറികൾ കൊടുത്തു. മറ്റൊരു ചോദ്യത്തിന് മന്ത്രി നൽകിയിരിക്കുന്ന ഉത്തരമനുസരിച്ച് 96 അപേക്ഷകൾ കിട്ടി, അതിൽ നാലെണ്ണം കൊടുത്തു. മൂന്ന് ബ്രൂവറികളുടെ അപേക്ഷ കിട്ടി, അതിൽ രണ്ടെണ്ണം കൊടുത്തു. മന്ത്രിയുടെ കണക്കനുസരിച്ചുതന്നെ രണ്ട് കണക്കുണ്ട്. ഒന്ന്, 4000 കെയ്സിന്റെ ഷോർട്ടേജ്, മറ്റൊന്ന് 879 കെയ്സിന്റെ ഷോർട്ടേജ്. ഷോർട്ടേജ് പരിഹരിക്കാൻവേണ്ടി കേരളത്തിൽ ഇനി ഡിസ്റ്റിലറികളും ബ്രൂവറികളും ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും ആവശ്യമുണ്ടോ? എന്തായാലും കഴിഞ്ഞ പ്രാവശ്യം ഞാൻ പറഞ്ഞതുകൊണ്ട് ഒരു ഗുണമുണ്ടായി. ഇതുവരെ അതിന്റെ ഉൽപ്പാദനം ആരംഭിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മറ്റൊരു ചോദ്യത്തിന് ഉത്തരമായി ഈ സഭയിൽ വെളിപ്പെടുത്തുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ 416 ബാറുകളുണ്ട്. 1991-നുശേഷം ബാർ കൊടുക്കാൻ പാടില്ല എന്നാണ്. എന്നാൽ പുതിയ 9 ബാറുകൾ കൊടുത്തു. ഈ സർക്കാർ വന്നതിനുശേഷം പുതുക്കിക്കൊടുത്തത് 18 എണ്ണം; നക്ഷത്രചിഹ്നമിടാത്ത 267-ാം നമ്പർ ചോദ്യത്തിന് മന്ത്രി തന്നിരിക്കുന്ന മറുപടിയാണിത്. ഈ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ ഒരു ലോഡ് മദ്യം അനധികൃതമായി പോകുമ്പോൾ ഡ്യൂട്ടിയിനത്തിൽ നഷ്ടമുണ്ടാകുന്നത് 25 ലക്ഷം രൂപയാണ്. റവന്യൂ വരുമാനത്തിൽ നമുക്ക് വലിയ ഡിഡക്ഷൻ വന്നിരിക്കുന്നു. 200 ശതമാനം ടാക്സ് 100 ശതമാനമായി ഗവൺമെന്റ് കുറച്ചുകൊടുത്തു. അബ്കാരി ഇനത്തിൽ ഏകദേശം 100 കോടി രൂപയുടെ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് മുഖ്യമന്ത്രിയടക്കമുള്ള ആളുകളോട് എനിക്ക് പറയാനുള്ളത് നിങ്ങൾ ചാരായനിരോധനം ഇഫക്ടിവായി നടപ്പിലാക്കുക; വ്യാജ ചാരായത്തിൽനിന്നും, വാറ്റു ചാരായത്തിൽനിന്നും, കേരളത്തിലെ ജനങ്ങളെ നശിപ്പിക്കുന്ന മദ്യ മാഫിയയുടെ പിടിയിൽനിന്നും കേരളത്തെ മോചിപ്പിക്കാൻ നിങ്ങൾക്ക് കഴിയുമോ? ഇല്ലെങ്കിൽ തുറന്നു പറഞ്ഞുകൊണ്ട് ചാരായനിരോധനം പിൻവലിക്കുക. തുറന്നു പറയണം, കേരളത്തിലെ ജനങ്ങളോട് മാപ്പുപറയണം. ചാരായം ഫലപ്രദമായി നിരോധിച്ച് ഇത് ഇഫക്ടിവാണെന്ന് തെളിയിച്ചവരാണ് ഞങ്ങൾ. മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ 123 കള്ളുഷാപ്പ് റേഞ്ചുകളുണ്ട്. ഒരു റേഞ്ചിന് ആവറേജ് ഷാപ്പിന്റെ എണ്ണമനുസരിച്ച് ഒരു ലക്ഷം രൂപ മുതൽ രണ്ടുലക്ഷം രൂപവരെ മാസപ്പടി പാർട്ടിക്ക് വരുന്നുണ്ട്. യമഹാ സുരേന്ദ്രൻ അടക്കമുള്ള ആളുകൾ എവിടെ നിൽകുന്നു? മദ്യലോബിയുടെ പണത്തിൽ തടിച്ചുകൊഴുക്കാൻ ആരേയും അനുവദിക്കാൻ സാധ്യമല്ല. ഈ നാട് മദ്യത്തിന്റെ ഗന്ധത്തിൽ ഇന്ന് മുഴുകിനിൽകുകയാണ്. ഇതിന് ഒരു മോചനമുണ്ടാക്കിയെടുക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. മന്ത്രിയുടെ കൈകൾ ഇപ്പോൾ ബന്ധിച്ചിട്ടിരിക്കുന്നു. അനങ്ങാൻ നീവൃത്തിയില്ലല്ലോ? ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ വകുപ്പുകളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഭൂമി രജിസ്ട്രേഷൻ സംബന്ധമായ വരുമാനം കുറഞ്ഞതിനെപ്പറ്റി ശ്രീ. കെ.എം. മാണി ഇവിടെ സൂചിപ്പിച്ചു. അതിനുകാരണം ഭൂമിയുടെ വില കുറഞ്ഞതാണെന്ന് എല്ലാവർക്കും അറിയാം. ഭൂമിയുടെ വിലകുറഞ്ഞത് കേരളത്തിൽ മാത്രമാണോ? ഒരു കാലത്ത് അമേരിക്കയോടും ജർമ്മനിയോടു

LIBRARY ARCHIVES Kerala Legislative Assembly

മൊക്കെ കിടപിടിക്കാൻ കഴിവുണ്ടായിരുന്ന രാജ്യങ്ങൾ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി തകർന്നപ്പോൾ, അവിടങ്ങളിൽ ഏറ്റവും പ്രധാനമായി ബാധിച്ചത് ആ രാജ്യങ്ങളിലെ ഭൂമിയുടെ വിലയെയാണ്. ഭൂമിയുടെ വില വളരെ താഴോട്ടു പോയതാണ് ആ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായത്. ദേവഗൗഡ-ഗുജ്റാൾ ഗവൺമെന്റുകളുടെ കാലത്ത് ഏഷ്യയിലെ പ്രധാനപ്പെട്ട രാജ്യങ്ങൾ സാമ്പത്തികമായി തകർന്നപ്പോൾ ഒരു പരിധിവരെ ഇൻഡ്യയെ സാമ്പത്തികമായി പിടിച്ചുനിറുത്താൻ സാധിച്ചു. ആ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടുണ്ടായ വലിയ തിരിച്ചടി ഒരു അവികസിത രാജ്യമെന്ന നിലയിൽ നമുക്കും ഏൽക്കേണ്ടതായിവന്നു. ഭൂമിയുടെ വില കുറഞ്ഞത് കേരളത്തിൽ മാത്രമല്ല. പുതിയ സാമ്പത്തികനയത്തിന്റെ ഫലമായി, ഏഷ്യയിലെ പല രാജ്യങ്ങളും അഭിമുഖീകരിക്കേണ്ടിവന്ന ഗൗരവതരമായ ബുദ്ധിമുട്ടുകളുടെ ഫലമായി, കേരളത്തിലും ഭൂമിയുടെ വില കുറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോന്റെ കഴിവുകേടുകൊണ്ടും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പോരായ്മകൊണ്ടും ഭൂമിയുടെ വില കുറഞ്ഞു; അതിന്റെ ഫലമായി രജിസ്ട്രേഷൻ ചാർജ്ജ് കുറഞ്ഞു എന്നു പറയാൻ സാധിക്കുമോ? മാണിസാർ റബ്ബർ കർഷകരുടെ ദുരവസ്ഥയെപ്പറ്റി പറഞ്ഞു. അതു കേരള ഗവൺമെന്റ് ഉണ്ടാക്കിയതാണോ? ഇൻഡ്യാഗവൺമെന്റ് സ്വീകരിച്ച പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടല്ലേ അതുണ്ടായത്? വിദേശത്തു നിന്നും പഴയ ടയർ അടക്കം ഇറക്കുമതി ചെയ്യാൻ അനുവാദം നൽകിയതിന്റെ ഫലമായി റബ്ബറിന്റെ വില കുറഞ്ഞു. സംസ്ഥാന സർക്കാർ റബ്ബർ കർഷകരെ സഹായിക്കാൻ നടപടികൾ സ്വീകരിച്ചില്ലേ? ഇവിടത്തെ കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിവിന്റെ ഫലമായി, ഈ രാജ്യത്തു നിലനിൽക്കുന്ന പ്രത്യേക നടപടികളുടെ ഫലമായി നികുതി പിരിവിന്റെ തോത് കുറഞ്ഞിട്ടുണ്ടെങ്കിൽ, അതിന് ഈ ഗവൺമെന്റിനെ കുറ്റം പറയാൻ സാധിക്കുമോ? ഇങ്ങനെയുള്ള സാമ്പത്തികനയത്തിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക സ്ഥിതി രക്ഷപ്പെടുത്താൻ ഈ ഘട്ടത്തിലും ബഹുമാനപ്പെട്ട ശ്രീ. ടി. ശിവദാസമേനോന് സാധിച്ചു. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ മാത്രമല്ല കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി കേരളത്തിലെ സമ്പദ്ഘടനയെ പിടിച്ചുനിറുത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചു. കേരളത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾ സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാവർക്കും ആശ്വാസം നൽകിക്കൊണ്ട് ഈ സാമ്പത്തിക പ്രതിസന്ധിയിലും അദ്ദേഹം നമ്മുടെ സമ്പദ്ഘടനയെ പിടിച്ചുനിറുത്തിയില്ലേ? ടാക്സ് അടക്കം കോടിക്കണക്കിന് രൂപ എക്സൈസ് വരുമാനയിനത്തിലുംമറ്റും ലഭിച്ചിരുന്നത് കിട്ടാത്തതുകൊണ്ട് ഇൻഡ്യാഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും കേരളത്തിലെ സമ്പദ്ഘടനയെ പിടിച്ചുനിറുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇത്തരത്തിലുള്ള നടപടികളെ ബന്ധപ്പെടുത്തികൊണ്ടുള്ള കാര്യങ്ങൾ വിജയകരമായി കൈക്കാര്യം ചെയ്തു. ശ്രീമാൻ ടി.എം. ജേക്കബ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയതുതന്നെ മദ്യത്തിന്റെ ഗന്ധം നിറഞ്ഞുനിൽക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ്. അദ്ദേഹം അതിനു പറഞ്ഞ കാരണം മദ്യദുരന്തമാണെങ്കിൽ കേരളത്തിൽ ഇടതുപക്ഷമുന്നണി അധികാരത്തിലിരുന്നപ്പോൾ മാത്രമാണോ മദ്യദുരന്തമുണ്ടായത്? ഐക്യജനാധിപത്യമുന്നണി അധികാരത്തിലിരുന്ന അവസരത്തിൽ പാലായിലും, ഞാറയ്ക്കലിലും മദ്യദുരന്തമുണ്ടായില്ലേ? അനേകം ആളുകൾ മരണമടഞ്ഞില്ലേ? ഐക്യജനാധിപത്യമുന്നണി ഏപ്രിൽ, മേയ് എന്നീ രണ്ടു മാസങ്ങൾ കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ മദ്യ നിരോധനം ഫലപ്രദമായി നടപ്പിലാക്കി എന്നു പറഞ്ഞാൽ അവർക്കുതന്നെ അതു അംഗീകരിക്കാൻ സാധിക്കുമോ? തെരഞ്ഞെടുപ്പു രംഗത്ത് രണ്ട് വോട്ട് അതിലൂടെ നേടിയെടുക്കാൻ സാധിക്കുമെന്ന് കരുതി മദ്യനിരോധനം നടപ്പാക്കി. ആന്ധ്രാപ്രദേശിൽ ഈ നിയമം നടപ്പിലാക്കിയത് എൻ.ടി. രാമറാവുവിന് അധികാരത്തിൽ വരാൻ സഹായകമായി. ആ നിയമമാണ് ഇവിടെ ചാരായ നിരോധനം നടപ്പാക്കാൻ കൊണ്ടുവന്നത്. എല്ലാ മേഖലയിലും പരാജയപ്പെട്ടപ്പോൾ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളെ സ്വാധീനിക്കാൻ ചാരായ നിരോധനം കൊണ്ട് സാധിക്കുമോ എന്നൊരു പരീക്ഷണം നടത്തി. ആ പരീക്ഷണം തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പരാജയപ്പെട്ടു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ പരീക്ഷണത്തിൽ നിന്നും പുറകോട്ടു പോയില്ല. നമ്മുടെ നാട്ടിലെ ആളുകൾക്കറിയാം, ഒരു കാലത്ത് തമിഴ്നാട്ടിൽ ചാരായ നിരോധനം വന്നപ്പോൾ തമിഴ്നാട് അതിർത്തിയിലുള്ള കേരളത്തിലൂടനീളമുള്ള ചാരായ ഷാപ്പുകളിലേക്ക് മദ്യം കുടിക്കാൻ തമിഴ്നാട്ടിൽനിന്ന് ആളുകൾ വന്നിരുന്നു എന്നത്. ചാരായ കള്ളക്കടത്തിനുവേണ്ടി ആ സംസ്ഥാനത്തിലെ ആളുകളും നമ്മുടെ സംസ്ഥാനത്തിലെ ആളുകളും ശ്രമിക്കും. അതിനെ നേരിടാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ലേ? ഈ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾ കണക്കിലെടുക്കാതെതന്നെ ചാരായ നിരോധനം വിജയകരമാക്കുന്നതിന് വിവിധ മേഖലകളിൽ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചില്ലേ? എന്നിട്ടും കള്ളച്ചാരായം ഉണ്ടാക്കുന്നു; എല്ലാ മാർക്കറ്റിലും ലഭിക്കുന്നുമുണ്ടാകാം. അത് കേരളത്തിലെ ഗവൺമെന്റ് ചാരായ നിരോധനം കൈകാര്യം ചെയ്യുന്നതിലുള്ള പരാജയത്തിന്റെ ഫലമായിട്ടാണോ? എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ആവശ്യമായ പോലീസിനേയും ജീവനക്കാരേയും നിയോഗിച്ചില്ലേ? ചാരായ നിരോധനത്തിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചില്ലേ? ഏതു മേഖലയിലാണ് ചാരായ നിരോധനം വിജയകരമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത്? ചാരായം കള്ളക്കടത്തു നടത്തുന്നവരെ പിടിച്ചില്ലേ? പത്തു വർഷം വരെ ജയിൽ ശിക്ഷ പ്രഖ്യാപിച്ചില്ലേ? അങ്ങനെ ആ മേഖലയിൽനിന്നും പിൻമാറാൻ ആളുകളിൽ സമ്മർദ്ദം ചെലുത്തുന്ന ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചില്ലേ? നമ്മുടെ നാട്ടിൽ മദ്യരാജാക്കൻമാരുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിലാണോ കേരളത്തിൽ മദ്യരാജാക്കൻമാർ വളർന്നത്? കഴിഞ്ഞ അഞ്ചു കൊല്ലത്തെ ഐക്യജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് മദ്യരാജാക്കൻമാരുണ്ടായില്ലേ? മൂന്നു കൊല്ലംകൊണ്ട് മദ്യരാജാക്കൻമാരെ വളർത്താൻപറ്റുന്നവിധം കേരളത്തിന്റെ മദ്യമേഖല അത്ര സമ്പന്നമാണെന്നുള്ളത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. പണ്ട് കോൺഗ്രസ്സ് മദ്യനിരോധനത്തിനുവേണ്ടി നിലകൊണ്ടു. സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം വിവിധ ഘട്ടങ്ങളിലായി മദ്യനിരോധനം കൊണ്ടുവന്നതിൽ പ്രധാനമായ പങ്കാളിത്തം കോൺഗ്രസ്സിനാണ്. ആ ഉത്തരവാദിത്വത്തിൽനിന്നും പുറകോട്ടു പോകാൻ സാധിക്കില്ല. കുറെക്കാലമായി മദ്യരാജാക്കൻമാർ ഈ സംസ്ഥാനത്ത് വളരുന്നു. മദ്യരാജാക്കൻമാർക്ക് പല സ്വാധീനങ്ങളുമുണ്ട്. വിവിധ രാഷ്ട്രീയ കക്ഷികളെ നിയന്ത്രിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളതു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇവിടെ കഴിഞ്ഞ കാലങ്ങളിൽ മദ്യത്തിന്റെ ഉപയോഗം വളർന്നതിന്റെ പേരിൽ അതിന്റെ ഉത്തരവാദിത്വം മൂന്നു കൊല്ലത്തെ ഭരണത്തിനിടയിൽ വന്നതാണെന്നു പറഞ്ഞ് രക്ഷപ്പെടാൻ ഐക്യജനാധിപത്യമുന്നണിയിലെ ആളുകൾക്ക് കഴിയില്ല. ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന വകുപ്പ് വ്യാജമദ്യം ഇല്ലാതാക്കുന്നതിന് ഫലപ്രദമായ നടപടികൾ നടപ്പിലാക്കുന്നു. എക്സൈസ് വകുപ്പും പോലീസും ഒരുമിച്ചു ചേർന്നു കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഞാൻ അടിവരയിട്ടു പറയുന്നു കഴിഞ്ഞ ഐക്യജനാധിപത്യമുന്നണി ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് രണ്ട് മാസത്തിനകം മദ്യനിരോധനം നടപ്പാക്കുമെന്നു പറഞ്ഞ് ആളുകളുടെ കണ്ണിൽ പൊടിയിടാൻ ഇനി അവർക്കു സാധിക്കില്ല. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനം വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കേരളത്തിന്റെ റവന്യൂ വരുമാനം കുറയുന്നു. വിൽപ്പന നികുതി കുറയുന്നു; കാർഷികാദായനികുതി കുറയുന്നു; രജിസ്ട്രേഷൻ നികുതി കുറയുന്നു; ട്രാൻസ്പോർട്ട് നികുതി കുറയുന്നു; പൊതുവിൽ റവന്യൂവരുമാനത്തിൽ കേരളം വലിയകുറവ് നേരിടുകയാണ്. 1997-98-ൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടനുസരിച്ച് 510.78 കോടി രൂപയുടെ കുറവാണ് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാളുണ്ടായിരുന്നത്. 1998-99-ൽ അതിനേക്കാൾ കൂടുതലാണ്. കേരളത്തിന്റെ വില വർദ്ധനവിന്റെ തോത് എടുത്ത് പരിശോധിച്ചു നോക്കിയാൽ യഥാർത്ഥത്തിൽ നെഗറ്റീവ് ഗ്രോത്ത് റേറ്റാണ് റവന്യൂ വരുമാനത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത് എന്ന് കാണാം. ഇതിന്റെ ഫലമായി റവന്യൂ കമ്മി 1996-97-ൽ 643 കോടി രൂപയായിരുന്നത് 1997-98-ൽ 1117 കോടി രൂപയായും ഈ സമ്പത്തിക വർഷം അവസാനിച്ചപ്പോൾ ഞാൻ മനസ്സിലാക്കുന്നത്, അത് 2200 കോടി രൂപയായും വർദ്ധിച്ചു. അടുത്ത സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 3500 കോടിരൂപയായി അത് വർദ്ധിക്കാൻ പോകുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെന്താണ്? കക്ഷി രാഷ്ട്രീയത്തിനതീതമായി ഈ സംസ്ഥാനത്തോട് താൽപര്യമുള്ള എല്ലാ പാർട്ടികളും എല്ലാ നേതാക്കൻമാരും ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമാണിത്. ഇതിന് പോംവഴി എന്താണ്? ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്താണ്? കേരളത്തിൽ കാര്യമായ മുതൽമുടക്കുണ്ടാകുന്നില്ല. കഴിഞ്ഞ മൂന്നു വർഷക്കാലം, സംസ്ഥാന ഗവൺമെന്റ് 1996-97-ൽ പറഞ്ഞതനുസരിച്ചാണെങ്കിൽ, 30,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി ഉണ്ടാകേണ്ടതായിരുന്നു. എത്ര മുതൽമുടക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇന്ന് കേരളത്തിന്റെ സമ്പദ്ഘടന സാമ്പത്തിക തകർച്ചയുടെ ഒരു ദൂഷിത വലയത്തിൽ അകപ്പെട്ടിരിക്കുകയാണ്. സാമ്പത്തിക തകർച്ചയുടെ ദൂഷിതവലയത്തിൽനിന്നും ഈ സമ്പദ്ഘടനയെ രക്ഷിക്കണമെങ്കിൽ വമ്പിച്ച മുതൽമുടക്കുണ്ടാകണം. ഇവിടെ മുതൽമുടക്ക് കുറഞ്ഞതുകൊണ്ട് കുറഞ്ഞതൊഴിലവസരമുണ്ടാകുന്നു; ജനങ്ങളുടെ വരുമാനം കുറയുന്നു; അവരുടെ സേവിംഗ്സ് കുറയുന്നു. വീണ്ടു കുറഞ്ഞ ഇൻവെസ്റ്റുമെന്റ്, ആ ഒരു ദൂഷിതവലയത്തിൽ കിടന്ന് സമ്പദ്ഘടന ദിവസം കഴിയുംതോറും കൂടുതൽ തകർച്ചയിലേക്ക് പോകുകയാണ്. ഈ തകർച്ചയിൽനിന്ന് കേരളത്തെ രക്ഷിക്കണമെങ്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി വൻപിച്ച മുതൽ മുടക്കുണ്ടാക്കാൻ ഗവൺമെന്റിന് കഴിയണം. അതിന് കഴിയത്തക്കതരത്തിൽ സംസ്ഥാന ഗവൺമെന്റ് ഇനിയുള്ള രണ്ടുവർഷമെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കണം. ഈ സംസ്ഥാനത്ത് ഇൻവെസ്റ്റുമെന്റ് ആകർഷിക്കാൻ കഴിയുന്ന എത്രയോ മേഖലകളുണ്ട്. ആ മേഖലകളിൽ വൻപിച്ച മുതൽ മുടക്കുണ്ടാക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കാൻ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാകുന്നില്ലെങ്കിൽ അടുത്ത ഒരു വർഷം കഴിഞ്ഞാൽ ഒന്നാം തീയതി ശമ്പളം പോലും കൊടുക്കാൻ കഴിയാത്തതരത്തിൽ അഗാധമായ സാമ്പത്തിക തകർച്ച കേരളം നേരിടാൻ പോകുകയാണ്. അതാണ് എനിക്ക് സാമ്പത്തികമേഖലയെക്കുറിച്ച് പറയാനുള്ളത്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനെ അഡ്വൈസ് ചെയ്യേണ്ടത് സംസ്ഥാന പ്ലാനിംഗ് ബോർഡാണ്. ഇന്ന് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഉണ്ടോയെന്ന് എനിക്ക് സംശയമാണ്. ഗവൺമെന്റിനെ ഇത്തരം കാര്യങ്ങളിൽ നേരായ ദിശയിലേക്ക് നയിക്കേണ്ട സംസ്ഥാന പ്ലാനിംഗ് ബോർഡ് ജനകീയാസൂത്രണം നടപ്പിലാക്കുന്ന ഒരു സമാന്തര ഗവൺമെന്റായി മാറിയിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിനെ ഇത്തരം കാര്യങ്ങളിൽ അഡ്വൈസ് ചെയ്യുന്നതിനു വേണ്ടി ഏറ്റവും വിദഗ്ധൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അഡ്വൈസറി ബോർഡുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. എക്സൈസ് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് വരുമാനം വരേണ്ട പ്രധാനപ്പെട്ട ഒരു മേഖലയാണത്. നമ്മൾ ഇവിടെ ചാരായം നിരോധിച്ചു. എന്നാൽ കേരളത്തിന്റെ എല്ലാ ഗ്രാമങ്ങളിലും സുലഭമായി ചാരായം ലഭിക്കുന്നു. വ്യാജകള്ളും സുലഭമായി എല്ലാ സ്ഥലത്തും ലഭിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഖജനാവിലേക്ക് വരേണ്ട 600 കോടിയിൽപ്പരം രൂപ ഇതിന്റെപേരിൽ ഖജനാവിലേക്ക് വരുന്നില്ല. ആ 600 കോടിയോളം രൂപ ഇവിടത്തെ മദ്യ വ്യവസായികളുടെ കൈകളിലേക്ക് പോകുകയാണ്. വ്യാജകള്ളിന്റേയും വ്യാജ ചാരായത്തിന്റേയും ഫലമായി കേരളത്തിന് വരുംനാളുകളിൽ വലിയ ഭീഷണിയുണ്ടാകുന്നതരത്തിൽ ഒരു പുതിയ സമ്പന്നവർഗ്ഗം വളർന്നു വരുന്നു. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ എന്തും ചെയ്യാൻ തയ്യാറുള്ള, എന്ത് കുറ്റകൃത്യങ്ങളും ചെയ്യാൻ തയ്യാറുള്ള ഒരു പുത്തൻ സാമ്പത്തികവർഗ്ഗം വളർന്നുവരികയാണ്. പോലീസും എക്സൈസും മദ്യമാഫിയായും ചേർന്ന സംഘം ഈ സംസ്ഥാനത്തിന് ഏറ്റവും വലിയ ഭീക്ഷണിയായി മാറാൻ പോകുകയാണ്. സംസ്ഥാനഗവൺമെന്റ് ഇത് കർശനമായി നിയന്ത്രിക്കാനും, ഈ കൂട്ടുകെട്ട് നിയന്ത്രിക്കാൻ, മദ്യ വ്യവസായികളും പോലീസ്-എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥൻമാരും ചേർന്നുള്ള കൂട്ടുകെട്ടിനെ ഭേദിക്കാനും സംസ്ഥാനത്തെ രക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട ടി.എം. ജോക്കബ് തന്റെ പ്രസംഗത്തിൽ ഈ സംസ്ഥാനത്തുടനീളം വ്യാജ ചാരായമൊഴുകുന്നുവെന്ന് പറയുകയുണ്ടായി. ആരാണ് ഇതിന് ഉത്തരവാദികൾ? കഴിഞ്ഞ ഗവൺമെന്റ് ചാരായം നിരോധിച്ചപ്പോൾ അന്നു മുതൽ ഇവിടെ വ്യാജ ചാരായത്തിന്റെ ഒഴുക്കും തുടങ്ങി. അത് ഫലപ്രദമായി നിയന്ത്രിക്കാൻ ആ സർക്കാരിന് കഴിഞ്ഞോയെന്ന് ബഹുമാനപ്പെട്ട ടി.എം. ജേക്കബ് ഒരു ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. അത് തടയാൻ ഒരു നടപടിയും ആ സർക്കാർ സ്വീകരിച്ചില്ല. എന്നാൽ ഈ സർക്കാർ വന്നതിനുശേഷം വ്യാജ ചാരായം കണ്ടെടുക്കാൻ വ്യാപകമായ റെയ്ഡുകൾ നടത്തി. ഇതിന്റെ ഫലമായി വ്യാജ ചാരായ ശൃംഖല തകർക്കാൻ കഴിഞ്ഞു. കുറ്റവാളികൾ രക്ഷപ്പെടാതിരിക്കാൻ ഈ ഗവൺമെന്റ് ഒരു നിയമനിർമ്മാണം കൊണ്ടുവന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്പിരിറ്റിന്റേയും വ്യാജ ചാരായത്തിന്റേയും ഒഴുക്ക് തടഞ്ഞുനിറുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വസ്തുതയാണ്. പുതിയ എക്സൈസ് നയത്തിന്റെ ഫലമായി പുതുതായി ബാർ ലൈസൻസുകൾ നൽകുകയില്ലെന്നുള്ള തീരുമാനം ഈ ഗവൺമെന്റ് സ്വീകരിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. യു.ഡി.എഫ് കൺവീനർ ശ്രീ. കെ. ശങ്കരനാരായണൻ 25-6-99-ൽ മാതൃഭൂമിയിൽ ഒരു പ്രസ്താവന യിറക്കി. മദ്യനിരോധനം യു.ഡി.എഫ്-ന്റെ നയം അല്ലെന്നാണ് അദ്ദേഹം പ്രസ്താവന നടത്തിയത്. ഈ നയംതന്നെയാണോ കോൺഗ്രസ്സിന്റെ നയ മെന്ന് അപ്പുറത്തിരിക്കുന്ന കോൺഗ്രസ് സുഹൃത്തുക്കൾ അവരുടെ പ്രസംഗ ങ്ങളിൽ വ്യക്തമാക്കണം. എക്സൈസ് വകുപ്പിനെസംബന്ധിച്ച് ചില നിർദ്ദേശ ങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയ്ക്ക് ഞാൻ ഇവിടെ സമർപ്പിക്കു കയാണ്. എക്സൈസ് വകുപ്പിൽ ജോലിഭാരം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അതി നനുസൃതമായി വേണ്ടത്ര സ്റ്റാഫില്ല. സംസ്ഥാനത്ത് അരലക്ഷത്തോളം പോലീസുകാരുണ്ട്. എന്നാൽ എക്സൈസുകാർ അയ്യായിരത്തിന് താഴെ മാത്രമാണ്. പല ഒഴിവുകളും എക്സൈസ് വകുപ്പിൽ നിലനിൽക്കുകയാണ്. ആ ഒഴിവുകൾ നികത്തണം. എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകൾ ഇല്ലാത്തതുകൊണ്ട് പലപ്പോഴും വനിതാ പോലീസിന്റെ സേവനമാണ് ഉപയോ ഗപ്പെടുത്തുന്നത്. പലപ്പോഴും ആവശ്യത്തിന് അവരെ ലഭിക്കുന്നില്ല. അതു കൊണ്ട് വനിതാ ഗാർഡുകളെ നിയമിക്കണമെന്നാണ് ഞാൻ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. അബ്ക്കാരി ആക്ട് കാലോചിതമായി പരിഷ്ക്കരിക്കാൻ സർക്കാർ തയ്യാറാകണം. മദ്യത്തിന്റെ ഗുണനിലവാരം പരി ശോധിക്കുന്നതിന് സഞ്ചരിക്കുന്ന ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കണം. റെയി ഞ്ചാഫീസുകളിൽ ടെലിഫോൺ സൗകര്യമില്ല. പലപ്പോഴും റെയിഡുകളെക്കു റിച്ച് വിവരം ലഭിക്കുംപോൾ നിർദ്ദേശങ്ങൾ നൽകാൻ ടെലിഫോൺ ബൂത്തു കളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് റെയ്ഞ്ച് ഓഫീസുകളിൽ ടെലിഫോൺ സൗകര്യം അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ മദ്യമാഫിയ കളുമായും മയക്കുമരുന്ന് കടത്തുകാരുമായും പലപ്പോഴും ഏറ്റുമുട്ടേണ്ടി വ രുന്ന എക്സൈസ് ജീവനക്കാർക്ക് റിസ്ക്ക് അലവൻസ് ഏർപ്പെടുത്തണം. ഇത്രയും കാര്യങ്ങൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തണമെ ന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇത്രയും പറ ഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് നിറുത്തുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാ ങ്ങുകയാണ്. കാർഷിക രംഗത്തെ സംബന്ധിച്ചിടത്തോളം വളരെ ഫലപ്രദ മായ നടപടികൾ ഗവൺമെന്റ് തുടർച്ചയായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കാലവർഷക്കെടുതിയും വരൾച്ചയും കാരണം കാർഷിക മേഖല യിൽ ഗണ്യമായ തകർച്ചയുണ്ടായിരിക്കുകയാണ്. അതിന്റെ ഫലമായി കാർഷിക രംഗത്തുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ നമ്മുടെ നികുതിയെ ബാധിക്കുന്നുണ്ട്. നമ്മുടെ നികുതി ഘടനയിൽ ഒരു മാറ്റം വരുത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുപോലെതന്നെ പല സന്ദർഭങ്ങളിലും കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി റബ്ബർപോലുള്ള ഉൽപ്പ ന്നങ്ങൾക്ക് വിലയിടവ് ഉണ്ടാകുംമ്പോൾ, ഇതെല്ലാംതന്നെ വിദേശനാണ്യം സമ്പാദിക്കുന്ന മുഖ്യ വിളകളായതുകൊണ്ടും, കേരളത്തിലാകെ ഇത് ഉള്ളതു കൊണ്ടും, കേരളത്തിലെ കർഷകരേയും കാർഷിക സമ്പദ്ഘടനയേയും ഇത് സാരമായി ബാധിക്കും. അപ്പോൾ സ്വാഭാവികമായും കർഷകരെ സഹായി ക്കാൻവേണ്ടി, അവരെ സംരക്ഷിക്കാൻവേണ്ടി നികുതി ഇളവുകൾ പ്രഖ്യാപി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടിവരും. അത് ഗവൺമെന്റിന്റെ വരുമാനത്തെ സാരമായി ബാധിക്കുമെന്നിരിക്കെ, കൃഷിക്കാരെ സംരക്ഷിക്കാൻ, കാലാകാലങ്ങളിൽ നേരിടുന്ന പ്രതിസന്ധികളിൽ നിന്നും അവരെ സഹായിക്കാൻ ചില നടപടികൾ സ്വീകരിക്കണം. ഉല്പാദനക്കുറവുകൊണ്ട് നികുതി വരുമാനത്തിൽ സ്വാഭാവികമായും കുറവ് വരും. അതുപോലെതന്നെ വിൽപ്പന നികുതിയുണ്ട്. നികുതി ഘടനയിൽ മാറ്റം വരുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഉൽപ്പന്നങ്ങൾക്ക്, ഉൽപ്പാദനവുമായിട്ട് ബന്ധപ്പെട്ട് നൽകേണ്ട വിലയുടെ അടിസ്ഥാനത്തിൽ, അല്ലെങ്കിൽ അതിന്റെ ഗുണഭോക്താക്കളെ സഹായിച്ചുകൊണ്ട്, ഒരു നികുതി നയം നാം സ്വീകരിക്കണം എന്നത് ശാസ്ത്രീയമല്ലേ, അഭികാമ്യമല്ലേ? ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. ചില ഉൽപ്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുന്നു. ഗവൺമെന്റിന്റെ വരുമാനത്തിന് അതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. 4 ശതമാനം നികുതി 6 ശതമാനമായി ഉയർത്തുമ്പോൾ 2 ശതമാനം നികുതി വർദ്ധനവ് സ്വാഭാവികമായും 50 ശതമാനം വർദ്ധനവ് കാണിക്കുന്നു. സമീപ സംസ്ഥനങ്ങളിലുള്ള അതേ ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തു വരുമ്പോൾ, അവിടത്തെ നികുതി നിരക്ക് കുറഞ്ഞിരിക്കുകയും നമ്മുടെ സംസ്ഥാനത്ത് നികുതി കൂടിയിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലാതായിത്തീരുന്നു. അത് ഉല്പാദിപ്പിക്കുന്ന ആളുകളുടെ സ്ഥിതി എന്താണെന്നുള്ള കാര്യം വളരെ ഗൗരവമായി നമ്മൾ ആലോചിക്കേണ്ടതല്ലേ? ആലോചിക്കേണ്ടതാണ്. അതുകൊണ്ട് നികുതി വർദ്ധനവ് ഉണ്ടാക്കുമ്പോൾ ആ ഉൽപ്പന്നങ്ങൾക്ക് ഉണ്ടാകേണ്ട മൂല്യം നിലനിർത്താൻ ആവശ്യമായ നടപടികൂടി നാം സ്വീകരിക്കണം. അതാണ് ഞാൻ പറയുന്നത്, നികുതിയുടെ പൊതുഘടനയിൽ മാറ്റം വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന്. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നില്ല. ചെറുകിട വ്യവസായങ്ങളേയും ഇത് വളരെ ഗൗരവതരമായി ബാധിക്കുന്നുണ്ട്. അതിന്റെ ഫലമായി ചെറുകിടകർഷകരേയും, ഉൽപാദകരേയും വ്യവസായങ്ങളേയും വളരെയധികം ബുദ്ധിമുട്ടിലേയ്ക്ക് നയിക്കുന്നു. ചെറുപ്പക്കാരുടെ ഉന്നമനത്തിനുവേണ്ടി, അവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി, ചെറുകിട ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻവേണ്ടി വ്യാവസായികരംഗത്തും കാർഷിക മേഖലയിലുമൊക്കെ ധാരാളം ഗ്രാന്റുകളും സബ്സിഡികളും അനുവദിച്ചുകൊണ്ട് ആവശ്യമായ നടപടികൾ ഒരുഭാഗത്തു ഗവൺമെന്റ് സ്വീകരിക്കുമ്പോൾ മറുഭാഗത്തുകൂടി അങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്താതെ നഷ്ടംവരുത്തി, വ്യാവസായിക-കാർഷിക മേഖലകളെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആ സാഹചര്യത്തിന് ഒരു പരിധിവരെ മാറ്റം വരുത്താൻ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. അത് കുറേക്കൂടി മെച്ചപ്പെട്ട, ക്ഷിപ്രമായ ഫലമുളവാക്കുന്ന രീതിയിലേയ്ക്ക് കൊണ്ടുപോകണം. ചെറുകിട സംരംഭങ്ങൾ തകരാതെ, വ്യവസായങ്ങൾ തകരാതെ ആ ഉൽപ്പാദകരെ നിലനിർത്തിപോകത്തക്കവിധത്തിലുള്ള ഒരു നികുതി ഘടന ഏർപ്പെടുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീപ്പെട്ടിയുടെ കാര്യം എടുക്കാം. തമിഴ്നാട്ടിൽ നിന്നും തീപ്പെട്ടി ഇവിടെ വരുന്നുണ്ട്. തീപ്പെട്ടി വ്യവസായത്തിൽ ആയിരക്കണക്കിന് ആളുകൾ വിവിധ ജില്ലകളിലായി ജോലി ചെയ്യുന്നു. തീപ്പെട്ടിക്ക് കാലാകാലങ്ങളിലായി അൽപ്പം വില ഉയർന്നു. നികുതി കൂട്ടുമ്പോൾ അവരുടെ ഉൽപ്പന്നത്തിന്റെ വിലയെ അത് ബാധിക്കുന്നു. എന്നാൽ നികുതി ഇല്ലാത്ത തമിഴ്നാട്ടിൽ നിന്നുള്ള തീപ്പെട്ടി ഇവിടെ വിപണനം നടത്തുമ്പോൾ നമ്മുടെ തീപ്പെട്ടിയ്ക്ക് പ്രിയം കുറഞ്ഞ്, നഷ്ടംവന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആ യൂണിറ്റുകൾ അടച്ചു പൂട്ടുന്നു. ഇതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഉണ്ടെങ്കിൽ പോലും ക്ഷിപ്രമായ ഒരു പരിഹാരം ഉണ്ടാക്കാൻ വേണ്ടിയുള്ള നടപടി ആ നികുതിയുടെ കാര്യത്തിൽ നമ്മൾ സ്വീകരിക്കണം എന്നാണ് ശാസ്ത്രീയമായ പ്രായോഗികമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കാനുള്ളത്. എക്സൈസിനെ സംബന്ധിച്ച് ഞാൻ അധികം പറയുന്നില്ല. ഒരു ഘട്ടത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തി. ചാരായ നിരോധനം ഏർപ്പെടുത്തിയ പശ്ചാത്തലത്തെ സംബന്ധിച്ച് പലപ്പോഴും അഭിപ്രായ വ്യത്യാസം ഉണ്ടാകാറുണ്ടെങ്കിലും അതിന്റെയെല്ലാം മീതെ സത്യം നിഴലിച്ച് നിൽക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട സി.കെ. നാണു ചൂണ്ടിക്കാണിച്ചതു പോലെ ഒരു ഘട്ടത്തിൽ ഒരു മാസ്മരികത കൊണ്ട്, നല്ലതെന്ന് തോന്നി പല കാരണങ്ങൾകൊണ്ടും ഒരു ധാരണയുടെ അടിസ്ഥാനത്തിൽ അന്ന് അത് ചെയ്തുപോയി. എന്നാൽ അതിനെത്തുടന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഗവൺമെന്റിന് താങ്ങാൻ കഴിയാത്ത വിധത്തിൽ വരുമാനത്തിൽ കുറവ് വരുത്തിയെന്നുള്ളത് സത്യമാണ്. എന്നാൽ ആ രംഗത്ത് നില നിൽക്കുന്ന അരാജകത്വവും, അസംതൃപ്തിയും പരിഹരിക്കുന്നതിനുവേണ്ടി കുറച്ചുകൂടി സമൂർത്തമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്, നിങ്ങൾക്കുമുണ്ട്. അതുപോലെ വ്യാജമദ്യ രംഗത്ത് ഉണ്ടെന്നു പറയപ്പെടുന്ന കാര്യങ്ങൾ ഏത് സമയത്തുംപോയി പരിശോധിക്കുന്നതിനും, നടപടി എടുക്കാനും ഇന്ന് നമ്മുടെ ഡിപ്പാർട്ടുമെന്റിന് കഴിയുന്നില്ല. എങ്കിലും നടപടികൾ പൂർണ്ണമായി ഫലപ്രദമാക്കാൻ അവർക്ക് കുറച്ചുകൂടി മെച്ചപ്പെട്ട സഹായങ്ങൾ എത്തിച്ചുകൊടുക്കണം. സ്റ്റാഫിന്റെ കാര്യത്തിലും വാഹനങ്ങളുടെ കാര്യത്തിലും അവർക്ക് ആവശ്യമായ സഹായം നൽകണം, ഇപ്പോൾ വ്യാജ വാറ്റ് നടത്തുന്നത് മാരകായുധങ്ങളൊക്കെ വച്ചുകൊണ്ടാണ്. പലയിടത്തും ഏറ്റുമുട്ടലുകൾ ഉണ്ടായിട്ടുണ്ട്. പോലീസുകാർക്ക് ജീവഹാനിയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നിർഭയമായി വളരെ ധീരമായ നിലപാടെടുത്ത് ഏത് അവസരത്തിലും സേവനരംഗത്ത് നല്ല മനസ്സോടുകൂടി പ്രവർത്തിക്കാൻ പര്യാപ്തമായ സാഹചര്യങ്ങൾ ഡിപ്പാർട്ടുമെന്റിന് ഉണ്ടാക്കി കൊടുക്കണം. ഈ രംഗത്തെക്കുറിച്ച് ഇത്രയും കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. 1790-ൽ ഈസ്റ്റ് ഇൻഡ്യാ കംപനിയാണ് ഇൻഡ്യയിലാദ്യമായി മദ്യത്തിന്റെ നിർമ്മാണവും വിതരണവും ലേലം ചെയ്തുകൊടുക്കാൻ തുടങ്ങിയത്. വെള്ളക്കാരുടെ വരവോടുകൂടിയാണ് ഇൻഡ്യാക്കാർ വ്യാപകമായി മദ്യം കഴിക്കാൻ തുടങ്ങിയത്. അന്ധമായി പാശ്ചാത്യ സംസ്കാരത്തെ ആശ്ലേഷിച്ചതിന്റെ ഫലമായി ഭാരതീയ സംസ്ക്കാരം നശിക്കാനിടയായി. സ്വാതന്ത്ര്യം ലഭിച്ചാൽ പിറ്റേദിവസം മുതൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുമെന്ന് എല്ലാവരും വിശ്വസിച്ചു, ഭരണഘടനാശില്പികൾ അത് വാഗ്ദാനം ചെയ്തു. ഗാന്ധിജിയുടെ സ്വപ്നവും അതായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചിട്ട് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇൻഡ്യയിലൊരിടത്തും സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ ഒരു സർക്കാരിനും കഴിഞ്ഞിട്ടില്ല. ഇൻഡ്യാ രാജ്യം 45 വർഷക്കാലം അടക്കിഭരിച്ച കോൺഗ്രസ്സു സർക്കാർ ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ല. ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലിപ്പോൾ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ കോൺഗ്രസ്സുകാർ കുടികിടപ്പ് സമരം നടത്തുകയാണ്. കേരളത്തിൽ ഒരു വർഷം 10,000 കോടി രൂപയുടെ മദ്യം കുടിച്ചു തീർക്കുന്നുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

കണക്ക്. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ മൂന്നാഴ്ച മുൻപ് കോൺഗ്രസ്സുകാർ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ചാരായ നിരോധനം ഏർപ്പെടുത്തി. ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ അധികാരത്തിൽ കയ്റിയ ഉടനെതന്നെ മദ്യനിരോധനം നടപ്പിലാക്കുമായിരുന്നു. കള്ളുഷാപ്പുകളിൽ പരിശോധന പാടില്ലെന്നുള്ള കഴിഞ്ഞ സർക്കാരിന്റെ ഉത്തരവ് ഈ സർക്കാർ റദ്ദ് ചെയ്തു. എക്സൈസ് ഗാർഡ് നിയമത്തിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തി. അബ്കാരി നിയമത്തിൽ കുറ്റവാളികൾ ഒരിക്കലും രക്ഷപ്പെടാത്ത വിധത്തിലുള്ള നിയമഭേദഗതികൾ ഈ സർക്കാർ കൊണ്ടുവന്നു. 10 വർഷത്തെ കഠിനതടവും ഒരു ലക്ഷം രൂപ പിഴയും ചുമത്തുന്ന ഭേദഗതിയാണ് കൊണ്ടുവന്നത്. ചാരായ നിരോധനവും മദ്യവർജ്ജന പ്രസ്ഥാനവും വിജയിക്കണമെങ്കിൽ എല്ലാ മതങ്ങളും രാഷ്ട്രീയ കക്ഷികളും ആത്മാർത്ഥമായി പ്രവർത്തിക്കണം; പോലീസും, എക്സൈസും, വനം വകുപ്പും കാര്യക്ഷമമായി പ്രവർത്തിക്കണം. കേരള സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നത് വിൽപ്പന നികുതി വകുപ്പാണ്; അതു കഴിഞ്ഞാൽ എക്സൈസ് വകുപ്പാണ്. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ ആദായമുണ്ടാക്കിക്കൊടുക്കുന്ന എക്സൈസ് വകുപ്പിലെ ജീവനക്കാരെ അബ്കാരി കോൺട്രാക്ടർമാരുടെ അടിമകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ വകുപ്പിൽ ആയിരക്കണക്കിന് ഒഴിവുകളുണ്ട്. തൃശ്ശൂർ ജില്ലയിൽ മാത്രം 68 ഗാർഡുമാരുടെ ഒഴിവുകളുണ്ട്. മുൻപ് എക്സൈസ് ഉദ്യോഗസ്ഥൻമാർ അബ്കാരി മുതലാളിമാരുടെ ജീപ്പുകളിൽ അവരുടെ ഗുണ്ടകളോടൊപ്പമാണ് റെയിഡിന് പോയിരുന്നത്. നൂറുകണക്കിന് നിരപരാധികളെ അവർ കൊന്നൊടുക്കിയിട്ടുണ്ട്. ഇതിന് അറുതി വരുത്തണമെങ്കിൽ ആവശ്യത്തിന് ജീവനക്കാരും വാഹനസൗകര്യങ്ങളും ആയുധങ്ങളും എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകണം. എക്സൈസ് വകുപ്പിന്റെ 95 ശതമാനം ആഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വർഷങ്ങളായി വാടക കുടിശ്ശിക കൊടുക്കാത്തതുകൊണ്ട് ഓഫീസുകളെല്ലാം ഇപ്പോൾ കൂടിയിറക്കു ഭീഷണിയിലാണ്. തൃശ്ശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത് എക്സൈസ് വകുപ്പിന് സ്വന്തമായി രണ്ടര ഏക്കർ സ്ഥലമുണ്ട്. കാടുപിടിച്ചു കിടക്കുന്ന ഈ സ്ഥലത്ത് ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ ഒരു പഴയ കെട്ടിടത്തിലാണ് റേഞ്ച് ആഫീസും സർക്കിൾ ആഫീസും പ്രവർത്തിക്കുന്നത്. 5 വർഷം മുൻപ് 24 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഒരു കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചുവെങ്കിലും ഇക്കാര്യത്തിൽ മറ്റ് യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഇരിങ്ങാലക്കുട പട്ടണത്തിൽ സ്വന്തമായി 8 സെന്റ് സ്ഥലമുണ്ട്. ഇവിടെയും വർഷങ്ങൾക്കുമുൻപ് കെട്ടിടം പണിയാൻ തീരുമാനിച്ചുവെങ്കിലും നാളിതുവരെ ഒന്നും സംഭവിച്ചിട്ടില്ല. ഇരിങ്ങാലക്കുട റേഞ്ചാഫീസും സർക്കിൾ ആഫീസും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ 120 റേഞ്ചാഫീസുകളുള്ളതിൽ തിരുവനന്തപുരത്തും പെരിന്തൽമണ്ണയിലും മാത്രമാണ് ടെലിഫോൺ സൗകര്യം ഉള്ളത്. സംസ്ഥാനത്ത് 90 ശതമാനം ആഫീസുകളിലും ടെലിഫോണും വയർലെസ് സൗകര്യവും വാഹനങ്ങളുമില്ല. സംസ്ഥാനത്തെ റേയിഞ്ചാഫീസുകളിലും സർക്കിൾ ആഫീസുകളിലും 8 വർഷങ്ങൾക്ക് മുൻപ് വരെ റെയ്ഡിനുപോകുന്നതിനുവേണ്ടി ഓരോ ഓഫിസിലും രണ്ടുവീതം 303 നമ്പർ റൈഫിളുകളുണ്ടായിരുന്നു. അവയെല്ലാം സർക്കാർ കണ്ടുകെട്ടി. അവ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മുളവടിയും അന്യരുടെ പറമ്പുകളിലെ വേലിപ്പത്തലും കൊണ്ടാണ് റെയ്ഡിനു പോകുന്നത്. 1996-ൽ സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോ

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് ഉപയോഗിക്കാൻ വേണ്ടി 120 റിവോൾവറുകൾ വാങ്ങി. ഓരോന്നിനും അരലക്ഷം രൂപ വീതം വിലയുണ്ട്. ഈ റിവോൾവറുകളെല്ലാം ഇപ്പോൾ തീരുവനന്തപുരം പൊലീസ് ആർമറിയിൽ തുരുമ്പുപിടിച്ചു കിടക്കുകയാണ്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് കാക്കിക്കുപ്പായമുണ്ടെങ്കിലും പോലീസുകാർക്ക് നൽകുന്നതുപോലെയുള്ള യാതൊരു പരിശീലനവും നൽകുന്നില്ല. എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു ട്രെയിനിംഗ് സെന്റർ അനുവദിക്കണം. കഴിഞ്ഞ വർഷം തൃശൂർ ഡിവിഷനിൽ മാത്രം 334 കേസ്സുകൾ രജിസ്റ്റർചെയ്തിട്ടുണ്ട്. സ്പിരിറ്റ് കള്ളക്കടത്തുകാർക്കും അധോലോകസംഘങ്ങൾക്കും അത്യന്താധുനിക വാർത്താവിനിമയ സൗകര്യങ്ങളും ആയുധങ്ങളുമുണ്ട്. ജില്ലയിലെ മുഴുവൻ ചുമതലയുള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ ടെലിഫോണിൽ എസ്.റ്റി.ഡി. സൗകര്യം പോലുമില്ല. കള്ളവാറ്റുകാരുടെ കയ്യിൽ മൊബൈൽ ഫോണുള്ളപ്പോൾ കമ്മീഷണറുടെ കയ്യിൽ ബീഡിയും തീപ്പെട്ടിയും മാത്രമാണുള്ളത്. അരക്കുപ്പി വാറ്റു ചാരായം പിടിക്കാൻ വെമ്പൽ കൊള്ളുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാർ ലോറിക്കണക്കിന് കള്ളക്കടത്ത് സ്പിരിറ്റ് പിടിക്കാൻ കൂട്ടാക്കുന്നില്ല. വലിയമീനിനെ കാണുമ്പോൾ കൊക്ക് കണ്ണടക്കുന്നതുപോലെയാണ്; വമ്പൻസ്രാവുകൾ രക്ഷപ്പെടുകയാണ്. ചാരായനിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് ജില്ലാ-ബ്ലോക്കുതലത്തിലുള്ള കമ്മിറ്റികൾക്കു പുറമേ പഞ്ചായത്ത് തലത്തിലും കമ്മിറ്റികളുണ്ടാക്കണം. ചാരായനിരോധനം നല്ല നിലയിൽ നടപ്പാക്കാൻ സർക്കാർ നീക്കിവച്ചിട്ടുള്ള ലക്ഷക്കണക്കിന് രൂപ ജില്ലകളിൽ ചെലവാക്കാതെ കിടക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കഞ്ചാവ് കൃഷിയുള്ളത് കേരളത്തിലാണ്. ഇത് കണ്ടു പിടിച്ച് നശിപ്പിക്കുന്നതിന് ഹെലിക്കോപ്റ്റർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ എക്സൈസിനും വനംവകുപ്പിനും നൽകണം. അല്ലെങ്കിൽ വീരപ്പനെപ്പോലുള്ള കാട്ടുകള്ളൻമാർ കേരളത്തിലും ഉണ്ടാകും. എക്സൈസ് വകുപ്പിന്റെ ചെക്കുപോസ്റ്റുകളിൽ ജീവനക്കാർക്ക് ഇരിക്കാൻ പോലും സ്ഥലമില്ല. മറ്റു വകുപ്പുകൾക്ക് പ്രത്യേകം ആഫീസുകളും സൗകര്യങ്ങളുമുണ്ട്. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും വിപത്തുകളെക്കുറിച്ച് സ്കൂൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തി പഠിപ്പിക്കണം. ബോധവൽക്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കണം.

[1 P.M.] ഡോ.എം.എ. കുട്ടപ്പൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞങ്ങൾ കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലമായി പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ് മദ്യനിരോധനത്തെ അട്ടിമറിക്കാനുള്ള പരോക്ഷമായ ശ്രമം ഈ സർക്കാരിന്റേയും ഇടതുപക്ഷജനാധിപത്യമുന്നണിയുടേയും ഭാഗത്തുണ്ട് എന്നുള്ളത്. എന്നാൽ ഇപ്പോൾ സർക്കാർ ഇക്കഴിഞ്ഞ ഫെബ്രുവരി 5-ാം തീയതി ഇറക്കിയ ഉത്തരവിൽ വളരെ പ്രകടമായിത്തന്നെ മദ്യ നിരോധനത്തെ അട്ടിമറിക്കാനുള്ള ആദ്യ സംരംഭം തുടങ്ങിയിരിക്കുന്നു. 1996 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ഇവിടെ നടപ്പാക്കിയത് ചാരായം നിരോധനം മാത്രമല്ല; അന്ന് കൊക്കോ ബ്രാണ്ടിയും നിരോധിച്ചു. 1996 ഏപ്രിൽ 1-ാം തീയതി മുതൽ ചാരായവും കൊക്കോ ബ്രാണ്ടിയും നിരോധിച്ചു. അന്ന് നിരോധിച്ച രണ്ടു സാധനങ്ങളിൽ രണ്ടാമത്തെ സാധനമായ കൊക്കോ ബ്രാണ്ടി കഴിഞ്ഞ ഫെബ്രുവരി 5-ാം തീയതി മുതൽ ഉപയോഗിക്കാമെന്ന് പറഞ്ഞ് അങ്ങ് ഉത്തരവിറക്കി. അങ്ങ് ഇറക്കിയ ഉത്തരത്തിൽ പറയുന്നത് (1) Toddy, (2) Indian-made Foreign Liquor, (3) Beer, (4) Wine (5) Foreign Made Foreign Liquor, (6) Coco Brandy എന്നാണ്. എന്താണ് കൊക്കോ ബ്രാണ്ടി? ഇതി

LIBRARY ARCHIVES Kerala Legislative Assembly

നെക്കുറിച്ചൊരു ചോദ്യം വന്നപ്പോൾ അങ്ങ് നിയമസഭയിൽ പറഞ്ഞത് അബ്കാരി ആക്ടിൽ ഫോറിൻലിക്വർ റൂൾസിലെ ഫോറിൻ ലിക്വറിന്റെ നിർവചനത്തിൽ കൊക്കോ ബ്രാണ്ടിയെ വിദേശമദ്യമായിട്ടാണ് കണക്കാക്കിയിട്ടുള്ളത് എന്നാണ്. ഇത് അങ്ങ് പറഞ്ഞതാണ്. സർക്കാർ നയമനുസരിച്ച് ഏപ്രിൽ ഒന്നു മുതൽ ചാരായം മാത്രമേ നിരോധിച്ചിരുന്നുള്ളൂ. ഇത് തെറ്റാണ്. എന്റെ കയ്യിൽ നിയമസഭയിൽത്തന്ന ഉത്തരം ഉണ്ട്. ആന്റണി സർക്കാർ ചാരായം മാത്രമല്ല കൊക്കോ ബ്രാണ്ടിയും നിരോധിച്ചിരുന്നു. 30.3.96-ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് SRO No. 329/96

(b) in Sub-rule (15) the words "arrack" And "or coco brandy" shall be omitted. Then again

(1) in Sub-rule (36) the words "including coco brandy" and "and arrack" used in the first sentence shall be omitted. and finally

(a) the words "ചാരായം, കൊക്കോ ബ്രാണ്ടി ഉൾപ്പെടെയുള്ള" occuring in the first sentence shall be omitted. എന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 1996 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ചാരായത്തോടൊപ്പം കൊക്കോ ബ്രാണ്ടിയും നിരോധിച്ചിരുന്നു എന്ന് ഉത്തരവുണ്ടായിരിക്കെ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ഇറക്കിയ ഉത്തരവിൽ കൊക്കോ ബ്രാണ്ടി ഉപയോഗിക്കാം എന്നാക്കിയിരിക്കുന്നു. അങ്ങ് പറയുന്ന ന്യായീകരണം കൊക്കോ ബ്രാണ്ടി എന്നു പറയുന്നത് ഫോറിൻ ലിക്വറാണെന്നാണ്. ഐ.എം.എഫ്.എൽ. ഉണ്ടാക്കണമെങ്കിൽ അങ്ങേക്കറിയാം Extra Neutral Alcohol വേണം There must be a blending and bottling unit അത് വേണ്ടേ? ഇതൊന്നുമില്ലാതെ കേവലം ചാരായത്തിൽ കളർ ചേർത്ത്, രുചി ചേർത്താൽ കൊക്കോ ബ്രാണ്ടി ആകുമോ? അബ്കാരി നിയമത്തിൽ കൊക്കോ ബ്രാണ്ടിയുടെ നിർവചനം ഞാൻ വായിക്കട്ടെ. അങ്ങ് കേൾക്കണം. "Coco Brandy is nothing but Arrack manufactured from Toddy." ഇത് എവിടെനിന്നെന്നറിയാമോ? എക്സൈസ് മാനുവൽ വാല്യം നമ്പർ 2-ൽ പറയുന്നതാണ്. The arrack so manufatured is coloured and flavoured to resemble brandy and bottled under the name "coco brandy" എന്നു പറഞ്ഞാൽ ചാരായത്തിനകത്ത് നിറം ചേർത്ത് രുചി ചേർത്ത്, കുപ്പിയിലാക്കിയാൽ എന്തായി? കൊക്കോ ബ്രാണ്ടിയായി. നേരെ മറിച്ച് യഥാർത്ഥ ഫോറിൻ ലിക്വറാണെങ്കിൽ ENA വേണം. bottling and blending unit വേണം. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ മദ്യദുരന്തമുണ്ടായി. 9 പേർ മരിച്ചു. പത്ര വാർത്തയാണ്. കേരളകൗമുദിയിൽ വാർത്ത വന്നതാണ്. ഞാനത് വായിക്കാം. 'ദുരന്തം ഇത്രയും വ്യാപകമാകാൻ കാരണം വ്യാജ ചാരയത്തോടൊപ്പം കളർ ചേർത്ത നാടൻ ബ്രാണ്ടിയുടെ വിൽപ്പനയും ഈ ദിവസങ്ങളിൽ പടിഞ്ഞാറെക്കരയിൽ നടന്നു. അവിടെയൊക്കെ കളർ ചേർത്ത് നാടൻ ബ്രാണ്ടിയാണ് വിതരണം ചെയ്തത്. ..... കേസ് അങ്ങോട്ട് പോയ്ക്കഴിയുമ്പോൾ അവർ കോടതിയിൽ പറയും ഞങ്ങൾ കൊടുത്തത് കൊക്കോ ബ്രാണ്ടിയാണ് എന്ന്. നാടൻ ബ്രാണ്ടിയാണെന്നു പറഞ്ഞാൽ അങ്ങ് ഫെബ്രുവരിയിൽ ഇറക്കിയ ഉത്തരവ് വച്ചുകൊണ്ട് ആ പ്രതികളാരും ശിക്ഷിക്കപ്പെടാൻ പോകുന്നില്ല. കേസ്സിൽനിന്ന് ഭംഗിയായി ഊരിക്കൊണ്ടുപോകും. അപ്പോൾ ഫുൾ ബോട്ടിൽ കളർ ചേർത്ത ചാരായ ബ്രാണ്ടിക്ക് 100 രൂപ വിലയാണ്. മറിച്ച് യഥാർത്ഥ ഫോറിൻ ലിക്വറാകട്ടെ, നമുക്കറിയാമല്ലോ. 200 രൂപയിലേറെയാണ് വില. ചാരായ നിരോധനത്തെ തകർക്കാൻ വേണ്ടി, അട്ടിമറിക്കാൻ വേണ്ടി ഇക്കാലമത്രയും പരോക്ഷമായിരുന്നുവെങ്കിൽ ഇപ്പോൾ ഇതാ പ്രത്യക്ഷമായി ഈ ഉത്തരവിലൂടെ അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടംപോലെ കളർ ചേർത്ത ചാരായം കുടിപ്പിക്കാൻ തയ്യാറായിരിക്കുന്നു. ഈ ഉത്തരവിൽ മാത്രമല്ല അത് ഉള്ളത്. ഇതിനകത്ത് അങ്ങ് പറയുന്നത് ഐ. എം.എഫ്.എൽ., എഫ്.എം.എഫ്.എൽ എന്നാണ്. ഫോറിൻ മെയിഡ് ഫോറിൻ ലികർ എന്ന് ഈ ആക്ടിലോ ചട്ടത്തിലോ ഒരു വാക്കില്ല. എന്നിട്ടും അങ്ങ് ഫോറിൻ മെയിഡ് ഫോറിൻ ലികറാക്കിയിരിക്കുന്നു. പാസ്പോർട്ടുള്ള ഒരു വിദേശിക്ക് ഒരു ലിറ്റർ എഫ്.എം.എഫ്.എൽ മാത്രമേ കൊണ്ടുവരാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. അങ്ങനെയാണ് ഇന്ത്യൻ കസ്റ്റംസ് ആക്ടിലെ വ്യവസ്ഥ. ആ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നാലര ലിറ്റർ ഫോറിൻ മെയ്ഡ് ഫോറിൻ ലികർ കൈയിൽ സൂക്ഷിക്കാമെന്ന് അങ്ങ് ഉത്തരവ് ഇറക്കിയിരിക്കുന്നു. ഇന്ത്യൻ കസ്റ്റംസ് ആക്ട് അനുസരിച്ച് ഒരു വിദേശി ഒരു ലിറ്റർ മദ്യം മാത്രമേ കൊണ്ടുവരാവൂയെന്ന് വ്യവസ്ഥയുണ്ടായിരിക്കെ അങ്ങ് ഇറക്കിയ ഈ ഉത്തരവിൽ നാലര ലിറ്റർ എഫ്.എം.എഫ്.എൽ. സൂക്ഷിക്കാമെന്ന് പറഞ്ഞിരിക്കുന്നു. അങ്ങ് ഇറക്കിയ ഈ ഉത്തരവ് ബഹുവിശേഷം തന്നെയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 5-ാം തീയതിക്കുമുമ്പ് നിലവിലുള്ള നിയമമനുസരിച്ച് ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് നാലരലിറ്റർ ആയിരുന്നു. എന്നാൽ 5-ാം തീയതിയിലെ ഉത്തരവോടുകൂടി ഒരാൾക്ക് രണ്ടര ലിറ്റർ കള്ള്, ഒന്നര ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, നാലര ലിറ്റർ ബിയർ, നാലര ലിറ്റർ വിദേശനിർമ്മിത വിദേശമദ്യം ഒന്നര ലിറ്റർ കൊക്കോ ബ്രാണ്ടി ഉൾപ്പടെ 19 ലിറ്റർ മദ്യം സൂക്ഷിക്കാം. 1999 ഫെബ്രുവരി മാസം 5-ാം തീയതി വരെ ജി.ഒ.പി. നമ്പർ 22/99/ടി.ഡി. എസ്.ആർ.ഒ. നമ്പർ 127/99 ഉത്തരവ് പ്രകാരം ഒരു സാധാരണ വ്യക്തിക്ക് 19 ലിറ്റർ മദ്യം വീട്ടിൽ സൂക്ഷിക്കാം. നാല് അംഗങ്ങളുള്ള ഒരു വീട്ടിൽ വേണമെങ്കിൽ 100-ൽ ഏറെ കുപ്പി മദ്യം സൂക്ഷിക്കാം. എന്നുപറഞ്ഞാൽ വേണമെങ്കിൽ ഒരു വീട് ഒരു മിനി ബാർ ആക്കി മാറ്റാൻ കഴിയും. അങ്ങനെയാണ് ആ ഉത്തരവ്. ഈ മരമണ്ടൻ ഉത്തരവ് ഇറക്കിയപ്പോൾ, ശുദ്ധമണ്ടത്തരത്തിലുള്ള ആ ഉത്തരവ് ഇറക്കിയപ്പോൾ അതിൽനിന്നും ഒളിച്ചോടാനായി, ആ ജാള്യത മറച്ചുവയ്ക്കാനായി അങ്ങ് മറ്റൊരു ഉത്തരവ് ഇറക്കി. അതും എന്റെ കൈവശമുണ്ട്. ഈ ഉത്തരവിലെ മണ്ടത്തരം ഒഴിവാക്കാൻവേണ്ടി അങ്ങ് കഴിഞ്ഞ ജൂൺ മാസം 3-ാം തീയതി ഒരു പുതിയ ഉത്തരവ് ഇറക്കി. അങ്ങ് പറയുന്നത്: "Provided that no such person shall have in his possession or transport more than one kind of liquor"എന്നാണ്. ഇത് 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന് പറഞ്ഞതുപോലെയാണ്. അതിൽ കൂടുതൽ മദ്യം സൂക്ഷിച്ചാൽ അയാൾ ജയിലിൽ പോകും, എന്നുപറഞ്ഞാൽ മദ്യപിക്കുന്ന ഒരാളുടെ വീട്ടിൽ അരക്കുപ്പി ബ്രാണ്ടിയും ഒരു കുപ്പി ബീയറും ഫ്രിഡ്ജിൽ സൂക്ഷിച്ചാൽ അയാളെ അറസ്റ്റ് ചെയ്ത് ജയിലിൽ ഇടാം. ജാമ്യമില്ല. അങ്ങ് മാറിമാറി ഇറക്കുന്ന ഈ ഉത്തരവുകൾ കടുത്ത വഞ്ചനയാണ്. എന്നുമാത്രമല്ല, അങ്ങ് സുഖചികിത്സയ്ക്ക് മലബാറിൽ കിടക്കെ, അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഒരു പത്രക്കുറിപ്പ് ഇറക്കി, ആ പത്രക്കുറിപ്പിൽ അങ്ങ് അവകാശപ്പെടുന്നത് നാലര ലിറ്റർ മദ്യം ഒരാൾക്ക് കൈവശം വയ്ക്കാമെന്നുള്ള ഉത്തരവ് ഞാൻ ഒന്നര ലിറ്ററായി കുറച്ചുവെന്നാണ്. യഥാർത്ഥത്തിൽ സംഭവിച്ചത് അതാണോ? അങ്ങ് അല്ലേ മദ്യത്തിന്റെ അളവ് കൂട്ടിയത്? ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് ഒന്നര ലിറ്ററാക്കി നിജപ്പെടുത്തി. എന്നാൽ അങ്ങ് 1998 മാർച്ച് മാസം 5-ാം തീയതി ഉത്തരവ് ഇറക്കി. അതിൽ പറയുന്നത് "As per the existing law, maximum quantity of liquor that can be possessed and transported without permit for personal use is 1.5 litres only" എന്നാണ്. നിലവി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള നിയമപ്രകാരം ഒരു വ്യക്തിക്ക് കൈയിൽ സൂക്ഷിക്കാനും കൊണ്ടുപോകാനും പറ്റുന്ന മദ്യത്തിന്റെ അളവ് പരമാവധി ഒന്നര ലിറ്റർ ആണ്. This is very meagre. ഇത് വളരെ കുറഞ്ഞുപോയി. As a result of this, genuine consumers are put into much hardship. യഥാർത്ഥ കുടിയൻമാർക്ക് വളരെയേറെ ബുദ്ധിമുട്ടുവരുന്നു. Therefore it is proposed to enhance the quantity that can be transported to; 4.5 litres. അങ്ങനെ ഒന്നര ലിറ്റർ കൈവശം വയ്ക്കാനുള്ള ശ്രീ. എ.കെ. ആന്റണിയുടെ ഉത്തരവ് കഷ്ടപ്പെടുന്ന മദ്യപാനികൾക്കുവേണ്ടി നാലര ലിറ്ററാക്കി നിങ്ങൾ വർദ്ധിപ്പിച്ചു. ഇതല്ലേ ഉണ്ടായിരിക്കുന്നത്? ഇത് അങ്ങ് ചെയ്തതാണോ? 'ചൂരുക്കിപ്പറയട്ടെ, കേരളത്തിൽ ഇഷ്ടംപോലെ ആർക്കും എവിടെ വേണമെങ്കിലും ഈ അഞ്ചിനം മദ്യം സൂക്ഷിക്കാം. കൊക്കോ ബ്രാണ്ടിയുടെ പേരിൽ നാളെ ഈ രാജ്യത്ത് മൂഴുവൻ ചാരായത്തിൽ കളർ ചേർത്ത് വിറ്റാൽ നമുക്ക് ആർക്കും അത് തടയാൻ കഴിയുകയില്ല, അത് അറിഞ്ഞുകൊണ്ടാണ് ആന്റണി ഗവൺമെന്റ് കൊക്കോ ബ്രാണ്ടി നിരോധിച്ചത്. 16.6.1996-ന് വെളുപ്പിന് നാലുമണിയോടുകൂടി ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ മൂന്ന് സ്പിരിറ്റ് ലോറികൾ വന്നു. മൂന്ന് സ്പിരിറ്റ് ലോറികളും സെയിൽസ് ടാക്സുകാർ തടഞ്ഞിട്ടു. കൊല്ലം അസിസ്റ്റന്റ് എക്സൈസ് കമ്മിഷണറും ഒരു സർക്കിൾ ഇൻസ്പെക്ടറും വന്നിട്ട് രണ്ട്ലക്ഷം രൂപ കൈക്കൂലി വാങ്ങിക്കൊണ്ട് രണ്ട് ലോറികൾ പറഞ്ഞുവിട്ടതായി പത്രവർത്തയുണ്ട്. ബാക്കി മൂഴുവൻ ഞാൻ വായിക്കുന്നില്ല. ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മിഷണറും ഒരു സർക്കിൾ ഇൻസ്പെക്ടറും സ്പിരിറ്റ് കടത്താൻ വേണ്ടത്ര സഹായം നൽകിയെന്ന് പരാതി പുറത്തുവന്നിട്ടുണ്ട്. രണ്ടു ലക്ഷം രൂപയാണ് ഇതിനായി അവർക്ക് ലഭിച്ചതെന്ന് പറയുന്നു, അങ്ങനെ രണ്ട് സ്പിരിറ്റ് ലോറികൾ പിടിച്ചെടുക്കാതെ പറഞ്ഞുവിട്ട അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ ഇപ്പോൾ അവിടെയുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലമായി ഈ അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർക്ക് എതിരെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. മിസ്റ്റർ കനകരാജൻ ഒട്ടേറെ കേസ്സുകളിൽ പ്രതിയാണ്. കൊല്ലത്ത് വ്യാജമദ്യം ഒഴുക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണക്കാരൻ ഇയാളാണ്. വെറും ഊമക്കത്തിന്റെ പേരിൽ ഒട്ടേറെ ഉദ്യോഗസ്ഥൻമാരെ അങ്ങ് സസ്പെന്റ് ചെയ്തിട്ടുണ്ട്. പക്ഷേ ഇത്രയേറെ തെളിവുള്ള ഒരു ഉദ്യോഗസ്ഥൻ വർഷങ്ങൾ കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്നതിന്റെ ദുരൂഹത എനിക്ക് മനസ്സിലാകുന്നില്ല. ഈ വിധത്തിൽ കിട്ടിയ തുക അയാൾ എവിടെയൊക്കെ പങ്കുവെച്ചുവെന്ന് എനിക്കറിഞ്ഞുകൂടാ, വേലി തന്നെ വിളവ് തിന്നുന്നു. അബ്കാരി ആക്ടിലെ 61-ാം വകുപ്പു പ്രകാരം ഈ എക്സൈസ് ഉദ്യോഗസ്ഥനെതിരെ പ്രോസിക്യൂഷൻ നടപടി വേണം. റൂൾ 3(എ)-യിൽ പറയുന്നത്, ഒരു സ്പിരിറ്റ് ലോറി എൻട്രി ചെക്ക്പോസ്റ്റിൽ വരുമ്പോൾ എക്സൈസ് ഉദ്യോഗസ്ഥൻ പരിശോധിക്കണം; വാഹനത്തിന്റെ ട്രാൻസിറ്റ് പെർമിറ്റ് നോക്കണം, അത് ബോദ്ധ്യപ്പെട്ടാൽ സീൽ വയ്ക്കണം. രണ്ട് എക്സൈസ് ഗാർഡിനെക്കൂട്ടി ലോറി പിന്നേയും പറഞ്ഞുവിടണം എന്നാണ്. എക്സിറ്റ് ചെക്ക്പോസ്റ്റിൽ വരുമ്പോൾ അവിടത്തെ ഓഫീസർക്കാണ് ഉത്തരവാദിത്വം എന്നാണ്. ആ നടപടി പാലിച്ചില്ല. റൂൾ 3(എ)-യിൽ പറയുന്നത് അതാണ്. രണ്ടാമത് 61-ാം വകുപ്പ് പ്രകാരം ഈ ഉദ്യോഗസ്ഥനെ ശിക്ഷയ്ക്ക് വിധേയമാക്കണം. 25,000 രൂപ പിഴയും മൂന്ന് വർഷം കഠിനതടവും ശിക്ഷിക്കാവുന്ന വകുപ്പാണ്. ഈ ആക്ടിൽ പറഞ്ഞിരിക്കുന്ന നിയമത്തെ ലംഘിക്കുവാൻ കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ശിക്ഷ 25,000 രൂപ പിഴയും മൂന്ന് വർഷം തടവുമാണെന്ന് ഈ ആക്ടിൽ പറയുന്നു. അങ്ങേയ്ക്ക് നട്ടെല്ലുണ്ടോ; ധൈര്യമുണ്ടോ. ഇതിന് കൂട്ടുനിന്ന സർക്കിൾ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർക്ക് എതിരായി, അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർക്ക് എതിരായി നടപടിയെടുക്കാൻ? ഈ വർഷം കേരളത്തിൽ 3,31,641 തെങ്ങും 30,700 പനയും 23,603 ചൂണ്ടപ്പനയും ചെത്താൻ കൊടുത്തതായി കണക്കുണ്ട്. യഥാർത്ഥത്തിൽ ഈ കണക്കിലുള്ളതിന്റെ 10 ശതമാനംപോലും ചെയ്യുന്നില്ല. ചെത്ത് കള്ളിനുപകരം കൃത്രിമക്കള്ള് ഉണ്ടാക്കുകയാണ്. അതിനകത്ത് diazepam ചേർക്കണം. Chloral hydrate ചേർക്കണം. Barbiturates ചേർക്കണം. കരുനാഗപ്പള്ളിയിലാണെങ്കിൽ കഞ്ചാവ് കിഴികെട്ടിയിട്ടാണ് കള്ളിന് വീര്യം കൂട്ടുന്നത്. അങ്ങനെ നാടുനീളെ കൃത്രിമ കള്ള് കൊടുത്തുവരികയാണ്. ഇതിനെ സംബന്ധിച്ച് അങ്ങയുടെ പാർട്ടിക്കാരനായ ഒരാൾ ഇറക്കിയ ഒരു പ്രസ്താവന എന്റെ കൈവശമുണ്ട്. പത്മലോചനന്റെ പ്രസ്താവനയാണ് 'ചെത്ത്-മദ്യവ്യവസായ തൊഴിലാളികളുടെ ധർണ്ണ'. ചാരായനിരോധനത്തിന്റെ ഫലമായി കള്ളുചെത്ത് വ്യവസായം മാഫിയ സംഘങ്ങളുടെ പിടിയിലായിയെന്ന് സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി എൻ പത്മലോചനൻ പറഞ്ഞു. മദ്യമുതലാളിമാർ സാമൂഹ്യവിരുദ്ധൻമാരേയും ഗുണ്ടകളേയും ഉപയോഗിച്ച് വ്യാജ ചാരായവും കൃത്രിമ കള്ളും വിറ്റഴിക്കുകയാണ് എന്നും ഇതിനെതിരെ ശക്തമായി സംഘടിക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നുപറഞ്ഞാൽ വ്യാജ ചാരായം കൈകാര്യം ചെയ്യുന്നത് മദ്യ മാഫിയയാണ്; ഗുണ്ടകളാണ്. ചെത്ത് തൊഴിലാളികൾക്ക് പണിയില്ലായെന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ ഷാപ്പിൽ സപ്ലൈ ചെയ്യുന്നത് ചെത്ത് കള്ളല്ല, കൃത്രിമമായി ഉണ്ടാക്കുന്ന വ്യാജ കള്ളും വിഷം ചേർത്ത കള്ളുമാണ്. ഇന്നത്തെ അബ്കാരി കോൺട്രാക്ടർമാർക്ക് മുഴുവൻ ഈ കൃത്രിമ കള്ള് ഉണ്ടാക്കാനറിയാം. അങ്ങയുടെ മന്ത്രിസഭയിലെ എല്ലാ അംഗങ്ങൾക്കും അങ്ങയുടെ അഭിപ്രായമല്ല; ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വം ഇല്ല എന്ന് ഞാൻ ആക്ഷേപിക്കുകയാണ്. ഈ സർക്കാരിന് മദ്യനയത്തിൽ കൂട്ടുത്തരവാദിത്വമില്ല. അങ്ങയുടെ കൂടെ ഭരിക്കുന്ന ഡോ. എ. നീലലോഹിതദാസൻ നാടാർ രണ്ട് ദിവസം മുമ്പ് പ്രസംഗിച്ചത്, സർക്കാർ മദ്യക്കച്ചവടം നടത്തുന്നത് അധാർമ്മികമാണ് എന്നാണ്. അങ്ങ് ചെയ്യുന്നത് അധാർമ്മികമാണെന്ന് ബഹുമാന്യനായ നീലലോഹിതദാസൻ നാടാർ പ്രസ്താവിച്ചിരിക്കുന്നു. അങ്ങയുടെ സർക്കാരിന് കൂട്ടുത്തരവാദിത്വമുണ്ടോ? ജൂൺ 27-ാം തീയതി ഞായറാഴ്ചയിലെ മലയാള മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ്? "സർക്കാർ തന്നെ മദ്യം കച്ചവടം നടത്തുന്നത് മദ്യത്തിനും മയക്കുമരുന്നിനും എതിരായിട്ടുള്ള പ്രചാരണത്തിന്റെ ധാർമ്മികതയില്ലാതാക്കും എന്ന് മന്ത്രി ഡോ. എ. നീലലോഹിതദാസൻ നാടാർ അഭിപ്രായപ്പെട്ടു" എന്നാണ്. അങ്ങയുടെ കൂടെയുള്ള മന്ത്രി പറയുന്നു, സർക്കാർ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ മദ്യം വിൽപ്പന നടത്തിയത് അധാർമ്മികമാണെന്ന്. ഒന്നുകിൽ ആ മന്ത്രിയെ പുറത്താക്കണം, അല്ലെങ്കിൽ ഈ കാര്യം വ്യക്തമാക്കണം. ഈ മന്ത്രിസഭയിലെ അംഗങ്ങൾക്ക് കൂട്ടുത്തരവാദിത്വമില്ല. മദ്യത്തിന് പ്രചാരം നൽകുന്ന പരിപാടികളാണ് രാഷ്ട്രീയ ഭരണകർത്താക്കൾ ചെയ്തുവരുന്നത്. ഇതിനെതിരെ ശക്തമായ പ്രക്ഷോഭം ആവശ്യമാണ്. ആരാണ് പറയുന്നത്? കേരളാ ഗവൺമെന്റിന്റെ മദ്യനയത്തിനെതിരായി ശക്തമായ പ്രക്ഷോഭം വേണമെന്ന് മന്ത്രി ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞിരിക്കുന്നു. എന്തു പറയാനുണ്ട്? നമുക്കാവശ്യം ബോധവൽക്കരണം ആണെന്ന് ഇവിടെ ആരോ പറഞ്ഞല്ലോ. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അങ്ങ് ബോധവൽക്കരണത്തിനായി 25 ലക്ഷം രൂപ വകയിരുത്തി. ഓർമ്മയുണ്ടല്ലോ. പക്ഷെ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ വളരെ ബോധപൂർവ്വം, തന്ത്രപൂർവ്വം ആ 25

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപയും ലാപ്സാക്കുകയാണ് ചെയ്തത്. ഡോ. എ. നീലലോഹിതദാസൻ നാടാർക്ക് ബോധമുണ്ടായി. ഇതിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട 25 ലക്ഷം രൂപ അങ്ങ് ലാപ്സാക്കി. ഈ വർഷത്തെ ബഡ്ജറ്റിൽ 10 പൈസ പോലും ഇല്ല. മദ്യ നിർമ്മാർജ്ജനമാണെന്ന് പറയുന്നു. സത്യത്തിൽ അങ്ങനെ നിർമ്മാർജ്ജനം വേണമെങ്കിൽ ജനങ്ങളെ ബോധവൽക്കരിക്കണം. അതിനുവേണ്ടി അങ്ങ് 10 പൈസപോലും മുടക്കാൻ തയ്യാറില്ല, എന്നുമാത്രമല്ല കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സ്ഥലങ്ങളിൽ ചാരായവും ചാരയത്തിൽ നിറം ചേർത്ത് കൊക്കോ ബ്രാണ്ടിയും കുടിപ്പിച്ച് ആളുകളെ കൊല്ലാൻ ശ്രമിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ടി.കെ. നൗഷാദ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ശ്രീമാൻ ടി.എം. ജേക്കബും ഡോ. എം.എ. കുട്ടപ്പനുമെല്ലാം സംസാരിച്ചു കഴിഞ്ഞപ്പോൾ ധനകാര്യ-എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. ടി. ശിവദാസമേനോന്റെ തിളക്കം വർദ്ധിച്ചിരിക്കുകയാണ്; യാതൊരു സംശയവുമില്ല. ഇവിടെ ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞത്, കൊക്കോ ബ്രാണ്ടിയെ നിരോധിച്ചു എന്നാണ്. "അഞ്ജനമെന്നത് ഞാനറിയും; മഞ്ഞൾപോലെ വെളുത്തിരിക്കും" എന്നു പറഞ്ഞതുപോലെയാണ്. ഒരു കാര്യം, അതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് പറയാൻ. കൊക്കോ ബ്രാണ്ടി എന്നത് തേങ്ങയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന ഒരു സാധനമാണ്. എന്നാൽ ഇന്ത്യൻ മെയ്ഡ് ഫോറിൻ ലിക്വർ എന്നത് ചാരായം ഡിസ്റ്റിൽ ചെയ്തിട്ട് എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോളിൽനിന്നും ഉണ്ടാക്കുന്നതാണ് എന്നാണ് നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്. അങ്ങനെയിരിക്കെ കൊക്കോ ബ്രാണ്ടിയെ ഫോറിൻ ലിക്വറായി ഉൾപ്പെടുത്തിയിട്ടുള്ളത് നിങ്ങളുടെ കാലത്താണ്. ശ്രീമാൻ എ.കെ. ആന്റണിയുടെ കാലത്ത് ഫോറിൻ ലിക്വർ റൂൾസിൽ ഈ കൊക്കോ ബ്രാണ്ടിയെ ഉൾപ്പെടുത്തിയതു കൊണ്ടാണ് അത് ആ രൂപത്തിൽ വന്നത്. കൊക്കോ ബ്രാണ്ടി യഥാർത്ഥത്തിൽ കേരളത്തിന്റെ നാളികേരത്തിൽനിന്നും ഉണ്ടാക്കുന്ന ഒരു ഉൽപ്പന്നമാണ്. അതു മനസ്സിലാക്കണം. അതായത് ഇത്തരത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങളുമായി ഈ സർക്കാരിനെതിരെ എന്തെങ്കിലും പറയുക എന്നുള്ളത് കഴിഞ്ഞ കുറച്ചുകാലമായി നിങ്ങൾ അനുവർത്തിക്കുന്ന നയമാണ്. എന്തായിരുന്നു കഴിഞ്ഞ അസംബ്ലി? ശ്രീമാൻ ടി.എം. ജേക്കബും ഡോ. എം.എ. കുട്ടപ്പനും ഉൾപ്പെടെയുള്ള ആളുകൾ ഉറഞ്ഞുതുള്ളിയത് അഴിമതി ആരോപണങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടാണ്; കോടികളുടെ അഴിമതി ആരോപണങ്ങൾ. അതുപോലെ തന്നെ പത്ര പ്രസ്താവനകൾ, ഞങ്ങൾ സമര കൊടുങ്കാറ്റ് ആരംഭിക്കും എന്നുള്ള രൂപത്തിലുള്ള പ്രസ്താവനകൾ. എവിടെപ്പോയി ഇതെല്ലാം? അസംബ്ലിയിൽ എക്സൈസ് ചർച്ചയിൽ ശ്രീമാൻ ടി.എം. ജേക്കബ് ഒരു വാക്ക് ഇതിനെക്കുറിച്ച് ഉന്നയിച്ചിട്ടില്ല. ചില രേഖകൾ ഇവിടെ കൊണ്ടുവന്ന് അതേക്കുറിച്ച് പറഞ്ഞു. അമൃതാ ഡിസ്റ്റിലറീസ് 2 കോടി രൂപ അവരുടെ വിനോദത്തിനു വേണ്ടി കേരളത്തിന് നീക്കിവച്ചിരിക്കുന്നു. ഈ രൂപത്തിൽ ആരോപണം ഉന്നയിച്ച പ്രതിപക്ഷത്തിലെ ആളുകളുടെ നാവിന് എന്തുപറ്റി? എന്താണ് അവരുടെ നാവിനു പറ്റിയത്? ആ അഴിമതി ആരോപണങ്ങളെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ, അവ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞു. ഇവിടെ പല സമര കോലാഹലങ്ങളും സമര കൊടുങ്കാറ്റുകളും പ്രഖ്യാപിക്കപ്പെട്ടു. ഈ സമരത്തിന് ഇന്ന് ആരെയെങ്കിലും കിട്ടാറുണ്ടോ? മദ്യത്തിന്റെ പേരിൽ അനാവശ്യമായ കാര്യങ്ങൾ ഉന്നയിച്ച്, അടിസ്ഥാനമില്ലാത്ത ആരോപ

LIBRARY ARCHIVES Kerala Legislative Assembly

ണങ്ങൾ ഉന്നയിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കളങ്കപ്പെടുത്തുക എന്നുള്ള താൽപ്പര്യം മാത്രമാണ് നിങ്ങൾക്കുള്ളത്. എന്നാൽ ഈ രൂപത്തിലുള്ള എല്ലാ ആരോപണങ്ങളേയും തള്ളിക്കളഞ്ഞുകൊണ്ട്, കൂടുതൽ ജനപിന്തുണയോടുകൂടി ഈ ഗവൺമെന്റ് ഭരിക്കും. ഈ വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും ഞങ്ങളുടെ ജനപിന്തുണ തെളിയിക്കും എന്നുള്ളത് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത രൂപത്തിൽ വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ചാരായ നിരോധനത്തിന്റെ കാര്യം പറയാം. ചാരായ നിരോധനം 1996 ഏപ്രിൽ മാസം 1-ാം തീയതി ഇവിടെ പ്രഖ്യാപിച്ചു. ചാരായ നിരോധനത്തിന്റെ ഭാഗമായി സംഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച ഒരു പഠനവും നടത്തിയില്ല. തെരഞ്ഞെടുപ്പ് മാത്രം ലക്ഷ്യമാക്കിയാണ് ചാരായ നിരോധനം പ്രഖ്യാപിച്ചത്. പക്ഷെ ജനങ്ങൾ വഴങ്ങിയില്ല. ഈ കപടത ഐക്യജനാധിപത്യ മുന്നണിയുടെ ജനവിരുദ്ധമായ നയങ്ങളിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വിജയിപ്പിച്ചത്. പക്ഷെ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്ന സഖാവ് ടി. ശിവദാസമേനോൻ കഴിഞ്ഞ 3 വർഷക്കാലമായി ഈ കാര്യങ്ങളിൽ കഴിയാവുന്ന എല്ലാം ചെയ്തിട്ടുണ്ട്. പൂർണ്ണമായി എന്ന് ഞങ്ങൾ പറയുന്നില്ല. ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം, അതുമൂലം തൊഴിൽ നഷ്ടപ്പെട്ട ആളുകളുടെ കാര്യം, അവർക്ക് കൃത്യമായി നഷ്ടപരിഹാരം നൽകുക തുടങ്ങി എല്ലാ നടപടികളും സ്വീകരിച്ചു. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, ഇവിടെ പറഞ്ഞു ഐ.എം.എഫ്.എൽ., അതിന്റെ വരവ് തടയുന്നതിനുവേണ്ടി, മോശപ്പെട്ട സാധനത്തിന്റെ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് തടയുന്നതിനുവേണ്ടി, അതുപോലെ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട കൃത്യമായ നികുതി ലഭിക്കുന്നതിനുവേണ്ടി, ഈ രൂപത്തിൽ ഒട്ടനവധി കാര്യങ്ങൾ ചെയ്യുന്നതിനാണ് കേരള സംസ്ഥാനത്ത് ആവശ്യമായ രൂപത്തിലുള്ള ഒന്നുരണ്ടു ഡിസ്റ്റിലറീസ് തുടങ്ങാൻ തീരുമാനിച്ചത്. കേരളത്തിൽ പെർമിറ്റ് ഉപയോഗിച്ചുകൊണ്ട് ഒന്നും രണ്ടും തവണ സാധനങ്ങൾ കടത്തിക്കൊണ്ടുവന്ന് സെക്കന്റ്സ് വിൽപ്പന നിയന്ത്രിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ അനുമതിയോടുകൂടി എല്ലാ ന്യായമായ കാര്യങ്ങളും നടപ്പിലാക്കി. ഒരു മന്ത്രിയല്ല തീരുമാനിച്ചത്. ആ രൂപത്തിൽ അത് ഇവിടെ അനുവദിച്ചപ്പോൾ അതിനെതിരെ പല ആരോപണങ്ങളും വന്നു. ഒന്നും ഏശിയില്ലല്ലോ. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത ജനങ്ങളോടാണ്. ആ രൂപത്തിൽ ഇന്ന് ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളും. ഇവിടെ കള്ളിന്റെ കാര്യവും സൂചിപ്പിച്ചു. അതിനെല്ലാം ഈ സർക്കാർ കൃത്യമായ നടപടികൾ സ്വീകരിച്ചു. എക്സൈസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒട്ടനവധി അപാകതകൾ ഇന്നും നിലനിൽക്കുന്നുണ്ട്. മതിയായ ജീവനക്കാരുടെ അപര്യാപ്തതയുണ്ട്. അതുപോലെ കെട്ടിടങ്ങൾ, ഓഫീസുകൾ, വാഹനങ്ങൾ തുടങ്ങി പല കാര്യങ്ങളുമുണ്ട്. അതിലെല്ലാം ഉള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് കേരളത്തിൽ ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കും. അതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഈ ഗവൺമെന്റ് പരിഹരിക്കും എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. മറ്റൊന്ന്, കേരളത്തിലെ ധനകാര്യ മാനേജുമെന്റിനെ സംബന്ധിച്ച് ആരോപണം ഉന്നയിക്കാനോ അതുസംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാണിക്കാനോ ഇവിടെ ആരും ഉണ്ടായില്ല. ഒരു കാര്യം മാത്രമാണ് ഇവിടെ സൂചിപ്പിച്ചത്. സെയിൽസ് ടാക്സ് കുറഞ്ഞു, വരവ് കുറഞ്ഞു എന്ന്. വിൽപ്പന നികുതിയുടെ കാര്യത്തിലും കാർഷികാദായ നികുതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിലും ഭൂനികുതിയുടെ കാര്യത്തിലും ചെറിയ കുറവുണ്ടായിട്ടുണ്ട്. ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. കേരളത്തിൽ 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ 3 വർഷങ്ങളിൽ 4 ബഡ്ജറ്റുകൾ അവതരിപ്പിച്ചു. ഈ ബഡ്ജറ്റുകളിൽ കേരളത്തിലെ പാവപ്പെട്ടവന്റെ പേരിൽ ഒരു നയാപൈസയുടെ നികുതി ചുമത്തിയിട്ടില്ല. എന്നുമാത്രമല്ല, ഈ 4 ബഡ്ജറ്റുകളും കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട്, അടിസ്ഥാനമേഖലകളെ പുഷ്ടിപ്പെടുത്തിക്കൊണ്ട് ഐശ്വര്യസമ്പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള, വികസനോൻമുഖമായ നിർദ്ദേശങ്ങളാണ് വച്ചിട്ടുള്ളത്. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കുടിശ്ശിക വച്ച 1100 കോടി രൂപയുടെ കാര്യം ഇവിടെ പലരും സൂചിപ്പിച്ചു. കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തില്ല, പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള സംഖ്യ നൽകിയില്ല, തൊഴിലില്ലായ്മ വേതനം നൽകിയില്ല, അങ്ങനെ ഒന്നും നൽകാതെ കുടിശ്ശികയാക്കിവച്ചു. 1100 കോടി രൂപ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുത്തുതീർത്തു. അതുമാത്രമല്ല നികുതിയുടെ കാര്യത്തിൽ ചെറിയ കുറവ് ഉണ്ടായിട്ടുപോലും കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒട്ടനവധി നടപടികൾക്ക് തുടക്കം കുറിക്കുന്നതിന് ഈ ഗവൺമെന്റിനു കഴിഞ്ഞു. കർഷക തൊഴിലാളി പെൻഷൻ 100 രൂപയാക്കി വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മ വേതനം 100 രൂപയാക്കി വർദ്ധിപ്പിച്ചു. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ ഇങ്ങനെ ഒട്ടനവധി കാര്യങ്ങളിൽ വർദ്ധനവുണ്ടായി. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സർക്കാർ ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പള പരിഷ്കരണം നടപ്പിലാക്കി. മറ്റൊന്ന്, നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നകാര്യം, കഴിഞ്ഞ മന്ത്രിസഭയിലെടുത്ത തിരുമാനം. കേരളത്തിൽ സർക്കാർ സർവ്വീസിൽ ഒരു ദിവസം സേവനം അനുഷ്ഠിച്ചാൽപ്പോലും അവർക്ക് പെൻഷൻ നൽകുന്നതിനുള്ള ധീരമായ നടപടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൈക്കൊണ്ടു. അതുപോലെ പൊതുകമ്പോളത്തിൽ ഇടപെട്ടുകൊണ്ട് വിലകുറയ്ക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗ്രാന്റ് കൊടുത്തു. അങ്ങനെ ഒട്ടനവധി കാര്യങ്ങൾ. പൈസ വരുന്നില്ലായെന്നുപറഞ്ഞുകൊണ്ട് സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾക്ക് ഒരു മുടക്കവും വരുത്താൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1996-97-ൽ 750 കോടി രൂപയും 1997-98-ൽ 950 കോടി രൂപയും 1999-2000-ൽ 1,025 കോടി രൂപയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകിക്കഴിഞ്ഞു. ആ രൂപത്തിൽ കേരളത്തെ ഐശ്വര്യസമ്പൂർണ്ണമായ കേരളമാക്കി കെട്ടിപ്പടുക്കുന്നതിനുവേണ്ടി അനവധി നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. അതേ സമയം നികുതി കാര്യങ്ങളിൽ വന്നകുറവ് നമുക്കെല്ലാവർക്കുമറിയാം. ഇന്ത്യാ രാജ്യത്താകമാനം ഉണ്ടായിട്ടുള്ള സാമ്പത്തിക മാന്ദ്യം കേരളത്തേയും ബാധിച്ചിട്ടുണ്ട്. അതിൽനിന്നും ആർക്കും പിൻമാറാൻ കഴിയുകയില്ല. കേരളത്തിൽ മാത്രമല്ല രാജ്യത്താകമാനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യവസായ മാന്ദ്യവും സാമ്പത്തിക മാന്ദ്യവും നിലനിന്നിട്ടുപോലും കേരളത്തിൽ റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് ഇന്ത്യയിലാകെ മാന്ദ്യമുണ്ടായപ്പോൾ മൊത്തം ടാക്സ് കളക്ഷന്റെ കാര്യത്തിലും പെർക്യാപ്പിറ്റ കളക്ഷന്റെ കാര്യത്തിലും കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നല്ല നിലയിലാണ്. പല സ്ഥാപനങ്ങളും പലതരം സമ്മാനപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ടാണ് കച്ചവടം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ കാര്യം. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിൽപ്പനയിൽ നിന്ന് നമുക്ക് വിൽപ്പന നികുതി ലഭിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിൽപ്പന കുറഞ്ഞതുകൊണ്ട് കേരളത്തിന്റെ വിൽപ്പന നികുതിയിൽ കുറവുവന്നിട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ സിമെന്റ് വിൽപ്പന കൊണ്ടുമാത്രം 36 കോടി രൂപയുടെ അധികനികുതിയാണ് നമുക്ക് ലഭിക്കേണ്ടിയിരുന്നത്. എന്നാൽ സിമെന്റ് വിൽപ്പനയിലുണ്ടായ കുറവു മൂലം 36 കോടി രൂപയുടെ നികുതിയിൽ കുറവുവന്നിട്ടുണ്ട്. അതുപോലെ കമ്പനിയുടെ വിൽപ്പനയിൽ എട്ടരക്കോടി രൂപയുടേയും ന്യൂസ് പ്രിന്റിന്റെ വിൽപ്പനയുടെ ഭാഗമായി 3 കോടി രൂപയുടേയും കുറവുവന്നിട്ടുണ്ട്. ഈ രൂപത്തിൽ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിൽപ്പന കുറഞ്ഞതുകൊണ്ട് വിൽപ്പനനികുതിയിൽ കുറവുവന്നിട്ടുണ്ട്. കാർഷികാദായ നികുതിയുടെ കാര്യത്തിലും കാര്യമായ കുറവുവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും നടപ്പിലാക്കിയതിന്റെ ഭാഗമായി കേരളത്തിന്റെ കാർഷികമേഖലയാകെത്തന്നെ തകർത്തു. ആ ഉത്തരവാദിത്വത്തിൽനിന്നും നിങ്ങൾക്ക് പിൻമാറാൻ കഴിയുകയില്ല. അതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ കാർഷികാദായ നികുതിയിൽ ചെറിയ കുറവ് വന്നിട്ടുള്ളത്. അതുപോലെതന്നെ സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷന്റെ കാര്യത്തിലും ചെറിയ കുറവ് വന്നിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂമി സംബന്ധമായ രജിസ്ട്രേഷനിൽ വലിയ ഒരു കുറവും വന്നിട്ടുണ്ട്. വിൽപ്പന നികുതിയിലും കാർഷികാദായ നികുതിയിലും, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷനിലും ചെറിയ കുറവുവന്നു. ഇന്ത്യയിലാകമാനം ഉണ്ടായിട്ടുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെറിയ മുന്നേറ്റമുണ്ടാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ രൂപത്തിലുള്ള മാന്ദ്യങ്ങളെല്ലാം നിൽക്കുമ്പോഴും, നികുതി നിരക്കുകളിൽ ചെറിയ കുറവുണ്ടായിട്ടുപോലും കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല. 1991 മുതൽ 1996 വരെ കേരളം ഭരിച്ച ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒട്ടനവധി വാഗ്ദാനങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് നൽകിയിരുന്നു. തങ്ങൾ അധികാരത്തിൽ വന്നാൽ കർഷകത്തൊഴിലാളി പെൻഷൻ 100 രൂപയാക്കും, തൊഴിലില്ലായ്മവേതനം 100 രൂപയാക്കും. ആയിരം കോടി രൂപയുടെ തൊഴിൽദാന പദ്ധതി നടപ്പിലാക്കും എന്നൊക്കെ കേരളത്തിലെ ജനങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നു. എന്നാൽ 1991 മുതൽ 1996 വരെ 5 വർഷക്കാലം കേരളം ഭരിച്ച ഐക്യജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഇതിൽ ഒരു നയാപൈസയുടെ വർദ്ധനവുപോലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇത്രയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് കഴിയാവുന്നിടത്തോളം ആശ്വാസം നൽകി, കൂടുതൽ ജനപിന്തുണയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്നു എന്നതുകൊണ്ട് എതിർക്കുന്നതല്ല. ഈ സംസ്ഥാനം മദ്യത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ എക്സൈസ് വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നത് വളരെ വലിയ ദൈവകോപംകൂടിയുണ്ടാക്കുന്ന നടപടിയായിരിക്കും എന്ന്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ വിശ്വാസി എന്നിൽ മന്ത്രിക്കുന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ആദ്യമായി കൊക്കോ നാളികേരാധിഷ്ഠിത ഉൽപ്പന്നം ആണെന്ന് കണ്ടുപിടിച്ച എന്റെ യുവസ്നേഹിതൻ ശ്രീ. നൗഷാദിന്റെ മഹാപാണ്ഡിത്യത്തിന്റെ മുമ്പിൽ ഞാൻ നമോവാകം അർപ്പിക്കുകയാണ്. ശ്രീ. നൗഷാദിന്റേയും മറ്റും പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം മനസ്സിലായി. നിങ്ങൾ ഒരു സാധാരണ എൽ.ഡി.എഫ്. അല്ല നിങ്ങൾ ഒരു അസാധാരണ ലിക്കർ ഡവലപ്മെന്റ് ഫ്രണ്ടാണ്. ആ സ്വഭാവത്തിലാണ് നിങ്ങൾ കാര്യങ്ങളെ കാണുന്നത്. നിങ്ങൾക്ക് അത്രയധികം സ്തുതികീർത്തനമൊക്കെ മദ്യത്തെക്കുറിച്ച് പറയാൻ എങ്ങനെ മനസ്സുവന്നുവെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. ഇവിടെ പല കാര്യങ്ങളും സൂചിപ്പിച്ചു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ എത്രയോ ഇരട്ടി സംഖ്യയ്ക്കാണ് ഇവിടെനിന്നും മദ്യഷാപ്പുകൾ വേലം പോകുന്നത്. നിങ്ങളുടെ കണക്ക് എനിക്ക്, മനസ്സിലാകുന്നില്ല. എറണാകുളം റേഞ്ചിൽ കഴിഞ്ഞ പ്രാവശ്യം ആദ്യത്തെ ഏഴു റേഞ്ചുകൾ വേലം ചെയ്ത പ്പോൾ 90 ശതമാനം വർദ്ധനവാണുണ്ടായത്. 1.16 കോടി രൂപ 2.22 കോടി രൂപയായി വർദ്ധിച്ചു. രണ്ടാം ദിവസം 5 റേഞ്ച് വേലം ചെയ്തപ്പോൾ 1.62 കോടി രൂപ എന്നുള്ളത് 3.12 കോടി രൂപയായി. എന്തിനാണ് ഇത്ര വലിയ വേലത്തിനു പോകുന്നത്? അത് മനസ്സിലാക്കാനുള്ള ബുദ്ധി നിങ്ങൾക്കില്ലാത്തതു കൊണ്ടല്ലല്ലോ? നിങ്ങൾക്കറിയാം ഇവിടെ മദ്യത്തിന്റെ കള്ളക്കച്ചവടം നടത്താൻ വേണ്ടിയാണെന്ന്. പച്ചമലയാളത്തിൽ അറിയാവുന്ന കാര്യം നിങ്ങൾ എന്തിനാണ് നിഷേധിക്കുന്നത്? എന്തിനാണ് മനസ്സാക്ഷിക്ക് നൊമ്പരമുണ്ടാക്കുന്ന കാര്യങ്ങൾ പറയുന്നത്? മദ്യമുതലാളിമാർ തടിച്ചുകൊഴുക്കുന്നുവെന്ന് ഇവിടെ ആരോ പറഞ്ഞപ്പോൾ നിങ്ങൾ ധാർമ്മികരോഷം കൊണ്ടില്ലേ? 7,740 കോടി രൂപയാണ് മദ്യത്തിൽനിന്നുള്ള വരുമാനം. അതിൽ ടാക്സിനത്തിൽ കിട്ടുന്നത് 450 കോടി രൂപ. ബാക്കി പോകുന്നത് ഇവിടുത്തെ മദ്യമുതലാളിമാർ തടിച്ചുകൊഴുക്കാൻവേണ്ടിയാണ്. ഇവിടെ ഭരണകൂടവും മദ്യലോബിയും ഉദ്യോഗസ്ഥൻമാരും ഉണ്ടാക്കുന്ന കുടക്കീഴിൽ നിന്നുകൊണ്ട് ഈ മേഖല തഴച്ചുവളരുകയാണ് എന്ന വസ്തുത നിഷേധിക്കാൻ നിങ്ങളെക്കൊണ്ടാവില്ല. നിങ്ങൾ എന്തു ജോലിയാണ് ഇപ്പോൾ ചെയ്യുന്നത്? നിങ്ങൾ മദ്യം എന്ന പേരിൽ വിഷം വിറ്റ് കാശാക്കുകയാണ്. ഈ സംസ്ഥാനത്തെ സ്ഥിതിഗതികൾ ആലോചിക്കുന്ന സമയത്ത് ഞാൻ ചോദിക്കട്ടെ, എന്തൊക്കെയാണ് ഇവിടെ നടക്കുന്നത് എന്നതിനെക്കുറിച്ച് വല്ല ബോധവും നിങ്ങൾക്കുണ്ടോ? ക്ലോറൈഡ്, ഹൈഡ്രേറ്റ്, അമോണിയം തുടങ്ങിയ വിഷദ്രാവകങ്ങൾ നിരോധിക്കപ്പെട്ട വയാണ്. കിക്ക് കൂട്ടുവാൻ ഇവയൊക്കെ ചേർത്തിട്ടാണ് മദ്യം കൊടുക്കുന്നത്. നിങ്ങൾക്ക് അമ്മമാരും, പെങ്ങൾമാരും, അനുജൻമാരുമില്ലേ. നിങ്ങൾക്ക് മക്കളില്ലേ? നിരോധിക്കപ്പെട്ട ഈ വിഷദ്രാവകങ്ങൾ കിക്കു കൂട്ടുന്നതിനുവണ്ടിയാണ് മദ്യത്തിൽ ചേർത്ത് കൊടുക്കുന്നത്. ഈ വിഷദ്രാവകത്തിന്റെ ഫലമായി ജീവിതത്തിൽനിന്നുതന്നെ പുതിയ തലമുറയിൽപ്പെട്ട പലരും കിക്കൗട്ടാവുകയാണ്. ഫിനോബാർബിറ്റോൺ തുടങ്ങിയ മരുന്നുകൾ മയക്കിക്കിടത്തുകയാണ് ചെയ്യുന്നത്. ഈ വിധത്തിലുള്ള സാധനങ്ങൾ നിങ്ങൾ കലക്കിവിൽക്കുമ്പോൾ, ഞങ്ങൾ അത് പറയുമ്പോൾ നിങ്ങൾ എന്തിനാണ് തർക്കിക്കുന്നത്? നിങ്ങൾക്ക് മനസാക്ഷി എന്നൊരു സംഗതിയുണ്ടോ? ഉണ്ടെങ്കിൽ ഇവിടെ നടക്കുന്നതിനെക്കുറിച്ച് എന്തുകൊണ്ട് നിങ്ങൾക്ക് വേദന ഉണ്ടാകുന്നില്ല? നിയമത്തെപ്പറ്റി ഡോ. എം.എ. കുട്ടപ്പൻ ഇവിടെ പറഞ്ഞു. എത്ര ഉത്തരവാണ് നിങ്ങൾ ഇറക്കുന്നത്? ശ്രീ. ടി.കെ. നൗഷാദ് ഇവിടെ പറഞ്ഞു ഉത്തരവിന്റെ വ്യാഖ്യാനം ഞങ്ങൾക്ക് മനസ്സിലാകാത്തത് എന്താണെന്ന്. ഉത്തരവു

LIBRARY ARCHIVES Kerala Legislative Assembly

കൾ നിങ്ങൾ പലതും ഇറക്കുന്നുണ്ട്. പക്ഷെ ഇറക്കിയ ഉത്തരവിന്റെ ഒക്കെ സുഖം എന്താണെന്ന് അറിയാമോ? എന്തായിരുന്നാലും മദ്യക്കച്ചവടം നിങ്ങൾ വിചാരിക്കുന്നതുപോലെ നടപ്പാക്കണം. പണ്ട് ഒരു കൂട്ടർ തീരുമാനിച്ചു പള്ളി പൊളിച്ചിട്ട് ഒരു പുതിയ പള്ളി ഉണ്ടാക്കണമെന്ന്. കൂടിയാലോചിച്ചു. പള്ളി എങ്ങനെ ഉണ്ടാക്കുമെന്ന് ആലോചിച്ചപ്പോൾ ആദ്യത്തെ കണ്ടീഷൻ പള്ളി പുതുക്കിയുണ്ടാക്കണം എന്ന്. രണ്ടാമത്തെ കണ്ടീഷൻ പഴയ പള്ളിയുടെ സ്ഥാനത്ത് തന്നെ പുതിയ പള്ളി ഉണ്ടാക്കണം എന്ന്. നല്ല കാര്യം. മൂന്നാമത്തെ കണ്ടീഷൻ പഴയ പള്ളിയുടെ സാധനങ്ങൾ പരമാവധി ഉപയോഗിച്ച് പുതിയ പള്ളി ഉണ്ടാക്കണം. നാലാമത്തെ കണ്ടീഷൻ പുതിയ പള്ളി ഉണ്ടാക്കിയതിനുശേഷമേ പഴയ പള്ളി പൊളിക്കുവാൻ പറ്റൂ. ആ സ്വഭാവത്തിലാണ് നിങ്ങൾ നിൽക്കുന്നത്. ഉത്തരവ് പലതുമുണ്ട്. പക്ഷേ അവസാനം എന്താണ് പരിപാടി? ഈ കച്ചവടം നടപ്പാക്കണം. അതനുസരിച്ച് നിങ്ങൾ ഉത്തരവ് മാറ്റി മാറ്റി ഉണ്ടാക്കുന്നു. ഡോ. എം.എ. കുട്ടപ്പൻ ഇവിടെ കണക്ക് പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. നിയമം മാത്രമല്ല. മാതൃഭൂമി പത്രത്തിൽ എല്ലാം മലയാളത്തിൽ കൊടുത്തിട്ടുണ്ടല്ലോ. അബ്കാരി നിയമം മാറ്റി, 19 കുപ്പി മദ്യം സൂക്ഷിക്കുവാൻ പറ്റുന്ന വിധത്തിൽ ഉത്തരവ്മാറ്റി. ഉത്തരവ് മാറ്റിയാൽ എന്താണ് ഇവിടെ സംഭവിക്കുവാൻ പോകുന്നത്? ഇവിടെ സംഭവിക്കുവാൻ പോകുന്നത്, ഓരോ വീടും ഓരോ ബാറാകുന്ന വിധത്തിലാണ് അതിന്റെ ഫലം വരുന്നത്. പിന്നെ റെയ്ഡ് ചെയ്യുന്നുവെന്ന് പറഞ്ഞു. റെയ്ഡ് ചെയ്യുന്നുണ്ട്. മിടുക്കൻമാരാണ് എക്സൈസ് ഉദ്യോഗസ്ഥൻമാർ. റെയ്ഡിന്റെ ഫലം എന്താണെന്ന് ഇവിടെ സൂചിപ്പിച്ചു. റെയ്ഡ് നടക്കുന്നുണ്ട്. പക്ഷേ നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് ഒരു സിദ്ധിയുണ്ട്. രാമർ എന്നുപറയുന്ന ഒരാൾ പച്ചിലയിൽനിന്നും പെട്രോൾ ഉണ്ടാക്കാമെന്ന് പറഞ്ഞപ്പോൾ, അയാളുടെമേൽ ക്ഷോഭമുണ്ടായി അയാളെപ്പിടിച്ച് തല്ലി. അസംബന്ധമാണ് പറയുന്നത്, വിവരക്കേടാണ് പറയുന്നതെന്ന് പറഞ്ഞു. പക്ഷേ ഏത് പട്ടച്ചാരായം പിടിച്ചാലും 10 മിനിട്ടിനുള്ളിൽ അത് പച്ചവെള്ളമാക്കാനുള്ള വിദ്യ അഭ്യസിച്ചവരാണ് നമ്മുടെ എക്സൈസ് ഉദ്യോഗസ്ഥൻമാർ. അവരാണ് റെയ്ഡിന് പോകുന്നത്. അവർ എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്? എത്ര ശിക്ഷണ നടപടികൾ അവർക്ക് സ്വീകരിക്കുവാൻ കഴിഞ്ഞു? ഇത് വളരെയധികം അപകടകരമായ അവസ്ഥയിലേയ്ക്ക് പോകുകയാണ്. ഞാൻ ബഹുമാനപ്പെട്ട ടി. ശിവദാസമേനോനോട് പറയട്ടെ, നിങ്ങൾ ഖജനാവ് നിറയ്ക്കുവാൻ വേണ്ടി, ഖജനാവിന്റെ കമ്മി നികത്തുവാൻവേണ്ടി വിഷം ഉണ്ടാക്കി വിൽക്കുന്ന വ്യവസായത്തിന് പ്രോത്സാഹനം നൽകുകയാണ്. ഇന്ത്യയിലെ ഏറ്റവും സംസ്കാര സമ്പന്നമായ ഈ സംസ്ഥാനത്തിന്റെ സിരകളിൽ നിങ്ങൾ വിഷം കുത്തിവയ്ക്കുകയാണ്. ഈ രാജ്യത്ത് എന്റേയും നിങ്ങളുടേയും കുഞ്ഞുങ്ങൾക്ക് മയങ്ങി ഉറങ്ങുവാൻ പറ്റുന്ന വിധത്തിൽ നിങ്ങൾ പായ് വിരിച്ചുകൊടുക്കുകയാണ്. നിങ്ങൾ ഈ അപരാധത്തിൽനിന്ന് പിന്തിരിയേണ്ടതാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അഞ്ചൽ, ഫോർട്ട് കൊച്ചി, കുട്ടനാട്, കോട്ടയം എന്നിവിടങ്ങളിലെ അലമുറയിടുന്ന അമ്മമാരുടെ ദുഃഖം മനസ്സിലാക്കുവാൻ നിങ്ങൾക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല? ശ്രീ. ടി. ശിവദാസമേനോനെ ബഹുമാനിക്കുന്ന ആളാണ് ഞാൻ. കാരണം കുട്ടികളെ അക്ഷരം പഠിപ്പിച്ച് നന്മ ചെയ്ത് രാഷ്ട്രീയത്തിലേയ്ക്ക് വന്ന വ്യക്തിയാണ് ശ്രീ. ടി. ശിവദാസമേനോൻ. ഞാൻ അങ്ങയോട് ചോദിക്കട്ടെ, കുട്ടികളെ അക്ഷരം പഠിപ്പിച്ച്, നന്മ പഠിപ്പിച്ച് രാഷ്ട്രീയത്തിൽവന്ന അങ്ങയുടെ ചുമലിൽ ഈ ആരോഗ്യ ദുരന്തത്തിന്റെ കാർമ്മികത്വം എങ്ങനെ വന്നു? അതിൽ എനിക്ക് ദുഃഖമുണ്ട്. അങ്ങ് നെഞ്ചത്ത് കൈവച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കേണ്ടതുണ്ട്. ഈ സംസ്ഥാനത്തെ ഈ സ്വഭാവത്തിലേയ്ക്ക് കൊണ്ടുപോകണമോ, ഇതിവിടെ ആവർത്തിക്കണമോ, മദ്യദുരന്തത്തിന്റെ നാടായി ഈ നാട് അധഃപതിക്കണമോയെന്ന് അങ്ങ് അങ്ങയുടെ മനസാക്ഷിയോട് ചോദിക്കുക. എന്റെ വിമർശനം കണക്കിലെടുക്കേണ്ടതില്ല. ഒരു പൗരൻ എന്ന നിലയ്ക്ക് ഈ സംസ്ഥാനം വ്യാജമദ്യത്തിൽ മുങ്ങിത്താഴുമ്പോഴുള്ള ദുഃഖം അങ്ങേയ്ക്ക് മനസ്സിലായി, അത് അങ്ങയിൽ എന്തെങ്കിലും മാറ്റം വരുത്തിയെങ്കിൽ, ഞാൻ ധന്യനായി എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഒരുപക്ഷേ നിങ്ങൾ ന്യായീകരിച്ചേക്കാം. ഞാൻ പ്രസംഗിച്ചാലും നിങ്ങൾക്ക് മറുപടി പറയാതിരിക്കാം. ശ്രീമതി ആർ. ലതാദേവിയൊക്കെ ഇവിടെ പ്രസംഗിക്കാറുണ്ടല്ലോ. ഈ സഹോദരിമാരോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ കുറെ സ്ത്രീകളുണ്ടല്ലോ ഈ രാജ്യത്ത്. വനിതാ വിമോചന പ്രസ്ഥാനവുമായി നടക്കുന്ന നിങ്ങൾ സത്യത്തിൽ സ്ത്രീകളാണോ എന്ന് ഞാൻ ചോദിക്കുകയാണ്. കാരണം, ലോകത്തിൽ വനിതാ വിമോചന പ്രസ്ഥാനങ്ങളിൽ മദ്യത്തിന് എതിരായിട്ട് നടക്കുന്ന മുന്നേറ്റങ്ങളിൽ ഒരു കണ്ണിയാകുവാൻ ഈ സഹോദരിമാർ ആരെങ്കിലും തയ്യാറുണ്ടോ? നിങ്ങൾക്ക് മാതൃകാപരമായിട്ട് ചില കാര്യങ്ങളുണ്ട്. ഇത് മെനിഞ്ഞാന്നത്തെ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗമാണ്. 'ധീരോചിതം ഈ വനിതാ മുന്നേറ്റം' എന്ന മുഖപ്രസംഗം. കള്ളച്ചാരായം കുടിച്ച കുടുംബങ്ങൾ തങ്ങളുടെ കൺമുമ്പിൽ ഒന്നൊന്നായി നശിക്കുന്നതു കണ്ട് മനംനൊന്തപ്പോൾ കാസർഗോഡ് നെല്ലിക്കുന്ന് കടപ്പുറത്ത് 500-ഓളം വരുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ അവരുടെ ആകെ വരുമാനമാർഗ്ഗമായ മത്സ്യവിൽപ്പന ഉപേക്ഷിച്ച് കുറുവടിയുമായി ചാരായ ഇടങ്ങൾ തേടിയിറങ്ങി. അവർക്ക് ഉപേക്ഷിക്കുവാൻ ഉണ്ടായിരുന്നത് മത്സ്യക്കുട്ട മാത്രമാണ്. നിങ്ങൾക്ക് ഉപേക്ഷിക്കുവാനുള്ളത് അധികാരമാണ്, മത്സ്യക്കുട്ട ഉപേക്ഷിച്ച ഈ സഹോദരിമാർ ചാരായ കേന്ദ്രങ്ങൾ അടിച്ചുതകർക്കുവാൻ പോയാൽ നിങ്ങളുടെ അധികാരസ്ഥാനത്ത് നിന്നുകൊണ്ട് അതിനെതിരായി ശബ്ദിക്കുവാൻ, സഹോദരിമാരേ, നിങ്ങളുടെ മനസ്സാക്ഷി ഉയരുന്നില്ലല്ലോ! ഒരു കാര്യം വ്യക്തമാണ്. ആര് അനുകൂലിച്ചാലും ഇല്ലെങ്കിലും ശരി, ഇതിന് എതിരായി ഒരു മുന്നേറ്റം ഈ രാജ്യത്ത് വരും. ഞങ്ങൾ പറയുമ്പോൾ നിങ്ങൾ എതിർക്കും. നിങ്ങൾ അനുകൂലമായ വോട്ടുപിടിക്കുകയും ഇതു പാസ്സാക്കുകയും ചെയ്യും; അതിൽ സംശയമില്ല. പക്ഷേ ഇത് ഈ രാജ്യത്തിന്റെ പരാജയമാണ്. നിങ്ങൾക്ക് തിരിച്ചടിയുണ്ടാകും. ഞാനും നിങ്ങളും എതിർത്താൽ തീരാത്ത വിധത്തിൽ പീഡനം അനുഭവിക്കുന്ന, മദ്യത്തിന്റെ ഫലമായി തകരുന്ന കുടുംബങ്ങളുടെ നെടുനിശ്വാസം ഒരു കൊടുങ്കാറ്റായി നിങ്ങൾക്ക് നേരെ ആഞ്ഞടിക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. അതാണ് അത് സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. ടാക്സേഷനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയാം. ഈ രാജ്യത്തിന്റെ സമ്പദ്ഘടന എവിടെച്ചെന്ന് നിൽക്കുന്നുവെന്ന് ഇവിടെ ചിലർ സൂചിപ്പിക്കുകയുണ്ടായി. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞ അതേ വാചകം ഞാൻ ഉദ്ധരിക്കുകയാണ്. 'സ്വയം മുക്തി നേടാൻ കഴിയാത്ത വിധം സംസ്ഥാന സർക്കാർ ദുഷിത വലയത്തിൽ വീഴുന്നതായാണ് ഞാൻ കാണുന്നത്.' അതൊരു സത്യമാണ്. റിസർവ് ബാങ്കിന്റെ ബുള്ളറ്റിൻ പരിശോധിച്ചാലുള്ള സ്ഥിതി എന്താണ്? ഇവിടത്തെ സാധാരണക്കാരുടെ ജീവിതസാഹചര്യം എന്താണ്? റിസർവ് ബാങ്ക് ബുള്ളറ്റിന്റെ ലേറ്റസ്റ്റ് എഡിഷനിലെ കണക്ക് പ്രകാരം മധുര, ജംഷഡ്പൂർ, ബാംഗ്ലൂർ, ഹൈദ്രാബാദ്, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളേക്കാളും കേരളത്തിൽ ഇൻഡസ്ട്രിയൽ വർക്കറുടെ കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് ഉയർന്നുനിൽക്കുകയാണ്. അഗ്രികൾച്ചറൽ

LIBRARY ARCHIVES Kerala Legislative Assembly

ലേബറിന്റെകാര്യം അദ്ദേഹത്തിന് അറിയാവുന്നതാണ്. അഗ്രിക്കൾച്ചറൽ ലേബറുടെ കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് ഇന്ത്യയിൽ ഏറ്റവുമധികം ഉയർന്നു നിൽക്കുന്ന സംസ്ഥാനം കേരളമാണ്. എന്നാൽ ഇപ്പോൾ തൊഴിലാളികളുടെ ക്രയശക്തി നഷ്ടപ്പെടുന്നു. അതേ സമയത്ത് അവന് കൂടുതൽ കൂടുതൽ ഭാരം ഓരോ മേഖലകളിലും വരുന്നതായിട്ട് നമുക്ക് കാണാൻ സാധിക്കും. വരുമാനത്തിൽ വർദ്ധനവുണ്ടോ? വരുമാനത്തിൽ വർദ്ധനവില്ല. വില കൂടുന്നോ? കൂടുന്നു. നികുതിയേതര വരുമാനം കൂടുന്നതിന്റെ ഭാഗമായി വെള്ളക്കരത്തിന്റെ പേരിലാണെങ്കിലും, ഇലക്ട്രിസിറ്റിയുടെ പേരിലാണെങ്കിലും, ട്രാൻസ്പോർട്ടിന്റെ പേരിലാണെങ്കിലും സാധാരണക്കാരന്റെ മുതുകത്ത് കൂടുതൽ കൂടുതൽ ഭാരം വരുമ്പോൾ, നേരത്തേ പറഞ്ഞതുപോലെ അബ്കാരി കോൺട്രാക്ടർമാർക്ക് അത് സഹായകമാണ്. കാരണം അവർക്ക് നികുതി കുറവ്, ബാർ ഹോട്ടലുകൾക്ക് സൗകര്യങ്ങൾ ഇതൊക്കെ വരുന്നുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, ടാക്സേഷന്റെ മൗലികമായ തത്വം എന്താണ്? "Any tax must be fair, that is, the citizens should be taxed in proportion to his ability to pay, in proportion to the benefit he derive from the Government." ഇതാണ് ടാക്സേഷന്റെ മൗലികമായ തത്വം. നികുതിദായകനെ സംബന്ധിച്ചിടത്തോളം, ഒന്ന്, അവന് കൊടുക്കുവാനുള്ള കഴിവ്. രണ്ട്, ഗവൺമെന്റിൽനിന്ന് അവന് ലഭിക്കുന്ന ആനുകൂല്യത്തിന്റെ തോത്. ഇതിന്റെ പ്രൊപ്പോർഷൻ വച്ചുകൊണ്ടായിരിക്കണം ടാക്സേഷൻ നടത്തേണ്ടത്. അതാണോ ഇവിടെ നടക്കുന്നത്? ഇതിന് വിരുദ്ധമായ പ്രോഗ്രസ്സീവ് ടാക്സേഷനല്ലേ ഇവിടെ നടക്കുന്നത്? ഇവിടെ കൊടുക്കുവാനുള്ള കഴിവ് വച്ചുകൊണ്ട് അല്ല അവനിൽനിന്ന് ടാക്സും നോൺ ടാക്സ് റവന്യൂവും ഗവൺമെന്റ് ഈടാക്കുന്നത്. കൂടുതൽ കൂടുതൽ ഭാരങ്ങൾ അവനിൽ വച്ചുകൊടുത്തുകൊണ്ട് അവനെ കൂടുതൽ കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് തള്ളിയിടുന്ന വിധത്തിലാണ് ഇവിടെ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അപകടകരമായ സാഹചര്യമാണ്. ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടന എവിടെച്ചെന്ന് നിൽക്കും എന്നതിനെക്കുറിച്ച് വളരെ ഗൗരവമായിട്ട് നമ്മൾ ആലോചിക്കണം. ടാക്സ് ചുമത്തുവാൻ കഴിയുന്ന രംഗത്ത് സംസ്ഥാനത്തിന് വരുമാനം വേണ്ടേ എന്നുചോദിച്ചാൽ വരുമാനം വേണം. പക്ഷേ വരുമാനത്തെ സംബന്ധിച്ച് പറയുമ്പോൾ ഈ സംസ്ഥാനം അതിന്റെ അവസാനവക്കിൽ ചെന്നു നിൽക്കുകയാണ്. ഇവിടെ അധികമൊന്നും ടാക്സ് ചുമത്തുവാൻ കഴിയുകയില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ കൈയിൽ മാന്ത്രികവടിയുണ്ടോ? എങ്കിൽ അംഗീകരിക്കണം. സംസ്ഥാനത്തിന് ഉള്ള റിസോഴ്സസ് അല്ലാതെ ഉപയോഗിക്കുവാൻ കഴിയില്ല. ഇവിടെനിന്നും വേറെ റിസോഴ്സസ് കിട്ടുമോ? ഉള്ളതേ ഉപയോഗിക്കുവാൻ സാധിക്കൂ. അപ്പോൾ എന്തുവേണം? ഫലപ്രദമായി, ശാസ്ത്രീയമായ വിധത്തിൽ എങ്ങനെ ടാക്സേഷൻ കൊണ്ടുവരാൻ പറ്റും എന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. കൂടുതൽ സാമ്പത്തിക ചുറ്റുപാട് ഉള്ളവരിൽനിന്ന് കൂടുതൽ പണം വസൂലാക്കി, മറ്റ് ജനവിഭാഗങ്ങൾക്ക് കൂടുതൽ ആനുകൂല്യം ചെയ്യുന്ന വിധത്തിൽ ടാക്സേഷനിൽ സമൂലമായിട്ടുള്ള ഒരു മാറ്റം വരുത്തിയില്ലെങ്കിൽ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ബുദ്ധിമുട്ട നുഭവിക്കുന്ന സാഹചര്യമുണ്ടാകും. വിദ്യാഭ്യാസ രംഗത്തെ പ്രശ്നം എടുക്കാം. കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണമെന്ന് എല്ലാപേരും പോദിക്കുന്നുണ്ട്. കൊടുക്കുവാൻ കഴിയുന്നുണ്ടോ? സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ എന്നുള്ള നിലയ്ക്ക് ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നുണ്ട്. നല്ല കാര്യം. ഞങ്ങൾ നേരത്തേ കൊണ്ടുവന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എതിർത്തു. ഞങ്ങളെ വഴിയിൽ തടഞ്ഞതും കുഴപ്പമുണ്ടാക്കിയതുമാണ്. ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞു, ഞങ്ങൾക്ക് ഒരു നല്ല ബുദ്ധി തോന്നി, ഞങ്ങൾ നന്നാകുന്നതിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത് എന്നുചോദിച്ചു. നല്ല കാര്യം. ഗവൺമെന്റിന്റെ റിസോഴ്സസ് ഫലപ്രദമായി ഉപയോഗിക്കുവാൻ അത്യാവശ്യമുള്ളിടത്ത് അത് കൊടുത്തിട്ട് അത്ര ആവശ്യം ഇല്ലാത്തിടത്ത് അത് പരമാവധി റെഡ്യൂസ് ചെയ്യുവാനുള്ള നടപടി എടുക്കണം. റിസോഴ്സസ് മൊബിലൈസേഷൻ ഒരു പ്രശ്നമാണ്. ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ പറ്റുകയില്ല. എന്നുപറഞ്ഞാൽ കാര്യം നടക്കുമോ? മൊബിലൈസേഷൻ നടത്തണം. വിദ്യാഭ്യാസസെസ് അടക്കം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കണം. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിച്ചിട്ട് ഫലപ്രദമായിട്ടുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് അത് സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. ഏതായാലും ശരി സംസ്ഥാനം ഈ പോക്ക് പോകുകയാണെങ്കിൽ മദ്യത്തിന്റെ കാര്യം മാത്രമല്ല, നികുതിയിനത്തിലുള്ള വരുമാനം ഒരു ഭാഗത്ത് കുറയും. അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ എങ്ങനെയാണ്? ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ എങ്ങനെയാണ്? ഇന്റൻസീവ് കെയർ യൂണിറ്റിൽ കയറ്റിയ രോഗിയെ ഡോക്ടർ പരിശോധിക്കുന്നത് പോലെ, ഗൾഫ് മണിയുടെ സ്പന്ദനംകൂടി ഇല്ലെങ്കിൽ ഏത് സമയത്തും പൊട്ടിപ്പൊളിഞ്ഞ് താഴേയ്ക്ക് വീഴുന്ന സ്ഥിതിയിലേയ്ക്കാണ് സ്റ്റേറ്റിന്റെ സാമ്പത്തികനില നിൽക്കുന്നത്. ഈ സാഹചര്യത്തിൽ ഒരു പ്രോഗ്രസ്സീവ് ടാക്സേഷന്റെ ശൈലി എടുക്കുവാൻ കഴിയണം. അങ്ങ് ഇതിന്റെ പുനഃസംവിധാനം നടത്തണം. കാർഷിക രംഗത്തായിരുന്നാലും ശരി മറ്റ് സെയിൽസ് ടാക്സ് രംഗത്തായിരുന്നാലും ശരി, ഞാൻ നേരത്തേ പറഞ്ഞതുപോലെ ഈ തെറ്റ് തിരുത്താൻ അബ്കാരി ലോബിക്ക് ഒരു സംസ്ഥാനത്തെക്കൊണ്ടുപോയി തീറെഴുതിക്കൊടുക്കുന്ന, ഒരു സംസ്ഥാനത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തെ ആകെ നശിപ്പിക്കുന്ന, ഒരു രാജ്യത്തെ തലമുറയെ ആകെ വിഷലിപ്തമാക്കുന്ന ഈ നയത്തിൽനിന്ന് പിന്തിരിയുവാനുള്ള സന്ദർഭമായിക്കൂടി ഈ ചർച്ച ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും എടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ സ്വീകരിച്ച തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായി നമ്മുടെ രാജ്യം വലിയ സാമ്പത്തിക മാന്ദ്യവും പ്രതിസന്ധിയും നേരിടുന്ന ഈ കാലയളവിൽ കാർഷികാദായ നികുതി പിരിവിലും, വിൽപ്പന നികുതി പിരിവിലും കാര്യക്ഷമത ഉറപ്പാക്കുകയും അതോടൊപ്പം എക്സൈസ് വകുപ്പിന്റെ നവീകരണം ലക്ഷ്യം വയ്ക്കുകയും ചെയ്യുന്ന ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അപ്പുറത്തുമിപ്പുറത്തുമുള്ളവർ ഏറെക്കുറെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുറ്റവാളികൾക്ക് കർശനമായിട്ടുള്ള ശിക്ഷ വ്യവസ്ഥ ചെയ്യാൻ കഴിയുന്ന തരത്തിലുള്ള സമഗ്രമായിട്ടുള്ള നിയമനിർമ്മാണം നടത്തുകയുണ്ടായി. അതോടൊപ്പം തന്നെ ഈ കാര്യത്തിൽ സംസ്ഥാന-ജില്ലാ-ബ്ലോക്ക് തലങ്ങളിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു. അവ ഫലപ്രദമായി പ്രവർത്തനം നടത്തുന്നു എന്നുള്ളത് വളരെ സന്തോഷകരമാണ്. 1997 ജനുവരി മാസം 1-ാം തീയതി മുതൽ 1999 മേയ് മാസം 31-ാം തീയതി വരെ 11,837

LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകൾ വ്യാജ ചാരായവുമായി ബന്ധപ്പെടുത്തി കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം 8,798 കേസ്സുകൾ എടുത്തിട്ടുമുണ്ട്. ഈ കേസ്സുകളിൽ കോടതിയിൽ നിലവിലുള്ള കേസ്സുകൾ മുഴുവനും വളരെ വേഗം തീർപ്പ് കൽപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണം. ഒറ്റ പ്രതിയേയും രക്ഷപ്പെടാൻ അനുവദിക്കരുത്. അതോടൊപ്പം തന്നെ ഈ പ്രതികൾക്ക് ഒരിക്കലും ജാമ്യം കിട്ടാൻ ഇടവരുത്തുകയും ചെയ്യരുതെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. തൃശ്ശൂർ ജില്ലയിൽ മൂന്നു വർഷത്തേയ്ക്ക് കള്ളുഷാപ്പുകൾ ലേലത്തിലെടുത്ത കരാറുകാർ ഇടയ്ക്കിടെ ഷാപ്പുകൾ ഉപേക്ഷിച്ചു പോയതിന്റെ ഫലമായി മാസങ്ങളോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ അന്തിക്കാട്, വാടാനപ്പള്ളി റേഞ്ചുകളിൽ തൊഴിൽസ്തംഭനം നിലനിൽക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ 1-ാം തീയതി മുതൽ കരാറുകാർ ഷാപ്പുകൾ ഉപേക്ഷിച്ച് പോയതുകൊണ്ടാണ് അങ്ങനെ വന്നത്. മറ്റാരേയും ഷാപ്പുകൾ ഏറ്റെടുത്ത് നടത്താൻ ഇവർ സമ്മതിക്കുന്നുമില്ല. കരാറുകാർ ഇടയ്ക്കിടെ ഷാപ്പുകൾ ഉപേക്ഷിച്ചുപോകുന്ന അവസരത്തിൽ വീണ്ടും അവർതന്നെ ബിനാമികളെക്കൊണ്ട് ഷാപ്പ് എടുപ്പിച്ചിട്ട് ഗവൺമെന്റിന് കോടിക്കണക്കിന് രൂപ നഷ്ടമുണ്ടാക്കുന്ന പ്രവണതയും നിലനിൽക്കുകയാണ്. രണ്ടായിരത്തിൽപ്പരം തൊഴിലാളികൾ വാടാനപ്പള്ളി, അന്തിക്കാട് റേഞ്ചുകളിലായി തൊഴിലും കൂലിയുമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. ഈ ഷാപ്പുകൾ നടത്തുന്നതിനുള്ള അടിയന്തിര നടപടികളുണ്ടാകണം. ഇത്തരം ഷാപ്പുകളുടെ മാനേജുമെന്റ് തൊഴിലാളികളെത്തന്നെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവത്തോടെ ആലോചിക്കണം. രാവിലെ മുതൽ ഞാൻ ഇവിടെ നടന്ന പ്രസംഗങ്ങൾ കേൾക്കുകയായിരുന്നു. ഞങ്ങളൊക്കെ സ്ത്രീകൾ തന്നെയാണോ എന്നൊരു ചോദ്യമെറിഞ്ഞിട്ടാണ് മുസ്ലീംലീഗിന്റെ നേതാവ് ഇവിടെ നിന്നിറങ്ങിപ്പോയത്. എനിക്കൊരു സംശയമുണ്ട്; എന്റെ മാത്രം സംശയമല്ല. കേരളത്തിലുള്ള മുഴുൻ ജനങ്ങളുടേയും സംശയമാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അവിടെ ഉണ്ട്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട, അദ്ദേഹത്തിന്റെ മുന്നണിയിൽപ്പെട്ട ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ചാരായ നിരോധനത്തിന്റെ പേരിൽ ആവേശഭരിതരായി സംസാരിക്കുകയായിരുന്നു. എനിക്കു ചോദിക്കാനുള്ളത്, അത്തരത്തിലുള്ള ഒരു നിരോധനം ഏർപ്പെടുത്തുന്ന അവസരത്തിൽ ബന്ധപ്പെട്ട വകുപ്പിനെ, കേരളത്തിലെ ജനങ്ങളെത്തന്നെ സജ്ജരാക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ നടപടികൾ നിങ്ങളുടെ ഭാഗത്തുനിന്നെടുത്തിരുന്നുവോ? ശ്രീ. ടി.എം. ജേക്കബ് വിവരമുള്ള ആളാണെന്നാണ് ഞാൻ കരുതിയിരുന്നത്. അദ്ദേഹം പറയുകയുണ്ടായി, ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടാണ് അവർ ഇറങ്ങിപ്പോയത് എന്ന്. എന്നാണ് കേരളത്തിൽ ചാരായ നിരോധനം ഏർപ്പെടുത്തിയത്? 1996 ഏപ്രിൽ മാസം 1-ാം തീയതിയായിരുന്നു. എന്നായിരുന്നു ഇലക്ഷൻ? മേയ് മാസം 7-ാം തീയതി. മേയ് മാസം 7-ാം തീയതി നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ടുകൊണ്ടാണ് ഈ നടപടി. ശ്രീ. എ.കെ. ആന്റണിക്ക് ചാരായ നിരോധനം നടപ്പാക്കണമെന്നു വാശിയുണ്ടായിരുന്നുവെങ്കിൽ അതിനു മുമ്പ് 15 മാസക്കാലം അദ്ദേഹത്തിന് സമയമുണ്ടായിരുന്നു. കോൺഗ്രസ്സ് ഗവൺമെന്റ് ശ്രീ. കെ. കരുണാകരന്റേയും, ശ്രീ. ആന്റണിയുടേയും നേതൃത്വത്തിൽ അഞ്ചു വർഷക്കാലം ഇവിടെ ഭരണം നടത്തിയതാണ്. 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ അവസരത്തിൽ രാജ്യത്തിന്റെ അധികാരം കോൺഗ്രസ്സിന്റെ കയ്യിലായിരുന്നു ജനങ്ങൾ ഏൽപ്പിച്ചുകൊടുത്തത്. ആത്മാർത്ഥമായി

[2 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് നിങ്ങൾ എക്സൈസ് വകുപ്പിനെക്കുറിച്ച് ചർച്ച നടത്തുന്നതെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയെങ്കിലും മറുപടി പറയണം. നിങ്ങളുടേത് ഒരു ദേശീയ രാഷ്ട്രീയ പാർട്ടിയാണ്. സമ്പൂർണ്ണ മദ്യനിരോധനം അല്ലെങ്കിൽ ഭാഗീക മദ്യനിരോധനം കോൺഗ്രസ്സിന്റെ നയമാണോ? ആണെന്നുണ്ടെങ്കിൽ 1947-ൽ അധികാരം ലഭിച്ച കോൺഗ്രസ്സ് അതൊരു കേന്ദ്രവിഷയമായി എടുത്തുകൊണ്ട് എന്തുകൊണ്ട് ഈ രാജ്യത്ത് സമ്പൂർണ്ണ മദ്യനിരോധനം പ്രഖ്യാപിച്ചില്ല; നടപ്പാക്കിയില്ല എന്നുള്ളതിന് മറുപടി പറയണം. ഇപ്പോൾ കോൺഗ്രസ്സ് കേന്ദ്ര അധികാരത്തിന്റെ നാലയലത്തുപോലുമല്ല. എന്നാലും പല സംസ്ഥാനങ്ങളിലും നിങ്ങളുടെ ഗവൺമെന്റുകൾ ഉണ്ട്. അവിടെയുള്ള സഹോദരിമാരോട് നിങ്ങൾക്ക് സ്നേഹമില്ലേ? ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. എ.കെ ആന്റണിയും എന്തുപറയുന്നു? അവിടെ നിങ്ങൾക്ക് ചാരായ നിരോധനം നടപ്പാക്കണ്ടേ? രാജസ്ഥാൻ, ഒറീസ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ ചാരായ നിരോധനം അടിയന്തിരമായി പ്രഖ്യാപിക്കുവാൻ നിങ്ങൾ തയ്യാറാകുമോ? കോൺഗ്രസ്സ് അധികാരത്തിലുള്ള ഏത് സംസ്ഥാനത്ത് നിങ്ങൾ അത് പ്രഖ്യാപിക്കും? നിങ്ങൾ അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളിൽ ഫലപ്രദമായി മദ്യനിരോധനം നടപ്പാക്കുന്നതിനു വേണ്ടി സമരം നടത്തുവാൻ തയ്യാറാകുമോ? കേരളത്തിൽ ഇതിനു മുമ്പ് എത്ര പ്രാവശ്യം ഐക്യജനാധിപത്യമുന്നണി, കോൺഗ്രസ്സ് നയിക്കുന്ന മുന്നണി, അധികാരത്തിലിരുന്നു? അന്ന് എന്തുകൊണ്ട് ചാരായനിരോധനം ഇവിടെ നടപ്പാക്കിയില്ല? ശ്രിമാൻ എ.കെ. ആന്റണി ഇപ്പോൾ സഭയിൽ ഇല്ല. അദ്ദേഹം ചെന്നൈയിലാണെന്ന് പത്രത്തിൽ ഞാൻ വായിച്ചു. അതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അദ്ദേഹം സഭയിലുണ്ടായിരുന്നുവെങ്കിൽ മറുപടി പറയുമായിരുന്നു. എന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. കോൺഗ്രസ്സിന്റെ നയമല്ല ഇത്. ഐക്യജനാധിപത്യമുന്നണിയിലെ ഏതെങ്കിലും കക്ഷിയുടെ നയമാണോ ഇത്? എനിക്കൊരു കാര്യം ഓർമ്മ വരുന്നത് പറയാം. കഴിഞ്ഞ മാസം 15-ാം തീയതിയാണെന്ന് തോന്നുന്നു, ഒരു യാത്ര ഉണ്ടായിരുന്നു. മാണി സാറിന്റെ കേരളയാത്ര. എന്റെ നിയോജകമണ്ഡലം ചടയമംഗലമാണ്. എനിക്ക് യാദൃച്ഛികമായി അവിടെനിന്ന് ആയൂർ എന്ന സ്ഥലത്തേയ്ക്ക് യാത്ര ചെയ്യേണ്ടിവന്നു. ഞാൻ വളരെ കഷ്ടപ്പെട്ടു. ആയൂർ എന്ന സ്ഥലത്ത് ഒരു പാലമുണ്ട്. ആ പാലത്തിന് തൊട്ടപ്പുറത്ത് ഒരു പൊതുസ്ഥാപനമുണ്ട്. ഇവരൊക്കെ വർജ്ജിക്കണം വർജ്ജിക്കണം എന്ന് ആഹ്വാനം ചെയ്യുന്ന സാധനം വിൽക്കുന്ന ഒരു സ്ഥാപനമാണ്. അത് എം.സി. റോഡിന്റ സൈഡിലാണ്. ഞാൻ ഒരു കാറിൽ അങ്ങോട്ട് പോയപ്പോൾ എന്റെ കാറിന് പോകാൻ അവിടെ സ്ഥലമില്ല. വെള്ളയും ചുവപ്പും ചേർന്ന കൊടികെട്ടിയ പല തരത്തിലുള്ളതും ലക്ഷ്വറിയും അല്ലാത്തതുമായ വണ്ടികൾ നിരനിരയായി കിടക്കുന്നു. വണ്ടികൾ മാത്രമല്ല, വണ്ടികളിൽ നിന്നും കേരളയാത്ര നടത്തുന്ന ആളുകൾ പ്രകടനമായി ആ സ്ഥാപനത്തിലേയ്ക്കാണോ എന്നു തോന്നുന്ന തരത്തിൽ പോകുന്നു. എം.സി. റോഡിന്റെ അപ്പുറവും ഇപ്പുറവും ഗതാഗതം തടസ്സപ്പെടുത്തി വാഹനങ്ങൾ കിടക്കുന്നു. ഞാൻ ആരേയും വിമർശിക്കുകയല്ല; ആരേയും ഒന്നും പറയുന്നില്ല, ശ്രീമാൻ കുട്ടപ്പൻ പ്രകോപിതനാകേണ്ട ഒരു കാര്യവുമില്ല. നിങ്ങളുടെ പാർട്ടി പ്രകടനം നടത്തിയാലുള്ള അവസ്ഥയും ഇതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അവരെയൊക്കെ ബോധവൽക്കരിച്ചുകൂടേ? ഇവിടെ വന്ന് നടത്തുന്ന പ്രസംഗങ്ങളുടെ നൂറിലൊന്ന് അംശം ആവേശത്തോടുകൂടി ശ്രീമാൻ കെ.എം. മാണിക്കും ശ്രീമാൻ ആര്യാടൻ മുഹമ്മദിനും ശ്രീമാൻ എം.എ. കുട്ടപ്പനുമടക്കമുള്ള ആളുകൾക്കും സ്വന്തം പാർട്ടിയിലുള്ളവരെ, പൊതുവിൽ ജനങ്ങളെ ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബോധൽക്കരിച്ചുകൂടേ? ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കാട്ടുന്ന സമീപനം സ്വീകരിക്കരുത്. ഞാൻ എന്റെ ജനുവിനായിട്ടുള്ള സംശയം ചോദിക്കുകയാണ്, അത് ഈ നാട്ടിലെ സഹോദരിമാരുടെ സംശയമാണ്. ശ്രീമാൻ പാലോട് രവിയോടും ശ്രീ. കെ.സി. .വേണുഗോപാലിനോടും എനിക്ക് ചോദിക്കാനുള്ളത് യു.ഡി.എഫ്.ന്റെ കൺവീനർ കോൺഗ്രസ്സുകാരനല്ലേ? മദ്യനിരോധനം യു.ഡി.എഫ്.ന്റെ നയമല്ല എന്നാണ് യു.ഡി.എഫ്. കൺവീനർ പറഞ്ഞിരിക്കുന്നത്. അത് പത്രങ്ങളിലെല്ലാം അച്ചടിച്ചുവന്നതാണ്. ചാരായ നിരോധനംകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുകയില്ല. മറിച്ച് സമഗ്രമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇവർ ചാരായ നിരോധനം ഇങ്ങനെ ഒരു തയ്യാറെടുപ്പുമില്ലാതെ നടത്തിയത് വ്യാജചാരായ ലോബിയെ സഹായിക്കാനാണെന്ന് ഞാൻ ആരോപിക്കുന്നില്ല. എന്നാലും ഫലത്തിൽ കേരളത്തിൽ എന്താണ് കണ്ടത്? ചാരായനിരോധനം നടപ്പിലാക്കിയ അവസരത്തിൽ നടത്തിയ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ 35 കോടി രൂപയുടെ കഞ്ചാവ് ബിസിനസ്സാണ് കേരളത്തിൽ നടന്നിട്ടുള്ളത്. ചാരായം നിരോധിച്ച അവസരത്തിൽ ചാരായം കഴിച്ചിരുന്നവരിൽ 20 ശതമാനം ആളുകൾ കള്ളുകുടിയൻമാരായി, 10 ശതമാനം ആളുകൾ ഇന്ത്യൻ വിദേശമദ്യം ഉപയോഗിക്കുന്നു, 50 ശതമാനം ആളുകൾ വിലകുറച്ചു കിട്ടുന്ന ലഹരി തേടിപ്പോയി എന്നാണ് ഒരു സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. അതുകൊണ്ട് വോട്ട് നേടുന്നതിനുവേണ്ടി ശ്രീമാൻ എ.കെ. ആന്റണിയുടെ കാലയളവിൽ നടപ്പാക്കിയ ചാരായനിരോധനം കൊണ്ട്മാത്രം കാര്യം നടക്കുകയില്ല. കേരള സംസ്ഥാനത്തിലെ ജനങ്ങളെ മദ്യലഹരിയിൽ നിന്നും മുക്തരാക്കുന്നതിനുവേണ്ടി ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് നേതൃത്വം കൊടുക്കുവാൻ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവും തയ്യാറാകേണ്ടതുണ്ട്. വളരെ പ്രാധാന്യപ്പെട്ട ഒരു കാര്യത്തെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. 1999-2000 വർഷത്തിൽ 124 കോടി രൂപയ്ക്കാണ് നമ്മുടെ കള്ളുഷാപ്പുകൾ ലേലം ചെയ്തത്. 6,62,905 ലിറ്റർ കള്ളാണ് തെങ്ങിലും പനയിലും ചൂണ്ടപ്പനയിലും നിന്നായി നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. എന്നുപറഞ്ഞാൽ, ഇത്രയും രൂപയ്ക്ക് ലേലം പിടിക്കണമെന്നുണ്ടെങ്കിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന കള്ളിന്റെ നാലുമടങ്ങ് കള്ള് നമ്മുടെ സംസ്ഥാനത്തുണ്ടാകണം. ഇത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു വിഷയമാണ്. നല്ല കള്ള് കുടിയൻമാരായ നമ്മുടെ സഹോദരൻമാർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം, ഏറ്റവും കുറഞ്ഞത് ആളുകൾ ഇത് കുടിച്ച് മരിക്കാതിരിക്കാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ടാകണം. ഇക്കാര്യത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ അവരുടെ പ്രവർത്തനത്തിൽ വീഴ്ച വരുത്തുന്നുണ്ടെങ്കിൽ കർശനമായ ശിക്ഷ ഉറപ്പാക്കാൻ സാധിക്കണം. എക്സൈസ് ഡിപ്പാർട്ടുമെന്റ് കാര്യക്ഷമത കാണിക്കണമെന്ന് പറയുന്ന അവസരത്തിൽ, ഈ സംസ്ഥാനത്ത് നിലനിൽക്കുന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ സംസ്ഥാനത്തിന് മുന്നോട്ട് പോകാൻ സാധിക്കുകയില്ല. കാരണം 4375 ഉദ്യോഗസ്ഥൻമാർ മാത്രമാണ് ഈ വകുപ്പിലുള്ളത്. അതിൽ ഗാർഡുകൾ 2790 പേരാണ്. ഒരു റേഞ്ച് ഓഫീസിൽ 15 എക്സൈസ് ഗാർഡുകളാണുള്ളത്. കുറ്റകൃത്യങ്ങൾ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എക്സൈസ് ഫോഴ്സിന്റെ ശക്തി വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ഉദ്യോഗസ്ഥൻമാരെ വിവിധ തലങ്ങളിൽ റിക്രൂട്ട് ചെയ്യുകയും അവർക്ക് കാര്യക്ഷമമായി ജോലിചെയ്യുന്നതിന് സഹായകമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. ശ്രീ.ലോനപ്പൻ നമ്പാ

LIBRARY ARCHIVES Kerala Legislative Assembly

ടൻ സൂചിപ്പിച്ചതുപോലെ അവർക്ക് വാഹനമില്ല, ടെലിഫോൺ സൗകര്യമില്ല. ടെലിഫോൺ ഇല്ലാത്തപ്പോൾ എന്താണ് സംഭവിക്കുന്നത്? അടുത്തുള്ള പബ്ളിക് ടെലിഫോൺ ബൂത്തിലേയ്ക്ക് സർക്കിൾ ഓഫീസിൽ നിന്നും വിവരങ്ങൾ കൈമാറുന്നു. പബ്ളിക്ക് ടെലിഫോൺ എക്സൈസ് ഓഫീസിന്റെ ഹംസമാണെന്ന് മനസ്സിലാക്കിക്കൊണ്ട് കള്ളുകച്ചവടക്കാർ അവരിൽനിന്നും രഹസ്യവിവരങ്ങൾ ചോർത്തിയെടുക്കുന്നു. അവർക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. പലപ്പോഴും റെയിഡുമായി ബന്ധപ്പെട്ടുപോകുമ്പോൾ സ്ത്രീകളെ കുറ്റവാളികളായി അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ എക്സൈസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം വനിതാജീവനക്കാർ ഇല്ലെന്നുള്ളത് ഒരു വലിയ പോരായ്മയാണ്. കെട്ടിടമില്ല, കെട്ടിടമില്ലാത്തതുകൊണ്ട് ലോക്കപ്പ് ഇല്ല. പല പ്രമാണിമാരും എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ വിരട്ടി വ്യാജവാറ്റുകേസിലെ പ്രതികളെ തട്ടിക്കൊണ്ടുപോകുന്നു. തിരുവല്ലയിൽ ഒരു എം.എൽ.എ. ചെന്ന് ഭീക്ഷണിപ്പെടുത്തി വ്യാജചാരായവുമായി ബന്ധപ്പെട്ട് അറസ്റ്റുചെയ്തിരുന്ന പ്രതിയെ പിടിച്ചുകൊണ്ടുപോയ സംഭവം വരെ ഉണ്ടായി.....(ബഹളം)..... തിരുവല്ല എം.എൽ.എ. ആരാണെന്ന് യു.ഡി.എഫ്. അംഗങ്ങൾക്ക് നന്നായിട്ട് അറിയാം. പേര് എന്നെക്കൊണ്ട് പറയിക്കണമോ? ഗ്രൂപ്പുവഴക്ക് ഉണ്ടെങ്കിൽ തന്നത്താൻ അടിച്ചുതീർക്കാനേ പറ്റുകയുള്ളൂ. ഞാൻ പേരു പറയുന്നില്ല. അങ്ങനെയുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്, അത് ഫലപ്രദമായി തടയണം. എക്സൈസ് വകുപ്പിനെ സജ്ജമാക്കാനും മയക്കുമരുന്നിൽനിന്നും ലഹരിപദാർത്ഥത്തിൽനിന്നും കേരളത്തെ മോചിപ്പിക്കുന്നതിനും വേണ്ടിയുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ ബഹുമാനപ്പെട്ട ടി.ശിവദാസമേനോന് ഇനിയും കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. എൻ.ആർ ബാലൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തുള്ള മെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ ആയുധം നഷ്ടപ്പെട്ട് അന്തംവിട്ട് നിൽക്കുന്ന ശത്രു സേനാവിഭാഗത്തെപ്പോലെയാണ് എനിക്ക് തോന്നിയത്. ഡോ. എം.എ. കുട്ടപ്പൻ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മദ്യക്കുപ്പിയുമായി വന്ന് സ്വയം കുപ്പിയിലായി. ഈ സമ്മേളനത്തിൽ അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെന്റ് ഇറക്കിയ സർക്കുലർ ദുർവ്യാഖ്യാനം നടത്തി സ്വമേധയാ പരിഹാസ്യനായി നിൽക്കുന്നു. ശ്രീ.ടി.എം. ജേക്കബ് അദ്ദേഹത്തിന്റെ സ്ഥിരം. പല്ലവിപാടി സ്ഥലം വിട്ടു. ബഹുമാനപ്പെട്ട മുരളിയും അതുപോലെതന്നെ ശ്രീ. കെ.എം മാണി വളരെ ആരോഗ്യകരവും ക്രിയാത്മകവുമായ വിമർശനങ്ങളാണ് ഈ സഭയിൽ നടത്തിയത് എന്നുള്ളത് ശ്ലാഘനീയമാണ്. നികുതി പിരിവുമായി ബന്ധപ്പെട്ട്, നമ്മുടെ സംസ്ഥാനത്തിന് ലക്ഷ്യം നേടാൻ കഴിഞ്ഞില്ല എന്നതിന്റെ കണക്കുകൾ ഫലപ്രദമായി ഉദ്ധരിച്ചുകൊണ്ടുള്ള വിമർശനമാണ് അദ്ദേഹം നടത്തിയത്. പിന്നോക്കാവസ്ഥയെ സംബന്ധിച്ച് ശ്രീ. മാണിസാർ പറഞ്ഞത് മാർക്കറ്റ് ഇന്റർവെൻഷന്റെ കുഴപ്പമാണെന്നാണ്. റബ്ബറിന്റെ വിലയിടിവിനെ തടയാൻ മാർക്കറ്റിൽ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടില്ല എന്ന് ആക്ഷേപിക്കാനേ പറ്റൂ. ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഭാഗമായി അവശ്യവസ്തുക്കൾക്ക് വില വർദ്ധിച്ചപ്പോൾ ആ നയത്തിനെതിരായി ശബ്ദിക്കാതെ അതിന് കൂട്ടുനിൽക്കുകയും ഇവിടെ നായനാർ ഗവൺമെന്റിനെതിരെ വിലവദ്ധനവിന്റെ പേരിൽ സമരം ചെയ്യുകയും ചെയ്യുന്ന കോൺഗ്രസ്സിന്റെ അതേ നയമാണ് ബഹുമാനപ്പെട്ട കെ.എം. മാണി റബ്ബറിന്റെ വിലവർദ്ധനവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെ സംബന്ധിച്ച് പരാമർശം നടത്തിയതിലും വ്യക്തമായത്. ഈ രണ്ട് ബഹുമാനപ്പെട്ട വ്യക്തികളും കേരളത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ യഥാർത്ഥ പശ്ചാത്തലം രാഷ്ട്രീയ കാരണങ്ങളാൽ മറച്ചുവയ്ക്കുകയാണ്. ദേശീയ രാഷ്ട്രീയ രംഗത്തുണ്ടാകുന്ന ചലനങ്ങൾ കേരള രാഷ്ട്രീയത്തിൽ പ്രതിഫലിക്കുകയില്ലേ? ഇൻഡ്യയിലാകെയുണ്ടാകുന്ന സാംപത്തിക മാന്ദ്യത്തിന്റെ പ്രതിഫലനം കേരളത്തിലും ഉണ്ടാകുകയില്ലേ? ആര് ഭരിച്ചാലും അത് സ്വാഭാവികമല്ലേ? കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുൻപായി ഇൻഡ്യയിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവതരിപ്പിച്ച എക്കണോമിക് റിവ്യൂ ഉണ്ട്. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? വ്യാവസായിക ഉൽപ്പാദന വർദ്ധനവ് 1997-98-ൽ 6.7 ശതമാനമാനത്തിൽ നിന്ന് 1998-99-ൽ 3.5 ശതമാനമായി കുറഞ്ഞു. കയറ്റുമതിയിൽ പുരോഗതിയുണ്ടായില്ല. ദേശീയ ഉൽപ്പാദനവും വ്യാപാര കമ്മിയും തമ്മിലുള്ള അനുപാതം 3.7 ശതമാനമെന്നത് 3.9 ശതമാനമായി ഉയർന്നു. മൂലധന നിക്ഷേപം കഴിഞ്ഞ വർഷത്തിന്റെ അഞ്ചിലൊന്നുപോലും വരില്ല. ഉൽപ്പാദന രംഗത്തെ മാന്ദ്യം സർക്കാരിന്റെ നികുതി പിരിവിനേയും ധനസ്ഥതിയേയും പ്രതികൂലമായി ബാധിച്ചു. ജനങ്ങളുടെ ക്രയശക്തി കുറഞ്ഞു. ഉൽപ്പന്നങ്ങൾ കമ്പോളത്തിൽ കെട്ടിക്കിടക്കുന്നു. ഫാക്ടറികൾ സ്ഥാപിതശേഷിയുടെ പകുതിപോലും ഉപയോഗിക്കാതെ പ്രവർത്തിക്കേണ്ടിവരുന്നു. ഇതാണ് ഇൻഡ്യൻ പാർലമെന്റിൽ ഇൻഡ്യാഗവൺമെന്റ് അവതരിപ്പിച്ച സാംപത്തിക റിവ്യൂവിന്റെ പുതുചിത്രം. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടല്ലേ കേരളത്തിന്റെ സ്ഥിതി കാണാനുള്ളത്? ഈ ദേശീയ സാംപത്തിക മാന്ദ്യത്തിന്റെ തീഷ്ണത ഒരു ഉപഭോഗ സംസ്ഥാനമെന്നുള്ള നിലയിൽ കേരളത്തിൽ ഏറ്റവും കൂടുതൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും സാമ്പത്തിക മാനേജ്മെന്റിന്റെ കാര്യത്തിൽ, നികുതിപിരിവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കർക്കശത്വം പാലിക്കുന്നതിനുവേണ്ടി കഴിവ് കാണിച്ചതിന്റെ ഭാഗമായിട്ടാണ് ഈ രംഗത്ത് ഇത്രയെങ്കിലും പുരോഗതി നമുക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞത് എന്ന യാഥാർത്ഥ്യം പ്രതിപക്ഷം മറച്ചുവയ്ക്കുകയാണ്. നികുതി പിരിവുമായി ബന്ധപ്പെട്ട് ഇനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ടെന്നുള്ള യാഥാർത്ഥ്യത്തോട് ഞാൻ യോജിക്കുകയാണ്. ദേശീയ രംഗത്തെ ഈ പ്രതിഫലനം നമ്മുടെ രാജ്യത്തെ ബാധിച്ചു. ഭൂമിയുടെ ഇടപാടുകൾ കഴിഞ്ഞ മൂന്നുവർഷക്കാലം മുൻപുണ്ടായിരുന്നതിന്റെ മൂന്നിലൊന്നുപോലും നടക്കുന്നില്ല. ഇത് ഈ ഗവൺമെന്റിന്റെ കുറ്റമാണെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? സാംപത്തിക മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യത്തിന്റെ ഭാഗമായി ജനങ്ങളുടെ ക്രയശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്. സ്വാഭാവികമായും അതിന്റെ ഭാഗമായി നികുതി പിരിവിലും അതിന്റെ കുറവുണ്ടാകും. അതോടൊപ്പം 640 കോടി രൂപയോളം നികുതിയിനത്തിൽ കുടിശ്ശിക ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ അടയ്ക്കേണ്ടനികുതി അടയ്ക്കുന്നില്ല. അവർ പിരിച്ചെടുത്ത കാശ്പോലും സർക്കാരിൽ അടയ്ക്കുന്ന കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ആ മേഖലയിൽ ഗവൺമെന്റ് ഒരു കാരണവശാലും അവരോട് ദയാദാക്ഷിണ്യം കാണിച്ചുകൂടാ എന്നുതന്നെയാണ് എന്റെ അഭിപ്രായം. ഭൂമിയുടെ പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ വെട്ടിപ്പ് നടത്തുകയാണ്. അതുകൊണ്ട് ഭൂമിക്ക് ന്യായവില നിർണ്ണയിക്കുന്ന കാര്യത്തിൽ കർശനമായ ഒരു സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ എത്രയുംവേഗം തീർപ്പ് കൽപ്പിക്കുന്നതിനുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതായിട്ടുണ്ട്. ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള ചില നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത്നിന്ന് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെയൊക്കെ ശ്ലാഘിക്കുന്നതോടൊപ്പം ഇന്ന് നിലനിൽക്കുന്ന നികുതിഘടനയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സജീവമായ ചിന്തകളും തീരുമാനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട് എന്നുകൂടി പറയുകയാണ്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : വസ്തുവിന്റെ വിലകുറയുന്നതിനെക്കുറിച്ചും ട്രാൻസാക്ഷനെക്കുറിച്ചുമൊക്കെ പറഞ്ഞു. വില്പന നികുതിയിനത്തിൽ 1106.83 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 71.20 കോടി രൂപയും കുടിശ്ശികയാണ് എന്നാണ് 23-6-99-ൽ എക്സൈസ് വകുപ്പു മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. കുടിശ്ശിക പിരിച്ചെടുക്കാൻ എന്തുകൊണ്ട് ഈ ഗവൺമെന്റിന് കഴിയുന്നില്ല?

<u>ശ്രീ. എൻ.ആർ. ബാലൻ</u> : കോടതി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് തടസ്സം നിലനിൽക്കുന്നതെന്ന് ശ്രീ. പി.പി. തങ്കച്ചനും അറിയാമല്ലോ, നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ നൂറുശതമാനം ലക്ഷ്യംനേടാൻ കഴിഞ്ഞുവെന്നൊന്നും അവകാശപ്പെട്ടില്ലല്ലോ. യു.ഡി.എഫ് ഗവൺമെന്റ് ഭരിക്കുമ്പോഴും എൽ.ഡി.എഫ് ഗവൺമെന്റ് ഭരിക്കുംപോഴും ഈ ഉദ്യോഗസ്ഥൻമാർക്ക് മാറ്റം വന്നിട്ടില്ല. പഴയകാലത്തെ ശീലം ഒറ്റ ദിവസംകൊണ്ട് മാറ്റാൻ കഴിയുമോ? ചാരായനിരോധനവുമായി ബന്ധപ്പെട്ട വിഷയം സ്ഥിരം പല്ലവിയായി ഇവിടെ പാടി. ചാരായനിരോധനം പൂർണ്ണമായും നടപ്പിലാക്കികൊണ്ടാണ് യു.ഡി.എഫ് ഗവൺമെന്റ് തെരഞ്ഞെടുപ്പിനെ നേരിടാൻ പോയതെന്ന് പറഞ്ഞു. യു.ഡി.എഫ്. ന്റെ അഞ്ചു വർഷത്തെ ഭരണത്തിന്റെ ഭാഗമായി അഴിമതിയും ധൂർത്തും മാത്രമാണ് നടത്താൻ കഴിഞ്ഞതെന്ന് നിങ്ങൾക്കുകൂടി ബോദ്ധ്യപ്പെട്ടതിന്റെ ഭാഗമായി ജനങ്ങളെ സമീപിക്കുന്നതിനുവേണ്ടി ഒരു രാഷ്ട്രീയ മുദ്രാവാക്യമോ ഭരണ നേട്ടമോ നാട്ടുകാരോട് പറയാനില്ലെന്ന് വന്നപ്പോൾ, പതിനെട്ടടവും പയറ്റിനോക്കിയിട്ടും പരാജയപ്പെടുമെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ, പത്തൊൻപതാമത്തെ അടവായി ചാരായനിരോധനം എടുത്ത് പയറ്റിയതല്ലേ, അതല്ലേ സത്യം? ചാരായ നിരോധനം രാജ്യത്ത് സൃഷ്ടിക്കുന്ന സാമൂഹ്യമായ മാറ്റത്തെക്കുറിച്ച് മാത്രമേ ആ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ന്റെ നേതാക്കൻമാരും പ്രവർത്തകരും പ്രസംഗിച്ചിട്ടുള്ളൂ. വേറേയൊന്നും പ്രസംഗിച്ചിട്ടില്ല. എന്നിട്ടും ജനങ്ങൾ ചാരായ നിരോധനത്തിനെതിരായി വിധിയെഴുതി, എൽ.ഡി.എഫ്-നെ വിജയിപ്പിച്ചു. ഞങ്ങൾക്ക് വേണമെങ്കിൽ ഈ വിധിയെഴുത്ത് ചാരായനിരോധനത്തിനെതിരാണെന്ന് പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റ് വന്നപ്പോൾ ആ നിർദ്ദേശം പിൻവലിക്കാമായിരുന്നില്ലേ? ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് പറയാം. ഒരു നല്ല കാര്യമെന്നുള്ള നിലയിൽ നടപ്പാക്കുന്നെങ്കിൽ കർക്കശമായി നടപ്പിലാക്കാൻ നോക്കി. ഏപ്രിൽ 1-ാംതീയതി മുതൽ മേയ് മാസം 20-ാം തീയതി വരെ ഒരു കുഴപ്പവും ഉണ്ടായിരുന്നില്ലെന്ന് പറഞ്ഞത് സത്യത്തെ മറച്ചുവയ്ക്കുകയല്ലേ? കള്ള് ഷാപ്പുകളുടെ പരിശോധനവേണ്ട അവിടെ ബ്രാണ്ടിയോ, വിഷക്കള്ളോ എന്തെങ്കിലും കൂട്ടിക്കലർത്തി വ്യാജമദ്യം വിൽക്കട്ടെ അവിടെ പരിശോധന പാടില്ല. ശ്രീ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇറക്കിയ ഉത്തരവ് മാറ്റാൻ ഞങ്ങൾ സന്നദ്ധരായില്ല. അതിന്റെ ഭാഗമായിട്ടാണ് ഏപ്രിൽ മാസം 17-ാം തീയതി തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ. റേഞ്ചിൽ 17 പേർ വിഷക്കള്ള് കഴിച്ച് ആശുപത്രിയിൽ കിടന്നത്. ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ 20-ാം തീയതിവരെ ഒരു കുഴപ്പവും ഉണ്ടായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നല്ല കാര്യമാണെങ്കിൽ നല്ലതായി അത് നടക്കുന്നതിനുവേണ്ടി കൈകൊള്ളാവുന്ന എല്ലാ നടപ

LIBRARY ARCHIVES Kerala Legislative Assembly

ടികളും പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചു. വ്യാജമദ്യം പിടിച്ചാൽ അവരൊക്കെ എക്സൈസ് ഓഫീസിൽ നിന്നും രക്ഷപ്പെട്ടുപോകുകയാണ്. വ്യാജമദ്യം പിടിച്ചാൽ പത്ത് വർഷംവരെ കഠിനതടവും ഒരു ലക്ഷം രൂപ പിഴയും അടയ്ക്കണമെന്നാണ് വ്യവസ്ഥ. നമ്മൾ നിയമസഭയിൽ ചർച്ചചെയ്തതല്ലേ? ഈ നിയമം ഐകകണ്ഠ്യേന പാസ്സാക്കിയതല്ലേ? എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളുൾക്കൊള്ളുന്ന സംസ്ഥാന-ജില്ലാ-ബ്ലോക്കുതല കമ്മിറ്റികളുണ്ടാക്കിയില്ലേ?.

<u>ശ്രീ. പി.ജെ ജോയി</u> : അങ്ങനെയുണ്ടാക്കിയിട്ടുള്ള കമ്മിറ്റികളുടെ യോഗം വിളിച്ചുചേർത്തിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ?

<u>ശ്രീ. എൻ.ആർ. ബാലൻ</u> : ജനപ്രതിനിധികളും രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളും ഉൾക്കൊള്ളുന്ന കമ്മിറ്റിയുടെ യോഗം വിളിച്ചുചേർക്കുന്നകാര്യത്തിൽ ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആ രീതിയിൽ ജനപ്രതിനിധികളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും പങ്കാളിത്തത്തോടുകൂടി കർക്കശമായി ചാരായനിരോധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചു. ചാരായനിരോധനത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പകരം ജോലി കൊടുക്കുന്നതിനുവേണ്ടി ലേബർ കമ്മിഷണറോട് ആവശ്യപ്പെടുകയാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. ലേബർ കമ്മീഷണർക്ക് തൊഴിൽത്തർക്കം തീർക്കാനേ അധികാരമുള്ളൂ, തൊഴിൽ കൊടുക്കുന്നതിനുള്ള അധികാരമുണ്ടോ? ഈ ഗവൺമെന്റ് ആ തൊഴിലാളികളെ സഹായിക്കുന്നതിനായി 45 കോടി ഉറുപ്പിക ഖജനാവിൽനിന്ന് മാറ്റിവച്ചു. 300 കോടിയോളം രൂപ റവന്യൂ വരുമാനത്തിൽ നഷ്ടം വരുത്തിയിട്ടും ചാരായനിരോധനം കർക്കശമായി നടപ്പിലാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് റവന്യൂ വരുമാനത്തിൽ പിന്നെയും പണം മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഗവൺമെന്റ് റെയ്ഡുകൾ കർക്കശമാക്കിയില്ലേ? വിദേശമദ്യത്തിന്റെ തീരുവ 200-ശതമാനത്തിൽ നിന്നും 100 ശതമാനമായി കുറച്ചില്ലേ? ഇന്ന നടപടികൂടി കൈക്കൊണ്ടാൽ ഇത് കർക്കശമായി, പൂർണ്ണമായി, ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിയും എന്ന് നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ? നമ്മൾ എത്ര ശ്രമിച്ചാലും ആവില്ല. അതാണ് ചരിത്ര യാഥാർത്ഥ്യം. നിയമംമൂലം മദ്യം നിരോധിച്ചതുകൊണ്ട് ഈ സമൂഹത്തിലെ ജനങ്ങൾ മദ്യപാനം എന്ന സാമൂഹ്യമായ വിപത്തിൽനിന്ന് മാറുമെന്ന് ചിന്തിക്കുന്നത് അല്പത്വമല്ലേ? അതിനെതിരെ ഇവിടെ ഒരു ജനകീയ പ്രതിരോധം ഉയർത്തിക്കൊണ്ടുവരാൻ കഴിയണം. അതിന് ഇടതുപക്ഷജനാധിപത്യമുന്നണി എന്നോ ഐക്യജനാധിപത്യ മുന്നണി എന്നോ തരംതിരിക്കേണ്ട കാര്യമില്ല. ഈ ഗവൺമെന്റ് വന്ന് മൂന്നു വർഷത്തിനകം ഒരു മദ്യദുരന്തമുണ്ടായി. ദുഃഖകരമായ ഒരു സംഭവമാണ്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ മദ്യദുരന്തം ഉണ്ടായാൽ എൽ.ഡി.എഫ്-നെ തെറി പറയുകയും യു.ഡി.എഫ് ഭരിക്കുമ്പോൾ മദ്യദുരന്തം ഉണ്ടായാൽ യു.ഡി.എഫ്.-നെ തെറി പറയുകയും ചെയ്യുന്നതോടുകൂടി നമ്മുടെ രാഷ്ട്രീയ ബാധ്യത തീർന്നോ? അതിനിടയിൽ വൈപ്പിൻ മദ്യദുരന്തത്തിന്റെ ചിത്രം ഈ നിയമസഭയുടെ മുമ്പാകെ വരച്ചുകാട്ടേണ്ടതുണ്ടോ? നമ്മുടെ മനസ്സിൽ ഉള്ളതല്ലേ? 20 ആളുകൾ മരിച്ചെന്നല്ലേ പറഞ്ഞിരുന്നത്? അന്ന് 73 ആളുകൾ മരിച്ചില്ലേ? പ്രശ്നം അതല്ല. ഈ സാമൂഹ്യമായ വിപത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാൻ രാഷ്ട്രീയ ഭിന്നത മറന്നുകൊണ്ട് മുഴുവൻ ജനതയേയും ഒരുമയോടുകൂടി ബോധവത്ക്കരണ പോരാട്ടത്തിൽ അണി

LIBRARY ARCHIVES Kerala Legislative Assembly

നിരത്താനുള്ള രാഷ്ട്രീയ വിരുത് കാണിക്കണം. അതിന് നിലവിലുള്ള ബ്ലോക്ക് കമ്മിറ്റികൾക്കുതാഴെ പഞ്ചായത്തുതല കമ്മിറ്റികൾ വേണം. വാർഡ് തലത്തിലുള്ള ഉപരോധ സേനയാക്കി ജനങ്ങളെ മാറ്റിയെടുക്കാൻ ഒരുമയോടുകൂടി നീങ്ങണം. ചാരായം നിരോധിച്ചുകഴിഞ്ഞാൽ കള്ള് വ്യവസായം രക്ഷപ്പെടുമെന്ന് ചിന്തിച്ചവരുണ്ട്. ഞങ്ങൾ അങ്ങനെ ചിന്തിച്ചിട്ടില്ല. എന്താണ് കേരളത്തിലെ കള്ളു വ്യവസായത്തിന്റെ അവസ്ഥ? ഈ ഗവൺമെന്റ് കേരളത്തിലെ കള്ളു വ്യവസായത്തെ രക്ഷിക്കാൻവേണ്ടി പ്രതിജ്ഞാബദ്ധമായ നിലപാടും നടപടികളും കൈക്കൊണ്ടിട്ടുണ്ട്. അതുകൊണ്ടാണ് കള്ളുഷോപ്പ് പരിശോധന വേണ്ടായെന്ന മുൻ ഗവൺമെന്റിന്റെ ഉത്തരവ് പിൻവലിച്ചത്. കള്ളുഷോപ്പുകളിൽ വ്യാജകള്ള് വിൽക്കുന്നു, വിഷമദ്യം വിൽക്കുന്നു, കോൺട്രാക്ടർമാർ കോടികൾ സമ്പാദിക്കുന്നു, അതിന്റെ വിഹിതമായി തൊഴിലാളികൾ ആനുകൂല്യം കൈപ്പറ്റുന്നു എന്നുള്ള സ്ഥിതി നിലനിൽക്കുകയാണ്. അത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണോ ഉണ്ടായത്? ഒരു റേഞ്ചിൽ 200 തൊഴിലാളികൾ 1000 ലിറ്റർ കള്ള് ഉൽപ്പാദിപ്പിക്കുന്നുവെങ്കിൽ 5000 ലിറ്റർ കള്ളിന്റെ വിൽപ്പന നടത്തുന്നു. അതാണ് യാഥാർത്ഥ്യം. അത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമുള്ള ഒരു പ്രതിഭാസമാണെന്ന് പറഞ്ഞ് നിങ്ങൾ ആക്ഷേപിക്കരുത്. പഴയ കഥകളിലേയ്ക്ക് പോയാൽ കണക്കെടുക്കാൻ പറ്റുകയില്ല. എവിടന്നാണ് അവശേഷിക്കുന്ന 4000 ലിറ്റർ കള്ള് വരുന്നത്? ഒന്നുകിൽ പാലക്കാട് വഴി വരുന്നു, അല്ലെങ്കിൽ കോൺട്രാക്ടർ സ്വന്തമായി ഉണ്ടാക്കുന്നു. സത്യം അതല്ലേ? അതുകൊണ്ട് ഉൽപ്പാദനക്ഷമതയും കുറഞ്ഞു, ഉൽപ്പാദനത്തിനുള്ള താൽപ്പര്യവും കുറഞ്ഞു, ഉണ്ടാക്കുന്ന കള്ള് പൂർണ്ണമായും കള്ള് ഷോപ്പുകളിൽ അളക്കുന്നതിന് കോൺട്രാക്ടർക്കും താൽപ്പര്യമില്ല. അളക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ചിന്ത തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. വ്യാജമദ്യത്തിന്റെ കുത്തൊഴുക്ക് കള്ളുഷാപ്പുകളിൽ വളർന്നുവരുന്നതിനുള്ള സാഹചര്യം ഉണ്ടായപ്പോൾ വിഷക്കള്ള് വിറ്റ് സമൂഹത്തെ കൊല ചെയ്യുന്നതു തടയാൻ ഈ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടു. ഒരു കോൺട്രാക്ടറെ പിടിച്ച് ജയിലിലടയ്ക്കാൻ ഐക്യമുന്നണിയുടെ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ? ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി നടത്തിയ നടപടികളുടെ ഭാഗമായി വ്യാജകള്ള് കൈകാര്യം ചെയ്യുന്ന കോൺട്രാക്ടറുടെ പേരിൽ കേസ് എടുത്തു. ഏത് വമ്പൻ പ്രമാണിയാണെങ്കിലും നിയമത്തിന്റെ മുന്നിൽനിന്ന് രക്ഷപ്പെടാൻ പാടില്ലായെന്ന് പറഞ്ഞ് ഈ ഗവൺമെന്റ് അവരെ കൽത്തുറുങ്കിൽ അടച്ചു. കഴിഞ്ഞഗവൺമെന്റിന്റെ സമീപനവും ഈ ഗവൺമെന്റിന്റെ സമീപനവും തമ്മിലുള്ള വ്യത്യാസം അതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്പിരിറ്റ് ഇടപാടിൽ 200 കോടി ഉറുപ്പികയുടെ അഴിമതി നടത്തിയെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾതന്നെ അങ്ങോട്ടുമിങ്ങോട്ടും പരസ്യമായി പറഞ്ഞതിന്റെ രേഖകൾ നമ്മുടെ കയ്യിലില്ലേ? പേര് ഞാൻ പറയുന്നില്ല. അതിനെത്തുടർന്ന് കള്ള് വ്യവസായത്തെ തകർക്കാൻ ഒരു വിഭാഗം കോൺട്രാക്ടർമാർ ബോധപൂർവം ശ്രമിക്കുകയാണ്. അതിന്റെ പിന്നിൽ ഒരു വിഭാഗം എക്സൈസ് ഉദ്യോഗസ്ഥൻമാർ ഉണ്ട്. ചാരായ നിരോധനം കർക്കശമായി നടപ്പിലാക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയത്തെ പൊളിക്കാൻ യു.ഡി.എഫ്-ലെ ഒരു വിഭാഗം നേതാക്കളുടെ പിന്തുണയോടുകൂടി ഒരു വിഭാഗം കോൺട്രാക്ടർമാരും ഒരു വിഭാഗം എക്സൈസ് ഉദ്യോഗസ്ഥൻമാരും ഒരുമിച്ച് ഗൂഢാലോചന നടത്തുന്ന കാര്യം ഈ ഗവൺമെന്റിന് അറിയാം. ഈ രാജ്യത്തെ ജനങ്ങൾക്ക് അറിയാം. അതുകൊണ്ട് ഈ ഭീഷണിയിൽനിന്ന്, വ്യാജകള്ള് വിൽക്കുക എന്നുള്ള അപകടകരമായ സാഹചര്യത്തിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ചെത്ത് വ്യവസായത്തെ രക്ഷിക്കണം. അതിന് ഗവൺമെന്റ് ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിക്കുന്നതിനുവേണ്ടി ആ മേഖലയിലെ മുഴുവൻ ട്രേഡ് യൂണിയൻ സംഘടനകളുടേയും പ്രതിനിധികളെ സംഘടിപ്പിച്ചുകൊണ്ട് എക്സൈസ് നിയമത്തിൽ പ്രായോഗികമായ മാറ്റം വരുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ കള്ള് വ്യവസായം കൂടുതൽ കരുത്ത് ആർജ്ജിക്കുന്നതിനുവേണ്ടി കുറേ കൂടുതൽ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കെ.എച്ച്. ആർ.ഡബ്ല്യൂ.എസ് മോഡലിൽ സൊസൈറ്റി രൂപീകരിച്ചുകൊണ്ട് ഇന്ന് നിലവിലുള്ള കള്ള്ഷാപ്പുകൾ പുന:സംഘടിപ്പിക്കും എന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. സൊസൈറ്റി രൂപീകരിച്ചുകൊണ്ടുള്ള നടപടി ഉണ്ടാകണം. പിന്നോക്കം നിൽക്കുന്ന, തകർന്നുകിടക്കുന്ന വ്യവസായങ്ങളെ ആധുനികവത്ക്കരിക്കാൻ, വൈവിദ്ധ്യവത്ക്കരിക്കാൻ ഗവൺമെന്റ് പൊതു പണം മാറ്റിവയ്ക്കുമ്പോൾ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയും ഇടപെടണം. തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കള്ള് പൂർണ്ണമായും കള്ളുഷാപ്പുകളിൽ അളക്കണമെന്നും ഉൽപ്പാദനത്തിന് ന്യായമായ ആനുകൂല്യം കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കി ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുംവേണ്ടി തൊഴിലാളികൾ മുൻകൈ എടുക്കേണ്ടതുണ്ട് എന്നുള്ള ബോധത്തിലേയ്ക്ക് തൊഴിലാളി സംഘടനാ പ്രതിനിധികൾ മാറേണ്ടതുണ്ട്. അതിന് സഹായകരമായ നിലപാടിലേയ്ക്ക് എത്താൻ ഈ ഗവൺമെന്റ് മുൻകൈ എടുത്താൽ ചാരായ നിരോധനവുമായി ബന്ധപ്പെട്ട വെല്ലുവിളികളെ അതിജീവിക്കാനും വ്യാജമദ്യത്തിന്റെ കടന്നാക്രമണത്തിൽനിന്ന് കള്ള് വ്യവസായത്തെ രക്ഷിക്കാനും പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കാനും സാധിക്കും. ആ നിലപാടുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന ഉത്തമവിശ്വാസത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും, എക്സൈസും വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭരണകക്ഷിയിൽനിന്ന് സംസാരിച്ച അംഗങ്ങൾ യാഥാർത്ഥ്യങ്ങൾ കാണാതെ കണ്ണടച്ച് ഇരുട്ടാക്കാനുള്ള ശ്രമമാണ് നടത്തിയത്. ശ്രീ. എൻ.ആർ. ബാലന് മുമ്പ് സംസാരിച്ച അംഗങ്ങൾ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ മറവിൽ നമ്മുടെ സാമ്പത്തിക പ്രതിസന്ധിയിലെ ഗുരുതരമായ സാഹചര്യത്തെ വിലയിരുത്തിയെങ്കിൽ ശ്രീ. എൻ.ആർ. ബാലന്റെ പ്രസംഗത്തിൽ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും മാറി യു.ഡി.എഫ്-ന്റെ കാലത്തെ ഉദ്യോഗസ്ഥൻമാർ തന്നെയാണ് ഞങ്ങളുടെ കാലത്തുമുള്ളത്, ഉദ്യോഗസ്ഥൻമാരാണ് ഈ സാമ്പത്തിക പ്രതിസന്ധികളുടെ ഉത്തരവാദികൾ എന്നുവരെ പറഞ്ഞുവച്ചിരിക്കുകയാണ്. നമ്മൾ യാഥാർത്ഥ്യങ്ങൾ കാണാതെ ,മുന്നോട്ടുപോയിട്ട് കാര്യമുണ്ടോ? നിങ്ങൾ ഒരു കാര്യം അംഗീകരിക്കണം. യു.ഡി.എഫ്-ന്റെ കാലത്ത്. ഇവിടെ വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിവച്ചു, കടക്കെണിയിൽ എത്തിച്ചു എന്നൊക്കെ പറഞ്ഞ നിങ്ങൾ ഒരു പ്രചരണം ഉണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ ഇന്ന് നിങ്ങൾ എത്രമാത്രം ശക്തിയോടുകൂടിയാണോ നമ്മുടെ സംസ്ഥാനത്തിന്റെ ആ കാലഘട്ടത്തെ വിമർശിക്കാൻ ശ്രമിക്കുന്നത്, അത്രയും ശക്തിയോടുകൂടി ആ കാലഘട്ടത്തിലെ ചില യാഥാർത്ഥ്യങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് അധികാരത്തിൽ നിന്ന് പോകുന്ന അവസരത്തിൽ 481 കോടി ഉറുപ്പിക മിച്ചമായിരുന്നു എന്ന് പറയുന്നത് സമ്മതിക്കുകയില്ല; അതൊക്കെ തെറ്റാണെന്ന് പറഞ്ഞു. ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീമതി രാധാ രാഘവൻ, ശ്രീ. ജോർജ് ജെ. മാത്യു എന്നിവരുടെ ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ മറുപടി തന്നിരിക്കുകയാണ്. 1995-96 സാമ്പത്തിക വർഷം അവസാനത്തോടുകൂടി സംസ്ഥാനത്തിന്റെ മിച്ചം എത്രയായിരുന്നു എന്ന ചോദ്യത്തിന് സി.ആന്റ് എ.ജി.യുടെ കണക്കനുസരിച്ച് 504.38 കോടി രൂപ മിച്ചമായിരുന്നു. പ്രസ്തുത വർഷം റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മിച്ചം 481.41 കോടി രൂപയാണ് എന്നാണ് മറുപടി തന്നിരിക്കുന്നത്. ഈ കണക്ക് ഇപ്പോൾ അംഗീകരിക്കേണ്ടിവന്നിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ കണക്ക് അനുസരിച്ചാണെങ്കിലും സി.ആന്റ് എ.ജി.യുടെ കണക്ക് അനുസരിച്ചാണെങ്കിലും ഒരു വലിയ മിച്ചമുണ്ടാക്കി. 101 കോടി രൂപയുടെ കമ്മിയോടുകൂടി അധികാരം ഏറ്റെടുത്ത യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചു കൊല്ലം കഴിഞ്ഞ് അധികാരം വിട്ടപ്പോൾ ഉണ്ടാക്കിയ സാമ്പത്തിക നിലയെ സംബന്ധിച്ച് . . . ഇന്ന് ധനകാര്യവകുപ്പ് മന്ത്രിക്കുതന്നെ സി.ആന്റ് എ.ജി. യേയും റിസർവ് ബാങ്കിനേയും ഉദ്ധരിച്ചുകൊണ്ട് മറുപടി തരേണ്ടിവന്നിരിക്കുന്നു. ഇത്രയും മിച്ചം ഉണ്ടായിരുന്നിട്ടും ഇപ്പോൾ എന്താണ് സ്ഥിതി? നിങ്ങൾ യാഥാർത്ഥ്യം അംഗീകരിക്കുമോ? കഴിഞ്ഞ മൂന്നു കൊല്ലക്കാലംകൊണ്ട് 1500 കോടി രൂപ പാഴാക്കിയിരിക്കുന്നു. സഹകരണ ബാങ്കിൽനിന്ന് അമിത പലിശയ്ക്ക് 230 കോടിരൂപ വാങ്ങിച്ചു എന്നാണ് പറയുന്നത്. ഏത് പേരിലാണെന്ന് ഞാൻ പറയുന്നില്ല. എന്ത് പേരുമായിക്കൊള്ളട്ടെ, 230 കോടി ഉറുപ്പിക സഹകരണ ബാങ്കിൽനിന്ന് അമിത പലിശയ്ക്ക് എടുത്തിരിക്കുന്നു. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് 545.84 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. അതും ഇതിൽ തന്നിരിക്കുന്ന മറുപടിയാണ്. പലർക്കും കൊടുക്കാനുണ്ടായിരുന്നു എന്ന് ശ്രീ. ടി.കെ. നൗഷാദ് പറയുകയുണ്ടായി. ഞങ്ങൾ അധികാരത്തിൽ വരുന്ന അവസരത്തിൽ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് 62 കോടി ഉറുപ്പിക കൊടുക്കാനുണ്ടായിരുന്നു. എനിക്ക് കിട്ടിയിരിക്കുന്ന കണക്ക് 31.10.1995-ലേതാണ്. പിന്നേയും മൂന്നു നാലു മാസത്തോളം കൂടിയുണ്ട്. 31.10.1995 ലെ കണക്ക് അനുസരിച്ച് പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ളത് 136 കോടി രൂപയാണ്. നാലഞ്ചു മാസത്തേതുകൂടി കൂട്ടിയാൽ പത്തോ ഇരുപതോ മുപ്പതോ കോടി രൂപകൂടി വരും. 200 കോടിയോളം രൂപയുടെ കുടിശ്ശിക ആയിരുന്നു ഞങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ പി.ഡബ്ലിയു.ഡി. കോൺട്രാക്ടർമാർക്ക് കൊടുക്കാൻ ഉണ്ടായിരുന്നത് എന്ന് കണക്കാക്കുക. ഇപ്പോൾ അത് 1545 കോടി രൂപയായിട്ട് കൂടിയിരിക്കുന്നു. എന്താണ് കാരണം? വരവറിയാതെ ചെലവു ചെയ്തു. പിന്നെ യു.ഡി.എഫ്-നെക്കുറിച്ച് പറഞ്ഞത് 'കടക്കെണി' എന്നാണ്. മുഖ്യമന്ത്രി എന്നും ചോദിച്ചുകൊണ്ടിരിക്കുമായിരുന്നു, 10,000 കോടി രൂപയുടെ കടമാക്കിയില്ലേയെന്ന്. ശരിയാണ്. യു.ഡി.എഫ്.അധികാരത്തിൽ വന്നപ്പോൾ 4965 കോടി രൂപയുടെ കമ്മിയുണ്ടായിരുന്നു; അധികാരത്തിൽ നിന്ന് പോകുന്നയവസരത്തിൽ 10,660 കോടി രൂപയുടെ കടം. പക്ഷേ നിങ്ങൾ മൂന്ന് കൊല്ലംകൊണ്ട് ഉണ്ടാക്കിയത് എത്രയെന്ന് അറിയാമോ? കടമെടുക്കുന്ന തുക ഇവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിരുന്നുവെങ്കിൽ നാളെയെങ്കിലും നമുക്ക് അതിന്റെ പ്രയോജനം കിട്ടുമെന്ന് പ്രതീക്ഷിക്കാമായിരുന്നു. പക്ഷേ ഈ തുകയെല്ലാം ഉൽപ്പാദനരംഗത്തേയ്ക്കല്ല, മറ്റുള്ള രീതിയിൽ നമ്മുടെ അമിത ചെലവുകൾ മീറ്റു ചെയ്യാൻ വേണ്ടി വിനിയോഗിക്കുകയാണ് ചെയ്തത്. 1999-2000

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തേക്ക് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് പലിശയിനത്തിൽ കൊടുക്കാൻ 1,842 കോടി രൂപയാണ്. ഈ നിലയിൽ പോയാൽ നമ്മുടെ സ്ഥിതി എന്താകും? ഇതിന്റെ കാരണം നിങ്ങൾ ചെലവ് നിയന്ത്രിക്കാൻ ശ്രമിച്ചില്ല എന്നതാണ്. യാതൊരുവിധ നിയന്ത്രണങ്ങളും ചെലവിൽ ഏർപ്പെടുത്തിയില്ല എന്നതാണ്. ധൂർത്തും അമിതമായ ചെലവുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. സാമ്പത്തിക പ്രതിസന്ധിയാണ്. ബുദ്ധിമുട്ടുണ്ട്. നിങ്ങൾ അല്പമൊന്ന് ഒതുങ്ങികഴിയണ്ടേ? ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നു വർഷക്കാലം ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പു മന്ത്രിയോട് സഹകരിച്ചു എന്ന് ഞാൻ പറയുന്നില്ല. ധൂർത്തു പുത്രൻമാരെപ്പോലെയാണ് നിങ്ങൾ ഇവിടെ പ്രവർത്തനങ്ങൾ നടത്തിയത്. ധനകാര്യ സെക്രട്ടറി ഇന്നത്തെ സാമ്പത്തിക ഗുരുതരാവസ്ഥയെക്കുറിച്ച് ഗവൺമെന്റിന് നൽകിയ നോട്ടിന് അതിന്റെ കടലാസ്സിന്റെ വിലപോലും നിങ്ങൾ കൽപിച്ചില്ല. എന്നിട്ടിപ്പോൾ എന്തായി? ശ്രീ. ടി.കെ. നൗഷാദ് ഇവിടെ അഭിമാന പ്രശ്നമായി പറഞ്ഞു, ഒരു ദിവസം സർവ്വീസ് ഉള്ളവർക്ക് ഞങ്ങൾ പെൻഷൻ കൊടുക്കുമെന്ന്. നാണമില്ലേ പറയാൻ? ഒരു ദിവസം ജോലിക്ക് ഹാജരായി അടുത്ത ദിവസം ഗൾഫിൽ പോയാൽ അവന് പെൻഷൻ കൊടുക്കുന്നതാണോ നിങ്ങളുടെ നാട്ടുഭോഷയെന്ന് പറയുന്നത്? ഒരു ദിവസം സർവ്വീസുള്ളവന് പെൻഷൻ കൊടുത്താൽ ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുമായിരുന്നു. മനുഷ്യന് സാദ്ധ്യമല്ലാത്ത കാരണങ്ങൾകൊണ്ട് സർവ്വീസിൽ തുടരാൻ സാധിക്കാതെ പോയാൽ, അല്ലെങ്കിൽ അപകടത്തിൽപ്പെട്ട് മരിച്ചുപോയാൽ അല്ലെങ്കിൽ അപകടത്തിൽപ്പെട്ട് ജോലിക്ക് ഹാജരാകാൻ സാധിക്കാത്ത വിധത്തിൽ വീട്ടിൽ കിടക്കുന്ന സ്ഥിതി വന്നാൽ, മനുഷ്യസാദ്ധ്യമല്ലാത്ത കാരണങ്ങൾകൊണ്ട് ജോലിക്ക് ഹാജരാകാൻ സാധിക്കാതെ വന്നാൽ, അവർക്ക് പെൻഷൻ കൊടുത്താൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുമായിരുന്നു. പക്ഷേ ഒരു ദിവസം ജോലിക്ക് ഹാജരായി അടുത്ത ദിവസം ഗൾഫിലേക്ക് പോയാൽ അല്ലെങ്കിൽ അടുത്ത ദിവസം നല്ല ഒരു വ്യവസായം തുടങ്ങാൻ, ഒരു കച്ചവടം തുടങ്ങാൻ നല്ല മേച്ചിൽ സ്ഥലങ്ങളിലേക്ക് പോയാൽ അവർക്ക് പെൻഷൻ കൊടുക്കുന്നത് അഭിമാനമാണോ? അതിനുള്ള സ്ഥിതിയാണോ ഇവിടെയുള്ളത്? എങ്ങനെയാണ് ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ധനകാര്യവകുപ്പുമന്ത്രി ഇതിന് കൂട്ടുനിന്നത് എന്ന് എനിക്കറിയണം. 'വൺ ഡേ സർവ്വീസ് പെൻഷൻ' അതായത് ഒരു ദിവസം ജോലി ചെയ്താൽ പിന്നെ ജീവിതകാലം മുഴുവൻ അവരുടെ കുടുംബത്തിന് പെൻഷൻ. ഇടയ്ക്ക് പീരീഡ് പൂർത്തിയാക്കാതെ മരിച്ചുപോയാൽ ആ കുടുംബത്തിന് പെൻഷൻ കൊടുക്കാം. ഞാൻ അതിന് കൂട്ടുനിൽക്കാം. ഇതുപോലുള്ള മനോഭാവമാണ് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ കടക്കെണിയിൽ എത്തിച്ചിരിക്കുന്നത്. ശ്രീ. ടി.കെ. നൗഷാദ് വളരെ ക്രെഡിറ്റായിട്ടാണ് പറഞ്ഞത്. അതിന്റെ ഫലമെന്താണ്? 1991-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ 422 കോടി രൂപയായിരുന്നു റവന്യൂ കമ്മി. അഞ്ചുവർഷംകൊണ്ട് ഒരു രൂപപോലും റവന്യൂ കമ്മി കൂടിയില്ല എന്നു മാത്രമല്ല, 402 കോടിരൂപയായി അത് കുറച്ചു. 5 ശതമാനം റവന്യൂ കമ്മി 5 വർഷക്കാലംകൊണ്ട് യു.ഡി.എഫ്.ഗവൺമെന്റിന്റെ കാലത്ത് കുറച്ചുവെന്ന് ഞങ്ങൾ അഭിമാനം കൊള്ളുന്നു. പക്ഷേ നിങ്ങളല്ലേ ആദ്യത്തെ ഒരു കൊല്ലം കൊണ്ട് 60 ശതമാനം കൂട്ടിയത്? 1999-2000-മാണ്ടിൽ മന്ത്രിയുടെ കണക്ക് അനുസരിച്ച് റവന്യൂകമ്മി 2,230 കോടി രൂപയാണ്. - അഞ്ച്കൊല്ലം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് കമ്മി ഏതാണ്ട് അഞ്ച് ശതമാനം കുറച്ചു. നിങ്ങൾ നാലു കൊല്ലംകൊണ്ട് 550 ശതമാനം വർദ്ധിപ്പിച്ചു. അതിനനുസരിച്ച് വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

കൂടുന്നുണ്ടോ? വരുമാനം കുറയുന്നു. നിങ്ങൾക്ക് ടാക്സ് പിരിക്കാൻ സാധിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധികൊണ്ടാണ് നിങ്ങളുടെ വരുമാനം കൂടാതിരിക്കുന്നതെങ്കിൽ ഈ കൂടിശ്ശിക പിരിക്കുന്നതിൽ എന്താണ് അപാകതയെന്ന് ശ്രീ. ബാലൻ സംസാരിച്ചപ്പോൾ ശ്രീ. തങ്കച്ചൻ ഒരു ചോദ്യം ചോദിച്ചു. 1106 കോടി രൂപയാണ് സെയിൽസ് ടാക്സ് കുടിശ്ശിക. അത് പിരിച്ചെടുക്കാതിരിക്കുന്നതിന് കാരണമെന്താണ്? അതിന് എന്താണ് മറുപടി? അദ്ദേഹം ഒന്നു പറഞ്ഞു, കോടതി തടസ്സം നിൽക്കുന്നുവെന്ന്. കോടതി തടസ്സം നിന്നാൽ കോടതിയിലെ തടസ്സം മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടാക്സിന്റെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഉണ്ടായിരുന്നു. ഇന്നിപ്പോൾ എന്താണ്? എം.കെ. ദാമോദരൻ ആന്റ് കമ്പനിയുടെ അഡ്വക്കേറ്റുമാരാണ് സ്റ്റേറ്റിന് വേണ്ടിയുള്ള കേസിനു വരുന്നത്. അതൊന്നും ഞാൻ പറയുന്നില്ല. എങ്ങനെ സംസ്ഥാനത്തിന്റെ നികുതി പിരിക്കാൻ സാധിക്കും? ഞാൻ കൂടുതലൊന്നും പറയുന്നില്ല. കോടതിയിൽ എന്താണ് തടസ്സം? അത് നോക്കണ്ടേ? അതുപോലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്ന രംഗത്ത് നമ്മൾ സ്വീകരിക്കേണ്ട യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിന്റെ ഫലമായാണ് നിങ്ങൾ ഇന്ന് അതീവഗുരുതരമായ സാഹചര്യങ്ങളിലേയ്ക്ക് പോകുന്നത്. ഇന്ന് കണ്ണടച്ച് ഇരുട്ടാക്കാം എന്ന് നിങ്ങൾ ധരിക്കുന്നുണ്ടെങ്കിൽ ഈ നിലയിൽ മുന്നോട്ടു പോകാൻ സാധിക്കില്ല. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ ചെലവു ചുരുക്കാനും വരുമാനം വർദ്ധിപ്പിക്കാനും ഇന്നത്തെ സാമ്പത്തിക സാഹചര്യങ്ങളോട് ഒരുമപ്പെട്ട് പോകാനും നമ്മൾ തയ്യാറാകണം. അതിനുപകരം വൺഡേ സർവ്വീസ് പെൻഷൻപോലുള്ള കാര്യങ്ങൾ വലിയ ക്രെഡിറ്റാക്കിക്കൊണ്ട്, അതിനെപ്പറ്റി വീമ്പടിച്ചുകൊണ്ട് മുന്നോട്ടു പോകാനാണ് തുടങ്ങുന്നതെങ്കിൽ നമ്മൾ ഗുരുതരമായ സാഹചര്യത്തിൽ ചെന്നെത്തും. ഞാൻ എക്സൈസിലെ ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ ഈ ഗവൺമെന്റിന്റെ മദ്യനയത്തിൽ വന്നിട്ടുള്ള പാളിച്ച, മദ്യരാജാക്കാൻമാരോടുള്ള താൽപ്പര്യം എന്നിവയെക്കുറിച്ച് ഇവിടെ പറഞ്ഞു. രഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടി, തെരഞ്ഞെടുപ്പ് മാത്രം മുന്നിൽ കണ്ടുകൊണ്ട് മുൻഗവൺമെന്റ് നടപ്പാക്കിയ ഒരു നയമാണ് ചാരായ നിരോധനം എന്നാണ് നിങ്ങൾ പറഞ്ഞത്. എനിക്ക് നിങ്ങളോട് ഒരൊറ്റ ചോദ്യമേയുള്ളൂ: കഴിഞ്ഞ ഗവൺമെന്റ് സങ്കുചിതമായ ഒരു താൽപ്പര്യത്തിനുവേണ്ടി, ഒരു തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ടുകൊണ്ട് പറഞ്ഞ ഒരു നയമാണെങ്കിൽ എന്തുകൊണ്ട് കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ട് നിങ്ങൾക്ക് അത് പിൻവലിക്കാൻ സാധിച്ചില്ല? ഈ സംസ്ഥാനത്തിന് ഗുണം ചെയ്യുന്ന കാര്യമല്ല; ഇവിടത്തെ ജനങ്ങൾക്ക് ഗുണം ചെയ്യുന്ന കാര്യമല്ല. വെറും സ്ഥാപിതതാൽപ്പര്യം. പാർട്ടിതാൽപ്പര്യം. തെരഞ്ഞെടുപ്പിൽ ജയിക്കാൻ വേണ്ടി മാത്രമാണെങ്കിൽ നിങ്ങൾക്ക് ഈ മൂന്നു കൊല്ലംകൊണ്ട് അത് പിൻവലിക്കാമായിരുന്നില്ലേ? ഈ കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി ചാരായ നിരോധനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലുള്ള നിങ്ങളുടെ പാളിച്ചകളും ആത്മാർത്ഥതയില്ലായ്മയും സംബന്ധിച്ച് ഞാൻ പറയുകയാണ്. ചാരായ നിരോധനം പിൻവലിക്കുമെന്ന് നിങ്ങൾക്ക് പറയാൻ ധൈര്യമില്ലാത്തതുതന്നെ ചാരായ നിരോധനം ഈ നാടിന്റെ ആവശ്യമാണ് എന്നതിന്റെ വ്യക്തമായ സൂചനയാണ്. ശ്രീ. ശങ്കർനാരായണന്റെ പ്രസംഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇത് ഞങ്ങൾ പുതിയതായിട്ട് സ്വീകരിച്ച നയമൊന്നും അല്ല; വർഷങ്ങളായി തുടരുന്ന സമീപനമാണ്. മദ്യ നിരോധനം ഘട്ടം ഘട്ടമായി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നടപ്പിലാക്കണമെന്നു തന്നെയാണ് കോൺഗ്രസുകാരുടെ അഭിപ്രായം, ആ അഭിപ്രായത്തോട് യോജിക്കുന്ന സമീപനമാണ് യു.ഡി.എഫ്-ന് ഉള്ളത്. ശ്രീ. എ.കെ. ആന്റിണി അല്ല. ഈ നയം തുടങ്ങിയത്, ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് തുടങ്ങിയതാണ്. 10 ശതമാനം ചാരായഷാപ്പുകൾ ഓരോ വർഷവും നിർത്തലാക്കുക എന്നുള്ളതാണ് ആദ്യത്തെ സ്റ്റെപ്പ്. എക്സൈസ് എന്നത് ഒരു സംസ്ഥാന വിഷയമാണ്. സി.പി.ഐ. ഒരു അഖിലേന്ത്യാ പാർട്ടിയാണെന്ന് എനിക്കറിയാം, പക്ഷേ നിർഭാഗ്യവശാൽ എക്സൈസ് ഒരു സംസ്ഥാന വിഷയമായിപ്പോയി. അതു കൊണ്ട് നമുക്ക് സംസ്ഥാനത്തുനിന്ന് സംസാരിക്കാം. ഏതായാലും ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഇതിന്റെ തുടക്കം. 10 ശതമാനം ചാരായഷാപ്പുകൾ വർഷംതോറും നിർത്തലാക്കുക എന്നുള്ള നിലയിൽവന്നു. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായ അവസരത്തിൽത്തന്നെ ചാരായ നിരോധനം അജണ്ടയിൽ ഉണ്ടായിരുന്നു. പക്ഷേ 1996-97 ലേയ്ക്കുള്ള ചാരായ ഷാപ്പുകളുടെ ലേലം കഴിഞ്ഞതിനുശേഷമാണ് ശ്രീ. എ.കെ. ആന്റണി അധികാരം ഏറ്റത്, ലേലം കഴിഞ്ഞ്, ലേലം ഉറപ്പിച്ചു കൊടുത്തതിനുശേഷം പിന്നെ ചാരായ നിരോധനം കൊണ്ടുവരാൻ കഴിയുമോ? കൊണ്ടുവന്നാൽ ഭീമമായ തുക നഷ്ടപരിഹാരം കൊടുക്കണം. അതുകൊണ്ടുതന്നെ ആ വർഷം അത് നടപ്പാക്കാൻ സാധിച്ചില്ല. പിന്നീട് ലേലത്തിനു മുമ്പായി നയപരമായ തീരുമാനം എടുത്തു. അതു നടപ്പിലാക്കി. എത്രദിവസം എന്നു ഞാൻ പറയുന്നില്ല. ആന്റണി ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോകുന്നതുവരെ ചാരായ നിരോധനത്തിന്റെ ഇഫക്ട് എന്തായിരുന്നു എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കറിയാം. ഞാൻ ഒന്നു ചോദിക്കട്ടെ, നിങ്ങൾക്ക് ചാരായ നിരോധനത്തൽ ആത്മാർത്ഥയുണ്ടോ? കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ--അതല്ലേ ചാരായ നിരോധനത്തിൽ നിങ്ങളുടെ നിലപാട്? ഞാൻ ഒന്നുപറയാം, കഴിഞ്ഞ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ ചാരായ നിരോധനത്തെ അനുകൂലിക്കുന്നവരെപ്പോലെതന്നെ എതിർക്കുന്ന ഒരു വലിയ വിഭാഗവും ഉണ്ട്. ചാരായ നിരോധനം പിൻവലിക്കണമെന്ന് ആഗ്രഹിക്കുന്ന ഭൂരിപക്ഷത്തിന്റെ പിൻതുണകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്, ഇതു പറയുന്നത് ആരാണെന്നറിയാമോ? നിങ്ങളുടെ മന്ത്രിസഭയിലെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ള. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നത് ചാരായ നിരോധനത്തെ എതിർക്കുന്ന ജനവിഭാഗത്തിന്റെ പിന്തുണകൊണ്ടാണ്. അദ്ദേഹം പറയുന്നു, ചാരായ നിരോധനം കേരളത്തിലെ ജനങ്ങൾ ഇഷ്പ്പെടാത്ത ഒരു നയമായിരുന്നു എന്ന്. അധാർമ്മികം എന്ന് ഡോ. എ. നീലലോഹിതദാസൻ നാടാർ. ശ്രീ. വി.പി. രാമകൃഷ്ണപിള്ള പറയുന്നു, ഇത് ജനങ്ങൾ ഇഷ്ടപ്പെടാത്ത നയമാണ്, ഭൂരിപക്ഷം ജനങ്ങളും അതിനോട് യോജിക്കുന്നില്ല എന്ന്. നിങ്ങൾക്ക് ഇതിനകത്ത് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? ശ്രീ. എൻ.ആർ. ബാലൻ തൊഴിലാളികൾക്കുവേണ്ടി ഈ ഗവൺമെന്റ് ചെയ്തകാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് അവർക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ചു പഠിക്കാൻ ലേബർ കമ്മീഷണറെ വച്ചതിനെ നിങ്ങൾ ആക്ഷേപിച്ചു, എന്താന്നറിയാമോ? ചാരായ തൊഴിലാളികൾ സർക്കാരിനെതിരെ കൂട്ടായി സമരം നടത്തണം. ആരാണ് അത് പറഞ്ഞത് എന്നറിയാമോ? പ്രതിപക്ഷമല്ല; തൊഴിൽ വകുപ്പു മന്ത്രി ശ്രീ. വി.പി. രാമകൃഷ്ണപിള്ള പ്രസംഗിച്ചിരിക്കുകയാണ്. 31-3-99-ലെ

LIBRARY ARCHIVES Kerala Legislative Assembly

കേരളകൗമുദി പത്രത്തിൽ വന്ന വാർത്തയാണ് ഇത്. തൊഴിലാളികൾക്കു വേണ്ടി എല്ലാം ചെയ്തുവെങ്കിൽ പിന്നെ തൊഴിലാളികൾ ഈ സർക്കാരിനെതിരായി എന്തിനാണ് സമരം ചെയ്യുന്നത്? ഇതൊക്കെ ചാരായ നിരോധനത്തെ സംബന്ധിച്ച് നിങ്ങളുടെ ആത്മാർത്ഥത ഇല്ലാത്ത സമീപനമാണ്. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പറയുന്നത് ചാരായ നിരോധനം പ്രായോഗികമല്ല എന്നാണ്. ഇങ്ങനെയുള്ള നിങ്ങൾ മെയ്യ് അങ്ങും, മനസ് ഇങ്ങും എന്നതുപോലെ ശരീരംകൊണ്ട് ചാരായ നിരോധനത്തിന്റെകൂടെ നിൽക്കുകയാണ്. മനസ്സുകൊണ്ട് അതിനെ തകർക്കുന്ന, പരാജയപ്പെടുത്തുന്ന സമീപനം നിങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. കോട്ടയത്ത് എന്റെ നാട്ടിൽ ഉണ്ടായ മദ്യ ദുരന്തത്തിൽ 9 പേർ മരിച്ചു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആ സംഭവത്തിന്റെ മുഴുവൻ. കാര്യങ്ങളെക്കുറിച്ചും അങ്ങ് അന്വേഷിക്കണം എന്നാണ്. അങ്ങേയ്ക്ക് അതിന്റെ വിവരങ്ങൾ കിട്ടിക്കാണുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ശ്രീ. എൻ.ആർ. ബാലൻ ഇവിടെ പറഞ്ഞല്ലോ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മദ്യ ദുരന്തമുണ്ടായാൽ ആർക്കും കുഴപ്പമില്ല, ഞങ്ങളുടെ കാലത്ത് മദ്യ ദുരന്തമുണ്ടായാൽ രാഷ്ട്രീയമായി അതിനെ കുറ്റപ്പെടുത്തുന്നു എന്ന്. കോട്ടയത്തുണ്ടായ മദ്യദുരന്തത്തിന്, വിഷമദ്യക്കച്ചവടത്തിന് അടിസ്ഥാനപരമായിട്ടുള്ള കാരണങ്ങൾ അതന്വേഷിക്കുന്ന പോലീസ് കണ്ടെത്തിയിരിക്കുകയാണ്. ബോബെയിൽനിന്ന് കൊണ്ടുവന്ന മീഥൈൽ ആൽക്കഹോൾ ഉപയോഗിച്ചാണ് ഈ വിഷമദ്യം ഉണ്ടാക്കിയത്. ആ സാധനങ്ങൾ ഒരു സ്ഥലത്തുനിന്ന് ഫെബ്രുവരി മാസം 19-ാം തീയതി ഒരു പറ്റം ആളുകൾ ബലമായിട്ട് എടുത്തുകൊണ്ടുപോയതാണ്. അതിനെതിരായി പരാതി കൊടുത്തിട്ട് പോലീസ് ഒരു കേസ്പോലും രജിസ്റ്റർ ചെയ്തിട്ടില്ല. എനിക്ക് ഇന്ന് അതു സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി തന്നിട്ടുണ്ട്. 19-ാം തീയതി സാധനം എടുത്തുകൊണ്ടു പോയി എന്നുപറഞ്ഞ് പരാതി കൊടുത്തിട്ട് ഒരു കേസുപോലും എടുത്തില്ല. എന്തുകൊണ്ട്? ആ പാർട്ടിയുടെ സ്വാധീനംകൊണ്ട് ഒരു നടപടിയും എടുത്തില്ല. ഏപ്രിൽ 13-ാം തീയതി ഈ സാധനങ്ങളുടെ ഉടമസ്ഥൻ വീണ്ടും പരാതികൊടുക്കുന്നു. എന്താണെന്നറിയാമോ? കോട്ടയത്ത് ചിറയിൽപാടത്ത് എന്ന സ്ഥലത്ത് ഇവിടെനിന്ന് മോഷണം നടത്തിയ സാധനങ്ങൾ കിടക്കുന്നുണ്ട്, അത് സെർച്ച് ചെയ്യണം, അത് എടുക്കണം എന്നുപറഞ്ഞു. എന്നിട്ടും ഒരു നടപടിയും ഉണ്ടായില്ല. അന്ന് മോഷണം പോയ, 19-2-99-ൽ കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്ന് 100 വാരയ്ക്കപ്പുറമുള്ള ഒരു കെട്ടിടത്തിൽ നിന്ന് ബലമായി എടുത്തുകൊണ്ടുപോയ സാധനം ഉപയോഗിച്ചാണ് വിഷമദ്യം ഉണ്ടാക്കി 9 പേരുടെ മരണത്തിനിടയാക്കിയ സാഹചര്യം ഉണ്ടാക്കിയത്. ഇതിനുത്തരവാദികൾ ആരാണ്? 19-ാം തീയതി ഉണ്ടായ സംഭവത്തിന്റെ പേരിൽ കേസ് എടുക്കാൻ പോലും നിങ്ങളുടെ പാർട്ടി നേതാക്കൻമാർ സമ്മതിച്ചില്ല. 13-ാം തീയതി വ്യക്തമായി സൂചന നൽകിയിട്ടും റെയിഡ് നടത്താനോ, അത് പിടിച്ചെടുക്കാനോ ശ്രമിച്ചില്ല. അതു സംബന്ധിച്ചുള്ള എല്ലാ രേഖകളും എന്റെ കൈയിലുണ്ട്. പക്ഷേ ഇക്കാര്യത്തിൽ നടപടി എടുക്കാൻ നിങ്ങൾ തയ്യാറായില്ല. അങ്ങനെ വളരെ പരസ്യമായ നിലയിൽ ഇതുപോലുള്ള സമീപനം സ്വീകരിക്കുന്നത്, നമ്മുടെ നാട്ടിൽ ഇതുപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്നതിന് ഇടയാക്കുന്ന സാഹചര്യമാണ്. എനിക്ക് ഒരൊറ്റ അഭ്യർത്ഥനയേ ഉള്ളൂ, മദ്യനയത്തിൽ നിങ്ങൾ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളിൽനിന്നുപോലും നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിഞ്ഞുമാറുന്നു. എന്തിനാണ് ഈ ഭയപ്പാട്? ഉള്ള കാര്യങ്ങൾ തുറന്നു പറഞ്ഞുകൂടേ? ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. എ.കെ. മണി, ശ്രീ. പി.ജെ. ഫ്രാൻസിസ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നിവർ ചോദിച്ചത് നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ ഉണ്ടായിരുന്നപ്പോൾ വിദേശ മദ്യം നിർമ്മിക്കുന്നതും blending and bottling നടത്തുന്നതിനുമായി എത്ര പ്ലാന്റുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു എന്നാണ്. അതിന് വിവരങ്ങൾ നൽകിയിട്ടുണ്ട്. ഒരു പരാതിയും ഇല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ? മറുപടി -വിവരം ശേഖരിച്ചു വരുന്നു-എന്നാണ്. എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ഉള്ള വിവരമല്ലേ? ഇത് എന്തിനാണ് സഭയിൽനിന്ന് മറച്ചു വയ്ക്കുന്നത്? എങ്കിൽ എത്ര വിഹിതം വർദ്ധിപ്പിച്ചു എന്നറിയാമോ? മറുപടി തന്നിരിക്കുന്നത് വിവരം ശേഖരിക്കുന്നതിന്റെ കൂടെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദേശ മദ്യം നിർമ്മിക്കുന്നതിനും, blending and bottling നടത്തുന്നതിനുമായി അനുവാദം നൽകിയിട്ടുണ്ടോ? ഉണ്ട് എങ്കിൽ . ആർക്കെല്ലാം; എവിടെയെല്ലാം? വ്യക്തമായ മറുപടി തന്നിരിക്കുകയാണ്. 4 യൂണിറ്റുകൾ. എല്ലാ വിവരവും കിട്ടിയിട്ടുണ്ട്. പക്ഷെ പിന്നെ തരേണ്ട ഒരു ചോദ്യം വീണ്ടും, വീണ്ടും അവൻ വരികയാണ്. ആര്? വിവരം ശേഖരിച്ചു വരുന്നവൻ. എന്താണെറിയാമോ? ഇവയുടെ പ്രതിദിന ഉൽപ്പാദന ശേഷി എത്രമാത്രം എന്നു വിശദീകരിക്കുമോ? വിവരം ശേഖരിച്ചു വരുന്നു. ബഹുമാന്പെട്ട മന്ത്രി അങ്ങ് അനുവാദം കൊടുക്കുമ്പോൾ, അവർ അപേക്ഷ തരുമ്പോൾ അതിനകത്തില്ലേ ഇത്? കമ്മീഷണറുടെ ഓഫീസിൽ ഇല്ലേ? എന്തിന് ഞങ്ങളിൽ നിന്ന് മറച്ചു വയ്ക്കുന്നു? ശ്രീ. ടി.എം. ജേക്കബിന്റെ മറ്റൊരു ചോദ്യത്തിന് നമ്മുടെ സംസ്ഥാനത്ത് എത്രമാത്രം ഉൽപ്പാദന ക്കുറവുണ്ട് എന്നതിന് മറുപടി നൽകിയിട്ടുണ്ട്. അതിനേക്കാൾ കൂടുതൽ ഉൽപ്പാദനശേഷിക്കുള്ള അനുമതി കൊടുത്തു എന്നുള്ളത് മറച്ചുവയ്ക്കാൻ വേണ്ടിയല്ലേ 'വിവരം ശേഖരിക്കുന്നു' എന്നതിനെ കേറിപ്പിടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നത്. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ കാര്യങ്ങളിൽ ഒരു തുറന്ന മനസ്സോടുകൂടി നടപടികൾ എടുക്കണം എന്നാണ്. ഈ നാടിനെ ബാധിക്കുന്ന, നമ്മുടെ സമൂഹത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ അർദ്ധ മനസ്സോടുകൂടിയ, മനസങ്ങും മിഴി ഇങ്ങും എന്നുള്ള നിലയിലുള്ള, ആ സമീപനം മാറ്റണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ രണ്ടു ഭാഗത്തുനിന്നും വന്ന വിമർശനങ്ങൾക്കും അതിൽ അടങ്ങിയ ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും അംഗങ്ങൾ ചൂണ്ടിക്കാണിച്ച ഗവൺമെന്റിന്റെ പിശകുകൾ, അപാകതകൾ, കുറവുകൾ, കോട്ടങ്ങൾ എന്നിവയ്ക്കും ആദ്യമായി ഞാൻ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ആദ്യം പ്രസംഗിച്ച പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട മുരളി , വളരെ ക്രീയാത്മകമായ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്; വളരെ ഷാർപ്പായിട്ടുള്ള വിമർശനങ്ങൾ വച്ചിട്ടുണ്ട്. ആ വിമർശനങ്ങളെ അതിന്റെ എല്ലാ അർത്ഥത്തിലും ഞാൻ ഉൾക്കൊണ്ടു. കാരണം ആ വിമർശനങ്ങൾ വളരെ പോസിറ്റീവ് ആയിരുന്നു. പക്ഷെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഇൻ-എഫിഷ്യൻസി കൊണ്ടുമാത്ര മാണ് എന്ന ഈ ഫോർമുലേഷനോട് എനിക്ക് യോജിക്കാൻ സാധിക്കുക യില്ല. കാരണം ഫാർ ഈസ്റ്റിലും ഏഷ്യയിലും-ആഗോളാടിസ്ഥാനത്തിൽത്ത ന്നെയും ഇൻഡ്യയിലും അതിന്റെ ഭാഗമായ കേരളത്തിലും രണ്ടുമൂന്നു വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യം വ്യാപാര

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തും വന്നിട്ടുണ്ട്. വ്യാപാരരംഗത്ത് ഗൗരവതരമായ മാന്ദ്യമുണ്ട്. ഇപ്പോൾ സെയിൽസ് ടാക്സ് വരുമാനത്തെ അത് ബാധിച്ചിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്--അങ്ങനെ ഞാൻ മറുപടി പറയും എന്ന് ബഹുമാനപ്പെട്ട മാണി പറഞ്ഞു.

ശ്രീ. കെ.എം. മാണി : ഞാൻ അതു മാത്രമല്ല പറഞ്ഞത്.

ശ്രീ. ടി. ശിവദാസമേനോൻ : അതും പറഞ്ഞു, പക്ഷേ ബഹുമാനപ്പെട്ട കെ.എം. മാണിക്ക്, എന്നേക്കാൾ പരിചയവും വിജ്ഞാനവുമുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻ എന്നുള്ളനിലയ്ക്ക് മറുപടി പറയാവുന്നതാണ് എന്ന് എനിക്ക് സൂചിപ്പിച്ചുതന്നതാണ്. അത് ഞാൻ പറയുകയാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ കാര്യം ശരിയാണ്. അതുപോലെതന്നെ ഇപ്പോൾ ശ്രീ. സി.ടി. അഹമ്മദ് അലി വച്ച രണ്ടു മൂന്നു സജഷൻ ഉണ്ട്, അരിയർ കളകട് ചെയ്യാനുള്ള അദാലത്ത്, കുറേയധികം അരിയേഴ്സ് തീർക്കാൻ സാധിക്കും..... ആലോചിക്കാം ഗൗരവമായി ഗവൺമെന്റ് അക്കാര്യം പരിഗണിക്കാം. അംനെസ്റ്റിക്കുള്ള സമയം നീട്ടണമെന്ന് അദ്ദേഹം പറഞ്ഞു, ഇക്കാര്യവും ഗവൺമെന്റ് ക്രിയാത്മകമായിട്ടുതന്നെയാണ് അതിനെ കാണുന്നത്. അതിനെ നിഷേധാത്മകമായിട്ടല്ല കാണുന്നത്. റബ്ബർ വിലയിടിഞ്ഞതിന് കേരളം 'മാത്ര'മാണ് ഉത്തരവാദിയെന്ന് ബഹുമാനപ്പെട്ട കെ.എം. മാണി പറഞ്ഞു. ഇൻഡ്യയിലെ വ്യാപാരത്തിന്റെ ചുമതലയുള്ള മന്ത്രിപോലും അത് പറയുമെന്ന് തോന്നുന്നില്ല. 'മാത്രം'. ഇവിടെ രേഖയില്ലേ? ഞാൻ അതു നോക്കി, റബ്ബർ വിലയിടിഞ്ഞതിന് കേരളം 'മാത്ര'മാണ് ഉത്തരവാദി; അത് രേഖ നോക്കാമല്ലോ,

ശ്രീ. കെ.എം. മാണി : നിങ്ങൾ ഫലപ്രദമായി വിപണിയിൽ ഇടപെടാത്തതുകൊണ്ടുമാത്രമാണ് എന്നാണ് പറഞ്ഞത്.

ശ്രീ. ടി. ശിവദാസമേനോൻ : കേരളം വിചാരിച്ചിരുന്നുവെങ്കിൽ റബ്ബറിന്റെ വില കൂടുമായിരുന്നു. അത് ഇപ്പോൾ നിഷേധിക്കരുത്. കേരളം വിചാരിച്ചാൽ റബ്ബറിന്റെ വില താഴുകയില്ലായിരുന്നു, അതാണ് ബഹുമാനപ്പെട്ട മാണി പറഞ്ഞതിൽ നിന്ന് എനിക്ക് മനസ്സിലായത്.

ശ്രീ. കെ.എം. മാണി : ഫലപ്രദമായിട്ട് ഇടപെടാമായിരുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : കേരളം ഫലപ്രദമായിട്ട് ഇടപെട്ടിരുന്നുവെങ്കിൽ, ഇപ്പുറത്ത് ശ്രീ. കെ.എം. മാണിയായിരുന്നുവെങ്കിൽ, കുറയുകയില്ലായിരുന്നു എന്നല്ലേ? അതുകൊണ്ട് അതിന് സത്യവുമായി യാതൊരു ബന്ധവുമില്ല. ഏതായാലും രാഷ്ട്രീയത്തിൽ, In diplomacy and in politics, there are no permanent foes and permanent friends. രാഷ്ട്രീയത്തിലും നയതന്ത്രത്തിലും സ്ഥിരമായ ശത്രുവോ സ്ഥിരമായ ബന്ധുവോ ഇല്ല, സ്ഥിരമായ താൽപ്പര്യമേയുള്ളൂ. അതുകൊണ്ട് ഒന്നും ഉറപ്പിച്ചു പറയണ്ട. അതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തിരുന്ന ശ്രീ. കെ.എം. മാണി അപ്പുറത്തേയ്ക്കു പോകുന്നു, ഇപ്പുറത്തേയ്ക്കു വരുന്നു, എന്തൊക്കെയോ കാണാൻ കിടക്കുന്നു! ബഹുമാനപ്പെട്ട ജേക്കബ് ഒരുകാര്യം പറഞ്ഞു, എല്ലാം എണ്ണിയെണ്ണി പറയുകയല്ല, ചില പ്രധാന കാര്യങ്ങൾ പറയുകയാണ്. മദ്യം കഴിച്ച് ഇരുപതാളുകൾ മരിച്ചു. 'ഇത് ഞാൻ ന്യായീകരിക്കാൻ പറയുന്നതല്ല, വൈപ്പിനിലും പുനലൂരിലും എത്രയാളുകളാണ് മരിച്ചത് എന്ന് അറിയാമോ? പുനലൂരിലെ കാര്യം എല്ലാപേർക്കും അറിയാവുന്നതല്ലേ? ഒരാളുടെ കാലത്തെ കാര്യമല്ല ഞാൻ പറയുന്നത്. വൈപ്പിനിൽ എഴുപത്തിരണ്ടുപേർ മരിച്ചു, ആറ് ആളുകൾക്ക് കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. 846 ആളുകൾ ആശുപത്രിലായി. പതിനഞ്ചു പേർക്ക് പൂർണമായി അംഗവൈകല്യം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : മുമ്പ് ഒരു വലിയ പാതകം ചെയ്യേണ്ടിവന്നു, ഒരു തെറ്റു ചെയ്തു, പക്ഷെ അങ്ങു പറഞ്ഞുവരുന്നത് നിങ്ങളേപ്പോലെ ഞങ്ങൾ ഒരു കുറ്റം . . . (ബഹളം) . . . അൻപത്തിരണ്ടുപേർ ഇനി മരിച്ചാലേ അങ്ങു പറഞ്ഞ കണക്കിലേയ്ക്ക് വരികയുള്ളൂ. ഈ സമീപനം ശരിയല്ല.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ അത് ഉദ്ദേശിച്ചല്ല പറഞ്ഞത്.

ശ്രീ. ജി. കാർത്തികേയൻ : അത് ഉദ്ദേശിച്ചുതന്നെയാണ് പറഞ്ഞത്.

ശ്രീ. ടി. ശിവദാസമേനോൻ : അല്ല, കുറേ ആളുകളെ കൊല്ലാൻ ഞാൻ ഉദ്ദേശിച്ചു എന്ന് ശ്രീ. ജി. കാർത്തികേയൻ പറഞ്ഞാൽ അത് കടന്ന കയ്യല്ലേ? അതല്ല. ഇങ്ങനെ സംഭവിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞത്, പക്ഷേ വ്യത്യാസമുണ്ട്. ലൈസൻസ്ഡ് ഷാപ്പിൽനിന്ന് കുടിച്ച എഴുപത്തിരണ്ട് ആളുകളാണ് മരിച്ചത്. അതുപോലെ ഇപ്പോൾ മരിച്ചത് കുട്ടനാട്ടിലാണ്. മീഥൈൽ ആൽക്കഹാളിന്റെ കാര്യം ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ശരിയാണ്, കുട്ടനാട്ടിലെ കൊയ്ത്ത് ഉൽസവം കഴിഞ്ഞ് അവിടെയുള്ള കർഷകപ്രമാണി അവർക്ക് സദ്യ വിളമ്പിയപ്പോൾ ഈ സാധനമാണ് വിളമ്പിയത്. ലൈസൻസ്ഡ് ഷാപ്പിൽ നിന്നല്ല കുടിച്ചത്, വ്യാജച്ചാരായം കുടിച്ചവരാണ്. ആത്മഹത്യ ചെയ്യാൻ ക്രിമിനൽ പ്രൊസീഡ്യൂവർ കോഡ് അനുസരിച്ച് കുറ്റമാണ്. കുറ്റം ചെയ്താൽ അപ്പോൾ എന്തു ചെയ്യാനാണ്? അവർ മരിച്ചതിൽ ദുഃഖമുണ്ട്, അവരുടെ ആശ്രിതർക്ക് കൊടുക്കേണ്ട നഷ്ടപരിഹാരത്തിന്റെ കാര്യം പറഞ്ഞു, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി എന്നോട് പറഞ്ഞതാണ്. മുഖ്യമന്ത്രി അക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് 'ചാരായം' എന്ന ബോർഡ് ഉള്ള ലൈസൻസ്ഡ് ഷാപ്പിൽ കയറി കുടിച്ച് 72 പേർ മരിച്ചുവെന്നാണ്. ലൈസൻസ്ഡ് ഷാപ്പിൽ കയറി കുടിച്ച് മരിക്കുന്നതും എവിടെയെങ്കിലും കയറി വിഷം കഴിച്ചു മരിക്കുന്നതും രണ്ടും രണ്ടല്ലേ? മുകളിൽനിന്ന് നിർദ്ദേശം ഉണ്ടെന്ന എക്സൈസ് സ്റ്റാഫിന്റെ ഒരു പ്രസ്താവന ശ്രീ. ടി.എം. ജേക്കബ് വായിച്ചു, അത് സമ്പൂർണ്ണമായി നിഷേധിച്ച് നടപടിയെടുക്കണമെന്നാണ് മുകളിൽനിന്ന് പറഞ്ഞിട്ടുള്ളത്. അതിന്റെ പിറ്റേന്ന് ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല, പത്രത്തിൽ തെറ്റായി കൊടുത്തതാണ്. ഇതാണ് ശരി, ഇതിൽ എന്തൊക്കെയോ ഉണ്ട് എന്നുപറഞ്ഞ് അധികം രേഖ ഹാജാരക്കിയിരിക്കുന്നു. കർശനമാക്കണമെന്ന് വി.ആർ. രാജൻ പത്രസമ്മേളത്തിൽ പറഞ്ഞു. മുകളിൽനിന്ന് യാതൊരു ഇടപെടലും അതിനെതിരായി ഉണ്ടായിട്ടില്ലെന്നു മാത്രമല്ല നടപടി വേണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ പറയുന്നത് അതിലൊന്നും I don't escape. ആ വാർത്തയാണ് ഈ വാർത്തയ്ക്കു ബദൽ. ശ്രീ. ടി.എം. ജേക്കബ്ബ് ഇത്രയധികം സഹകരിക്കുമെന്ന് എനിക്ക് തോന്നിയിട്ടില്ല. എന്താണ് കാര്യമെന്നു ചോദിച്ചാൽ ശ്രീ. ടി.എം. ജേക്കബ്ബിന്റെകൂടെ വരാമെങ്കിൽ പാക്കറ്റ് ചാരായം കാണിച്ചുതരാം; നമുക്ക് വേഷം മാറി പോകാമെന്ന്, പറഞ്ഞു. ഞാൻ തയ്യാറാണ്. നമ്മൾ രണ്ടാളും ആരോടും പറയരുത്. കേട്ടോ. ശ്രീ. ടി.എം. ജേക്കബ്ബിനും എനിക്കും സൗകര്യമുള്ള ഒരു ദിവസം പോകാം. ശ്രീ. ടി.എം. ജേക്കബ്ബിന്റെ കൂടെ ബസ്സിൽ വരാൻ ഞാൻ തയ്യാറാണ്. നമുക്ക് ഒരുമിച്ചു പോയി പിടിക്കാം. ആ പ്രദേശത്ത് അതു നോക്കേണ്ട ഉദ്യോഗസ്ഥൻ ആരാണെന്നു വച്ചാൽ അയാളെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യാം. പത്തുവട്ടം ഞാൻ അതിന് തയ്യാറാണ്, അതിന് ശ്രീ. ടി.എം. ജേക്കബ്ബ് സൗകര്യമുണ്ടാക്കിത്തന്നാൽ മതി, ഞാൻ പിടിച്ചുതരാം.

[3 PM] ശ്രീ. ടി.എം. ജേക്കബ് : അത് നല്ല കാര്യമാണ്. അടുത്ത ദിവസം തന്നെ പോയേക്കാം. അന്നേരം വാക്ക് മാറരുത്.

ശ്രീ. കെ.എം. മാണി : പോകുന്ന സ്ഥലം മുൻകൂട്ടി പറയരുത്.

ശ്രീ. ടി. ശിവദാസമേനോൻ : അതിനൊക്കെയുള്ള വിവരം ശ്രീ. ടി.എം. ജേക്കബ്ബിനുണ്ട്. ശ്രീ. ടി.എം. ജേക്കബ്ബിന് ഒരു വിവരവുമില്ലെന്നുള്ള ധാരണ

യാണ് ബഹുമാനപ്പെട്ട മാണിക്ക്. അത് വേണ്ട. കുറച്ചൊക്കെ വിവരം ശ്രീ. ടി. എം. ജേക്കബ്ബിനുണ്ട്. ഞാൻ തമാശ പറയുകയല്ല. ഫ്ളോർ ഓഫ് ദി ഹൗസിലാണ് ഒരു കക്ഷിനേതാവ് വളരെ ശക്തിയായിട്ട് ഒരു കാര്യം ഉന്നയിച്ചത്. ഞാൻ പാക്കറ്റ് ചാരായം കാണിച്ചുതരാം. മന്ത്രി എന്നോടൊപ്പം വരുമോയെന്ന് അദ്ദേഹം ചോദിച്ചു. ഒപ്പം വരും, കാണിച്ചുതന്നാൽ പിടിക്കും. പിടിക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥനെ അവിടെവച്ച് സസ്പെൻഡ് ചെയ്യുകയും ചെയ്യും; ഒരു സംശയവും വേണ്ട. ദിവസം എന്നാണെന്ന് നിശ്ചയിക്കുക.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, അദ്ദേഹത്തെ കൊണ്ടുപോകാം. അതിന് കുഴപ്പമില്ല. ആ കൂട്ടത്തിൽ ഒരു കാര്യം കൂടെ ചോദിക്കാനുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായില്ലേ? എത്രയോ പത്രവാർത്തകളൊക്കെ വന്നു. ഇവിടെ വ്യാജ ചാരായമില്ല, രാജ്യം മുഴുവൻ ഭദ്രമാണെന്നാണോ അങ്ങ് പറയുന്നത്? കള്ള് കുടിച്ചും ചാരായം കുടിച്ചും കാഴ്ച നശിച്ചവരും മരിച്ചവരും ഉണ്ട്. ഇവിടെയെല്ലാം ഭദ്രമാണെന്ന് മന്ത്രി സമർത്ഥിക്കുകയാണോ?

<u>ശ്രീ. ടീ. ശിവദാസമേനോൻ</u> : ഞാൻ ഒന്നു പറഞ്ഞാൽ വേറെയാണ് അപ്പോൾ പറയുന്നത്. ആ ധാരണ ഇല്ല. ഇവിടെ വ്യാജ ചാരായമുണ്ട്. അതിന്റെ പിടുത്തവും നടക്കുന്നുണ്ട്. പക്ഷെ ഉള്ളതിന്റെ വളരെക്കുറച്ചേ പിടിക്കുന്നുള്ളൂ. വ്യാജചാരായം പണ്ടുമുണ്ട്. മൂലവെട്ടി എന്നായിരുന്നു അതിന്റെ പേര്. ഞാൻ അസംബ്ലിയിൽ മുമ്പ് അതിനെക്കുറിച്ച് ഉന്നയിച്ചതാണ്. അന്ന് ശ്രീ. പന്തളം സുധാകരനായിരുന്നു എക്സൈസ് വകുപ്പുമന്ത്രി. എന്നെ പിടിക്കുകയില്ലെന്ന് ഉറപ്പുണ്ടെങ്കിൽ ആളെ ഞാൻ കൊണ്ടുവരാമെന്ന് അന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നു. അപ്പോൾ ശ്രീ. പന്തളം സുധാകരൻ പറഞ്ഞു, ആ സാധനം എനിക്കറിയാമെന്ന്. ഈ പാക്കറ്റ് അന്നുതൊട്ടുണ്ട്. പാക്കറ്റ് ചാരായം ശ്രീ. പന്തളം സുധാകരൻ കൊണ്ടുവന്നതാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇപ്പോൾ ഒരു ദിക്കിലും പാക്കറ്റ് ചാരായം ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആയിരക്കണക്കിന് പാക്കറ്റ് ചാരായം ഉണ്ടാക്കുന്ന ഫാക്ടറി റെയ്ഡ് ചെയ്ത് പാലക്കാട്ടുനിന്ന് പിടിച്ചിട്ടുണ്ട്. ഇവിടെയും ചില പ്രദേശങ്ങളിലൊക്കെ ഉണ്ട്. ആ സ്ഥലങ്ങളിൽ പിടുത്തം വേണ്ടത്ര നടക്കുന്നുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ശ്രീ. ടി.എം. ജേക്കബ്ബ് കാണിച്ചു തന്നാൽ അദ്ദേഹത്തിന് താമ്രപത്രമൊന്നും കൊടുക്കാൻ പോകുന്നില്ല. അത് എവിടെയെന്ന് പറഞ്ഞാൽ പിടിക്കാമെന്നുമാത്രം. ഒരു ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യാമല്ലോ.

<u>ശ്രീ. കെ.എം. മാണി</u> : പ്രതിപക്ഷംകൂടെ സഹകരിച്ചാൽ മാത്രമേ പിടിക്കാൻ പറ്റുകയുള്ളൂ.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അങ്ങനെയൊന്നും വ്യാഖ്യാനിക്കണ്ട. ശ്രീ. ടി.എം. ജേക്കബ്ബ് നല്ലൊരു കാര്യം പറഞ്ഞാൽ ശ്രീ. കെ.എം. മാണിക്ക് എന്താണ് ഇത്രവിരോധം? ശ്രീ. ടി.എം. ജേക്കബ്ബ് കാണിച്ചുതന്ന് പിടിച്ചാൽ ആ പാക്കറ്റിന്റെ വിലയുടെ 25 ശതമാനം ഇൻഫോർമെന്റിനുള്ള പൈസയും ശ്രീ. ടി.എം. ജേക്കബ്ബിന് കൊടുക്കാം.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ആ ഓഫർ ഞാൻ നിരസിക്കുകയാണ്. അത് വേണ്ട. ഈ സാധനം ഇഷ്ടംപോലെ ഞാൻ കാണിച്ചുതരാം. സാധനം പിടിച്ച് നടപടിയെടുത്താൽ മതി. അതിന് ഒരു വിഷമവുമില്ല. തിരുവനന്തപുരം സിറ്റിക്കകത്തുതന്നെ കാണിച്ചുകൊടുക്കാം. എം.എൽ.എ ക്വാർട്ടേഴ്സിന്റെ ചുറ്റുവട്ടത്തുതന്നെ അന്വേഷിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : എവിടെയാണെന്ന് പറഞ്ഞാൽ നമുക്ക് പോകാം. പിടിക്കാം. സർ, വളരെ ഭയാനകരമായ കൊക്കോ ബ്രാണ്ടിയെക്കുറിച്ച് ബഹുമാനപ്പെട്ട കുട്ടപ്പൻ പറഞ്ഞു. അത് രണ്ട് റൂളാണ്. ഒന്ന്, ഫോറിൻ ലിക്കർ റൂൾ ആണ്. മറ്റൊന്ന് അത് ട്രാൻസ്പോർട്ട് ചെയ്യുന്ന റൂളാണ്. ഫോറിൻ ലിക്കർ റൂൾസിലാണ് കൊക്കോ ബ്രാണ്ടി, അരാക്കിന്റെകൂടെ ചേർത്ത് ഉത്തരവ് വന്നു. അതാണ് മിസ്റ്റർ ആന്റണിയുടെ കാലത്ത് റദ്ദാക്കിയത്. അതേസമയത്ത് ഫോറിൻ ലിക്കറിന്റെ ഡെഫനിഷൻ അബ്കാരി ആക്ടിൽ ഭേദഗതി വരുത്താത്തതുകൊണ്ട് The Act and Rules Contradict, The Act prevails ആക്ടും റൂളും രണ്ടായാൽ ആക്ടാണ് പ്രിവെയിൽ ചെയ്യുക, അതുകൊണ്ട് ഇത് ട്രാൻസ്പോർട്ട് ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട ആന്റണി കൊണ്ടുവന്ന ആ ഭേദഗതി ഞാൻ മാറ്റിയിട്ടില്ല. കേട്ടാൽ അങ്ങനെയാണ് തോന്നുക. അത് മാറ്റിയിട്ടില്ല, മാറ്റാൻ ഉദ്ദേശിക്കുന്നുമില്ല. അതേസമയത്ത് 1.5 ഐ.എം.എഫ്.എൽ കൊണ്ടുപോകാമെന്ന് ഉണ്ടായിരുന്നു. അത് 4.5 എന്നാക്കി. അത് ഈ ഗവൺമെന്റുതന്നെയാണ് ആക്കിയത്. അത് അങ്ങനെയാക്കാൻ കാരണം, അബ്കാരി നിയമം ഭേദഗതി ഇവിടെ വന്നപ്പോൾ സഭയിൽ അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ വളരെ ശക്തിയായി ഇക്കാര്യം പറയുകയുണ്ടായി. അതായത് ഒരു കുപ്പിയുംകൊണ്ട് ഒരാൾ പോയാൽ അയാൾക്ക് പത്തു കൊല്ലം തടവ് എന്നു പറയുന്നത് ശരിയായില്ല എന്ന് പറയുകയുണ്ടായി. അതിന് കുറെ അമെന്റുമെന്റുകൾ വന്നു. അമെന്റുമെന്റ് വന്നപ്പോൾ ഞാൻ അസംബ്ലിയിൽ പറഞ്ഞു, റൂൾസിൽ We will take care of it - എന്ന്, അതുകൊണ്ട് അമെന്റുമെന്റ് ആവശ്യമില്ല എന്ന്. ഞാൻ അമെന്റമെന്റ് സ്വീകരിച്ചില്ല. അതുകൊണ്ട് അത് 4.5 എന്നാക്കി. അപ്പോൾ അത് ദുരുപയോഗം ചെയ്യപ്പെടുമെന്നുള്ള ആക്ഷേപം വന്നു. അങ്ങനെ വീണ്ടും 1.5 എന്നുതന്നെയാക്കി. അങ്ങനെ ആക്കിയിട്ട് എസ്.ആർ.ഒ പുറപ്പെടുവിച്ചപ്പോൾ എന്ത് പറ്റിയെന്ന് അറിയാമോ? നിലവിലുള്ള പേരന്റ് എസ്.ആർ.ഒ.യിലെ ആ ടേബിളാകെ എടുത്തിട്ട് ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. പേരന്റ് എസ്.ആർ.ഒ-ൽ കൊക്കോ ബ്രാണ്ടി ഉണ്ട്. അത് ഇതിലും വന്നുപോയിയെന്നേയുള്ളൂ. ഞാനായിട്ട് കൊക്കോ ബ്രാണ്ടി കൊണ്ടുവന്നതല്ല. പേരന്റ് ആക്ടിലുള്ള കൊക്കോ ബ്രാണ്ടിയും ടോഡിയുമൊക്കെ വന്നു. പിന്നെ Foreign made foreign Liquor comes under Foreign Liquor definition. അതുകൊണ്ട് പിന്നെ ആ ഭേദഗതി കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട കുട്ടപ്പൻ പറഞ്ഞു, എല്ലാംകൂടെ കൂട്ടിയാൽ 19 ലിറ്റർ കിട്ടുമെന്ന്. അപ്പോൾ 19 ലിറ്റർ ഒരുമിച്ച് കൊണ്ടുപോകാം. അഞ്ചാളുകൾ ഒരു കുടുംബത്തിലുണ്ടെങ്കിൽ നൂറോളം ലിറ്റർ കൊണ്ടുപോകാം. അങ്ങനെയാണെങ്കിൽ ഷാപ്പ് തുടങ്ങാമെന്നുള്ള വിമർശനങ്ങൾ വന്നു. അപ്പോൾ ഞാൻ ഉദ്ദേശിച്ചത് ഈ ഓരോന്നും കൊണ്ടുവരാനുള്ളതാണ് എന്നാണ്. Name of the Liquor is given in Column I and Quantity in Column II, എന്ന് പറഞ്ഞിട്ടാണ് കൊടുത്തിട്ടുള്ളത്. അതു വന്നപ്പോൾ ആ സംശയം തീർക്കാൻവേണ്ടി ഒരു പ്രൊവൈസോ കൊണ്ടുവരികയും ചെയ്തു. ഒരു സാധനം മാത്രം കൊണ്ടുപോകാനുള്ള കാണ്ടിറ്റിയാണ് കാണിച്ചിട്ടുള്ളത്.

ഡോ. എം.എ. കുട്ടപ്പൻ : ഫെബ്രുവരി 5-ാം തീയതി ഇറക്കിയ ആ ഉത്തരവിൽ വലിയ അപകടമുണ്ടായിരുന്നുവെന്നുള്ള തെറ്റ് ഏതായാലും അങ്ങ് സമ്മതിച്ചു.

ശ്രീ. ടി. ശിവദാസമേനോൻ : ഇങ്ങനെ ദുരുപയോഗപ്പെടുത്തുമെന്നുള്ള അംബിഗ്വിറ്റി വന്നപ്പോൾ അത് ക്ളീയർ ചെയ്യാൻ ഒരു പ്രൊവൈസോ

കൊണ്ടുവന്നു. Removal of Doubts - അത് ഏത് ആക്ടിലും ഉണ്ടാകും. ബഹുമാനപ്പെട്ട മാണിസാറിനുതന്നെ അറിയാമല്ലോ, Removal of Doubts. അതിന് ഒരു ആക്ടുതന്നെ വേണ്ടതാണ്. ഒരു മിസ്യൂസിന്റെ അപ്രിഹെൻഷൻ വന്നപ്പോൾ അത് ക്ലിയറാക്കാൻവേണ്ടി, അംബിഗ്വിറ്റി എടുത്തുകളയാൻവേണ്ടി ഒരു പ്രൊവൈസോ കൊണ്ടുവന്നു. അത്രയേയുള്ളൂ. ആദ്യത്തേതിൽ ആ അംബിഗ്വിറ്റി ഇല്ലാതെ നിറുത്താമായിരുന്നു. അതിൽ പിശക് വന്നിട്ടുണ്ടോയെന്ന് ചോദിച്ചാൽ, ഉണ്ട്. അല്ലാതെ കൊക്കോ ബ്രാണ്ടി കൊണ്ടുപോകാനും കള്ളുഷാപ്പ് തുടങ്ങാനുമൊന്നുമല്ല.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : രണ്ടാമത് ഇറക്കിയ, ജൂൺ മാസം 3-ാം തീയതി അങ്ങ് ഇറക്കിയ ഉത്തരവിൽ പിന്നെയും പ്രശ്നമുണ്ട്. രണ്ടിനം മദ്യം ഒരാൾ സൂക്ഷിയ്ക്കാൻ പാടില്ലെന്നാണ് ആ ഉത്തരവിൽ പറയുന്നത്. എന്നു പറഞ്ഞാൽ അരക്കുപ്പി വിദേശമദ്യവും ഒരു കുപ്പി ബീയറും വീട്ടിൽ സൂക്ഷിച്ചാൽ അതിന് നടപടിയെടുക്കാം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അത് ട്രാൻസ്പോർട്ട് ചെയ്യാനാണ്, കൂടെ കൊണ്ടുപോകാനാണ്. വീട്ടിൽ സൂക്ഷിക്കുന്നതിനല്ല. ആ രണ്ടെണ്ണവും ട്രാൻസ്പോർട്ട് ചെയ്താൽ പിടിക്കും, ഒരു സംശയവും വേണ്ട. അതിൽ വല്ല ഡിഫിക്കൽറ്റിയുമുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. ഇത്തരത്തിലുള്ള ഒരു നിയമപ്രകാരം 1.5 ലിറ്റർ ഐ.എം.എഫ്. എൽ-ഉം 4.5 ലിറ്റർ കള്ളും ഒരുമിച്ചു കൊണ്ടുപോയാൽ അവരെ പിടിക്കും, ഒരു സംശയവുമില്ല. എന്നാൽ അതിൽ ഡോക്ടർ പറഞ്ഞ അപകടമൊന്നും ഇല്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അബ്കാരി മാനുവലിൽ കൊക്കോ ബ്രാൻഡി ചാരായമെന്നു കണക്കാക്കുന്നു എന്ന് സ്പെസിഫിക്കായി പറയുന്നു. അതിന്റെ ഫലമായി 1996 ഏപ്രിൽ 1-ാം തീയതി മുതൽ നിരോധനം വന്നപ്പോൾ അതു നിഷേധിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ കൊക്കോ ബ്രാൻഡി ഈ ഓർഡറിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്താൻ അധികാരമുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ആക്ടിൽ ഭേദഗതി വരുത്തിയിട്ടില്ല. കൊക്കോ ബ്രാൻഡിക്ക് അന്നും ഭേദഗതി വരുത്തിയിട്ടില്ല. റൂൾസിൽ ഭേദഗതി വരുത്തിയാൽ പോര. ആക്ടും റൂൾസും തമ്മിൽ കോൺട്രഡിക്ഷൻ വന്നാൽ, Act will prevail. ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ 19.6.1999-ൽ മൂന്ന് ടാങ്കർ ലോറി വന്നു. ലോറി നമ്പരുണ്ട്. അതുപറഞ്ഞ് സമയം കളയുന്നില്ല. ആ ലോറികളിൽ ഒന്നിന് രേഖയില്ല. അതു പിടിച്ചു. എക്സൈസ് ധരണി ഷുഗർ ആന്റ് കെമിക്കൽസ്, ധരണി നഗർ, വാസുദേവ നെല്ലൂർ, തിരുനെൽവേലി ഡിസ്ട്രിക്ട്, തമിഴ്നാട്-അവിടെ നിന്നാണ് ആ സാധനം വരുന്നത്. പെർമിറ്റോടുകൂടിയാണ് ഒപ്പം തമിഴ്നാട് പോലീസിന്റെ സെക്യൂരിറ്റിയുമുണ്ട്. സ്റ്റെൻഗണ്ണും ഒക്കെയായി സെക്യൂരിറ്റിയുണ്ട്. ആ പെർമിറ്റുള്ള രണ്ടെണ്ണം വിട്ടു. ആ കഥ കഴിഞ്ഞിട്ടില്ല. നമ്മൾ അതേക്കുറിച്ച് തുടർന്ന് അന്വേഷിച്ചു. ഉടൻതന്നെ എക്സൈസ് അഡീഷണൽ കമ്മിഷണർ അന്വേഷണം നടത്തി. ആ ലോറികൾ എത്തിയോ എന്നറിയണ്ടേ? അതിനുവേണ്ടി അന്വേഷണം നടത്തിയപ്പോൾ അതു ഗോവയിലെ കാസർവാൾ ഡ്രിംഗ്സ് ഡിസ്റ്റിലറിയിൽ എത്തി എന്നുള്ള ഫാക്സ് ഇവിടെ കിട്ടി. എന്നിട്ടും ആ കേസ് വിടാൻ പോകുന്നില്ല. ആ കിട്ടിയ ഇൻഫർമേഷനിൽ വല്ല തെറ്റുമുണ്ടോ. ആ പെർമിറ്റ് ഫോർജ്ഡ് ആണോ, ഈ രേഖ ഫോർജ്ഡ് ആണോ എന്നു നോക്കാൻ എക്സൈസ് വിജിലൻസ് എസ്. പി. യുടെ നേതൃത്വത്തിലുള്ള ഒരു ടീം ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അതുകൊണ്ട് വെറുതെ കൈക്കൂലി വാങ്ങി വിട്ടു എന്നുപറയുന്നത് ശരിയല്ല. അതിൽ ഇനിയും അന്വേഷണം തുടരുകയാണ്. It is under investigation കൂടുതൽ തെളിവുകൾ കിട്ടിയാൽ അതു പിടിക്കും. വസ്തുതയാഥാർത്ഥ്യമാണെങ്കിൽ നമുക്ക് മറ്റ് നിവൃത്തിയില്ല. പത്തനംതിട്ട കേസിൽ യമഹാ സുരേന്ദ്രന്റെ കാര്യം പറഞ്ഞു. ശ്രീ. കെ.കെ. നായർക്ക് അറിയാം. ഞാൻ അവിടെയൊരു പരിപാടിക്കു പോയി. ശ്രീ. കെ.കെ. നായർ ആ പരിപാടിയിൽ അദ്ധ്യക്ഷനായിരുന്നു. അവിടത്തെ ഒരു സമിതി എസ്.പി.ക്കും ജില്ലാ കളക്ടർക്കും ഓരോ മെമ്മോറാണ്ടം കൊടുത്തു. ആ മെമ്മോറാണ്ടത്തിൽ അപ്പോൾത്തന്നെ 'Immediate raid may be conducted and action taken' എന്ന് എഴുതികൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശ്രീലേഖ എസ്.പി. കളക്ടറുമായി ചെന്ന് റെയ്ഡു നടത്തി കേസ്സെടുത്തിട്ടുണ്ട്. ആ കേസ് റഫർ ചെയ്തിട്ടില്ല. ക്രൈം ബ്രാഞ്ച് ഇൻവെസ്റ്റിഗേഷനിലാണ്. ഇൻവെസ്റ്റിഗേറ്റ് ചെയ്യാതെ എങ്ങനെയാണെന്ന് കേസ് ചാർജ് ചെയ്യുന്നത്? എഫ്.ഐ.ആർ. ഒക്കെയുണ്ട്. It is under investigation. You cannot get anything more from me.

<u>ശ്രീ. ടി.എം. ജേക്കബ്</u> : അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. കാരണം അദ്ദേഹത്തിന് പെറ്റീഷൻ കിട്ടിയപ്പോൾത്തന്നെ എഴുതിക്കൊടുത്തു. എസ്.പി.യും ജില്ലാകളക്ടറും നടപടിയെടുത്തു. അതിൽ തർക്കമില്ല. വളരെ ഫലപ്രദമായി കാര്യങ്ങൾ ചെയ്തു. 1997 ജൂലൈ മാസത്തിലുണ്ടായ സംഭവമാണ്. ഇപ്പോൾ 1999 ജൂൺ മാസമാണ്. ഏകദേശം രണ്ടു വർഷമായി. ഈ രണ്ടു വർഷക്കാലത്തിനിടയിൽ ഇതിന്റെ യഥാർത്ഥ പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമുണ്ടാവുകയാണ്. കേസ് ഇതുവരെ ചാർജ് ചെയ്തിട്ടില്ല. കേരളത്തിൽ ഒട്ടേറെ വിവാദമുണ്ടാക്കിയ കേസാണ്. അത് എക്സൈസ് ഡിപ്പാർട്ടുമെന്റിന് ഹാൻഡ് ഓവർ ചെയ്തു. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ കിട്ടിയപ്പോൾ അതു തേച്ചു മാച്ച് കളയാനുള്ള നടപടി സ്വീകരിച്ചു. അവിടെയാണ് പ്രശ്നം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അതിലുള്ള പ്രതികളിൽ പലരും ഹവാല മാതിരി മാസപ്പടി വാങ്ങിയിട്ടുള്ളതിന്റെ ലിസ്റ്റുണ്ട്. അതുകൊണ്ട് ആരുടെയൊക്കെ പേർക്കാണ് ആ കേസുകൾ നിൽക്കുന്നത് എന്നുള്ളതു സംബന്ധിച്ച് ക്രൈംബ്രാഞ്ച് നിയമോപദേശം തേടിയിരിക്കുകയാണ്. നിയമോപദേശം കിട്ടുന്ന മുറയ്ക്കു ഫൈനൽ പ്രതികളുടെ ലിസ്റ്റും ചാർജ് ഷീറ്റും കൊടുക്കും. കേസ് ചാർജ് ചെയ്യാൻ വൈകിയിട്ടുണ്ട് എന്നുപറഞ്ഞാൽ it is relative എനിക്കറിഞ്ഞുകൂടാ. ഏതായാലും ആ കേസ് റഫർ ചെയ്തു കളഞ്ഞു എന്നുപറഞ്ഞാൽ ശരിയല്ല. The case is under investigation.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ആ കേസിൽ പ്രതികളായിട്ടുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരുടേയും മറ്റ് ആളുകളുടേയും സസ്പെൻഷൻ ക്യാൻസൽ ചെയ്തുകൊണ്ട് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : വിജിലൻസ് ഡിപ്പാർട്ടുമെന്റിന് കേസ് റഫർ ചെയ്തു. സസ്പെന്റ് ചെയ്യണമെന്നു പറഞ്ഞവരെ സസ്പെന്റ് ചെയ്തു. സസ്പെൻഷൻ റിവോക്ക് ചെയ്യണമെന്നു വിജിലൻസ് ഡിപ്പാർട്ടുമെന്റ് പറഞ്ഞവരുടെ സസ്പെൻഷൻ റിവോക്ക് ചെയ്തു. അതിൽ എന്താണു തെറ്റ്? ശ്രീ. ഉമ്മൻ ചാണ്ടി സ്റ്റേറ്റിന്റെ സാമ്പത്തികകാര്യങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ പറഞ്ഞു. ഈ മൂന്നുകൊല്ലംകൊണ്ട് ഞങ്ങൾ ഭരിച്ചതുകൊണ്ടുണ്ടായ Acute grim fiscal situation – ആണെന്ന് ഒരു നിഗമനം ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഉണ്ടാവുകയില്ല എന്നാണ് എന്റെ അഭിപ്രായം. ഇത് ക്യൂമിലേറ്റീവായി വരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഫലപ്രദമായ പ്രവർത്തനംകൊണ്ടോ സാമ്പത്തിക മാനേജുമെന്റിന്റെ കാര്യക്ഷമതയോ കൊണ്ട് ചിലപ്പോൾ മാറ്റാമായിരുന്ന രോഗം ദീർഘിപ്പിച്ചിട്ടുണ്ടാവും. അതിൽ ഞാൻ അഹന്ത പറയുന്നില്ല. പക്ഷേ ഇതുമുഴുവൻ മൂന്നു കൊല്ലംകൊണ്ട് വന്നുപെട്ടതാണ് എന്ന ഒരു അഭിപ്രായം അത്യന്തം നിർഭാഗ്യകരമായിപ്പോയി. പല മേഖലകളിലും കൊടുക്കാനുള്ള കാശിന്റെ കണക്കുകൾ റെഡിയായിട്ടുണ്ട്. പതിനെട്ടുമാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തിട്ടില്ല. മുന്നൂറു കോടിയിൽ ചിലാനം രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്നു.

<u>ശ്രീ. കെ.എം. മാണി</u> : സർ, ബഡ്ജറ്റിനെക്കുറിച്ച് ഞാൻ സംസാരിച്ചപ്പോൾ കോൺട്രാക്ടർമാരുടെ തുക കൊള്ളിച്ചിട്ടില്ല, അതുകൂടി കൊള്ളിക്കുകയാണെങ്കിൽ കമ്മി ഇതിനേക്കാൾ കൂടുതൽ വരുമെന്നു പറഞ്ഞപ്പോൾ അന്ന് നിഷേധിച്ച മന്ത്രിയാണ്. 23-ാം തീയതി നൽകിയ 25-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി 544 കോടി രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഇതൊക്കെ ബഡ്ജറ്റിന്റെ Sanctity-യെത്തന്നെ കളയുകയാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ബഡ്ജറ്റിംഗ് അറിയുന്ന ആളാണ് ശ്രീ. കെ.എം. മാണി. കരാറുകാർക്ക് ഓരോ ഹെഡ്ഡിലും കൊടുക്കാൻ പൈസ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന പതിവില്ല. മൈനർ ഹെഡ്ഡിലേ എമൗണ്ട് വയ്ക്കുകയുള്ളൂ. അതിൽനിന്ന് കരാറുകാർക്ക് കൊടുക്കുകയാണ് ചെയ്യുക. കരാറുകാർക്ക് കൊടുക്കാൻ ഹെഡ്ഡുണ്ടോ? it is a first charge on the demand. മണ്ണിന് ഇത്ര, മണലിന് ഇത്ര, കരാറിന് ഇത്ര എന്നുപറഞ്ഞ് ഹെഡ്ഡില്ല.

<u>ശ്രീ. കെ.എം. മാണി</u> : സർ, 1936-ൽ ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിൽ കോൺട്രാക്ടർക്ക് കൊടുക്കേണ്ട തുക കൃത്യമായി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, സഭ ഇപ്പോൾ എന്റെ പൊസഷനിലാണ്. അങ്ങ് എന്നെ പ്രൊട്ടക്ട് ചെയ്യണം. ബഹുമാനപ്പെട്ട മാണിയുടെ ബഡ്ജറ്റിൽ പലതുമുണ്ടായിരുന്നിട്ടുണ്ടാകും. അത് വേറെ കാര്യം. ഞാൻ പറയുന്നത് റെഗുലർ ബഡ്ജറ്റിനെക്കുറിച്ചാണ്. ഇപ്പോൾ വില്ലേജ് റോഡിന് 54 കോടി രൂപ കൊടുക്കാനുണ്ട്. വില്ലേജ് റോഡിന് ബഡ്ജറ്റിൽ തുക വയ്ക്കാൻ വയ്യ. എന്തുകൊണ്ട്? അത് നമ്മൾ പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തു. പഞ്ചായത്തിന് ഗ്രാന്റ് ഇൻ എയ്ഡായി ഒന്നിച്ചുപോകും. അതുകൊണ്ട് ഇപ്പോൾ സ്പെഷ്യലായി 54 കോടി രൂപയും സമ്പൂർണ്ണമായി കൊടുത്തു തീർക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അത് നമ്മുടെ ബഡ്ജറ്റിൽ വരികയും ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനുപുറമേ ബഡ്ജറ്ററി എമൗണ്ട്കൊണ്ടു കൊടുക്കാൻ കഴിയാത്തത്ര കോൺട്രാക്ടറുടെ പണമുണ്ടെങ്കിൽ അത് അഡീഷണലായി ബഡ്ജറ്റിലുണ്ടാകും. പിന്നെ ബഡ്ജറ്റ് കൃത്യമായിരിക്കുമോ എന്നാണ് ബഹുമാനപ്പെട്ട മാണിയുടെ മറ്റൊരു ചോദ്യം. അതിന്റെ അർത്ഥം എന്താണ്? ശ്രീ. മാണിക്ക് അറിയാത്തതുകൊണ്ടല്ല. ബഡ്ജറ്റ് എസ്റ്റിമേറ്റും റിവൈസ്ഡ് എസ്റ്റിമേറ്റും ഉണ്ടല്ലോ. Budget is only an estimate. അതുകഴിഞ്ഞ് റിവൈസ്ഡ് എസ്റ്റിമേറ്റും വരാൻ പോകുന്നു. Budget estimate is there, revised estimate is there. ശ്രീ. മാണി ധനകാര്യ വകുപ്പു മന്ത്രിയായിരുന്ന അവസരത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കൃത്യമായി തുക നിറുത്തിയിട്ടുണ്ടോ? ഒരു പൈസയും കൊടുക്കാതെ, കർഷകത്തൊഴിലാളികളെ പള്ളയ്ക്കടിച്ചിട്ടാണ് ഈ വർത്തമാനം പറയുന്നത്. അത് പറയരുത്. അത് ശരിയല്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പെൻഷൻ കൊടുത്തതിനെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയെപ്പോലെ ഉത്തരവാദപ്പെട്ട പ്രതിപക്ഷത്തുള്ള ഒരു നേതാവ് പെൻഷനെ ഇങ്ങനെ പറഞ്ഞ് വികൃതമാക്കേണ്ടിയിരുന്നില്ല. അത് എന്തുകൊണ്ടാണ് കൊണ്ടുവന്നതെന്നു ചോദിച്ചാൽ, പ്രധാനമായും ഷെഡ്യൂൾഡ് കാസ്റ്റിനേയും ഷെഡ്യൂൾഡ് ട്രൈബിനേയും ഉദ്ദേശിച്ചാണ്. അവർക്ക് അപ്പർ ഏജ് ലിമിറ്റില്ല. അവർ 50 വയസ്സിലും 45 വയസ്സിലും 49 വയസ്സിലുമൊക്കെയാണ് സർവ്വീസിൽ വന്നുചേരുന്നത്. പത്ത് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന് നിയമമുണ്ടായതുകൊണ്ട് നിരവധി പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പെൻഷൻ ഇല്ലാതെ പോകുന്നു. അവരെ രക്ഷിക്കാനാണ് ഗവൺമെന്റ് അങ്ങനെ ചെയ്തത്. അത് പിശകാണെങ്കിൽ മാപ്പാക്കണം. അതാണ് മാക്സിമം വരുന്നത്. ഇഗി ഇന്ന് വന്നു ചേർന്നു, നാളെ ദുബായ്ക്ക് പോയി, ഇത് വന്നുചേർന്ന്, നാളെ ലോട്ടറി ബംബർ അടിച്ചു. അങ്ങനെയുള്ള കേസുകൾ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്നുള്ളത് ഞാൻ നോക്കിക്കൊള്ളാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഇപ്പോഴുള്ളതിലെ വ്യവസ്ഥയെന്താണ്?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : Cabinet has taken a decision G.O. is yet to follow. We will take care of it. Don't worry. എലിയെ കൊല്ലാൻ ഇല്ലം ചുടരുത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കുറേക്കൂടി ദയ കാണിക്കണം. ഒരു വലിയ പെൻഷൻ പദ്ധതിയെ ഗൾഫ് എന്ന് പറഞ്ഞ് കളിയാക്കരുത്; ഞങ്ങളെ കൊച്ചാക്കരുത്; ഞങ്ങളെ മക്കാറാക്കരുത്. ഇത് കുറച്ചുകൂടി ഗൗരവമായി കാണണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഞാൻ പറഞ്ഞപ്പോൾതന്നെ പറഞ്ഞു. അസാദ്ധ്യമായ കാരണങ്ങൾകൊണ്ട് ജോലിക്ക് ഹാജരാകാൻ കഴിയാത്തവർക്ക് കൊടുത്താൽ മനസ്സിലാക്കാൻ കഴിയും. അങ്ങ് ഇപ്പോൾ പറഞ്ഞതുപോലെ അപ്പർ ഏജ് ലിമിറ്റില്ലാത്തതിന്റെ പേരിൽ ഹരിജനങ്ങൾക്ക് 10 വർഷം തികയുന്നില്ലെന്നുള്ളതിന്റെ പേരിലാണെങ്കിൽ മനസ്സിലാക്കാൻ കഴിയും. 'One day service pension' എന്നുള്ള തത്വം ശരിയാണെന്ന് അങ്ങ് അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, അത് ആക്സിഡന്റിലായിട്ട് വരാം. One day is too hypothetical. മിസ്റ്റർ ഉമ്മൻ ചാണ്ടി പറയുന്നത് ഒരു ദിവസം ജോലിക്ക് ചേർന്നിട്ട് പിറ്റേ ദിവസം ഗൾഫിലേക്ക് പോകുകയാണ്. ഇതൊക്കെ ഒരു കോടിയിൽ ഒരാളേ വരൂ. ഇങ്ങനെ ഹൈപ്പോത്തെറ്റിക്കലായി ഒരു കാര്യം പറഞ്ഞ്..... Anyway, the G.O. will take care of it. Don't worry. അത് ചൂണ്ടിക്കാണിച്ചതിന് നന്ദി. പെൻഷൻ പദ്ധതിയിൽ ഒരു കാരണവശാലും ഞങ്ങൾ വെള്ളം ചേർക്കുകയില്ല. കാരണം പാവപ്പെട്ടവരെ രക്ഷിക്കാനാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഹരിജനങ്ങൾക്ക് ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ടവർക്കും ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ടവർക്കും നിങ്ങൾ ഉദ്ദേശിച്ചതിന്റെ ഇരട്ടി പെൻഷൻ കൊടുക്കുകയാണെങ്കിൽപ്പോലും ഞങ്ങൾ രണ്ട് കൈയും പൊക്കുന്ന ആളുകളാണ്. പക്ഷേ ഇതിന്റെ പേരിൽ ഗൾഫിൽ പോകുന്നവരുടെയും ബിസിനസ് ചെയ്യുന്നവരും രക്ഷപ്പെടാനുള്ള മാർഗ്ഗം ഇന്നുണ്ട്. അത് അടയ്ക്കണമെന്നാണ് പറഞ്ഞത്. അത് അങ്ങ് സ്വീകരിക്കണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, നിരവധി പാവപ്പെട്ട ഹരിജനങ്ങൾ പെൻഷൻ പറ്റിയ ശേഷം ഗൾഫുകാരും കച്ചവടക്കാരും അബ്കാരി കോൺട്രാക്ടർമാരുമൊക്കെയായിത്തീർന്നു. അല്ലേ? അതു പറയരുത്. ഷെഡ്യൂൾഡ് കാസ്റ്റും ഷെഡ്യൂൾഡ് ട്രൈബും ആയതുകൊണ്ട് അവർക്ക് ഗൾ

LIBRARY ARCHIVES Kerala Legislative Assembly

ഫിൽ പോകാൻ പാടില്ലെന്ന് പറയരുത്. ജീവനക്കാർക്കെതിരായിട്ടുള്ള സമീപനം പറഞ്ഞാൽ ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുകയില്ല. മദ്യനിരോധനത്തെക്കുറിച്ച് ഇവിടെ വലിയ ഡിസ്ക്ഷൻ വന്നു. മദ്യം വർജ്ജിക്കണമെന്ന അഭിപ്രായമുള്ളവരാണ് കോൺഗ്രസ് എന്നാണ് പറഞ്ഞത്. അത് സ്റ്റേറ്റ് സബ്ജക്ടായതുകൊണ്ട് നിവൃത്തിയില്ല. ഇല്ലെങ്കിൽ ഇൻഡ്യ മുഴുവനാക്കിയേനേ എന്നും പറഞ്ഞു. You have lifted so many things from the State subjects and put it in the concurrent list. ഭരണഘടനയിൽ എൺപതോ എൺപത്തിരണ്ടോ ഭേദഗതി വന്നിട്ടുണ്ട്. സ്റ്റേറ്റ് ലിസ്റ്റിലെ സാധനമെടുത്ത് കൺകറന്റ് ലിസ്റ്റിൽ ഇടാനാണ് നിങ്ങൾ കൂടുതൽ ഭേദഗതികളും കൊണ്ടുവന്നിട്ടുള്ളത്. അതിൽ വിദ്യാഭ്യാസവും ഫോറസ്റ്റുമെല്ലാം കൊണ്ടുവന്നു. കോൺസ്റ്റിറ്റ്യൂഷന്റെ ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ മദ്യത്തിന് പ്രൊഹിബിഷൻ വേണമെന്നുണ്ട്. ആ ഡയറക്ടീവ് പ്രിൻസിപ്പിളിൽ വിശ്വസിക്കുന്നവരാണെങ്കിൽ കൺകറന്റ് ലിസ്റ്റിൽ ഇത് കൊണ്ടുവന്ന് ഇൻഡ്യയിൽ മുഴുവൻ വ്യാപിപ്പിക്കാൻ നിങ്ങൾക്ക് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. അത് ചെയ്തില്ല. ശരിയല്ലേ? ശ്രീമതി ലതാദേവി പറഞ്ഞത് നല്ല കാര്യമാണ്. മറ്റൊന്ന്, കോൺഗ്രസ് ഭരിക്കുന്ന എത്ര സംസ്ഥാനങ്ങളിൽ ഇപ്പോൾ മദ്യനിരോധനമുണ്ട്? അവനവന്റെ വീട് നന്നാക്കിയിട്ട് വേണ്ടേ നാട് നന്നാക്കാൻ പറയേണ്ടത്? നിങ്ങൾ ഭരിക്കുന്ന സ്ഥലത്ത് മാറ്റണ്ടേ? തന്നെയുമല്ല നിങ്ങൾ 5 വർഷം ഭരിച്ചു. 1991 മുതൽ 1996 വരെ ബഹുമാനപ്പെട്ട കരുണാകരനും ആന്റണിയും മുഖ്യമന്ത്രിമാരായി സംസ്ഥാനം ഭരിച്ചു. ബഹുമാനപ്പെട്ട ആന്റണി വന്നപ്പോൾ അദ്ദേഹം അടിയന്തിരമായി ചെയ്തുതീർക്കേണ്ട 15 ഇന പരിപാടി കൊണ്ടുവന്നു. 15 ഇനത്തിൽ ഇവൻ ഇല്ല. ഇത് ഇലക്ഷൻ വരുമെന്ന് കണ്ടപ്പോൾ വച്ച് കാച്ചിയതാണ് ഇക്കാര്യം. എല്ലാവർക്കുമറിയാം. അല്ലെങ്കിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടതിൽ ആദ്യം എഴുതേണ്ട ചാരായ നിരോധനം എഴുതിയോ? എന്താണ് വിട്ടു പോയത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയായി ചാർജ്ജെടുക്കുമ്പോൾ 1995-96-ലെ ലേലം കഴിഞ്ഞിരുന്നു. എക്സൈസ് നയം എപ്പോഴാണ് കൊണ്ടുവരുന്നത്? ഇടയ്ക്കുവച്ചാണോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ബഹുമാനപ്പെട്ട ആന്റണി വന്ന അവസരത്തിൽ, അതായത് വന്ന ആ വർഷം ചെയ്തില്ലെന്നല്ല എന്റെ ആക്ഷേപം. 1996-97-ലെ 15 ഇന പരിപാടിയിൽ ചെയ്യുമെന്ന് പറഞ്ഞില്ലെന്നാണ് ഞാൻ പറഞ്ഞത്. 1996-97-ൽ ഞങ്ങൾ ചാരായം നിരോധിക്കും, അത് ഞങ്ങളുടെ മുൻഗണനയാണ് എന്ന് നിങ്ങൾ പറഞ്ഞില്ല. ഇത് ഇലക്ഷനുവേണ്ടി നിങ്ങൾ കൊണ്ടുവന്നതാണ്. അങ്ങനെ പലരും കൊണ്ടുവരികയും ചെയ്യും. അതിൽ ആപത്തൊന്നുമില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നത് മദ്യനിരോധനമല്ല മദ്യവർജ്ജനമാണ്. അതിന്റെ അനുഭവങ്ങൾ നോക്കി ഇടതുപക്ഷ ജനാധിപത്യമുന്നണി തീരുമാനം കൈക്കൊള്ളുമെന്നാണ് എഴുതിയിരുന്നത്. അത് ഡോ. നീലലോഹിതദാസൻ നാടാരുടെ പാർട്ടിക്കും ബാധകമാണ്. ഡോ. നീലലോഹിതദാസൻ നാടാർ എന്തെങ്കിലും പറഞ്ഞുവെന്നുവച്ചാൽ പത്രത്തിൽ വന്നാൽ, ഡോ. നീലലോഹിതദാസൻ നാടാർ അങ്ങനെ പറഞ്ഞിട്ടുണ്ടാകുകയില്ല. അങ്ങനെയാണ് എനിക്കു തോന്നുന്നത്. ഡോ. നീലലോഹിതദാസൻ നാടാർ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ ഞാൻ കണ്ടില്ല, വളരെ വ്യക്തമായി ഞാൻ പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹം പറഞ്ഞു. അസംബ്ലിയിൽ പറഞ്ഞില്ല, പോളിസി സ്റ്റേറ്റുമെന്റിൽ പറഞ്ഞോ? ഞങ്ങൾ രണ്ടാളും രണ്ട് പാർട്ടിയാണ്, അത് ആദ്യം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ അഭിപ്രായമൊന്നും എനിക്കില്ല. എന്റെ അഭിപ്രായം അദ്ദേഹത്തിനുമില്ല. ഒരു മിനിമം പരിപാടിയിൽ ഞങ്ങൾ യോജിച്ചിട്ടുണ്ട് എന്നേയുള്ളൂ, മിനിമം പരിപാടിയിൽ അദ്ദേഹം ആഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്ത മദ്യവർജ്ജനം, കേരള ബിവറേജസ് കോർപ്പറേഷൻ പാടില്ല എന്ന് അദ്ദേഹത്തിനും വേണമെന്ന് പൊതുവിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും തോന്നിയാൽ അദ്ദേഹം വഴങ്ങുക-അങ്ങനെയാണ് ഞങ്ങൾ പോകുന്നത്, അല്ലാതെ ഓരോരുത്തരുടെയും കാര്യം ഇവിടെ നടപ്പിലാക്കാൻ പറ്റുകയില്ല. ഞാൻ ആഗ്രഹിക്കുന്നതു മുഴുവൻ ഇവിടെ നടപ്പിലാക്കുമോ? നടക്കുകയില്ല. ഞാൻ അത്രയേ പറയുന്നുള്ളൂ. കട്ട്മോഷനുകൾ സ്വീകാര്യമല്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഒരു മന്ത്രി ഗവൺമെന്റിനു വേണ്ടിയാണ് മറുപടി പറയുന്നത്. അല്ലാതെ മന്ത്രി ഓരോരുത്തർക്കും വേണ്ടിയല്ല മറുപടി പറയുന്നത്. ഗവൺമെന്റിന്റെ നയമെന്നുള്ളനിലയിൽ പറഞ്ഞ അവസരത്തിൽ അദ്ദേഹം ഇവിടെ പറഞ്ഞു ഡോ. നീലലോഹിതദാസൻ നാടാർ എന്ത് പറഞ്ഞുവെന്നുള്ളത് എനിക്ക് ബാധകമല്ല, പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറഞ്ഞ്, അത് മാറ്റി, ടിസ്റ്റ് ചെയ്ത് ഒരു സർക്കാരിന്റെ നയം അതല്ല എന്നുള്ള രീതിയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പറയുന്നത് ശരിയാണോ? അങ്ങനെ പറഞ്ഞ പരാമർശം രേഖയിൽ നിന്നു മാറ്റണം.

<u>മി. സ്പീക്കർ</u> : അദ്ദേഹം പറഞ്ഞത് മറുപടിയുടെ ഭാഗമാണ്. അതൊന്നും ക്രമപ്രശ്നമായിട്ട് പരിഗണിക്കുന്നതല്ല.

സർവ്വശ്രീ ഇ.എം. അഗസ്തി, ജോണി നെല്ലൂർ, മാമ്മൻ മത്തായി, ടി. എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, പി.പി. തങ്കച്ചൻ, പി.ജെ. ഫ്രാൻസിസ്, കെ.പി. വിശ്വനാഥൻ, എം. മുരളി, പി.ജെ. ജോയി, കെ. ബാബു, കെ.സി. ജോസഫ്, കെ.സി. വേണുഗോപാൽ, തേറമ്പിൽ രാമകൃഷ്ണൻ, ഡൊമിനിക് പ്രസന്റേഷൻ, കെ.എ. ചന്ദ്രൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.കെ. നായർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി രാധാ രാഘവൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 60

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. ടി.കെ. ഹംസ
15. ശ്രീ. കെ.ഇ. ഇസ്മയിൽ
16. ശ്രീ. സി.എൻ. ജയദേവൻ
17. ശ്രീ. ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. എൻ. കണ്ണൻ
21. ശ്രീ. എളമരം കരീം
22. ശ്രീ. കൃഷ്ണൻ കണ്ണിയാംപറമ്പിൽ
23. ശ്രീ. ഇ.കെ. നായനാർ
24. ശ്രീ. പി.കെ. കുമാരൻ
25. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
26. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
27. ശ്രീ. സി.എ. കുര്യൻ
28. ശ്രീമതി ആർ. ലതാദേവി
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. പ്രൊഫ. മീനാക്ഷി തമ്പാൻ
31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
33. ശ്രീ. പിരപ്പൻകോട് മുരളി
34. ശ്രീ. ടി. നാണു മാസ്റ്റർ
35. ശ്രീ. സി.കെ. നാണു
36. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
37. ശ്രീ. പി. നാരായണൻ
38. ഡോ. എ. നീലലോഹിതദാസൻ നാടാർ
39. ശ്രീ. ടി.കെ. നൗഷാദ്
40. ശ്രീ. കെ. പ്രകാശ് ബാബു
41. ശ്രീമതി എൻ.കെ. രാധ
42. ശ്രീ. കെ. രാധാകൃഷ്ണൻ
43. ശ്രീ. പി. രാഘവൻ
44. ശ്രീ. സി.കെ. രാജേന്ദ്രൻ
45. ശ്രീ. കെ.പി. രാജേന്ദ്രൻ
46. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
47. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48. ശ്രീ. ടി.കെ. രാമകൃഷ്ണൻ
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. യു.എസ്. ശശി
51. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
52. ശ്രീ. സത്യൻ മൊകേരി
53. ശ്രീ. എ.സി. ഷൺമുഖദാസ്
54. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
55. ശ്രീ. ടി. ശിവദാസമേനോൻ
56. ശ്രീ. ജി. സുധാകരൻ
57. ശ്രീ. പി.എസ്. സുപാൽ
58. പ്രൊഫ. എ.വി. താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

59. ശ്രീ. എം.പി. വർഗ്ഗീസ്
60. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. പി.കെ. അബ്ദുറബ്ബ്
3. ശ്രീ. സി.ടി. അഹമ്മദ് അലി
4. ശ്രീ. ഇ.എം. അഗസ്തി
5. ശ്രീ. കെ. ബാബു
6. ശ്രീ. പി.കെ.കെ. ബാവ
7. ശ്രീ. കെ.എ. ചന്ദ്രൻ
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. പി.ജെ. ഫ്രാൻസിസ്
10. ശ്രീ. ഇസ്ഹാക് കുരിക്കൾ
11. ശ്രീ. ടി.എം. ജേക്കബ്
12. ശ്രീ. കെ.സി. ജോസഫ്
13. ശ്രീ. പി.ജെ. ജോയി
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. കെ.കെ. നായർ
16. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം.എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. കെ.എം. മാണി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
22. ശ്രീ. മൊയ്തീൻകുട്ടി
23. ശ്രീ. ആര്യാടൻ മുഹമ്മദ്
24. ശ്രീ. എം. മുരളി
25. ശ്രീ. കെ. നാരായണക്കുറുപ്പ്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. വി.ജെ. പൗലോസ്
28. ശ്രീ. അടൂർ പ്രകാശ്
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
32. ശ്രീ. പാലോട് രവി
33. ശ്രീ. തമ്പാനൂർ രവി
34. ശ്രീമതി റോസമ്മ ചാക്കോ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീമതി ശോഭനാ ജോർജ്
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി.പി. തങ്കച്ചൻ
39. ശ്രീ. കെ.സി. വേണുഗോപാൽ
40. ശ്രീ. ബി. വിജയകുമാർ
41. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 60

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ ഇ.എം. അഗസ്തി, ജോണി നെല്ലൂർ, മാമ്മൻ മത്തായി, ടി.എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, പി.പി. തങ്കച്ചൻ, പി.ജെ. ഫ്രാൻസിസ്, കെ.പി. വിശ്വനാഥൻ, എം. മുരളി, പി.ജെ. ജോയി, കെ. ബാബു, കെ.സി. വേണുഗോപാൽ, കെ.സി. ജോസഫ്, തേറമ്പിൽ രാമകൃഷ്ണൻ, ഡൊമിനിക് പ്രസന്റേഷൻ, കെ.എ. ചന്ദ്രൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.കെ. നായർ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി രാധാരാഘവൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

എക്സൈസ് എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥന യ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 60

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. ആന്റണി രാജു
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. ടി.കെ. ഹംസ
15. ശ്രീ. കെ.ഇ. ഇസ്മയിൽ
16. ശ്രീ. സി.എൻ. ജയദേവൻ
17. ശ്രീ. ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. എൻ. കണ്ണൻ
21. ശ്രീ. എളമരം കരീം
22. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
23. ശ്രീ. ഇ.കെ. നായനാർ
24. ശ്രീ. പി.കെ. കുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
26. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്
27. ശ്രീ. സി.എ. കുര്യൻ
28. ശ്രീമതി ആർ. ലതാദേവി
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. പ്രൊഫ. മീനാക്ഷി തമ്പാൻ
31. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
32. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
33. ശ്രീ. പിരപ്പൻകോട് മുരളി
34. ശ്രീ. ടി. നാണു മാസ്റ്റർ
35. ശ്രീ. സി.കെ. നാണു
36. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
37. ശ്രീ. പി. നാരായണൻ
38. ഡോ. എ. നീലലോഹിതദാസൻ നാടാർ
39. ശ്രീ. ടി.കെ. നൗഷാദ്
40. ശ്രീ. കെ. പ്രകാശ് ബാബു
41. ശ്രീമതി എൻ.കെ. രാധ
42. ശ്രീ. കെ. രാധാകൃഷ്ണൻ
43. ശ്രീ. പി. രാഘവൻ
44. ശ്രീ. സി.കെ. രാജേന്ദ്രൻ
45. ശ്രീ. കെ.പി. രാജേന്ദ്രൻ
46. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
47. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48. ശ്രീ. ടി.കെ. രാമകൃഷ്ണൻ
49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. യു.എസ്. ശശി
51. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
52. ശ്രീ. സത്യൻ മൊകേരി
53. ശ്രീ. എ.സി. ഷൺമുഖദാസ്
54. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
55. ശ്രീ. ടി. ശിവദാസമേനോൻ
56. ശ്രീ. ജി. സുധാകരൻ
57. ശ്രീ. പി.എസ്. സുപാൽ
58. പ്രൊഫ. എ.വി. താമരാക്ഷൻ
59. ശ്രീ. എം.പി. വർഗ്ഗീസ്
60. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ - 41

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. പി.കെ. അബ്ദുറബ്ബ്
3. ശ്രീ. സി.ടി. അഹമ്മദ് അലി
4. ശ്രീ. ഇ.എം. അഗസ്തി
5. ശ്രീ. കെ. ബാബു
6. ശ്രീ. പി.കെ.കെ. ബാവ
7. ശ്രീ. കെ.എ. ചന്ദ്രൻ
8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

200/2010.

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. പി.ജെ. ഫ്രാൻസിസ്
10. ശ്രീ. ഇസ്ഹാക് കുരിക്കൾ
11. ശ്രീ. ടി.എം. ജേക്കബ്
12. ശ്രീ. കെ.സി. ജോസഫ്
13. ശ്രീ. പി.ജെ. ജോയി
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. കെ.കെ. നായർ
16. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം.എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ശ്രീ. കെ.എം. മാണി
20. ശ്രീ. കെ. മുഹമ്മദാലി
21. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
22. ശ്രീ. മൊയീൻകുട്ടി
23. ശ്രീ. ആര്യാടൻ മുഹമ്മദ്
24. ശ്രീ. എം. മുരളി
25. ശ്രീ. കെ. നാരായണക്കുറുപ്പ്
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. വി.ജെ. പൗലോസ്
28. ശ്രീ. അടൂർ പ്രകാശ്
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീമതി രാധാ രാഘവൻ
31. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
32. ശ്രീ. പാലോട് രവി
33. ശ്രീ. തമ്പാനൂർ രവി
34. ശ്രീമതി റോസമ്മ ചാക്കോ
35. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
36. ശ്രീമതി ശോഭനാ ജോർജ്
37. ശ്രീ. കെ. സുധാകരൻ
38. ശ്രീ. പി.പി. തങ്കച്ചൻ
39. ശ്രീ. കെ.സി. വേണുഗോപാൽ
40. ശ്രീ. ബി. വിജയകുമാർ
41. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 60

പ്രതികൂലിക്കുന്നവർ - 41

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയു ന്നതും നാളെ രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂൺ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.35-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly